# ZAMZAM



സൗജന്യ വിതരണത്തിനുള്ളത്

മലയാളം

جـمـعـيـة الـدعـوة والإرشـاد
وتوعية الجاليات بجنوب مكة
ذكرى

ح المكتب التعاوني للدعوة والإرشاد وتوعية الجاليات بجنوب مكة، ١٤٣٨ هـ

فهرسة مكتبة الملك فهد الوطنية أثناء النشر

المكتب التعاوني للدعوة والإرشاد وتوعية الجاليات بجنوب مكة

زمزم – باللغة المليبارية / المكتب التعاوني للدعوة والإرشاد

وتوعية الجاليات بجنوب مكة – مكة المكرمة ، ١٤٣٨ هـ

٩٠ ص ؛ ١٧ X ٢٤ سم

ردمك: ٥-٠-٩٠٩٥٧-٦٠٣-٩٧٨

١-الوعظ والإرشاد أ العنوان

ديوي ٢١٣ ١٤٣٨/٧٣١٦

رقم الإيداع: ١٤٣٨/٧٣١٦

ردمك: ٥-٠-٩٠٩٥٧-٦٠٣-٩٧٨

جـمـعـيـة الـدعـوة والإرشـاد
وتوعية الجاليات بجنوب مكة
ذكرى

....

ഹജ്ജിനും ഉംറക്കും മക്കയിൽ എത്തിയ തീർത്ഥാടകരേ...
മക്ക ജാലിയാത് ഓഫീസ് നിങ്ങളെ ഹൃദയംഗമായി സ്വാഗതം ചെയ്യുന്നു.
സന്ദർശകരായെത്തുന്ന നിങ്ങൾക്കായി വർഷം മുഴുവൻ ഞങ്ങളുടെ ഓഫീസ് തുറന്നു വെക്കുന്നു.

ബന്ധപ്പെടുക
ഓഫീസ് നംമ്പർ 00966 12 5405371
മൊബൈൽ 00966 555 264 604 00966 534 111 252

പ്രബോധകർ, ഉസ്താദുമാർ, ഖത്തീബുമാർ, വിദ്യാർത്ഥികൾ എന്നിവർക്ക് സൗജന്യമായി പുസ്തകങ്ങൾ ലഭ്യമാണ്.

നിങ്ങൾക്ക് സ്വാഗതം
ഞങ്ങളുടെ വെബ് സൈറ്റ് നിങ്ങൾക്കും സന്ദർശിക്കാം

www.zamzam-makkah.com

വ്യത്യസ്ത ഭാഷകളിൽ വിവിധ മാഗസിനുകൾ
നിങ്ങളുടെ അഭിപ്രായങ്ങളും നിർദേശങ്ങളും താൽപര്യങ്ങളും അറിയിക്കുക

zamzam.mk@gmail.com

അല്ലാഹു നമ്മുടെ സൽകർമ്മങ്ങൾ സ്വീകരിക്കുമാറാവട്ടെ...



# താളുകളിൽ


| | |
|---|---|
| അറിയുക, സത്യ സാക്ഷ്യം | 5 |
| തൗഹീദ് കർമ്മങ്ങൾ സ്വീകരിക്കപ്പെടുവാൻ | 12 |
| മഹാപാപം | 17 |
| നബിﷺയോടുള്ള കടപ്പാടുകൾ | 24 |
| നബിതിരുമേനിﷺ നമ്മുടെ മാതൃക | 31 |
| അസ്സലാമു അലൈക്ക അയ്യുഹന്നബിയ്യു... | 35 |
| നമസ്കരിക്കുന്നവർ സന്തോഷിക്കുക | 37 |
| നമസ്കാരത്തിലെ പിഴവുകൾ | 41 |
| അല്ലാഹു ഇഷ്ടപ്പെടുന്നവർ | 45 |
| ഇസ്‌ലാം വിളിക്കുന്നു സ്വർഗത്തിലേക്ക് | 51 |
| പ്രാർത്ഥനയുടെ മര്യാദകൾ | 58 |
| സമയത്തിന്റെ വില | 64 |
| താങ്കൾ ഉത്തമസ്വഭാവത്തിന്റെ ഉടമയാകുന്നു | 69 |
| അല്ലാഹു വെറുക്കുന്നവർ | 73 |
| രക്തത്തിന്റേയും സമ്പത്തിന്റേയും അഭിമാനത്തിന്റേയും പവിത്രത | 79 |
| പാപങ്ങളുടെ ദുരന്തഫലം | 83 |
| പശ്ചാത്താപം | 88 |

അല്ലാഹുവിന് സർവ്വസ്തുതിയും,

മുഹമ്മദ് നബി(ﷺ)യിലും കുടുംബത്തിലും അനുചരന്മാരിലും അല്ലാഹു സ്വലാത്തും സലാമും ചൊരിയട്ടെ...

സുഹൃത്തെ,

അല്ലാഹു നിങ്ങളെ അനുഗ്രഹിക്കട്ടെ,

ഒട്ടേറെ ആശയും അവേശവുമായി എല്ലാവരേയും പോലെ നിങ്ങളും മക്കയിലെത്തിയല്ലോ. (അൽഹംദുലില്ലാഹ്)


ഈ പുണ്യഭൂമിയിൽ അല്ലാഹു നമ്മുടെ കർമ്മങ്ങൾ സ്വീകരിക്കുമാറാവട്ടെ,

അല്ലാഹുവിന്റെ ഭൂമിയിൽ ഏറ്റവും ഉത്തമവും നബി(ﷺ) തിരുമേനിക്ക് ഏറ്റവും പ്രിയപ്പെട്ടതുമായ വിശുദ്ധഭൂമിയിലാണ് നാം ഇതുവരേയും. പലർക്കും ലഭിക്കാതെ പോയ അതിമഹത്തായ അനുഗ്രഹമാണ് അല്ലാഹു നമുക്ക് നൽകിയിട്ടുള്ളത്. അതിനു അല്ലാഹുവിനോട് മരണം വരെ നന്ദിയുള്ളവരാവണം നാം.

മക്ക ജനൂബ് ജാലിയാത്ത് നിങ്ങൾക്ക് സമർപ്പിക്കുന്ന സ്നേഹോപഹാരമാണിത്. ഇതിന് അവസരം നൽകിയ അല്ലാഹുവിനെ സ്തുതിക്കുന്നു. നിത്യജീവിതത്തിൽ നാം അറിഞ്ഞിരിക്കേണ്ട ചില പ്രധാന വിഷയങ്ങളാണ് ഇതിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. ഇത് വായിക്കുന്നതോടൊപ്പം നിങ്ങളുടെ അഭിപ്രായങ്ങളും നിർദേശങ്ങളും അറിയിക്കണമെന്ന് അപേക്ഷിക്കുന്നു. അല്ലാഹുവേ ഇത് ഞങ്ങളിൽ നിന്ന് സ്വീകരിക്കുകയും നിന്റെ വിശാലമായ സ്വർഗത്തിൽ ഞങ്ങളെ ഒരുമിച്ച് കൂട്ടുകയും ചെയ്യേണമേ. ആമീൻ



جمعية الدعوة والإرشاد
وتوعية الجاليات بجنوب مكة
ذكرى



# അറിയുക, സത്യ സാക്ഷ്യം

അറിയുക, സത്യ സാക്ഷ്യം, പ്രപഞ്ചനാഥൻ നിയോഗിച്ച യച്ച മുഴുവൻ പ്രവാചകന്മാരും പറയുകയും, പ്രബോധനം നടത്തുകയും ചെയ്ത വാക്യമാണ് لا إله إلا الله എന്ന സാക്ഷ്യ വചനം. അല്ലാഹുവല്ലാതെ ആരാധനക്കർഹനായി മറ്റാരുമില്ലെന്നാണ് അതിന്റെ അർത്ഥം. അതായത് ഈ കാണുന്നപ്രപഞ്ചവും, അതിനപ്പുറത്തുള്ളതുമെല്ലാം സൃഷ്ടിച്ച പടച്ചതമ്പുരാൻ മാത്രമെ ആരാധനക്കർഹനായുള്ളൂ, അത് കൊണ്ട് ആരാധ്യനായി അവനെ മാത്രമെ ഞാൻ അംഗീകരിക്കുകയുള്ളൂ അവന് മാത്രമെ എന്റെ ആരാധനകൾ ഞാൻ അർപ്പിക്കുകയുള്ളൂ എന്നാണ് ഇതിലൂടെ സാക്ഷ്യപ്പെടുത്തുന്നത്.

ഈ വാക്യം നാവ് കൊണ്ട് പറഞ്ഞാൽ മാത്രം പോരാ, മറിച്ച് ഈ വാചകം ഉൾകൊള്ളുന്ന മുഴുവൻ ആശയങ്ങളും മനസിലാക്കുകയും, അത് ഉൾകൊള്ളുകയും, അതിനനുസരിച്ച് ജീവിക്കുവാൻ തയ്യാറാവുകയുംചെയ്യണം. അപ്പോൾ മാത്രമെ അല്ലാഹുവിൽ അത് സ്വീകാര്യമാവുകയുള്ളൂ. ഈ സാക്ഷ്യ



വചനത്തിന്റെ ആശയം, ഈ വാക്യം ഉച്ചരിക്കുവാനുള്ള നിബന്ധന, ഈ സാക്ഷ്യവചനത്തിന്റെ ശ്രേഷ്ഠത, ഇത് ഉച്ചരിക്കുന്നവർക്ക് ലഭിക്കുന്ന പ്രതിഫലം എന്നിവയാണ് ഈ കുറിപ്പിൽ രേഖപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നത്. അല്ലാഹു അനുഗ്രഹിക്കുമാറാവട്ടെ, ആമീൻ.

**ആശയം:**

ഇത് മുസ്ലീങ്ങൾ ജീവിതത്തിൽ പലപ്പോഴും ഉച്ചരിക്കുന്ന ഒരു വാക്യമാണ്. അതു പോലെ ചെറുപ്പത്തിൽ തൊട്ടിലിൽ വെച്ച് തന്നെ കേൾക്കുന്ന വചനവുമാണിത്. എന്നാൽ മഹാ ഭൂരിപക്ഷമാളുകൾക്കും ഈ വാക്യത്തിന്റെ ആശയമറിയില്ല.. പല യാളുകളും, സംഘടനകളും വ്യത്യസ്ഥ അർത്ഥമാണ് ഇതിന് പറയാറുള്ളത്.

ഇസ്ലാമിന്റെ അടിത്തറയായ തൗഹീദ് യഥാർത്ഥ രൂപത്തിൽ മനസിലാക്കിയ സലഫുസ്വാലിഹീങ്ങളിൽ പെട്ടവർ നമുക്ക് പഠിപ്പിച്ച് തരുന്നത് ഇതിന്റെ ആശയം:

لا معبود بحق سوى الله യഥാർത്ഥത്തിൽ ആരാധനക്കർഹനായി അല്ലാഹുവല്ലാതെ മറ്റൊരു ദൈവവുമില്ലായെന്നാണ്. ചില യാളുകൾ പറയാറുള്ളത് لا إله إلا الله എന്ന് പറഞ്ഞാൽ അല്ലാഹുവല്ലാതെ ആരാധ്യനില്ലായെന്നാണ്. ഇങ്ങനെ പറഞ്ഞാൽ അതിന്റെ ആശയം പൂർണമാവില്ല, കാരണം ലോകത്ത് ഒരുപാട് ആരാധ്യന്മാരും സ്വയം ദൈവമാണെന്ന് പറയുന്നവരും, പറയാത്തവരുമായ ഒരുപാട് വ്യാജ ദൈവങ്ങൾ ഇന്നും ജനിക്കുകയും, ജീവിക്കുകയും, മരിക്കുകയും ചെയ്തു കൊണ്ടിരിക്കുന്നു. അപ്പോൾ അല്ലാഹുവല്ലാതെ ദൈവമില്ലെന്ന് പറഞ്ഞാൽ അത് ശരിയാവില്ല. അതുപോലെ അല്ലാഹുവല്ലാതെ ഭരണാധികാരിയില്ല, അല്ലാഹുവല്ലാതെ അനുസരിക്കപ്പെടേണ്ടവൻ ഇല്ലാ എന്നു പറഞ്ഞാലും ശരിയാവില്ല. കാരണം ഈ വ്യാഖ്യാനങ്ങളെല്ലാം ഇസ്ലാമിക പ്രമാണങ്ങളിലെ തെളിവുകൾക്കെതിരാണ്. അല്ലാഹുവിനെ അവൻ വിശുദ്ധഖുർആനിലൂടെയും പ്രവാചകൻ ﷺ യുടെ ഹദീസുകളിലൂടെയും അറിയാൻ ശ്രമിക്കുന്ന ഒരു മുസ്ലിം ഈ لا إله إلا الله യെന്ന വചനം ഉച്ചരിക്കുമ്പോൾ മനസ്സസിലാക്കേണ്ടത് അല്ലാഹുവല്ലാതെ ആരാധനക്കർഹനായി മറ്റാരുമില്ലായെന്നാണ്. ഇതാണതിന്റെ സത്യസമ്പൂർണമായ ആശയം.

## രണ്ട് ഘടകങ്ങൾ:

لا إله إلا الله എന്ന സത്യസാക്ഷ്യവചനത്തിന് നിഷേധം, സ്ഥിരീകരണം എന്നീ മുഖ്യമായ രണ്ട് ഘടകങ്ങൾ ഉണ്ട്. لا إله എന്ന വാചകം കുറിക്കുന്നത് മുഴുവൻ വസ്തുക്കളുടെയും ആരാധ്യതയെ നിഷേധിക്കുകയാണ്. إلا الله എന്ന വാചകത്തിലൂടെ ആരാധ്യത അല്ലാഹുവിന് മാത്രമാക്കുകയാണ് ചെയ്യുന്നത്. അപ്പോൾ ആരാധനക്കർഹനായി അല്ലാഹുവല്ലാതെ മറ്റാരുമില്ല. അത്കൊണ്ട് മുഴുവൻ ആരാധനകളും ലഭിക്കുവാൻ അർഹതയുള്ളഅല്ലാഹുവിന് മാത്രമെ അത് നൽകാവൂ. അതാണ് ഒരു മുസ്‌ലിം ഈ വാക്യം ഉച്ചരിക്കുന്നതിലൂടെ സ്ഥാപിക്കുന്നത്.

## നിബന്ധന

ഇസ്‌ലാമിന്റെ ഈ സാക്ഷ്യവചനം വെറുതെ നാവ്കൊണ്ട് ഉച്ചരിച്ചാൽ പോരാ, മറിച്ച് അതിനോടനുബന്ധിച്ച് ചില കാര്യങ്ങൾ അറിയുകയും മനസ്സിലാക്കുകയും ചെയ്യണം. ആയതിനാൽ തന്നെ സലഫുസ്സ്വാലിഹീങ്ങളിൽപെട്ട പണ്ഡിതന്മാർ ഖുർആനിൽ നിന്നും, തിരുസുന്നത്തിൽ നിന്നുമുള്ള തെളിവിന്റെ അടിസ്ഥാനത്തിൽ ചില നിബന്ധനകൾ വെച്ചിട്ടുണ്ട്. അത് താഴെ കൊടുക്കുന്നു:

## ഒന്ന് : അറിവ്

ഈ വാക്യം കുറിക്കുന്ന മുഴുവൻ ആശയങ്ങളെ സംബന്ധിച്ചും മനസ്സിലാക്കുകയും, അറിയുകയും അത് ജീവിതത്തിൽ പകർത്തി ജീവിക്കുകയുംചെയ്യുക. അല്ലാഹുവല്ലാതെആരാധനക്കർഹൻ മറ്റാരുമില്ലെന്ന് മനസിലാക്കിയാൽ അവൻ തന്റെ ആരാധനകൾ മുഴുവനും അല്ലാഹുവിന് നൽകുകയാണെങ്കിൽ അവൻ ഈ ആശയം മനസിലാക്കിയവനായി തീരും. അല്ലാഹു പറയുന്നു:

﴿ فَٱعْلَمْ أَنَّهُۥ لَآ إِلَٰهَ إِلَّا ٱللَّهُ ﴿١٩﴾ ﴾

ആകയാൽ അല്ലാഹുവല്ലാതെ(ആരാധനക്കർഹനായി) യാതൊരു ദൈവവുമില്ലെന്ന് നീ മനസിലാക്കുക (മുഹമ്മദ്:19)

## രണ്ട് : ദൃഢത

ഈ വാക്യം ഉൾകൊള്ളുന്ന ആശയത്തിൽ ദൃഢമായി വിശ്വസിക്കുക. ആ വിശ്വാസത്തിൽ നിന്ന് ഒരു സാഹചര്യത്തിലും പിന്നോട്ട് പോകാതിരിക്കുക. ജിന്നുകളിലും, മനുഷ്യരിലും ഉള്ള യാതൊരു പൈശാചിക ശക്തിക്കും ഒരു സംശയത്തിന്റെ കണികയിലൂടെയും കടന്നുവരാൻപറ്റാത്ത രൂപത്തിൽ മനസിലാക്കുകയും,അതിൽ ഉറച്ച് വിശ്വസിക്കുകയും ചെയ്യുക. അല്ലാഹു പറയുന്നു:

﴿ إِنَّمَا ٱلْمُؤْمِنُونَ ٱلَّذِينَ ءَامَنُوا۟ بِٱللَّهِ وَرَسُولِهِۦ ثُمَّ لَمْ يَرْتَابُوا۟ وَجَٰهَدُوا۟ بِأَمْوَٰلِهِمْ وَأَنفُسِهِمْ فِى سَبِيلِ ٱللَّهِ ۚ أُو۟لَٰٓئِكَ هُمُ ٱلصَّٰدِقُونَ ﴿١٥﴾ ﴾

അല്ലാഹുവിലും, അവന്റെ ദൂതനിലും വിശ്വസിക്കുകയും, പിന്നീട് സംശയിക്കാതിരിക്കുകയും ചെയ്തവരാരോ, അവർ മാത്രമാണ് സത്യവിശ്വാസികൾ. അവർ തന്നെയാകുന്നു സത്യവാന്മാർ.
(ഹുജുറാത്ത്: 15)

## മൂന്ന്: സ്വീകാര്യത/ അംഗീകാരം:

ഈ വാക്യം ഉൾകൊള്ളുന്ന മുഴുവൻ കാര്യങ്ങളും യാതൊരുവിധ വൈമനസ്യവും കൂടാതെ സർവ്വാത്മനാ അംഗീകരിക്കണം. ഖുർആനിക നിയമങ്ങളും, പ്രവാചകചര്യയും ഒന്നൊഴിയാതെ അംഗീകരിക്കുകയും സ്വീകരിക്കുകയും ചെയ്യുക. അല്ലാഹു പറയുന്നു:

﴿ءَامَنَ ٱلرَّسُولُ بِمَآ أُنزِلَ إِلَيۡهِ مِن رَّبِّهِۦ وَٱلۡمُؤۡمِنُونَۚ كُلٌّ ءَامَنَ بِٱللَّهِ وَمَلَٰٓئِكَتِهِۦ وَكُتُبِهِۦ وَرُسُلِهِۦ لَا نُفَرِّقُ بَيۡنَ أَحَدٖ مِّن رُّسُلِهِۦۚ وَقَالُواْ سَمِعۡنَا وَأَطَعۡنَاۖ غُفۡرَانَكَ رَبَّنَا وَإِلَيۡكَ ٱلۡمَصِيرُ ٢٨٥﴾

തന്റെ രക്ഷിതാവിങ്കൽ നിന്നും തനിക്ക് അവതരിപ്പിക്കപ്പെട്ടതിൽ റസൂൽ വിശ്വസിച്ചിരിക്കുന്നു. (അതിനെ തുടർന്ന്) സത്യവിശ്വാസികളും, അവരെല്ലാം അല്ലാഹുവിലും, അവന്റെമലക്കുകളിലും, അവന്റെവേദഗ്രന്ഥങ്ങളിലും, അവന്റെ ദൂതന്മാരിലുംവിശ്വസിച്ചിരിക്കുന്നു. അവന്റെ ദൂതന്മാരിൽ ആർക്കുമിടയിൽ ഒരു വിവേചനവും ഞങ്ങൾ കൽപിക്കുന്നില്ല (എന്നതാണ് അവരുടെ നിലപാട്) അവർ പറയുകയും ചെയ്തു. ഞങ്ങളിതാ കേൾക്കുകയും അനുസരിക്കുകയും ചെയ്തിരിക്കുന്നു. ഞങ്ങളുടെ നാഥാ, ഞങ്ങളോട് പൊറുക്കേണമേ, നിന്നിലേക്കാകുന്നു (ഞങ്ങളുടെ) മടക്കം' (അൽബഖറ: 285).

ഇസ്ലാമിലെ ഒരു നിയമത്തെയും നാം നിഷേധിക്കുവാനോ, അംഗീകരിക്കാതിരിക്കുവാനോ, പരിഹസിക്കുവാനോ പാടില്ല. അങ്ങനെ ചെയ്യുകയാണെങ്കിൽ അത് ഈ വാക്യത്തെ നിരാകരിക്കലാകും.

## നാല്: കീഴ്പെടൽ

ഈ വാക്യം സൂചിപ്പിക്കുന്ന എല്ലാ കാര്യങ്ങൾക്കും കീഴ്പ്പെട്ടിരിക്കണം. സ്വീകാര്യത വാക്കുകളിലൂടെ ആണെങ്കിൽ കീഴ്പ്പെടൽ പ്രവർത്തനത്തിലൂടെആയിരിക്കും. ഈവാക്യത്തിന്റെ ആശയം പൂർണ്ണമായി മനസിലാക്കി, അതു സ്വീകരിച്ചയാൾ അതനുസരിച്ച് പ്രവർത്തിക്കുന്നില്ലെങ്കിൽ അതവന് യാതൊരു ഫലവും ചെയ്യില്ല. അല്ലാഹു പറയുന്നു:

﴿وَأَنِيبُوٓاْ إِلَىٰ رَبِّكُمۡ وَأَسۡلِمُواْ لَهُۥ مِن قَبۡلِ أَن يَأۡتِيَكُمُ ٱلۡعَذَابُ ثُمَّ لَا تُنصَرُونَ ٥٤﴾

നിങ്ങൾ ശിക്ഷ വന്നെത്തുന്നതിന് മുമ്പായി, നിങ്ങൾ നിങ്ങളുടെ രക്ഷിതാവിലേക്ക് താഴ്മയോടെ മടങ്ങുകയും, അവന് കീഴ്പ്പെടുകയും ചെയ്യുവീൻ. പിന്നീട് (അത് വന്നതിന് ശേഷം) നിങ്ങൾ സഹായിക്കപ്പെടുന്നതല്ല. (സുമർ:54)

## അഞ്ച്: സത്യസന്ധത:

ഈ വാക്യത്തിലുള്ള തന്റെ വിശ്വാസത്തിൽ സത്യവാനായിരിക്കണം. അല്ലാഹു പറയുന്നു:

﴿يَٰٓأَيُّهَا ٱلَّذِينَ ءَامَنُواْ ٱتَّقُواْ ٱللَّهَ وَكُونُواْ مَعَ ٱلصَّٰدِقِينَ ١١٩﴾

സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുകയും, സത്യവാന്മാരുടെ കൂട്ടത്തിൽ ആയിരിക്കുകയും ചെയ്യുക. (തൗബ: 119).

നാവ്കൊണ്ട് ഉച്ചരിക്കുകയും മനസ്കൊണ്ട് തിരസ്കരിക്കുകയും ചെയ്താ ൽ അവൻ സത്യവിശ്വാസിയല്ല, കപട വിശ്വാസിയായിരിക്കും.

## ആറ്: നിഷ്കളങ്കത/ ആത്മാർഥത:

ബഹുദൈവ വിശ്വാസത്തിന്റെ ചാഞ്ചല്യങ്ങൾപോലുമേശാത്ത, സദ്വിചാരത്തോടെയുള്ള പ്രവർത്തന പരിശുദ്ധിയാണ് ഇതുകൊണ്ടുള്ളവിവക്ഷ. ഈ വാക്യം പറയുന്നവന്റെ വാക്കും പ്രവർത്തിയും അല്ലാഹുവിന്റെ പ്രീതിക്കു വേണ്ടിയായിരിക്കണം, അതിൽ ലോകമാന്യത്തിന്റെയോ, പ്രശസ്തിയുടേയോ, രഹസ്യപരസ്യമോ ആയ വികാരങ്ങൾക്കോ, ഏതെങ്കിലും വ്യക്തിയോടോ, ആദർശത്തോടോ ദൈവീ



കമല്ലാത്ത തത്വസംഹിതയോടൊ ഉള്ള അനുരാഗാത്മക ഭ്രമത്തിനോ സ്ഥാനമുണ്ടാവാൻ പാടില്ല. അല്ലാഹു പറയുന്നു:

﴿وَمَآ أُمِرُوٓاْ إِلَّا لِيَعۡبُدُواْ ٱللَّهَ مُخۡلِصِينَ لَهُ ٱلدِّينَ حُنَفَآءَ ۝٥﴾

കീഴ്‌വണക്കം അല്ലാഹുവിന് മാത്രമാക്കിക്കൊണ്ട് ഋജുമനസ്കരായ നിലയിൽ അവനെ ആരാധിക്കുവാൻഅല്ലാതെ അവർ കൽപിക്കപ്പെട്ടില്ല. (ബയ്യിന: 5)

### ഏഴ്: സ്നേഹം:

ഈ വാക്യത്തെയും, അതുൾകൊള്ളുന്ന ആശയത്തേയും സ്നേഹിക്കണം. അല്ലാഹുവിനെയും, അവന്റെ പ്രവാചകനെയും മറ്റെല്ലാത്തിനുപരിയായി സ്നേഹിക്കണം. അല്ലാഹു ഇഷ്ടപ്പെടുന്നതിനെ ഇഷ്ടപ്പെടുകയും, അല്ലാഹു വെറുക്കുന്ന കാര്യങ്ങളെ വെറുക്കുകയും ചെയ്യുക. അല്ലാഹു പറയുന്നു:

﴿يَٰٓأَيُّهَا ٱلَّذِينَ ءَامَنُواْ مَن يَرۡتَدَّ مِنكُمۡ عَن دِينِهِۦ فَسَوۡفَ يَأۡتِي ٱللَّهُ بِقَوۡمٖ يُحِبُّهُمۡ وَيُحِبُّونَهُۥٓ أَذِلَّةٍ عَلَى ٱلۡمُؤۡمِنِينَ أَعِزَّةٍ عَلَى ٱلۡكَٰفِرِينَ يُجَٰهِدُونَ فِي سَبِيلِ ٱللَّهِ وَلَا يَخَافُونَ لَوۡمَةَ لَآئِمٖۚ ۝٥٤﴾

സത്യവിശ്വാസികളേ, നിങ്ങൾ ആരെങ്കിലും തന്റെ മതത്തിൽനിന്നും പിന്തിരിഞ്ഞുകളയുന്നപക്ഷം അല്ലാഹു ഇഷ്ടപ്പെടുന്നവരും അല്ലാഹുവെ ഇഷ്ടപ്പെടുന്നവരുമായ മറ്റൊരു ജനവിഭാഗത്തെ അല്ലാഹുപകരം കൊണ്ട് വരുന്നതാണ്. അവർ സത്യവിശ്വാസികളോട് വിനയം കാണിക്കുന്നവരും, സത്യനിഷേധികളോട് പ്രതാപം പ്രകടിപ്പിക്കുന്നവരുമായിരിക്കും. അവർ അല്ലാഹുവിന്റെ മാർഗത്തിൽ സമരത്തിലേർപ്പെടും. ഒരാക്ഷേപകന്റെ ആക്ഷേപവും അവർഭയപ്പെടുകയില്ല. (മാഇദ:54)

ഈ ഏഴ് കാര്യങ്ങളും ശരിക്കും മനസിലാക്കി സാക്ഷ്യവചനം ചൊല്ലുന്നവർക്കാണ് അതിന്റെയഥാർത്ഥ ആശയത്തിലൂടെ ജീവിക്കുവാൻ സാധിക്കുക.

### ശ്രേഷ്ഠത:

മനുഷ്യൻ യഥാർത്ഥത്തിൽ മുസ്‌ലിമായി തീരുന്നത് ഈ പരിശുദ്ധവാക്യം അതിന്റെ യഥാർത്ഥ രൂപത്തിൽ പറയുന്നതിലൂടെ മാത്രമാണ്. സത്യസന്ധമായി ആരാണോ അത് ഉച്ചരിക്കുന്നത് അവന് സ്വർഗത്തിൽ പ്രവേശിക്കാൻ സാധിക്കുന്നതാണ്. ഈ വാക്കിന് ഒരുപാട് ശ്രേഷ്ഠതകളും, പ്രത്യേകതകളും ഉണ്ട്. അല്ലാഹു മനുഷ്യരെയും ജിന്നുകളെയും സൃഷ്ടിച്ചത് ഈ വാക്യത്തിന്റെ ആശയം അംഗീകരിക്കുവാനും, നടപ്പിലാക്കുവാനുമാണ്. അല്ലാഹു പറയുന്നു:




﴿وَمَا خَلَقْتُ ٱلْجِنَّ وَٱلْإِنسَ إِلَّا لِيَعْبُدُونِ ﴿٥٦﴾﴾

ജിന്നുകളെയും മനുഷ്യരെയും എന്നെ ആരാധിക്കുവാൻ വേണ്ടിയല്ലാതെ ഞാൻ സൃഷ്ടിച്ചിട്ടില്ല (ദാരിയാത്ത്:56).

അല്ലാഹു സ്വയം തന്നെസാക്ഷ്യം വഹിച്ചതും, മലക്കുകളും, അറിവുള്ളവരും, നീതി നടപ്പാക്കുന്നവരും സാക്ഷ്യം വഹിച്ച കാര്യവും ഇത് തന്നെയാണ്. അല്ലാഹു പറയുന്നു:

﴿شَهِدَ ٱللَّهُ أَنَّهُۥ لَآ إِلَٰهَ إِلَّا هُوَ وَٱلْمَلَٰٓئِكَةُ وَأُو۟لُوا۟ ٱلْعِلْمِ قَآئِمًۢا بِٱلْقِسْطِ

لَآ إِلَٰهَ إِلَّا هُوَ ٱلْعَزِيزُ ٱلْحَكِيمُ ﴿١٨﴾﴾

താനല്ലാതെ ഒരു ദൈവവുമില്ലെന്നതിന് അല്ലാഹു സാക്ഷ്യം വഹിച്ചിരിക്കുന്നു. മലക്കുകളും അറിവുള്ളവരും (അതിന്ന് സാക്ഷികളാകുന്നു.) അവൻ നീതി നിർവഹിക്കുന്നവനത്രെ. അവനല്ലാതെ ദൈവമില്ല പ്രതാപിയും യുക്തിമാനുമത്രെ അവൻ. (ആലുഇംറാൻ:18)

ആരുടെയെങ്കിലും അവസാന വാക്ക് ഇതാണെങ്കിൽ അവൻ സ്വർഗത്തിൽ പ്രവേശിക്കുന്നതാണ്. ഒരു ഹദീസ് ശ്രദ്ധിക്കുക: മുആദ്ബ്നു ജബൽ(ﷺ)വിൽ നിന്ന്: പ്രവാചകൻﷺപറയുകയുണ്ടായി: ആരുടെയെങ്കിലും അവസാന വാക്ക് അല്ലാഹുവല്ലാതെ യഥാർത്ഥത്തിൽ ആരാധനക്കർഹനായി മറ്റാരുമില്ലെയെന്നാണെങ്കിൽഅവൻ സ്വർഗത്തിൽ പ്രവേശിക്കുന്നതാണ്. (അ ബൂദാവൂദ്, ഹാകിം സ്വഹീഹാണെന്ന് വ്യക്തമാക്കിയ ഹദീസ്)

ജാബിറുബ്നു അബ്ദുല്ലാഹ്(ﷺ) വിൽ നിന്ന്, പ്രവാചകൻﷺ പറയുന്നതായി ഞാൻ കേട്ടു: ആരെങ്കിലും അല്ലാഹുവിനെ കണ്ടുമുട്ടുന്നത് അവനിൽആരെയും പങ്ക്ചേർക്കാത്തരൂപത്തിലാണെങ്കിൽ അവൻ സ്വർഗത്തിൽ പ്രവേശിക്കുന്നതാണ്, അവനിൽ ആരെയെങ്കിലും പങ്ക്ചേർത്തുകൊണ്ടാണ് അവനെ കണ്ടുമുട്ടുന്നതെങ്കിൽ അവൻ നരകത്തിൽ പ്രവേശിക്കുന്നതാണ് (മുസ്‌ലിം)

അല്ലാഹു ഈ ലോകത്തേക്ക് പറഞ്ഞയച്ചിട്ടുള്ള മുഴുവൻ പ്രവാചകന്മാരും സ്വസമൂഹങ്ങളോട് പ്രഥമമായി പറഞ്ഞത് ഈ വചനവും, അതുൾ കൊള്ളുന്ന ആശയവുമായിരുന്നു.

അല്ലാഹു പറയുന്നു:

﴿وَمَآ أَرۡسَلۡنَا مِن قَبۡلِكَ مِن رَّسُولٍ إِلَّا نُوحِيٓ إِلَيۡهِ أَنَّهُۥ لَآ إِلَٰهَ إِلَّآ أَنَا۠ فَٱعۡبُدُونِ ٢٥﴾

ഞാനല്ലാതെ യാതൊരു ദൈവവുമില്ല. അതിനാല്‍ എന്നെനിങ്ങള്‍ ആരാധിക്കൂ എന്ന് ബോധനം നല്‍കിക്കൊണ്ടാല്ലാതെ നിനക്ക് മുമ്പ് ഒരു ദൂതനെയും നാം അയച്ചിട്ടില്ല. (അമ്പിയാഅ്:25)

﴿وَلَقَدۡ بَعَثۡنَا فِي كُلِّ أُمَّةٖ رَّسُولًا أَنِ ٱعۡبُدُواْ ٱللَّهَ وَٱجۡتَنِبُواْ ٱلطَّٰغُوتَۖ ٣٦﴾

തീര്‍ച്ചയായും ഓരോ സമുദായത്തിലും നാം ദൂതനെ നിയോഗിച്ചിട്ടുണ്ട്. നിങ്ങള്‍ അല്ലാഹുവെ ആരാധിക്കുകയും, ദുര്‍മൂര്‍ത്തികളെ വെടിയുകയും ചെയ്യണം എന്ന് (പ്രബോധനം ചെയ്യുന്നതിന് വേണ്ടി) (നഹ്ല്‍ 36)

അംറുബ്നു ശുഐബ് ﵁ തന്റെ പിതാവില്‍ നിന്നും, പിതാവ് തന്റെ പിതാവില്‍ നിന്നും ഉദ്ധരിക്കുന്നു, പ്രവാചകന്‍ (ﷺ) പറയുകയുണ്ടായി: ഏറ്റവും ഉത്തമമായ പ്രാര്‍ത്ഥന അറഫാദിനത്തിലുള്ള പ്രാര്‍ത്ഥനയാണ്, ഞാനും എനിക്ക് മുമ്പ് വന്നിട്ടുള്ള മുഴുവന്‍ പ്രവാചകന്മാരും പറഞ്ഞിട്ടുള്ളതില്‍ ഏറ്റവും ഉത്തമമായത്: അല്ലാഹുവല്ലാതെ യഥാര്‍ത്ഥത്തില്‍ ആരാധനക്കര്‍ഹനായി മറ്റാരുമില്ലെന്നും, അവന്‍ ഒരുവനാണ്, അവന് യാതൊരു പങ്കുകാരനുമില്ല, അവനാണ് രാജാധിപത്യം, അവനാണ് സ്തുതികളഖിലവും, അവന്‍ എല്ലാത്തിനും കഴിവുള്ളവനാകുന്നു എന്ന വാക്യമാണ് ഈ സാക്ഷ്യവചനത്തിന്. ഇനിയും ഒരുപാട് പ്രത്യേകതകളും, ശ്രേഷ്ഠതയും ഖുര്‍ആനിലും, തിരുസുന്നത്തിലും നമുക്ക് കാണുവാന്‍ സാധിക്കും. വിശ്വാസികളെ സംബന്ധിച്ചിടത്തോളം ഈ വാക്യത്തെയും, അതിന്റെ ആശയത്തെയും ശരിക്കും മനസ്സിലാക്കുകയും, അതിനനുസരിച്ച് പ്രവര്‍ത്തിക്കുകയും ചെയ്യുന്നവരുടെ കൂട്ടത്തില്‍ ഉള്‍പ്പെടുവാന്‍ പരിശ്രമിക്കുകയും, പ്രാര്‍ത്ഥിക്കുകയും ചെയ്യുകയെന്നതാണ് കരണീയമായിട്ടുള്ളത്. അതിന്റെ യഥാര്‍ത്ഥ ആശയം മനസിലാക്കുകയും, അതിനനുസരിച്ച് പ്രവര്‍ത്തിക്കുകയും ചെയ്തവന് മാത്രമെ മരണവേളയില്‍ ഈ വാക്യം ഉച്ചരിക്കുവാന്‍ സാധിക്കുകയുള്ളൂ. അല്ലാഹു നമ്മെയെല്ലാവരെയും കലിമത്തു തൗഹീദ് ഉച്ചരിച്ച് മരിക്കുന്ന യഥാര്‍ത്ഥ സത്യവിശ്വാസികളില്‍ ഉള്‍പ്പെടുത്തുമാറാവട്ടെ. ആമീന്‍.



# തൗഹീദ്
## കർമ്മങ്ങൾ സ്വീകരിക്കപ്പെടുവാൻ

അല്ലാഹുവിലുള്ള ഈമാൻ', അവൻ പഠിപ്പിച്ചവിധം ശരിയാകാതെ ഒരാളുടേയും കർമ്മങ്ങൾ അയാൾക്ക് അന്ത്യനാളിൽ ഉപകാരപ്പെടുകയോ അവ സ്വീകരിക്കപ്പെടുകയോ ഇല്ല. ശിർക്കും കുഫ്റും നിഫാഖും ഒരാളിൽ ഉള്ളതോടൊപ്പം അയാളുടെ കർമ്മങ്ങൾ എത്ര അധികരിച്ചതാണെങ്കിലും അതുകൊണ്ട് അയാൾക്ക് ഉപകാരമില്ല. സത്യവിശ്വാസിയായ മുസ്ലിമിന്റെ അമലുകൾ മാത്രമേ പ്രതിഫലാർഹവും സ്വീകാര്യയോഗ്യവുമാവുകയുള്ളൂ എന്ന് വിശുദ്ധ ക്വുർആൻ ധാരാളം ആയത്തുകളിലും അല്ലാഹുവിന്റെ റസൂൽ(ﷺ) അവിടുത്തെ അധ്യാപനങ്ങളിലും ഉണർത്തിയിട്ടുണ്ട്. ഈ വിഷയത്തിൽ വന്ന ഏതാനും ആയത്തുകളും ഹദീഥുകളും താഴെ കൊടുക്കുന്നു.

അല്ലാഹു പറഞ്ഞു:

﴿مَنْ عَمِلَ صَٰلِحًا مِّن ذَكَرٍ أَوْ أُنثَىٰ وَهُوَ مُؤْمِنٌ فَلَنُحْيِيَنَّهُۥ حَيَوٰةً طَيِّبَةً ۖ
وَلَنَجْزِيَنَّهُمْ أَجْرَهُم بِأَحْسَنِ مَا كَانُوا۟ يَعْمَلُونَ ٩٧﴾

ഏതൊരു ആണോ പെണ്ണോ സത്യവിശ്വാസിയായിക്കൊണ്ട് സൽകർമ്മം പ്രവർത്തിക്കുന്നപക്ഷം നല്ലൊരു ജീവിതം തീർച്ചയായും ആ വ്യക്തിക്ക് നാം നൽകുന്നതാണ്. അവർ പ്രവർത്തിച്ചുകൊണ്ടിരുന്നതിൽ ഏറ്റവും ഉത്തമമായതിന് അനുസൃതമായി അവർക്കുള്ള പ്രതിഫലം തീർച്ചയായും നാം അവർക്ക് നൽകുകയും ചെയ്യും (നഹ്ൽ: 97).



﴿وَمَنْ أَرَادَ ٱلْـَٔاخِرَةَ وَسَعَىٰ لَهَا سَعْيَهَا وَهُوَ مُؤْمِنٌ فَأُو۟لَـٰٓئِكَ كَانَ سَعْيُهُم مَّشْكُورًا ١٩﴾

ആരെങ്കിലും പരലോകം ഉദ്ദേശിക്കുകയും, സത്യവിശ്വാസിയായിക്കൊണ്ട് അതിനുവേണ്ടി അതിന്റേതായ പരിശ്രമം നടത്തുകയും ചെയ്യുന്നപക്ഷം അത്തരക്കാരുടെ പരിശ്രമം പ്രതിഫലാർഹമായിരിക്കും (ഇസ്റാഅ്: 19)

﴿وَمَنْ عَمِلَ صَـٰلِحًا مِّن ذَكَرٍ أَوْ أُنثَىٰ وَهُوَ مُؤْمِنٌ فَأُو۟لَـٰٓئِكَ يَدْخُلُونَ ٱلْجَنَّةَ يُرْزَقُونَ فِيهَا بِغَيْرِ حِسَابٍ ٤٠﴾

സത്യവിശ്വാസിയായിക്കൊണ്ട് സൽകർമ്മം പ്രവർത്തിക്കുന്നതാരോ, പുരുഷനോ സ്ത്രീയോ, ആകട്ടെ അവർ സ്വർഗ്ഗത്തിൽ പ്രവേശിക്കുന്നതാണ്. കണക്കുനോക്കാതെ അവർക്ക് അവിടെ ഉപജീവനം നൽകപ്പെട്ടുകൊണ്ടിരിക്കും. (ഗാഫിർ: 40)

ആഇശ( ﵂) യിൽ നിന്നും നിവേദനം: അവർ പറഞ്ഞു: ഞാൻ ചോദിച്ചു: അല്ലാഹുവിന്റെ റസൂലേ, ഇബ്നു ജുദ്ആൻ ജാഹിലിയ്യത്തിൽ കുടുംബബന്ധം ചേർത്തിരുന്നു, അഗതികൾക്ക് ഭക്ഷണം കൊടുത്തിരുന്നു, അത് അയാൾക്ക് ഉപകരിക്കുമോ? നബിﷺ പറഞ്ഞു: അത് അയാൾക്ക് ഉപകാരപ്പെടുകയില്ല, കാരണം അയാൾ ഒരു ദിനം പോലും എന്റെ നാഥാ പ്രതിഫലനാളിൽ എന്റെ തെറ്റുകൾ എനിക്ക് നീ പൊറുത്തുതരേണമേ എന്ന് പറഞ്ഞിട്ടില്ല. (മുസ്ലിം)

ജാബിർ ഇബ്നു അബ്ദുല്ലാഹ് ( ﵁) വിൽ നിന്ന് നിവേദനം: അദ്ദേഹം പറഞ്ഞു: നബി (ﷺ) ഉമ്മു മഅ്ദിന്റെ തോട്ടത്തിലേക്ക് പ്രവേശിച്ചു, എന്നിട്ട് ചോദിച്ചു: ഏ, ഉമ്മുമഅ്ദ്, ആരാണ് ഈ ഈത്തപ്പനകൾ നട്ടത്, മുസ്ലിമോ അതല്ല കാഫിറോ? അപ്പോൾ അവർ പറഞ്ഞു: അതെ, മുസ്ലിമാണ്. അപ്പോൾ (നബി (ﷺ) പറഞ്ഞു: ഒരു മനുഷ്യനോ, മൃഗമോ, പക്ഷിയോ തിന്നുന്ന രീതിയിൽ ഒരു മുസ്ലിം ഒരു ചെടി നടുകയോ, ഒരു കൃഷിയിറക്കുകയോ ചെയ്യുന്നില്ല, അത് അയാൾക്ക് അന്ത്യനാളിൽ ഒരു സ്വദഖയായിട്ടല്ലാതെ (മുസ്ലിം)

അബ്ദുല്ലാഹ് ഇബ്നു അംറ്(﵁) വിൽ നിന്നും നിവേദനം: അദ്ദേഹം പറഞ്ഞു: അല്ലാഹുവിന്റെ റസൂൽ (ﷺ ) പറയുന്നതായി ഞാൻ കേട്ടിരിക്കുന്നു:

ആരെങ്കിലും അല്ലാഹുവിൽ യാതൊന്നിനേയും പങ്കുചേർക്കാത്ത നിലയിൽ അല്ലാഹുവിനെ കണ്ടുമുട്ടിയാൽ അവൻ സ്വർഗ്ഗത്തിൽ പ്രവേശിച്ചു. അതോടൊപ്പമുള്ള അവന്റെ യാതൊരു പാപവും അവന് ഒരു ഉപദ്രവവും ചെയ്യില്ല, അപ്രകാരം തന്നെ അവൻ അല്ലാഹുവിനെ കണ്ടുമുട്ടുന്നത് ശിർക്ക് ചെയ്തുകൊണ്ടുള്ള അവസ്ഥയിലാണെങ്കിൽ അവൻ നരകത്തിൽ പ്രവേശിക്കും, അതോടൊപ്പം അവന് യാതൊരു നന്മയും ഉപകാരപ്പെടുകയില്ല. (അഹ്മദ്)

അംറ് ഇബ്നു ശുഐബ് (﵁) തന്റെ പ്രപിതാവിൽ നിന്നും നിവേദനം ചെയ്യുന്നു: നിശ്ചയം അൽആസ് ഇബ്നു വാഇൽ ജാഹിലിയ്യത്തിൽ നൂറ് ഒട്ടകങ്ങളെ അറുക്കുവാൻ നേർച്ചയാക്കി, ഹിശാം ഇബ്നു അൽ ആസ് തന്റെ വിഹിതമായ അൻപത് ഒട്ടകങ്ങളെ അറുത്തു. അംറ് അതിനെപ്പറ്റി നബി (ﷺ)യോട് ചോദിച്ചു, അപ്പോൾ നബി (ﷺ) പറഞ്ഞു: എന്നാൽ നിന്റെ പിതാവ്, അയാൾ തൗഹീദ് അംഗീകരിക്കുകയും, അയാൾക്കുവേണ്ടി താങ്കൾ നോമ്പ് നോൽക്കുകയും സ്വദഖ ചെയ്യുകയും ചെയ്തിരുന്നുവെങ്കിൽ അത് അയാൾക്ക് ഉപകാരപ്പെടുമായിരുന്നു. (ദാറഖുത്നി. അൽബാനി ഹദീഥിനെ സ്വഹീഹ് ആയി അംഗീകരിച്ചിട്ടുണ്ട്.)

തൗഹീദിൽ കളങ്കം വരുത്തുകയും ശിർക്കിലും കുഫ്റിലും ജീവിതം കഴിച്ചുകൂട്ടുകയും ചെയ്യുന്ന ആളുകളുടെവരെ കർമ്മങ്ങൾ മഹത്ത്വവൽകരിക്കപ്പെടുകയും അതിൽ അവർ പുകഴ്ത്തപ്പെടുകയും ചെയ്യുന്ന ഈ കാലഘട്ടത്തിൽ വിഷയത്തിന്റെ ഗൗരവം പ്രവർത്തിക്കുന്നവരും പ്രോത്സാഹിപ്പിക്കുന്നവരും പ്രബോധനം നടത്തുന്നവരും ഒരുപോലെ അറിയുവാൻ വേണ്ടിയാണ് ഉപരിസൂചിത പ്രമാണങ്ങൾ താങ്കളുടെ ശ്രദ്ധയിലേക്ക് എത്തിച്ചത്.

യഥാർത്ഥ വിശ്വാസിയായി, തൗഹീദാകുന്ന അടിത്തറയിൽ അമലുകൾ പടുത്തുയർത്തണം എന്ന് പഠിപ്പിക്കുന്നതോടൊപ്പം വിശ്വാസികൾ ചെയ്തുകൂട്ടുന്ന കർമ്മങ്ങളെ തകർക്കുകയും പ്രതിഫലം നഷ്ടപ്പെടുത്തുകയും ചെയ്യുന്ന കാര്യങ്ങളെകുറിച്ചും ദീനുൽ ഇസ്‌ലാം സഗൗരവം പഠിപ്പിച്ചിട്ടുണ്ട്. ഏതാനും കാര്യങ്ങൾ പ്രാമാണികമായി ശ്രദ്ധയിൽ പെടുത്തുന്നു. അല്ലാഹു പറഞ്ഞു:

﴿وَلَقَدْ أُوحِيَ إِلَيْكَ وَإِلَى ٱلَّذِينَ مِن قَبْلِكَ لَئِنْ أَشْرَكْتَ لَيَحْبَطَنَّ عَمَلُكَ وَلَتَكُونَنَّ مِنَ ٱلْخَٰسِرِينَ ٦٥﴾

തീർച്ചയായും നിനക്കും നിന്റെ മുമ്പുള്ളവർക്കും സന്ദേശം നൽകപ്പെട്ടിട്ടുള്ളത് ഇതത്രെ: (അല്ലാഹുവിന്) നീ പങ്കാളിയെ ചേർക്കുന്ന പക്ഷം തീർച്ചയായും നിന്റെ കർമ്മം നിഷ്ഫലമായിപ്പോവുകയും തീർച്ചയായും നീ നഷ്ടക്കാരുടെ കൂട്ടത്തിൽ ആകുകയും ചെയ്യും.'(സുമർ: 65)

﴿وَٱلَّذِينَ كَفَرُوٓا۟ أَعْمَٰلُهُمْ كَسَرَابٍۭ بِقِيعَةٍ يَحْسَبُهُ ٱلظَّمْـَٔانُ مَآءً حَتَّىٰٓ إِذَا جَآءَهُۥ لَمْ يَجِدْهُ شَيْـًٔا وَوَجَدَ ٱللَّهَ عِندَهُۥ فَوَفَّىٰهُ حِسَابَهُۥ ۗ وَٱللَّهُ سَرِيعُ ٱلْحِسَابِ ٣٩﴾

അവിശ്വസിച്ചവരാകട്ടെ അവരുടെ കർമ്മങ്ങൾ മരുഭൂമിയിലെ മരീചിക പോലെയാകുന്നു. ദാഹിച്ചവൻ അത് വെള്ളമാണെന്ന് വിചാരിക്കുന്നു. അങ്ങനെ അവൻ അതിന്നടുത്തേക്ക് ചെന്നാൽ അങ്ങനെ ഒന്ന് ഉള്ളതായിതന്നെ അവൻ കണ്ടെത്തുകയില്ല. (അന്നൂർ:39)

﴿أُو۟لَٰٓئِكَ ٱلَّذِينَ لَيْسَ لَهُمْ فِى ٱلْـَٔاخِرَةِ إِلَّا ٱلنَّارُ ۖ وَحَبِطَ مَا صَنَعُوا۟ فِيهَا وَبَٰطِلٌ مَّا كَانُوا۟ يَعْمَلُونَ ١٦﴾



പരലോകത്ത് നരകമല്ലാതെ മറ്റൊന്നും കിട്ടാനില്ലാത്തവരാകുന്നു അക്കൂട്ടർ. അവർ ഇവിടെ പ്രവർത്തിച്ചതെല്ലാം പൊളിഞ്ഞു പോയിരിക്കുന്നു. അവർ ചെയ്തുകൊണ്ടിരുന്നതെല്ലാം ഫലശൂന്യമത്രെ. (ഹൂദ്:16)

﴿مَن كَانَ يُرِيدُ حَرْثَ ٱلْـَٔاخِرَةِ نَزِدْ لَهُۥ فِى حَرْثِهِۦ ۖ وَمَن كَانَ يُرِيدُ حَرْثَ ٱلدُّنْيَا نُؤْتِهِۦ مِنْهَا وَمَا لَهُۥ فِى ٱلْـَٔاخِرَةِ مِن نَّصِيبٍ ﴿٢٠﴾

വല്ലവനും പരലോകത്തെ കൃഷിയാണ് ഉദ്ദേശിക്കുന്നതെങ്കിൽ അവന്റെ കൃഷിയിൽ നാം അവന് വർദ്ധന നൽകുന്നതാണ്. വല്ലവനും ഇഹലോകത്തെ കൃഷിയാണ് ഉദ്ദേശിക്കുന്നതെങ്കിൽ നാം അവന് അതിൽ നിന്ന് നൽകുന്നതാണ്. അവന് പരലോകത്ത് യാതൊരു വിഹിതവും ഉണ്ടായിരിക്കുകയുമില്ല. (അശ്ശൂറാ: 20)

അല്ലാഹുവിന്റെ റസൂൽ(ﷺ) പറഞ്ഞു: എന്റെ ഉമ്മത്തികളിൽ ഒരു വിഭാഗം ആളുകളെ ഞാൻ അറിയും തീർച്ച. അവർ അന്ത്യനാളിൽ വെളുത്ത തിഹാമാ മലകളുടെയത്ര നന്മകളുമായി വരുന്നതാണ്. അപ്പോൾ അല്ലാഹു. ആ നന്മകളെ ചിതറപ്പെട്ട ധൂളികളാക്കുന്നതാണ്. ഥൗബാൻ(رضي الله عنه) പറഞ്ഞു: അല്ലാഹുവിന്റെ റസൂലേ, അവരെ ഞങ്ങൾക്ക് വർണ്ണിച്ചുതന്നാലും, വ്യക്തമാക്കി തന്നാലും; ഞങ്ങൾ അറിയാതെ അവരുടെ കൂട്ടത്തിൽ പെട്ടുപോകാതിരിക്കുവാനാണ്. അദ്ദേഹം പറഞ്ഞു: നിശ്ചയം, അവർ നിങ്ങളുടെ സഹോദരങ്ങളാണ്. നിങ്ങളുടെ വർഗ്ഗത്തിൽ പെട്ടവരുമാണ്. നിങ്ങൾ രാവിനെ സ്വീകരിക്കുന്നതുപോലെ അവരും സ്വീകരിക്കും. പക്ഷെ, അല്ലാഹു ഹറാമാക്കിയതിൽ അവർ ഒറ്റപ്പെട്ടാൽ, പ്രസ്തുത ഹറാമുകളെ അവർ യഥേഷ്ടം പ്രവർത്തിക്കും.(അൽബാനി ഹദീഥിനെ സ്വഹീഹ് ആയി അംഗീകരിച്ചിട്ടുണ്ട്.)

അല്ലാഹുവിന്റെ റസൂൽ(ﷺ) പറഞ്ഞു: നിങ്ങൾക്കറിയുമോ ആരാണ് മുഫ്ലിസ് എന്ന്? അവർ പറഞ്ഞു: ഞങ്ങളിൽ മുഫ്ലിസ്' യാതൊരു ദിർഹമും വിഭവങ്ങളും ഇല്ലാത്തവരാണ്. അപ്പോൾ അദ്ദേഹം പറഞ്ഞു: എന്റെ ഉമ്മത്തികളിലെ മുഫ്ലിസ് അന്ത്യനാളിൽ സ്വലാത്തും നോമ്പും സകാത്തുമായി വരുന്നവനാണ്. അവൻ വരും; ഒരാളെ ചീത്ത പറഞ്ഞിരിക്കും. ഒരാളെപറ്റി അപവാദം പറഞ്ഞിരിക്കും. ഒരാളു



ടെ സമ്പത്തു (അന്യായമായി) തിന്നിരിക്കും, ഒരാളുടെ രക്തം ചിന്തിയിരിക്കും. ഒരാളെ അടിച്ചിരിക്കും. അപ്പോൾ ഓരോരുത്തർക്കും ഇയാളുടെ നന്മകൾ എടുത്ത് നൽകപ്പെടും. തന്റെമേൽ ബാധ്യതയുള്ളത് നൽകുന്നതിനുമുമ്പ് അയാളുടെ നന്മകൾ തിർന്നാൽ അവരുടെ തിന്മകൾ ഇയാളിലേക്ക് എറിയപ്പെടും ശേഷം അയാൾ നരകത്തിൽ എറിയപ്പെടും. (മുസ്‌ലിം)

അല്ലാഹുവിന്റെ റസുൽ(ﷺ) പറഞ്ഞു: ആർക്കെങ്കിലും തന്റെ സഹോദരനോട് അവന്റെ അഭിമാനത്തോടുചെയ്ത വല്ല അക്രമമോ, അല്ലെങ്കിൽ വല്ല ബാധ്യതകളോ ഉണ്ടെങ്കിൽ, ദീനാറുകളോ, ദിർഹമുകളോ ഇല്ലാത്ത (പരലോകം) വരുന്നതിന് മുമ്പ് ഇന്നു തന്നെ കുറ്റവിമുക്തനായി കൊള്ളട്ടെ. (അന്ത്യനാളിൽ) അവന് വല്ല സൽപ്രവൃത്തികളുമുണ്ടെങ്കിൽ താൻ ചെയ്ത അക്രമത്തിനനുസരിച്ച് അതിൽ നിന്ന് എടുക്കപ്പെടുന്നതാണ്. അവന് നന്മകൾ ഇല്ലായെങ്കിൽ (താൻ ആരോടാണോ അക്രമം കാണിച്ചത്) അവന്റെ തിന്മകൾ എടുക്കപ്പെടുകയും തന്റെമേൽ അവ വഹിപ്പിക്കപ്പെടുകയും ചെയ്യും. (ബുഖാരി)

ആയതിനാൽ, നമ്മുടെ സൽപ്രവൃത്തികൾ നാം തന്നെ നിഷ്ഫലമാക്കിക്കളയരുതെന്ന അല്ലാഹുവിന്റെ വസ്വിയ്യത്ത് സദാ സമയവും ഓർക്കുക. അല്ലാഹു പറഞ്ഞു:

﴿ يَٰٓأَيُّهَا ٱلَّذِينَ ءَامَنُوٓاْ أَطِيعُواْ ٱللَّهَ وَأَطِيعُواْ ٱلرَّسُولَ وَلَا تُبْطِلُوٓاْ أَعْمَٰلَكُمْ ﴿٣٣﴾ ﴾

സത്യവിശ്വാസികളെ, നിങ്ങൾ അല്ലാഹുവെ അനുസരിക്കുക. റസൂലിനെയും നിങ്ങൾഅനുസരിക്കുക. നിങ്ങളുടെ കർമ്മങ്ങളെ നിങ്ങൾ നിഷ്ഫലമാക്കിക്കളയാതിരിക്കുകയും ചെയ്യുക. (മുഹമ്മദ്:33)

വിശ്വാസം കളങ്കമറ്റതും കാപട്യമുക്തവുമാക്കുക, ശിർക്കിനോടും കുഫ്റിനോടും പൂർണ്ണമായും ഒഴിവാകുക, അന്ധവിശ്വാസങ്ങളേയും അനാചാരങ്ങളേയും കയ്യൊഴിക്കുക, തെറ്റുകുറ്റങ്ങൾ വെടിയുക, കൊടുത്തുതീർക്കാനുള്ള അന്യരുടെ അവകാശങ്ങൾകൊടുത്തുതീർക്കുക, മാപ്പ് ലഭിക്കേണ്ടവരോട് മാപ്പുചോദിക്കുക, ഇസ്ത്തിഗ്ഫാറും തൗബയും വർദ്ധിപ്പിക്കുക, ഈമാനോടുകൂടിയും പ്രതിഫലേച്ഛയോടുകൂടിയും പുണ്യകർമ്മങ്ങളെ പെരുപ്പിക്കുക. നാഥൻ തുണയേകട്ടെ...

# മഹാപാപം

ഇസ്‌ലാമിൻെറ അടിത്തറ തൗഹീദാണ്, ആ തൗഹീദിൽ മായം ചേരുന്നതിനെ നാം കരുതിയിരിക്കേണ്ടതുണ്ട്, എത്ര വലിയ വിശ്വാസിയാണെങ്കിൽ പോലും അവൻെറ വിശ്വാസത്തിലേക്ക് ശിർക്ക് കടന്ന്വരുവാൻ സാധ്യതയുണ്ട്. പ്രവാചകന്മാരും അവരുടെ അനുയായികളും ശിർക്കിനെ വളരെയധികം ഭയപ്പെട്ടിരുന്നു, കൂരിരുട്ടുള്ള രാത്രിയിൽ കറുത്ത പാറയിലൂടെ അരിച്ച് വരുന്ന ഒരു ചെറിയ ഉറുമ്പിനെ പോലെ നമ്മുടെ വിശ്വാസത്തിലേക്ക് അത് കടന്ന്വരുവാൻ സാധ്യതയുണ്ട്. ആയതിനാൽ നാം ശിർക്കിനെ കരുതിയിരിക്കുക, സൂക്ഷിക്കുക. പടച്ചതമ്പുരാനോട് അതിൽ നിന്നും രക്ഷ നേടുവാൻ വേണ്ടി സദാ പ്രാർത്ഥിച്ച് കൊണ്ടിരിക്കുക. ശിർക്ക് കടന്ന് വരുന്ന ചില വഴികളെ സംബന്ധിച്ചാണ് അൽപം കാര്യങ്ങൾ ബോധ്യപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നത്.

അല്ലാഹു അല്ലാത്തവരെ കൊണ്ട് സത്യം ചെയ്യൽ. കഅ്ബ, അമാനത്ത്, ഒരാളുടെ ബർകത്ത്, ഒരാളുടെ ജീവിതം, നബിയുടെ ജാഹ്, വലിയ്യിൻെറ ജാഹ്, മാതാപിതാക്കൾ എന്നിവ കൊണ്ടെല്ലാം സത്യം ചെയ്യൽ നിഷിദ്ധമാണ്. കാരണം, സത്യം ചെയ്യൽ മഹത്ത്വപ്പെടുത്തലാകുന്നു, അത് അല്ലാഹുവിനെയല്ലാതെ പാടില്ല.



ഇബ്നു ഉമർ(رضي الله عنه)ൽ നിന്ന് ഉദ്ധരിക്കുന്നു: ആരെങ്കിലും അല്ലാഹുവിനെ കൊണ്ടല്ലാതെ സത്യം ചെയ്താൽ അവൻ ശിർക്ക് ചെയ്തു'' നബി(ﷺ) പറഞ്ഞു: ആരെങ്കിലും സത്യം ചെയ്യുകയാണെങ്കിൽ അല്ലാഹുവിനെ കൊണ്ട് സത്യം ചെയ്യട്ടെ, അല്ലെങ്കിൽ നിശബ്ദനായിരിക്കട്ടെ...''

ഇനി സത്യം ചെയ്യപ്പെട്ടവൻെറ മഹത്വം അല്ലാഹുവിൻെറ മഹത്വത്തെ പോലെയാണ് എന്ന് വിശ്വസിച്ച്കൊണ്ട് ആരെങ്കിലും സത്യം ചെയ്താൽ അത് വലിയ ശിർക്കാകുന്നു. സത്യം ചെയ്യപ്പെട്ടവൻ അല്ലാഹുവിനെ അപേക്ഷിച്ച് അവൻെറ മഹത്വം കുറവാണെന്ന് വിശ്വസിച്ചാൽ അത് ചെറിയ ശിർക്കുമാകുന്നു. ഇങ്ങനെ ആരുടെയെങ്കിലും നാവിൽനിന്ന് ഉദ്ദേശം കൂടാതെ അറിയാതെ വന്നാൽ അതിന്നുള്ള പശ്ചാതാപം لا اله الا الله എന്ന കലിമ ഉച്ചരിക്കലാണ്. ഇമാം ബുഖാരി റിപ്പോർട്ട് ചെയ്യുന്നു: നബി(ﷺ) പറയുന്നു: ആരെങ്കിലും ലാത്തയുടെയോ, ഉസ്സയുടെയോ പേരിൽ സത്യം ചെയ്താൽ അവൻ لا اله الا الله എന്ന് പറയട്ടെ'' ചിലയാളുകളുടെ നാവിൻതുമ്പിൽ ഇപ്രകാരത്തിലുള്ള സത്യവചനങ്ങൾ അറിയാതെ കടന്ന്വരും, അങ്ങനെയുള്ളവർ അതില്ലാതാക്കുവാൻ ശ്രമിക്കേണ്ടതാണ്.

മറ്റു ചിലർ അല്ലാഹുവിൻെറ പേരിൽ കള്ളസത്യം ചെയ്യുന്നു. എന്നാൽ ശൈഖിൻെറ പേരിൽ കള്ളസത്യം ചെയ്യുവാൻ അവർ ഭയപ്പെടുകയും ചെയ്യുന്നു! എന്തൊരു കഷ്ടമാകുന്നു ഇത്. ചിലരുടെ നാവിൽ നിന്നും പെട്ടെന്ന് വരുന്ന ചില ശിർക്കിൻെറ വചനങ്ങളാകുന്നു താഴെ പറയുന്നത്: അല്ലാഹുവും, നീയും ഉദ്ദേശിച്ചത്'', അല്ലാഹുവും നീയും ഇല്ലായിരുന്നെങ്കിൽ'', എനിക്ക് അല്ലാഹുവും നീയുമല്ലാതെ ആരുമില്ല. ഇത് അല്ലാഹുവിൻെറയും നിൻെറയും ബർക്കത്ത് കൊണ്ടാകുന്നു''. ഒരു മുസ്ലിം ഇവ്വിധം പറയുവാൻ പാടില്ല യഥാർത്ഥത്തിൽ അനുവദനീയമായത് അല്ലാഹു ഉദേശിച്ചതും, പിന്നെ നീ ഉദേശിച്ചതും'' അല്ലാഹും, പിന്നെ നീയും ഇല്ലായിരുന്നെങ്കിൽ'' എന്നിങ്ങനെ പറയലാണ്.

## ഐക്കല്ല് കെട്ടൽ

കണ്ണേറിനെ ഭയപ്പെട്ട്കൊണ്ടും, മറ്റു ഉപദ്രവങ്ങളിൽ നിന്നും രക്ഷകിട്ടുവാൻ വേണ്ടി ഐക്കല്ലുകളോ, ഏലസ്സുകളോ, വളയങ്ങളോ, ഈയിനത്തിൽപെട്ട മറ്റു വല്ലതുമോ, തങ്ങൾ ഉദ്ദേശിക്കുന്ന കാര്യങ്ങൾ നേടി തരുവാനുള്ള കാരണങ്ങളാണെന്നുള്ള വിശ്വാസത്തോടെ കെട്ടിയാൽ അത് ചെറിയ ശിർക്കിൽ പെട്ടതാകുന്നു.

ഇനി ഇവയെല്ലാം തന്നെ സ്വയം തന്നെ ഉപദ്രവങ്ങൾ തടുക്കുകയും, ഉപകാരങ്ങൾ ചെയ്യുകയും ചെയ്യുമെന്ന വിശ്വാസത്തോടെ ധരിച്ചാൽ അത് വലിയ ശിർക്കിൽ പെട്ടതായിത്തീരുന്നു. കാരണം ഇത് അല്ലാഹു അല്ലാത്തവരെ അവലംബിക്കലാണ്. അത്പോലെ അല്ലാഹുവിനോട് കൂടെ പ്രാപഞ്ചിക കാര്യങ്ങളിൽ സ്വാധീനം



ചെലുത്തുവാൻ കഴിവുള്ളവരാണ് ഈ പറയപ്പെട്ട കാര്യങ്ങളെല്ലാം എന്ന് അംഗീകരിക്കലാകുന്നു.ഇത് വിശ്വാസിക്ക് ചേർന്നതല്ല. ഐക്കല്ലുകൾ രണ്ട് വിധം:

ഒന്ന്: ഖുർആനിൽ പെട്ടത്, ഒരാൾ ഖുർആനിലെ ചില ആയത്തുകൾ എഴുതി സ്വർണ്ണത്തിലോ, തോലിലോ, മെഴുക് പുരട്ടിയ തുണി ശീലയിലോ പൊതിയുന്നു, ഇത് അനുവദനീയമല്ല. കാരണം നബി(ﷺ) അങ്ങിനെ ചെയ്തതായി ആരിൽ നിന്നും ഉദ്ധരിക്കപ്പെട്ടിട്ടില്ല. ഇങ്ങനെ ചെയ്ത്കൊണ്ട് സമ്പാദിക്കുന്ന സമ്പത്ത് നിഷിദ്ധമാണ്, അവൻ തിന്നുന്നത് നരകത്തിലെ തീയാകുന്നു, ഗൗരവ പൂർവ്വം ചിന്തിക്കുക.

രണ്ട്: ഖുർആനല്ലാത്തത് കൊണ്ട്: ജിന്നുകളുടെ പേരുകളും, സിഹ്റിൻെറ വരകളും, കുറികളും, പല പല അറബി അക്ഷരങ്ങൾ തിരിച്ചും മറിച്ചും പല രൂപത്തിലുള്ള കള്ളികളിൽ എഴുതുക പോലെയുള്ളത്, ഇത് വലിയ ശിർക്കാകുന്നു, അല്ലാഹു നമ്മെ അതിൽ നിന്ന് രക്ഷപ്പെടുത്തുമാറാവട്ടെ. ആമീൻ.

സ്വഹാബികളിൽ പ്രമുഖനായ ഇബ്നു മസഊദ്(رضي الله عنه) പറയുന്നു: ആരെങ്കിലും ഒരാളിൽ നിന്നും ഐക്കല്ല് പൊട്ടിച്ച് വലിച്ചെറിഞ്ഞാൽ, അവൻ അല്ലാഹുവിൻെറയടുത്ത് ഒരു അടിമയെ മോചിപ്പിച്ച പോലെയാകുന്നു,''

ഹുദൈഫതുൽയമാനി(رضي الله عنه) ഒരാളുടെ കയ്യിന്മേൽ മഞ്ഞനിറത്തിലുള്ള ഒരു ഇരുമ്പിൻെറ വളയം കണ്ടപ്പോൾ ചോദിച്ചു: ഇതെന്താകുന്നു,? അദ്ദേഹം പറഞ്ഞു: ഇത് ഒരു രോഗത്തിന് വേണ്ടി കെട്ടിയതാണ്. അപ്പോൾ ഹുദൈഫ പറഞ്ഞു: അത് ഊരി വലിച്ചെറിയുക, അത് നിനക്ക് രോഗം വർദ്ധിപ്പിക്കുകയേ ചെയ്യുകയുള്ളൂ നീ അത് കയ്യിൽ കെട്ടിയ രൂപത്തിൽ മരണപ്പെട്ടാൽ ഒരിക്കലും നീ വിജയിക്കുകയില്ല'' ഇപ്രകാരമാണ് മന്ത്രവും, ഇത് രോഗിയുടെ ശരീരത്തിലേക്ക് ദിക്റുകളും, മന്ത്രങ്ങളുമുച്ചരിച്ച്കൊണ്ട് ഊതലാകുന്നു, മന്ത്രത്തിൽ അനുവദനീയമായത് അല്ലാഹുവിൻെറ കലാമായ ഖുർആനും, അവൻെറ നാമവിശേഷണങ്ങളും ഉരുവിട്ട്കൊണ്ട് ശരീരത്തിലേക്ക് ഊതലാണ്, ഉദാഹരണമായി: സൂറത്തുൽ ഫാതിഹയും, നാസും, ഫലഖും നബിചര്യയിൽ സ്ഥിരപ്പെട്ട പ്രാർത്ഥനകളും ചൊല്ലി രോഗിയുടെ മേൽ ഓതൽ.

എന്നാൽ ജിന്നുകളുടെ പേരുകളും, മലക്കുകളുടെ പേരുകളും, പ്രവാചകന്മാരുടെ പേരുകളും, സ്വാലിഹീങ്ങളുടെ പേരുകളും ഉരുവിട്ട് കൊണ്ട് രോഗിയുടെ മേൽ ഓതുന്നത് വലിയ ശിർക്കിൽ പെട്ടതാകുന്നു.

മന്ത്രത്തിൻെറ രൂപം: മേൽ പറയപ്പെട്ട ഖുർആൻ വാക്യങ്ങൾ ഓതി രോഗിയുടെ മേൽ ഊതുക,

## അദൃശ്യകാര്യം അറിയുമെന്ന വാദം.

അദൃശ്യകാര്യം അല്ലാഹു അല്ലാതെ ആരും അറിയുകയില്ല. അല്ലാഹു പറയുന്നു: (നബിയെ) പറയുക, ആകാശഭൂമികളിൽ അദൃശ്യം അല്ലാഹു വല്ലാതെ ആരും



അറിയുകയില്ല''(അന്നംല്) അല്ലാഹുവല്ലാതെ ആർക്കും തന്നെ ഒരു അദൃശ്യവും അറിയുവാൻ സാധ്യമല്ല. അത് അല്ലാഹുവിനോട് വളരെ അടുത്ത മലക്കാകട്ടെ, പ്രവാചകന്മാരാവട്ടെ, വലിയ്യാവട്ടെ, കൂടുതൽ ആരാധന ചെയ്യുന്നവനാകട്ടെ, പിൻപറ്റുന്ന ഇമാമാവട്ടെ, ആരുമാവട്ടെ, ആർക്കും മറഞ്ഞകാര്യം അറിയുകയില്ല, അല്ലാഹു അല്ലാതെ അദൃശ്യകാര്യങ്ങൾ അറിയുന്നവർ ആരുമില്ല.

എന്നാൽ അല്ലാഹു അവൻെറ പ്രവാചകന്മാർക്ക് വഹ്‌യ് മുഖേന അറിയിച്ച് കൊടുക്കുന്നത് അവർ അറിയുന്നതാണ്, അങ്ങിനെ അല്ലാഹു അറിയിച്ച് കൊടുത്തതിൻെറ അടിസ്ഥാനത്തിൽ പ്രവാചകൻ അവിശ്വാസികളുടെ കുതന്ത്രങ്ങളും, അന്ത്യനാളിൻെറ അടയാളങ്ങളും അത്പോലുള്ള കാര്യങ്ങളും നമുക്ക് വിശദീകരിച്ചു തന്നിട്ടുണ്ട്.

ഇനി ആരെങ്കിലും കൈരേഖ നോക്കി കൊണ്ടോ, മഷിയിട്ട് കൊണ്ടോ, നക്ഷത്രങ്ങളെ അവലംബിച്ച് കൊണ്ടോ, മാരണം ചെയ്തുകൊണ്ടോ, ജ്യോൽസ്യപണി ചെയ്ത് കൊണ്ടോ മറ്റു ഏതെങ്കിലും മാർഗ്ഗം അവലംബിച്ച് കൊണ്ടോ അദൃശ്യം അറിയുമെന്ന് വാദിച്ചാൽ അവൻ കള്ളനും അവിശ്വാസിയുമാകുന്നു. എന്നാൽ ചില കൈനോട്ടക്കാരിൽ നിന്നും, ജ്യോൽസ്യന്മാരിൽ നിന്നും, പെരും കള്ളന്മാരിൽ നിന്നും ലഭിക്കുന്നചില മറഞ്ഞ വാർത്തകളും, നഷ്ടപ്പെട്ട സാധനത്തെ കുറിച്ചുള്ള വാർത്തകളും, ചില രോഗങ്ങളുടെ കാരണങ്ങളും ലഭിക്കുന്നത് ജിന്നുകളെയും, പിശാചുക്കളെയും സേവിച്ചത് കൊണ്ടാകുന്നു.

അത്പോലെ ചില ദുർബ്ബല വിശ്വാസികൾ തങ്ങളുടെ ഭാവി കാര്യങ്ങൾ അറിയുവാനും, വിവാഹത്തെപറ്റി അറിയുവാനും വേണ്ടി ജ്യോൽസ്യന്മാരെ സമീപിക്കുന്നത് കാണാം, ഇത് നിഷിദ്ധമാകുന്നു. അദൃശ്യകാര്യം അറിയുമെന്ന് വാദിക്കുന്നവനും, അങ്ങിനെ അറിയിച്ച് തരുന്നതിൽ വിശ്വസിക്കുന്നവരും മുശ്രിക്കുകളും, അവിശ്വാസികളുമാകുന്നു.

അത്പോലെ മാസികകളിലും, പത്രങ്ങളിലും വരുന്ന വാരഫലങ്ങളിലും, ഭാവി പ്രവചനങ്ങളിലും മറ്റും വിശ്വസിക്കുന്നതും, ഫോൺ മുഖേന അദൃശ്യകാര്യങ്ങൾ അറിയുമെന്ന വാദമുള്ള ആളുകളുമായി ബന്ധപ്പെടുന്നതും നിഷിദ്ധമായ കാര്യത്തിൽപെട്ടതാകുന്നു.

**സിഹ്റ്(മാരണം), ജ്യോത്സ്യപ്പണി, കൈരേഖശാസ്ത്രം.**

സിഹ്റ് എന്ന് പറഞ്ഞാൽ: ക്ഷുദ്രവിദ്യകൾ, ജപങ്ങൾ, മുട്ടറുക്കൽ, ഹോമങ്ങൾ തുടങ്ങിയവയാകുന്നു, സിഹ്റിന് യാഥാർത്ഥ്യമുണ്ട്. അത് ശരീരത്തെയും, ഹൃദയത്തെയും സ്വാധീനിക്കുകയും ചെയ്യും, അത് കൊണ്ട് രോഗം വരുത്തുവാനും, ഭാര്യഭർത്താക്കൾക്കിടയിൽ ഭിന്നതയുണ്ടാക്കുവാനും സാധിക്കും. ഇത് വൻ പാപങ്ങളിൽ പെട്ടതാകുന്നു.

നബി (ﷺ)പറഞ്ഞു: നിങ്ങൾ ഏഴ് വൻ പാപങ്ങളെ തൊട്ട് വിട്ട്നിൽക്കുക, അവർ ചോദിച്ചു: ഏതാകുന്നു അവ? നബി(ﷺ)പറഞ്ഞു: അല്ലാഹുവിൽ പങ്ക്ചേർക്കുക, മാരണം, അന്യായമായ വധം, പലിശ, അനാഥയുടെ സമ്പത്ത് എന്നിവ തിന്നുക, യുദ്ധമുന്നണിയിൽ നിന്നും പിന്തിരിഞ്ഞോടുക, വിശുദ്ധരും വിശ്വാസിനികളുമായ സ്ത്രീകളെ കുറിച്ച് ദുരാരോപണം പ്രചരിപ്പിക്കുക. (ഹദീസ്)

സിഹ്റ് എന്ന് പറഞ്ഞാൽ, മാരണക്കാരെ സഹായിക്കുവാൻ വേണ്ടി പിശാചിനെ അവലംബിക്കലും, അവരോട് സാമീപ്യം തേടലും, അവരുമായി ബന്ധം സ്ഥാപിക്കലുമാകുന്നു. കൂടാതെ അദൃശ്യകാര്യം അറിയുമെന്ന വാദവുമുണ്ടതിൽ ഇതെല്ലാം തന്നെവഴികേടും, (കുഫ്റ്) അവിശ്വാസവുമാകുന്നു. അല്ലാഹു പറയുന്നു:

﴿ إِنَّمَا صَنَعُواْ كَيْدُ سَٰحِرٖۖ وَلَا يُفْلِحُ ٱلسَّاحِرُ حَيْثُ أَتَىٰ ﴿٦٩﴾ ﴾

അവരുണ്ടാക്കിയത് ജാലവിദ്യക്കാരന്റെ തന്ത്രം മാത്രമാണ്. ജാലവിദ്യക്കാരൻ എവിടെ ചെന്നാലും വിജയിയാവുകയില്ല''(ത്വാഹാ:69).

മാരണം ചെയ്യുന്നത് ഇസ്ലാമിക ഭരണകൂടത്തിൽ വധശിക്ഷക്കർഹമായ കുറ്റകൃത്യമാണ്. അപ്രകാരമാണ് സ്വഹാബികളിൽ പെട്ടവർ ചെയ്തത്.

നാം ജീവിക്കുന്ന ചുറ്റുപാടിൽ മുസ്ലീങ്ങളിൽ പെട്ടവർ തന്നെ സിഹ്റിൻെറ കാര്യത്തിൽ വളരെയധികം അലംഭാവവും, നിസ്സാരതയും കാണിക്കുന്നത് വളരെ അൽഭുതമുള്ള കാര്യമാകുന്നു. സിഹ്റ് ചെയ്യുന്നത് ഒരു അഭിമാനവും, അത് ഒരു തൊഴിലുമായി സ്വീകരിക്കുന്ന അവസ്ഥ വരെ നമ്മുടെ ഇടയിൽ കണ്ടുവരുന്നത് വളരെ വേദനാജനകവും, അങ്ങേയറ്റം ഭയപ്പെടേണ്ടതുമാണ്. അത്പോലെ മാരണം ചെയ്യുന്നയാളുകൾക്ക് സമ്മാനവും, ധനവും നൽകുന്നതും അതിൻെറ വരുതിയിൽ വരുന്നതാകുന്നു, മാത്രമല്ല, ജാലവിദ്യക്ക് വേണ്ടി പരിപാടികളും, മൽസരങ്ങളും സംഘടിപ്പിക്കുകയും, അതിനെ പ്രോൽസാഹിപ്പിക്കുകയും, അവർക്ക് ആവേശം നൽകുകയും ചെയ്തുകൊണ്ട് അങ്ങിനെയുള്ള പരിപാടികളിൽ ആയിരക്കണക്കിനാളുകൾ പങ്കെടുക്കുകയും ചെയ്യുന്നത് വിശ്വാസത്തിൽ വന്ന പാളിച്ചയും, വിശ്വാസത്തിൽ എന്തുമാകാം എന്നുമുള്ള അലംബാവവുമാകുന്നു, ഇത് വളരെയധികം നാം കരുതിയിരിക്കേണ്ട ഒരു കാര്യമാണ്,

നബി(ﷺ) പറഞ്ഞു: ആരെങ്കിലും ഒരു കൈനോട്ടക്കാരനെ സമീപിക്കുകയും എന്നിട്ട് അയാൾ പറയുന്നത് വിശ്വസിക്കുകയും ചെയ്താൽ അവൻ മുഹമ്മദ് നബി(ﷺ)ക്ക് ഇറക്കിയതിൽ (ഖുർആനിൽ) അവിശ്വസിച്ചിരിക്കുന്നു'' (ഹദീസ്).

ഇങ്ങനെയുള്ള മാരണക്കാരും, കൈനോട്ടക്കാരും, ജോത്സ്യന്മാരും കളിക്കുന്നത് ജനങ്ങളുടെ വിശ്വാസവുമായിട്ടാണെന്ന കാര്യം നാം വളരെ ഗൗരവമായി എടുക്കേണ്ടതാകുന്നു. ഇങ്ങനെയുള്ളവരിൽ ചിലർ പ്രത്യക്ഷപ്പെടുന്നത് ചികിൽസയെന്ന പേരിലാണ്, തുടർന്ന് അവർ അല്ലാഹുവല്ലാത്തവർക്ക് വേണ്ടി അറുക്കുവാനും മറ്റും കൽപിക്കുന്നു, മാത്രമല്ല; അറുക്കേണ്ട ആടിൻെറയും കോഴിയുടെയും മറ്റും, വിശേഷണങ്ങളും നിബന്ധനകളും എല്ലാം നിശ്ചയിച്ച് കൊടുക്കുകയും ചെയ്യുന്നു. ചിലപ്പോൾ അവർക്ക് ശിർക്ക് കൂടികലർന്ന തൽസമാത്തിൻെറ എഴുത്തുകൾ നൽകുകയും, പിശാചിലേക്ക് അഭയം പ്രാപിക്കുവാൻ കൽപിക്കുകയും, അതെല്ലാം തന്നെ ഒരു പെട്ടിയിലാക്കി കൊണ്ടോ, മറ്റുവല്ല വസ്തുക്കളിലും പൊതിഞ്ഞ് കൊണ്ടോ അവരുടെ ബന്ധുക്കളുടെയടുത്തോ, അവരുടെ വീട്ടിനടുത്തോ കുഴിച്ചിടുവാൻ കൽപിക്കുകയും ചെയ്യുന്നു.

മറ്റു ചിലർ പ്രത്യക്ഷപ്പെടുന്നത് ഔലിയാക്കൾ എന്ന പേരിലാണ്, അവർ ഇല്ലാത്ത

കാറാമാത്തുകളും, മറ്റു പ്രവർത്തനങ്ങളും ഊതിവീർപ്പിച്ച് പ്രചരിപ്പിക്കുന്നു, എന്നിട്ട് മായാജാലത്തിലൂടെ തൻെറ ശരീരത്തിൽ വെട്ടുകയും, മറ്റുചിലർ വാഹനങ്ങളുടെ ടയറിനടിയിൽ കിടക്കുകയും, അവർക്ക് ഒന്നും പറ്റുന്നില്ലെന്ന് വാദിക്കുകയും ചെയ്യുന്നു, അത്പോലെ മറ്റു മായാജാലങ്ങളും പ്രവർത്തനങ്ങളും പ്രവർത്തിക്കുന്നു. ഇതെല്ലാം തന്നെ സിഹ്റാ(മാരണം)കുന്നു, പിശാചിൻെറ പ്രവർത്തനങ്ങളുമാണ്. അങ്ങിനെ പിശാചിൻെറ പ്രവർത്തനങ്ങൾ അവരുടെ കൈകളിൽ കൂടി വരുന്നു. അല്ലാഹുവിനെ ഓർക്കുമ്പോൾ പിശാച് അവിടെ നിന്ന് ഓടിപ്പോകുകയും ചെയ്യുന്നു. ഒരു യുവാവ് പറയുന്നു: ഞാൻ ഒരു യാത്ര പോയി, ഒരു നാടക സ്ഥലത്തേക്ക് കടന്ന്ചെന്നു, അവിടെ നടന്നിരുന്ന ഒരു വിനോദത്തിലേക്ക് തൻെറ ദൃഷ്ടികൾ പായിച്ചു, വ്യത്യസ്ഥങ്ങളായ പരിപാടികൾ കണ്ട്കൊണ്ടിരിക്കേ വളരെ അൽഭുതകരമായി കൊണ്ട് ഒരു സ്ത്രീ ഒരു കയറിലൂടെ അങ്ങോട്ടും ഇങ്ങോട്ടും നടക്കുന്നത് കണ്ടു, തുടർന്ന് ചുമരിൽ കൈപിടിച്ച്കൊണ്ട് കൊതുകുകളും മറ്റു പ്രാണികളും നടക്കുന്നത് പോലെ ആ ചുമരിൽ കൂടി ആ സ്ത്രീ നടക്കുന്നു. ജനങ്ങൾ വളരെ വളരെ അൽഭുതകരമായി അത് വീക്ഷിച്ച് കൊണ്ടിരിക്കുകയാണ്. ഞാൻ (യുവാവ്) സ്വയം പറഞ്ഞു: ഇത് സ്വയം പരിശീലിച്ചാൽ ചെയ്യാൻ കഴിയാത്ത കാര്യമാണ്, ഇത് കണ്ടത് കൊണ്ട് ഞാൻ കുറ്റക്കാരനാകുന്നു, പക്ഷേ, ഞാൻ വിശ്വാസിയാണ്, ഇത്പോലുള്ള ഒരു കാര്യവും ഞാൻ ഇഷ്ടപ്പെടുകയില്ല, ഞാൻ എന്താണ് ചെയ്യേണ്ടതെന്ന് ആലോചിച്ച് പോയി, അപ്പോഴാണ് വെള്ളിയാഴ്ചയിലെ ജുമുഅ: ഖുതുബ എനിക്കോർമ്മവന്നത് അത് മാരണത്തേയും, മാരണക്കാരെയും സംബന്ധിച്ചായിരുന്നു, അതിൽ ഖതീബ് പറഞ്ഞിരുന്നു: മാരണക്കാർ ഉപയോഗിക്കുന്നത് പിശാചുക്കളേയാണ്, അവിടെ അല്ലാഹുവിനെ ഓർക്കുകയാണെങ്കിൽ പിശാചിൻെറ കുതന്ത്രത്തെ അല്ലാഹു തകർക്കുകയും, പിശാചിൻെറ ശക്തി ഇല്ലാതാകുകയും ചെയ്യുന്നതാണ്. അങ്ങിനെ ഞാൻ എൻെറ കസേരയിൽ നിന്നും എഴുന്നേറ്റു, ആ പരിപാടിയുടെ നേരെ ഞാൻ നടന്നടുത്തു, ജനങ്ങൾ അൽഭുതപ്പെട്ട് കൊണ്ട് കയ്യടിക്കുകയാണ്, അവർ എന്നെ വളരെ അൽഭുതത്തോടെയാണ് വീക്ഷിക്കുന്നത്. ആ മാരണക്കാരിയുടെ അടുത്തെത്തി അവളിലേക്ക് നോക്കികൊണ്ട് ആയത്തുൽ കുർസി ഓതുവാൻ തുടങ്ങി, ആ സ്ത്രീ വിറക്കുവാൻ തുടങ്ങി, വിറകൂടി കൂടി വന്നു കൊണ്ടിരുന്നു, ഞാൻ ആയത്തുൽ കുർസി പൂർത്തിയാക്കിയപ്പോൾ അവൾ ഭൂമിയിലേക്ക് ആർത്തലച്ച് വീണ് പിടക്കുവാൻ തുടങ്ങി, ജനങ്ങളാകെ വെപ്രാളപ്പെട്ടു, അവളെ ആശുപത്രിയിലേക്ക് കൊണ്ടുപോയി. ഈ വാക്യം പറഞ്ഞ അല്ലാഹു എത്ര സത്യവാനാകുന്നു അല്ലാഹു പറയുന്നു:

﴿وَمَكَرُوا۟ وَمَكَرَ ٱللَّهُ ۖ وَٱللَّهُ خَيْرُ ٱلْمَـٰكِرِينَ ۝٥٤﴾

അവർ (സത്യനിഷേധികൾ) തന്ത്രം പ്രയോഗിച്ചു, അല്ലാഹുവും തന്ത്രം പ്രയോഗിച്ചു, അല്ലാഹു നന്നായി തന്ത്രം പ്രയോഗിക്കുന്നവനാകുന്നു,'' (ആലു ഇംറാൻ - 54)

## പ്രതിമകൾ സ്ഥാപിക്കൽ:

മനുഷ്യൻെറയോ, മൃഗങ്ങളുടെയോ രൂപങ്ങൾ കൊത്തിയുണ്ടാക്കുകയോ, മറ്റുവല്ല വസ്തുക്കൾ കൊണ്ടോ ഓർമ്മക്ക് വേണ്ടി മഹത്തുക്കളുടെയോ, നേതാക്കളുടെയോ, ഔലിയാക്കളുടെയോ രൂപങ്ങൾ നിർമ്മിച്ച് വല്ല ഗ്രൗണ്ടിലോ, പൂന്തോട്ടങ്ങളിലോ, പൊതുസ്ഥലങ്ങളിലോ നാട്ടുന്നത് നിഷിദ്ധമാകുന്നു. ഭൂമിയിൽ ശിർക്ക് ഉടലെടുത്തത് ഈ ഒറ്റക്കാരണത്താലാകുന്നു, നൂഹ് നബി(عليه السلام)ൻെറ ജനത അവരുടെ സ്വാലി

ഹീങ്ങളായവരുടെ രൂപമുണ്ടാക്കി, അധിക കാലം കഴിയുന്നതിന് മുമ്പ് തന്നെ അവർ ആ രൂപങ്ങളെ ആരാധിക്കുവാൻ തുടങ്ങിയ ചരിത്രമാണ് നമുക്ക് കാണാൻ സാധിക്കുന്നത്, അതിനാലാണ് നബി(ﷺ) രൂപങ്ങൾ ഉണ്ടാക്കി വെക്കുന്നതും ഫോട്ടോയെടുത്ത് തൂക്കുന്നതും വിലക്കിയത്. കാരണം ഇവയെല്ലാം തന്നെ ശിർക്കിലേക്ക് എത്തിക്കുന്ന മർഗ്ഗങ്ങളാകുന്നു. മാത്രമല്ല, ഫോട്ടോ എടുക്കുന്നവരെ നബി(ﷺ) ശപിക്കുകയും ചെയ്തിരിക്കുന്നു. അവരാണ് അവസാനനാളിൽ കൂടുതൽ ശിക്ഷ അനുഭവിക്കുന്നതെന്ന് അറിയിക്കുകയും ചെയ്തിരിക്കുന്നു. ആയതിനാൽ രൂപങ്ങളെ നശിപ്പിക്കുവാൻ കൽപിക്കുകയും, രൂപങ്ങളും, ഫോട്ടോയും ഉള്ള വീട്ടിലേക്ക് അനുഗ്രഹത്തിൻെറ മലക്കുകൾ വരില്ലായെന്ന് താക്കീത് നൽകുകയും ചെയ്തിട്ടുണ്ട്.

## മധ്യവർത്തികളെ സ്വീകരിക്കൽ.

നബി(ﷺ )യുടെ ജാഹ്(പ്രതാപം) കൊണ്ടുള്ള ഇടതേട്ടം, ബിദ്അത്തായ ഇടതേട്ടമാണ്. അത്പോലെ സൃഷ്ടികളുടെ ദാത്ത് കൊണ്ടും, അവരുടെ ജാഹ് കൊണ്ടുമുള്ള ഇടതേട്ടവും, മരിച്ച്പോയവരോടുള്ള പ്രാർത്ഥനയും, അവരോടുള്ള ശുപാർശയും, അല്ലാഹുവേ, ഇന്ന പ്രവാചകൻെറ ജാഹ് കൊണ്ട് നിന്നോട് ഞാൻ പ്രാർത്ഥിക്കുന്നു, ഇന്നയാളുടെ ഹക്ക്കൊണ്ട്, ഇന്ന മരിച്ചയാളുടെ ബർക്കത്ത് കൊണ്ടും, ആത്മാവ് കൊണ്ടും എന്നിങ്ങനെ പ്രാർത്ഥിക്കലും അനുവദനീയമല്ല. ഒരു മുസ്ലിമിന്ന് ഇതൊന്നും അവദനീയമല്ല. എന്നാൽ അനുവദിക്കപ്പെട്ടതും, നിയമമാക്കപ്പെട്ടതുമായ ഇടതേട്ടമുണ്ട് അത് അല്ലാഹുവിലേക്ക് അവൻെറ നാമങ്ങൾ കൊണ്ടും, വിശേഷണങ്ങൾ കൊണ്ടും ഇടതേടലാണ്. കാരുണ്യവാനായ അല്ലാഹുവേ എനിക്ക് നീ കാരുണ്യം നൽകേണമേ, പാപങ്ങൾ പൊറുക്കുന്ന അല്ലാഹുവേ എൻെറ പാപങ്ങൾ നീ പൊറുത്ത് തരേണമേ, എന്നിങ്ങനെ അല്ലാഹുവിൻെറ നാമങ്ങൾ കൊണ്ട് ഇടതേടാം, അത്പോലെ തൻെറ വിശ്വാസം, സൽപ്രവർത്തനങ്ങൾ എന്നിവ മുൻനിറുത്തി ഇടതേടാം. ഉദാഹരണമായി: അല്ലാഹുവേ നിന്നിലുള്ള എൻെറ വിശ്വസവും, പ്രവാചകന്മാരിലുള്ള വിശ്വാസവും മുൻനിറുത്തിക്കൊണ്ട് പറയുന്നു, എന്നെ നീ സ്വർഗ്ഗത്തിൽ പ്രവേശിപ്പിക്കേണമേ, അതുപോലെ ജീവിച്ചിരിക്കുന്ന നല്ല സത്യവിശ്വാസികളോട് നമുക്ക് വേണ്ടി അല്ലാഹുവിനോട് പ്രാർത്ഥിക്കുവാൻ ആവശ്യപ്പെടാവുന്നതാണ്, ഒരു മുസ്ലിം തൻെറ സഹോദരന് വേണ്ടി അവൻെറ അസാനിധ്യത്തിൽ പ്രാർത്ഥിച്ചാൽ ആ പ്രാർത്ഥനക്ക് ഉത്തരം ലഭിക്കുന്നതാണ്, എന്നാൽ മരിച്ച് പോയവരോടുള്ള പ്രാർത്ഥന അനുവദനീയമല്ല, അത് ശിർക്കിൽപെട്ടതാകുന്നു.

അല്ലാഹുവിന് മാത്രം അവകാശപ്പെട്ട ആരാധന നാം മറ്റുള്ളവർക്ക് നൽകിയാൽ അല്ലാഹു അത് ഒരിക്കലും പൊറുത്ത് തരികയില്ല, ആയതിനാൽ നാം തൗഹീദെന്താണെന്നും ശിർക്കെന്താണെന്നും വളരെ ഗൗരവമായി പഠിക്കുക, അങ്ങിനെ അല്ലാഹു നമ്മോട് കൽപിച്ച രൂപത്തിൽ അവനെ ആരാധിക്കുക, അല്ലാഹു അതിന് നമുക്ക് തൗഫീഖ് ചെയ്യുമാറാവട്ടെ. ആമീൻ.



# നബി ﷺ യോടുള്ള കടപ്പാടുകൾ

റസൂൽ(ﷺ)യെ സ്നേഹിക്കുകയും, മഹത്വപ്പെടുത്തുകയും ചെയ്യൽ നിർബ്ബന്ധമാണ്, തിരുനബിയെ പുകഴ്ത്തുന്നതിൽ അതിര് കടക്കുവാനും, ഇകഴ്ത്തുവാനും പാടില്ല, പ്രവാചകൻ(ﷺ)യുടെ യഥാർത്ഥ സ്ഥാനമെന്താണെന്ന് നാം മനസിലാക്കുക.

**1-പ്രവാചക( ﷺ)നെ സ്നേഹിക്കലും, മഹത്വപ്പെടുത്തലും നിർബന്ധം:**

ആദ്യമായി മനുഷ്യർ അല്ലാഹുവിനെ സ്നേഹിക്കൽ നിർബന്ധമാണ്, അത് ഏറ്റവും വലിയ ആരാധനയാകുന്നു. അല്ലാഹു പറയുന്നു:

﴿وَٱلَّذِينَ ءَامَنُوٓا۟ أَشَدُّ حُبًّا لِّلَّهِ ۗ ١٦٥﴾

എന്നാൽ സത്യവിശ്വാസികൾ അല്ലാഹുവോട് അതിശക്തമായ സ്നേഹമുള്ളവരത്രെ.' (അൽബഖറ:165).

മുഴുവൻ സൃഷ്ടികൾക്കും ആന്തരികവും, ബാഹ്യവുമായ അനുഗ്രഹങ്ങൾ ഒരുക്കിതന്നിരിക്കുന്ന രക്ഷിതാവ് അല്ലാഹു മാത്രമാണ്. അത്കൊണ്ട് അവനെ സ്നേഹിക്കൽ നിർബ്ബന്ധമാണ്. അല്ലാഹുവിനെ ഇഷ്ടപ്പെടുന്നതിന് ശേഷം അവന്റെ പ്രവാചകനായ മുഹമ്മദ്(ﷺ)യെ ഇഷ്ടപ്പെടൽ അനിവാര്യമാകുന്നു. കാരണം അല്ലാഹുവിലേക്ക് ക്ഷണിക്കുകയും, അവനെ പരിചയപ്പെടുത്തിയതും, ഇസ്ലാമിക ശരീഅത്തിനെ നമുക്ക് എത്തിച്ച് തന്നതും, അവന്റെ നിയമങ്ങളെ വ്യക്തമാക്കിത്തന്നതും, വിശ്വാസികൾക്ക് ഐഹികവും പാരത്രികവുമായ ഐശ്വര്യങ്ങൾ കൈവന്നതും ഈ പ്രവാചകനിലൂടെയാകുന്നു. റസൂലുല്ലാഹ്(ﷺ)യെ സ്നേഹിക്കുകയോ, പിൻപറ്റുകയോ ചെയ്യാതെ ഒരാളും സ്വർഗത്തിൽ പ്രവേശിക്കുന്ന പ്രശ്നമില്ല. ഒരു ഹദീസ് ശ്രദ്ധിക്കുക:



മൂന്ന് കാര്യങ്ങൾ ആരിലെങ്കിലും ഉണ്ടായാൽ അവന് വിശ്വാസത്തിന്റെ മാധുര്യം കണ്ടെത്തുവാൻ സാധിക്കും, അല്ലാഹുവിനെയും, അവന്റെ റസൂലിനെയും മറ്റെന്തിനേക്കാളും സ്നേഹിക്കുക, മനുഷ്യർ അല്ലാഹുവിന് വേണ്ടി ഇഷ്ടപ്പെടുക, അല്ലാഹു രക്ഷപ്പെടുത്തിയതിന് ശേഷം വീണ്ടും അവിശ്വാസത്തിലേക്ക് മടങ്ങുന്നത് നരകത്തിൽ പ്രവേശിക്കുന്നത് എത്രമാത്രം വെറുക്കുന്നുവോ, അതുപോലെ വെറുക്കുക' (മുത്തഫഖുൻ അലൈഹി).

അല്ലാഹുവിനെ ഇഷ്ടപ്പെടുന്നതിന്റെ തുടരെ വരുന്നതാണ് പ്രവാചകനെ ഇഷ്ടപ്പെടുകയെന്നത്, അത് അനിവാര്യവുമാണ്, പദവിയിൽ അല്ലാഹുവിനോടുള്ള ഇഷ്ടത്തിന് ശേഷം വരുന്നതാണ് പ്രവാചകനോടുള്ള ഇഷ്ടം. അല്ലാഹുവിന് ശേഷം മറ്റാരേയും ഇഷ്ടപ്പെടുന്നതിന് മുമ്പ് പ്രവാചകനെ ഇഷ്ടപ്പെടണമെന്നതിന് പ്രമാണങ്ങൾ തന്നെ നമ്മെ പഠിപ്പിക്കുന്നു. ഒരു ഹദീസ് നോക്കുക:

പ്രവാചകൻ(ﷺ) പറയുകയുണ്ടായി: തന്റെ മാതാപിതാക്കളേക്കാളും, സന്താനങ്ങളേക്കാളും, മുഴുവൻ ജനങ്ങളേക്കാളും എന്നെ ഇഷ്ടപ്പെടുന്നത് വരെ നിങ്ങളിൽ ആരും തന്നെ വിശ്വാസികളാവുകയില്ല' (ബുഖാരി, മുസ്ലിം)

മാത്രമല്ല, സ്വന്തത്തേക്കാൾ പ്രവാചകനെ ഒരോരുത്തരും സ്നേഹിക്കണമെന്നതിനും നമുക്ക് തെളിവുകൾ കാണാവുന്നതാണ്.

ഉമറുബ്നുൽ ഖത്വാബ്(رضي الله عنه) ഒരിക്കൽ പ്രവാചകൻ(ﷺ)യോട് പറയുകയുണ്ടായി: പ്രവാചകരെ, എന്റെ ശരീരം കഴിഞ്ഞാൽ പിന്നീട് ഞാൻ എല്ലാത്തിനേക്കാളും ഏറ്റവും കൂടുതൽ ഇഷ്ടപ്പെടുന്നത് അങ്ങയേയാണ്, അപ്പോൾ തിരുമേനി(ﷺ) പറഞ്ഞു: 'എന്റെ ആത്മാവ് ആരുടെ കയ്യിലാണോ, അവൻ തന്നെയാണ് സത്യം! നിന്നേക്കാൾ നീ എന്നെ ഇഷ്ടപ്പെടേണ്ടതുണ്ട്. അപ്പോൾ ഉമർ(رضي الله عنه)പറഞ്ഞു: ഇപ്പോൾ എനിക്ക് എന്നേക്കാൾ ഏറ്റവും കൂടുതൽ ഇഷ്ടമുള്ളത് അങ്ങയേയാണ്, പ്രവാചകൻ പ്രതികരിച്ചു: ഉമർ, ഇപ്പോഴാണ് (ശരിയായത്)' (ബുഖാരി)

ഇതിൽ നിന്ന് മനസിലാകുന്നത് അല്ലാഹുവിനോടുള്ള ഇഷ്ടം കഴിഞ്ഞാൽ പിന്നീട് ഏറ്റവും കൂടുതൽ ഇഷ്ടമുണ്ടാകേണ്ടത് പ്രവാചകനോടാകുന്നു എന്നതാണ്. അല്ലാഹുവിനോടുള്ള ഇഷ്ടത്തിന് ശേഷം തന്നെ പ്രവാചകനോടുള്ള ഇഷ്ടവും വരുന്നതാണ്, അത് അനിവാര്യവുമാണ്. കാരണമത് അല്ലാഹുവിലുള്ള സ്നേഹമാകുന്നു. അല്ലാഹുവിനോടുള്ള ഇഷ്ടം വർദ്ധിക്കുന്നതിനനുസരിച്ച് പ്രവാചകനോടുള്ള ഇഷ്ടം വർദ്ധിക്കുകയും, കുറയുന്നതിനനുസരിച്ച് അത് കുറയുകയും ചെയ്യുന്നതാണ്. അല്ലാഹുവിനെ ആരാണോ ഇഷ്ടപ്പെടുന്നത് അവൻ അല്ലാഹുവിന് വേണ്ടി പ്രവാചകനെ ഇഷ്ടപ്പെടൽ നിർബ്ബന്ധവുമാകുന്നു.

നബി(ﷺ)യെ ഇഷ്ടപ്പെടുകയും, മഹത്വപ്പെടുത്തുകയും ചെയ്യുകയെന്ന് പറഞ്ഞാൽ തിരുമേനിയെ പിൻതുടരലാണ്, പ്രവാചകന്റെ വാക്കുകളെ മറ്റുള്ളവരുടെ വാക്കുകളേക്കാൾ പ്രാധാന്യപൂർവ്വം പരിഗണിക്കുകയും, ജീവിതത്തിൽ പകർത്തുകയും, പ്രവാചകചര്യയെ മഹത്വപ്പെടുത്തുകയും ചെയ്യുകയെന്നതാണ്.

ഇബ്നുൽ ഖയ്യിം (റ) പറയുന്നു: (അല്ലാഹുവിനെ മഹത്വപ്പെടുത്തുകയും, ഇഷ്ടപ്പെടുകയും ചെയ്യുന്നതിന്റെ ഭാഗമായി മനുഷ്യരെ ഇഷ്ടപ്പെടുകയും, മഹത്വപ്പെടുത്തുകയും ചെയ്യുകയെന്നത് അനുവദനീയമാണ്, റസൂലുല്ലാഹ്(ﷺ)യെ മഹത്വപ്പെടുത്തുകയും ഇഷ്ടപ്പെടുകയും ചെയ്യുന്നത് പോലെ, കാരണമത് അല്ലാഹുവിന്റെ പ്രവാചകൻമാരെ ഇഷ്ടപ്പെടുകയും, അദ്ദേഹത്തെ മഹത്വപ്പെടുത്തുകയും ചെയ്യുന്നതിന്റെ ഭാഗമാകുന്നു, അല്ലാഹുവിന്റെ ഇഷ്ടം സമ്പാ

ദിക്കുവാനായി പ്രവാചകന്റെ സമുദായം തിരുമേനിയെ ഇഷ്ടപ്പെടുകയും, മഹത്വപ്പെടുത്തുകയും ചെയ്യുന്നു, അത് അല്ലാഹുവിന്റെ ഇഷ്ടം ലഭിക്കുവാൻ നിർബന്ധമായും ഉണ്ടാവേണ്ട അല്ലാഹുവിനുള്ള ഇഷ്ടമാകുന്നു.

ഇത്കൊണ്ട് ഉദ്ദേശിക്കുന്നത്: അല്ലാഹു നബി ﷺ യിൽ ബഹുമാനവും, സ്നേഹവും നിക്ഷേപിച്ചിരിക്കുന്നു, അത്കൊണ്ടായിരുന്നു സ്വഹാബികളുടെ ഹൃദയങ്ങളിൽ റസൂലുല്ലാഹ് ﷺ യേക്കാൾ ബഹുമാനവും, ഇഷ്ടവും, ആദരവും നിറഞ്ഞ മറ്റൊരു വ്യക്തിയും ഉണ്ടായിരുന്നില്ല. അംറുബ്നുൽ ആസ് ﵁ ഇസ്‌ലാം സ്വീകരിച്ചതിന് ശേഷം പറയുന്നു: അദ്ദേഹത്തേക്കാൾ എനിക്ക് വെറുപ്പുണ്ടായിരുന്ന ഒരു വ്യക്തിയുമുണ്ടായിരുന്നില്ല, ഞാൻ മുസ്ലിമായപ്പോൾ തിരുമേനിയേക്കാൾ ഇഷ്ടമുള്ള മറ്റൊരു വ്യക്തിയുമുണ്ടായിരുന്നില്ല, എനിക്ക് മുന്നിൽ റസൂലിനേക്കാൾ ബഹുമാനം നിറഞ്ഞ മറ്റൊരാളും ഉണ്ടായിരുന്നില്ല. നിങ്ങൾക്ക് അദ്ദേഹത്തെ സംബന്ധിച്ച് വിവരിച്ച് തരുവാൻ പറഞ്ഞാൽ അതിനെനിക്ക് സാധിക്കുകയില്ല, അദ്ദേഹത്തോടുള്ള ബഹുമാനം കാരണം തിരുമേനിയെ എന്റെ കണ്ണുകളിൽ രൂപപ്പെടുത്തുവാൻ സാധ്യമല്ല.

ഖുറൈശികളോട് ഉർവ്വത്ബ്നു മസ്ഊദ് പറയുകയുണ്ടായി: എന്റെ സമൂഹമേ, അല്ലാഹു തന്നെയാണ, സത്യം! ഞാൻ കിസ്റാ, ഖൈസർ ചക്രവർത്തിമാരെ സന്ദർശിച്ചിട്ടുണ്ട്, മുഹമ്മദിന്റെ അനുയായികൾ മുഹമ്മദ്(ﷺ)യെ മഹത്വപ്പെടുത്തുന്നത് പോലെ ഒരു രാജാവിനെയും അവരുടെ അനുയായികൾ മഹത്വപ്പെടുത്തുന്നതായി എനിക്ക് കാണുവാൻ സാധിച്ചിട്ടില്ല, അദ്ദേഹത്തോടുള്ള ബഹുമാനാദരവ് കാരണം അദ്ദേഹത്തിലേക്ക് ഒന്ന് സൂക്ഷിച്ച്നോക്കുക പോലും ചെയ്യുന്നില്ല, ആർക്കെങ്കിലും മൂക്ക് ചീറ്റേണ്ടിവന്നാൽ അദ്ദേഹം കാണാത്ത രൂപത്തിൽ അതിനെ ഒളിപ്പിക്കുകയായിരുന്നു ചെയ്തിരുന്നത്, അദ്ദേഹം വുദു ചെയ്തിരുന്ന വെള്ളം അവർ ശേഖരിച്ചിരുന്നു.

(ഇബ്നുൽ ഖയ്യിമിന്റെ വാക്കുകൾ ഇവിടെ അവസാനിക്കുന്നു.)

പ്രവാചകൻ(സ)യെ പുകഴ്ത്തുന്നതിൽ പരിധി ലംഘിക്കുകയോ,അതിര് കടക്കുകയോ ചെയ്യുന്നത് വിലക്കിയിരിക്കുന്നു.

الغلو എന്ന് പറഞ്ഞാൽ പരിധി ലംഘിക്കുകയെന്നാണ്. غَلَا غُلُوًّا എന്ന് പറഞ്ഞാൽ ഒരാളുടെ അവകാശപ്പെട്ട സ്ഥാനത്തിൽ അതിര് കടക്കലാകുന്നു. അല്ലാഹു പറയുന്നു:

﴿ لَا تَغْلُوا۟ فِى دِينِكُمْ ﴾ ١٧١

നിങ്ങൾ മതകാര്യത്തിൽ അതിരു കവിയരുത്' (നിസാഅ്: 171).

അതായത് നിങ്ങൾ പരിധി ലംഘിക്കരുത് എന്നാണ്. الإطراء എന്ന് പറഞ്ഞാൽ പുകഴ്തുന്നതിൽ അതിര് കടക്കലാകുന്നു, അതിൽ കളവ് കൂട്ടിച്ചേർക്കലാണ്, നബി(ﷺ)യുടെ കാര്യത്തിൽ غلو (അതിര് കടക്കുക) എന്ന് പറഞ്ഞാൽ തിരുമേനിയെ അടിമത്വത്തിന്റെയും, രിസാലത്തിന്റെയും പദവിയിൽ നിന്ന് ഉയർത്തി അദ്ദേഹത്തോട് പ്രാർത്ഥിക്കുക, അല്ലാഹുവിനെ കൂടാതെ അദ്ദേഹത്തോട് ഇസ്തിഗാഥ നടത്തുക, തിരുമേനിയെക്കൊണ്ട് സത്യം ചെയ്യുക പോലെയുള്ള الإلهية (ആരാധ്യതയുടെ) എന്തെങ്കിലും കാര്യം നൽകലാകുന്നു.

നബി(ﷺ)യുടെ കാര്യത്തിൽ الإطراء (പുകഴ്തുന്നതിൽ അതിര് കവിയുക) എന്ന് പറഞ്ഞാൽ തിരുമേനിയെ പുകഴ്തുന്നതിൽ അതിര് കവിയുകയെന്നതാ




ണ്. അത് പ്രവാചകൻ വിരോധിച്ചതാണ്. നബി(ﷺ) പറയുന്നു:

ക്രൈസതവർ മറ്യമിന്റെ പുത്രനെ പുകഴ്തിയത് പോലെ നിങ്ങൾ എന്നെ പുകഴ്ത്തരുത്, തീർച്ചയായും ഞാൻ അല്ലാഹുവിന്റെ അടിമ മാത്രമാണ്, നിങ്ങൾ പറയുക: ഞാൻ അല്ലാഹുവിന്റെ അടിമയും, അവന്റെ റസൂലുമാണ്' (മുത്തഫഖുൻ അലൈഹി) അതായത് നിങ്ങൾ അയാഥാർത്ഥ്യം കൊണ്ട് എന്നെ പുകഴ്ത്തരുത്,എന്നെ പുകഴ്ത്തുന്നതിന്റെ പരിധി നിങ്ങൾ ലംഘിക്കരുത്, ഈസാ(عليه السلام) യുടെ കാര്യത്തിൽ ക്രൈസ്തവർ അതിർ കടന്നത്പോലെ നിങ്ങൾ ആവരുത്, ക്രൈസ്തവർ ഈസാ നബിക്ക് ആരാധ്യത നൽ കുകയാണ് ചെയ്തത്, എന്റെ റബ്ബ് എന്നെ വിശേഷിപ്പിച്ചത് പോലെ മാത്രമെ നിങ്ങൾ എന്നെ വിശേഷിപ്പിക്കുവാൻ പാടുള്ളൂ. അല്ലാഹുവിന്റെ അടിമയും,അവന്റെ റസൂലുമെന്ന് നിങ്ങൾ പറയുക. സ്വഹാബികളിൽ ചിലർ പ്രവാചകനെ നീ ഞങ്ങളുടെ سَيِّدُنَا (ഞങ്ങളുടെ യജമാനനാണ്) എന്ന് പറഞ്ഞപ്പോൾ പറയുകയുണ്ടായി:

സയ്യിദ് ഉന്നതനായ അല്ലാഹുവാകുന്നു.' അവർ ഞങ്ങളിൽ ഉത്തമൻ, ഞങ്ങളിൽ സ്ഥാനം കൊണ്ട് ഉന്നതൻ എന്ന് പറഞ്ഞപ്പോൾ തിരുമേനി പറയുകയുണ്ടായി:' നിങ്ങൾ പറഞ്ഞത് പറയുക, അല്ലെങ്കിൽ നിങ്ങളിൽ ചിലർ പറഞ്ഞത് പറയുക, പിശാച് നിങ്ങളെ സഹായികളും, കൂട്ടുകാരുമായി സ്വീകരിക്കാതിരിക്കട്ടെ. (അബൂദാവൂദ്)

പ്രവാചകനോട് ചിലർ പറയുകയുണ്ടായി: അല്ലാഹുവിന്റെ തിരുദൂതരേ, ഞങ്ങളിൽ ഉത്തമരേ, ഉത്തമന്റെ പുത്രനേ, ഞങ്ങളുടെ നേതാവെ, ഞങ്ങളുടെ നേതാവിന്റെ പുത്രനേ. അപ്പോൾ നബി(ﷺ) പറഞ്ഞു:

(ഓ, ജനങ്ങളെ, നിങ്ങളുടെ സാധാരണ അഭിസംബോധന നിങ്ങൾ പറയുക, പിശാച് നിങ്ങളെ വഴിതെറ്റിക്കാതിരിക്കട്ടെ, ഞാൻ അല്ലാഹുവിന്റെ അടിമയും, റസൂലുമായ മുഹമ്മദാകുന്നു, ഉന്നതനും പ്രതാപവാനുമായ അല്ലാഹു എനിക്ക് നൽകിയ സ്ഥാനത്തേക്കാൾ നിങ്ങളെന്നെ ഉയർത്തുന്നത് ഞാൻ ഇഷ്ടപ്പെടുന്നില്ല) (അഹ്മദ്, നസാഇ)

നബി(സ) أنت سيدنا (നീ ഞങ്ങളുടെ നേതാവാണ്) أنت خيرُنا (നീ ഞങ്ങളിൽ ഉത്തമരാണ്) أنت أفضلُنا (നീ ഞങ്ങളിൽ ശ്രേഷ്ഠരാണ്) എന്നീ പദങ്ങൾ കൊണ്ട് അഭിസംബോധന ചെയ്ത്കൊണ്ട് വിശേഷിപ്പിക്കുന്നത് ഇഷ്ടപ്പെട്ടിരുന്നില്ല. തിരുമേനി സൃഷ്ടികളിൽ നിരുപാധികം ഉത്തമനും, ശ്രേഷ്ഠരുമാണ്, എന്നിട്ട് കൂടി നബി(ﷺ) അത് ഇഷ്ടപ്പെട്ടിരുന്നില്ല. (നബിയേയും മറ്റുള്ളരേയും നിരുപാധികം അസ്സയ്യിദ് എന്ന് വിശേഷിപ്പിക്കുന്നതിനെയാണ് വിലക്കിയിരിക്കുന്നതെന്ന് പണ്ഡിതന്മാർ വിശദീകരിച്ചിട്ടുണ്ട്. (ഇബ്നു ഉഥൈമീൻ)) തനിക്ക് അല്ലാഹു നൽകിയ സ്ഥാനത്തേക്കാൾ ഉയർത്താതിരിക്കുവാനും, തൗഹീദിന്റെ സംരക്ഷണത്തിനുമായിരുന്നു അങ്ങിനെ ചെയ്തത്. വിശ്വാസത്തിന് യാതൊരു അപകടവും വരാത്തതും, അതിര് കടക്കലും, പരിധി ലംഘിക്കലുമില്ലാത്ത, എന്നാൽ അടിമകളിൽ ഏറ്റവും ഉന്നതവുമായ രണ്ട് വിശേഷണങ്ങൾ കൊണ്ട് നിങ്ങൾ എന്നെ വിശേഷിപ്പിക്കുകയെന്ന് അവരെ തിരുമേനി ഉണർത്തുകയും ചെയ്തു. ആ രണ്ട് വിശേഷണങ്ങൾ:

عبد الله ورسوله (അല്ലാഹുവിന്റെ അടിമയും, റസൂലും) എന്നതാണ്. അല്ലാഹു തൃപ്തിപ്പെട്ട് നൽകിയ പദവിയേക്കാൾ റസൂലുല്ലാഹ്(ﷺ)യെ പുകഴ്ത്തുന്നത് തിരുമേനിക്ക് ഇഷ്ടമില്ലായിരുന്നു. എന്നാൽ ഈ യാഥാർത്ഥ്യം പലരും വിസ്മരിക്കുകയും, അദ്ദേഹത്തോട് പ്രാർത്ഥിക്കുകയും, അദ്ദേഹത്തെക്കൊണ്ട് ഇസ്തിഗാഥ നടത്തുകയും, തിരുമേനിയെ പിടിച്ച് സത്യം ചെയ്യുകയും ചെയ്യുകയാണ്. അല്ലാഹുവിനോടല്ലാതെ മറ്റാരോടും ചോദിക്കാത്ത കാര്യം തിരുമേനിയോട് അവർ ആവശ്യപ്പെടുന്നു, അതാണ് മൗലൂദുകളിലും, ചില ബൈത്തുകളിലും, പാട്ടുകളിലുമുള്ളത്. അല്ലാഹുവിന്റെയും, പ്രവാചകന്റെയും അവകാശങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമായി വേർതിരിച്ച് മനസിലാക്കുവാൻ അവർക്ക് സാധിച്ചിട്ടില്ല.

ഇബ്നുൽ ഖയ്യിം തന്റെ നൂനിയ്യ: എന്ന കവിതാ സമാഹാരത്തിൽ പറയുന്നു:

അല്ലാഹുവിന് ചില അവകാശങ്ങളുണ്ട്, അത് മറ്റാർക്കുമില്ല. അവന്റെ അടിമക്കും അവകാശങ്ങളുണ്ട്, അത് രണ്ടും രണ്ട് അവകാശങ്ങളാണ്, രണ്ട് അവകാശങ്ങളെയും ഒരു അവകാശമാക്കി മാറ്റരുത്, സത്യാസത്യ വിവേചനവും, വ്യക്തമായി വേർതിരിക്കുകയും ചെയ്യാതെ.

**3-പ്രവാചകൻ(ﷺ)യുടെ സ്ഥാനങ്ങൾ:**

അല്ലാഹു പ്രവാചകൻ(ﷺ)യെ പുകഴ്ത്തുകയും, ആദരിക്കുകയും ചെയ്ത രൂപത്തിൽ റസൂലുല്ലാഹ്(ﷺ)യെ ആദരിക്കുകയും പുകഴ്ത്തുകയും ചെയ്യുന്നതിനും, അത് വിശദീകരിക്കുന്നതിനും യാതൊരു പ്രശ്നവുമില്ല. അല്ലാഹു തിരുമേനിക്ക് സ്ഥാനങ്ങളും പദവികളും നൽകിയിരിക്കുന്നു, അത് عبده ورسوله (അല്ലാഹുവിന്റെ അടിമയും, റസൂലും) എന്നതാണത്.സൃഷ്ടികളിൽ ഏറ്റവും ഉത്തമരാണ്, നബിമാരിൽ അവസാനത്തെയാളാണ്, അദ്ദേഹത്തിന് ശേഷം മറ്റൊരു നബി വരാനില്ല, അല്ലാഹു തിരുമേനിയുടെ ഹൃദയത്തെ വിശാലമാക്കുകയും, സ്മരണയെ ഉയർത്തുകയും ചെയ്തിരിക്കുന്നു. ആരാണോ തിരുമേനിയുടെ കൽപനകളെ ധിക്കരിക്കുകയും, അവഗണിക്കുകയും ചെയ്യുന്നത് അവരെ നിന്ദിക്കുകയും ചെയ്തിരിക്കുന്നു. സ്തുത്യർഹമായ പദവിയുടെ ഉടമയാണ് റസൂലുല്ലാഹ്(ﷺ) അല്ലാഹു പറയുന്നു:

﴿عَسَىٰٓ أَن يَبۡعَثَكَ رَبُّكَ مَقَامٗا مَّحۡمُودٗا ٧٩﴾


നിന്റെ രക്ഷിതാവ് നിന്നെ സ്തുത്യർഹമായ ഒരു സ്ഥാനത്ത് നിയോഗിച്ചേക്കാം' (ഇസ്റാഅ്: 79).

അതായത്, അവസാന നാ ളിൽ ജനങ്ങൾക്ക്‌വേണ്ടി ശുപാർശ പറയുവാനുമാകുന്നു അത്. മറ്റൊരു പ്രവാചകനും ലഭിക്കാതെ റസൂലുല്ലാഹ് (ﷺ) ക്ക് പ്രത്യേകമായുള്ള സ്ഥാനമാണ് അത്.

സൃഷ്ടികളിൽ ഏറ്റവും കൂടുതൽ അല്ലാഹുവിനെ ഭയപ്പെടുന്നതും, തഖ്‌വയുള്ളതും തിരുമേനി(ﷺ)ക്കാകുന്നു. പ്രവാചകൻ(ﷺ)യുടെ സാന്നിദ്ധ്യത്തിൽ ശബ്ദം ഉയർത്തി സംസാരിക്കുന്നത് പോലും വിലക്കിയിരിക്കുന്നു. പ്രവാചക സാനിദ്ധ്യത്തിൽ ശബ്ദം താഴ്ത്തി സംസാരിക്കുന്നവരെ അല്ലാഹു പുകഴ്ത്തുകയും ചെയ്യുന്നു. അല്ലാഹു പറയുന്നു:

സത്യവിശ്വാസികളേ, നിങ്ങളുടെ ശബ്ദങ്ങൾ പ്രവാചകന്റെ ശബ്ദത്തിന് മീതെ ഉയർത്തരുത്. അദ്ദേഹത്തോട് സംസാരിക്കുമ്പോൾ നിങ്ങൾ അന്യോന്യം ഒച്ചയിടുന്നത് പോലെ ഒച്ചയിടുകയും ചെയ്യരുത്. നിങ്ങളറിയാതെ തന്നെ നിങ്ങളുടെ കർമ്മങ്ങൾ നിഷ്ഫലമായി പോകാതിരിക്കാൻ വേണ്ടി. തീർച്ചയായും തങ്ങളുടെ ശബ്ദങ്ങൾ അല്ലാഹുവിന്റെ റസൂലിന്റെ അടുത്ത് താഴ്ത്തുന്നവരാരോ അവരുടെ ഹൃദയങ്ങളാകുന്നു അല്ലാഹു ധർമ്മനിഷ്ഠയ്ക്കായി പരീക്ഷിച്ചെടുത്തിട്ടുള്ളത്. അവർക്കാകുന്നു പാപമോചനവും മഹത്തായ പ്രതിഫലവുമുള്ളത്. (നീ താമസിക്കുന്ന) അറകൾക്കു പുറത്തു നിന്ന് നിന്നെ വിളിക്കുവന്നരാരോ അവരിൽ അധികപേരും ചിന്തിച്ചു മനസ്സിലാക്കുന്നില്ല. നീ അവരുടെ അടുത്തേക്കു പുറപ്പെട്ട് ചെല്ലുന്നത് വരെ അവർ ക്ഷമിച്ചിരുന്നെങ്കിൽ അതായിരുന്നു അവർക്ക് കൂടുതൽ നല്ലത്. അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണാനിധിയുമാകുന്നു.’ (ഹുജുറാത്ത്: 1–5)

ഇബ്നുകഥീർ(റ) പറയുന്നു: (ഈ ആയത്തിലൂടെ പ്രവാചകൻ(ﷺ)യെ എങ്ങിനെയാണ് ആദരിക്കേണ്ടതും, ബഹുമാനിക്കേണ്ടതും, മഹത്വപ്പെടുത്തേണ്ടതും, പുകഴ്ത്തേണ്ടതും എന്ന മര്യാദ വിശ്വാസികളെ പഠിപ്പിക്കുകയാകുന്നു. നബിയോട് സംസാരിക്കുമ്പോൾ പ്രവാചകൻ(ﷺ) യുടെ ശബ്ദത്തേക്കാൾ ശബ്ദം ഉയർത്താതിരിക്കുകയും ചെയ്യണമെന്നും പഠിപ്പിക്കുന്നു...)




മുഴുവൻ ജനങ്ങളെയും പേര് കൊണ്ട് വിളിക്കുന്ന രൂപത്തിൽ അദ്ദേഹത്തെ പേർകൊണ്ട് അഭിസംബോധന ചെയ്യുന്നത് അല്ലാഹു വിലക്കിയിരിക്കുന്നു. ഓ, മുഹമ്മദ് എന്ന് വിളിക്കുവാൻ പാടില്ല, മറിച്ച് രിസാലത്ത് കൊണ്ടോ, നുബുവ്വത്ത് കൊണ്ടോ അഭിസംബോധന ചെയ്യുക يا رسول الله ، يا نبي الله (അല്ലാഹുവിന്റെ റസൂലെ, അല്ലാഹുവിന്റെ നബിയെ) എന്നിങ്ങനെ അഭിസംബോധന ചെയ്യുക. അല്ലാഹു പറയുന്നു:

പ്രവാചകൻ(ﷺ)യെ മഹത്വപ്പെടുത്തുന്ന തിന്റെ ഭാഗമാണ് തിരുമേനിയുടെ സുന്ന ത്തിനെ(ചര്യയെ) മഹത്വപ്പെടുത്തുന്നതും, സുന്നത്ത്കൊണ്ട് പ്രവർത്തിക്കൽ നിർബ്ബ ന്ധമാണെന്ന് വിശ്വസിക്കുന്നതും. മഹത്വ പ്പെടുത്തലിലും, പ്രവർത്തിക്കുന്നതിലും ഖുർആനിന് തൊട്ട് താഴെ വരുന്നതാണ് പ്രവാചക സുന്നത്ത്. കാരണം സുന്നത്ത് അല്ലാഹുവിൽ നിന്നുള്ള വഹ്‌യാകുന്നു. അല്ലാഹു പറയുന്നു:

﴿وَمَا يَنطِقُ عَنِ ٱلْهَوَىٰٓ ۝٣ إِنْ هُوَ إِلَّا وَحْىٌ يُوحَىٰ ۝٤﴾

അദ്ദേഹം തന്നിഷ്ടപ്രകാരം സംസാരി ക്കുന്നുമില്ല. അത് അദ്ദേഹത്തിന് ദിവ്യസ ന്ദേശമായി നൽകപ്പെടുന്ന ഒരു ഉൽബോ ധനം മാത്രമാകുന്നു.' (നജ്മ്: 3,4)

പ്രവാചക സുന്നത്തിൽ സംശയമുണ്ടാക്കു ന്നതും, അതിന്റെ പ്രത്യേകത കുറച്ച് കാണി ക്കുവാനും പാടില്ലാത്തതാണ്, അതു പോലെ വിജ്ഞാനവും, ഹിഫ്ളുമില്ലാതെ ഹദീസു കളെ സ്വന്തം നിലക്ക് ളഈഫാക്കുന്നതും, സ്വഹീഹാക്കുന്നതും അനുവദനീയമല്ല. ഈ ആധുനിക കാലത്ത് ചില വിവരദോഷികൾ പ്രവാചക സുന്നത്തിനെ അവമതിക്കുകയും, യുക്തിക്ക് നിരക്കാത്തതാണെന്ന് ന്യായം പറ ഞ്ഞ് കൊണ്ട് സ്വഹീഹായ ഹദീസുകളെ ദുർ ബ്ബലമാണെന്ന് പറയുകയും, ദുർബ്ബല ഹദീ സുകളെ സ്വഹീഹാക്കുകയും ചെയ്യുന്നു. ചില ഗ്രന്ഥങ്ങൾ വായിച്ച്കൊണ്ട് ഹദീസ് റിപ്പോർട്ട് ചെയ്യുന്ന റാവിമാരെ ന്യൂനതയുള്ള വരാണെന്ന് സ്ഥാപിക്കുകയും ചെയ്യുന്നുണ്ട്. ഇത് അപകടം നിറഞ്ഞതും, സമുദായത്തിന് വിനാശമുണ്ടാക്കുന്നതുമാണ്. അത്കൊണ്ട് അങ്ങിനെയുള്ളവർ അല്ലാഹുവിനെ സൂക്ഷി ക്കുകയും, ഹദീഥ് നിദാന ശാസ്ത്ര നിയമ ങ്ങൾ പഠിക്കുകയും, അതിന്റെ പരിധിക്കു ള്ളിൽ നിൽക്കുകയും ചെയ്യേണ്ടതാണ്.

﴿لَّا تَجْعَلُوا۟ دُعَآءَ ٱلرَّسُولِ بَيْنَكُمْ كَدُعَآءِ بَعْضِكُم بَعْضًا﴾

നിങ്ങൾക്കിടയിൽ റസൂലിന്റെ വിളിയെ നിങ്ങളിൽ ചിലർ ചിലരെ വിളിക്കുന്നത് പോലെ നിങ്ങൾ ആക്കിത്തീർക്കരുത്.' (നൂർ: 63)

അല്ലാഹുപോലും അങ്ങിനെ പ്രവാച കനെ അഭിസംബോധന ചെയ്യുന്നതായി കാണാം: ( يا أيها النبي ، يا أيها الرسول ) (ഓ നബിയെ, ഓ റസൂലെ). അല്ലാഹുവും, അവന്റെ മലക്കുകളും തിരുമേനിയുടെ പേരിൽ സ്വലാത്ത് ചൊല്ലുന്നു, അടിമക ളോട് പ്രവാചകന് സ്വലാത്തും, സലാമും ചൊല്ലുവാൻ അല്ലാഹു കൽപിക്കുകയും ചെയ്യുന്നു. അല്ലാഹു പറയുന്നു:

﴿إِنَّ ٱللَّهَ وَمَلَٰٓئِكَتَهُۥ يُصَلُّونَ عَلَى ٱلنَّبِىِّ ۚ يَٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟ صَلُّوا۟ عَلَيْهِ وَسَلِّمُوا۟ تَسْلِيمًا ۝٥٦﴾

തീർച്ചയായും അല്ലാഹുവും അവന്റെ മലക്കുകളും നബിയോട് കാരുണ്യം കാ ണിക്കുന്നു. സത്യവിശ്വാസികളേ, നിങ്ങൾ അദ്ദേഹത്തിന്റെ മേൽ (അല്ലാഹുവിന്റെ) കാരുണ്യവും ശാന്തിയുമുണ്ടാകാൻ പ്രാർ ത്ഥിക്കുക' (അഹ്സാബ്: 56).

എന്നാൽ നാം അറിഞ്ഞിരിക്കേണ്ട ഒരു കാര്യമാണ് പ്രവാചകനെ പുകഴ് ത്തുവാനോ, ആദരിക്കുവാനേ പ്രത്യേക സ്ഥലമോ, സമയമോ, രൂപമോ ഖുർആ നിന്റെയും, തിരുസുന്നത്തിന്റേയും തെളി വിന്റെ അടിസ്ഥാനത്തിലല്ലാതെ സ്വീകരി ക്കുവാൻ പാടില്ല എന്നത്. ചിലയാളുകൾ പ്രവാചകൻ ജനിച്ചുവെന്ന് പറയപ്പെടുന്ന ദിവസം പ്രത്യേകമാക്കി പ്രവാചകന്റെ മദ് ഹുകളും, മറ്റും പാടി പറയുകയും ചെയ്യു ന്നത് ചീത്ത പ്രവർത്തനവും, ബിദ്അത്തു മാകുന്നു.

# നബിതിരുമേനി ﷺ നമ്മുടെ മാതൃക

പ്രവാചകൻ(ﷺ)യുടെ കൽപനകൾ പ്രവർത്തിക്കുന്നതിലും, വിരോധങ്ങളിൽ നിന്ന വിട്ട് നിൽക്കലും അനിവാര്യമാണ്, മുഹമ്മദ് (ﷺ) തീർച്ചയായും അല്ലാഹുവിന്റെ റസൂലാണെന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നുവെന്ന് സാക്ഷ്യ വചനത്തിന്റെ താൽപര്യം കൂടിയാണ് ഇത്. ഒരു പാട് ആയത്തുകളിലായി പ്രവാചകനെ നിങ്ങൾ അനുസരിക്കണമെന്ന് അല്ലാഹു നമ്മോട് കൽപിക്കുന്നു. ചില സന്ദർഭങ്ങളിൽ അല്ലാഹുവിനെ അനുസരിക്കണമെന്ന് പറഞ്ഞതിന് തൊട്ട് പിന്നാലെ തന്നെ പ്രവാചകനെ അനുസരിക്കണമെന്ന് കൽപിക്കുന്നു.അല്ലാഹു പറയുന്നു:

﴿ يَٰٓأَيُّهَا ٱلَّذِينَ ءَامَنُوٓاْ أَطِيعُواْ ٱللَّهَ وَأَطِيعُواْ ٱلرَّسُولَ ﴿٥٩﴾ ﴾

സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവെ അനുസരിക്കുക. (അല്ലാഹുവിന്റെ) ദൂതനെയും അനുസരിക്കുക'. (നിസാഅ്: 59).



﴿قُلۡ إِن كُنتُمۡ تُحِبُّونَ ٱللَّهَ فَٱتَّبِعُونِي يُحۡبِبۡكُمُ ٱللَّهُ وَيَغۡفِرۡ لَكُمۡ ذُنُوبَكُمۡۚ وَٱللَّهُ غَفُورٞ رَّحِيمٞ ٣١﴾

(നബിയേ,) പറയുക: നിങ്ങൾ അല്ലാഹുവെ സ്നേഹിക്കുന്നുണ്ടെങ്കിൽ എന്നെ നിങ്ങൾ പിന്തുടരുക. എങ്കിൽ അല്ലാഹു നിങ്ങളെ സ്നേഹിക്കുകയും നിങ്ങളുടെ പാപങ്ങൾ പൊറുത്തുതരികയും ചെയ്യുന്നതാണ്. '(ആലു ഇംറാൻ: 31)

പ്രവാചകൻ(ﷺ)യെ പിൻതുടരുന്നത് സൻമാർഗവും, തിരുമേനിയെ ധിക്കരിക്കുന്നത് വഴികേടുമാക്കിയിരിക്കുന്നു. അല്ലാഹു പറയുന്നു:

﴿وَإِن تُطِيعُوهُ تَهۡتَدُواْۚ ٥٤﴾

നിങ്ങൾ അദ്ദേഹത്തെ അനുസരിക്കുകയാണെങ്കിൽ നിങ്ങൾക്ക് സൻമാർഗം പ്രാപിക്കാം' (നൂർ: 54)

അല്ലാഹു പറയുന്നു:

﴿فَإِن لَّمۡ يَسۡتَجِيبُواْ لَكَ فَٱعۡلَمۡ أَنَّمَا يَتَّبِعُونَ أَهۡوَآءَهُمۡۚ وَمَنۡ أَضَلُّ مِمَّنِ ٱتَّبَعَ هَوَىٰهُ بِغَيۡرِ هُدٗى مِّنَ ٱللَّهِۚ ٥٠﴾

ഇനി നിനക്ക് അവർ ഉത്തരം നൽകിയില്ലെങ്കിൽ തങ്ങളുടെ തന്നിഷ്ടങ്ങളെ മാത്രമാണ് അവർ പിന്തുടരുന്നത് എന്ന് നീ അറിഞ്ഞേക്കുക. അല്ലാഹുവിങ്കൽ നിന്നുള്ള യാതൊരു മാർഗദർശനവും കൂടാതെ തന്നിഷ്ടത്തെ പിന്തുടർന്നവനെക്കാൾ വഴിപിഴച്ചവൻ ആരുണ്ട്? (ഖസ്വസ്: 50).

പ്രവാചകൻ(ﷺ)യിൽ നിങ്ങൾക്ക് ഉത്തമമായ മാതൃകയുണ്ട് എന്ന് അല്ലാഹു പറയുന്നു:

ഇതുപോലെ ഒട്ടനവധി ആയത്തുകൾ ഉണ്ട്. ചില സന്ദർഭങ്ങളിൽ പ്രവാചകനെ അനുസരിക്കണമെന്ന് മാത്രം പറഞ്ഞതായും കാണാം. അല്ലാഹു പറയുന്നു:

﴿مَّن يُطِعِ ٱلرَّسُولَ فَقَدۡ أَطَاعَ ٱللَّهَۖ ٨٠﴾

(അല്ലാഹുവിന്റെ) ദൂതനെ ആർ അനുസരിക്കുന്നുവോ തീർച്ചയായും അവൻ അല്ലാഹുവെ അനുസരിച്ചു.' (നിസാഅ്: 80).

﴿وَأَطِيعُواْ ٱلرَّسُولَ لَعَلَّكُمۡ تُرۡحَمُونَ ٥٦﴾

നിങ്ങൾ റസൂലിനെ അനുസരിക്കുകയും ചെയ്യുവിൻ. നിങ്ങൾക്ക് കാരുണ്യം ലഭിച്ചേക്കാം.' (നൂർ: 56)

മറ്റു സന്ദർഭങ്ങളിൽ പ്രവാചകനെ ധിക്കരിക്കുന്നവർക്ക് താക്കീത് നൽകുന്നു. അല്ലാഹു പറയുന്നു:

﴿فَلۡيَحۡذَرِ ٱلَّذِينَ يُخَالِفُونَ عَنۡ أَمۡرِهِۦٓ أَن تُصِيبَهُمۡ فِتۡنَةٌ أَوۡ يُصِيبَهُمۡ عَذَابٌ أَلِيمٌ ٦٣﴾

ആകയാൽ അദ്ദേഹത്തിന്റെ കൽപനയ്ക്ക് എതിർ പ്രവർത്തിക്കുന്നവർ തങ്ങൾക്ക് വല്ല ആപത്തും വന്നുഭവിക്കുകയോ, വേദനയേറിയ ശിക്ഷ ബാധിക്കുകയോ ചെയ്യുന്നത് സൂക്ഷിച്ചു കൊള്ളട്ടെ' (നൂർ: 63)

അതായത് അവരുടെ ഹൃദയങ്ങളിൽ അവിശ്വാസം, നിഫാഖ്, ബിദ്അത്ത് തുടങ്ങി ഫിത്നകൾ ബാധിക്കുമെന്നും, അതുപോലെ ഐഹിക ജീവിതത്തിൽ പെട്ടെന്ന് തന്നെ വരുന്ന കഠിന ശിക്ഷകൾ അവർക്ക് ലഭിക്കുമെന്നും ആയത്തിൽ സൂചിപ്പിക്കുന്നു. പ്രവാചകൻ(ﷺ)യെ അനുസരിക്കുന്നതും, പിൻതുടരുന്നതും അടിമകളുടെ പാപങ്ങൾ പൊറുക്കപ്പെടാനും,അല്ലാഹുവിന്റെ ഇഷ്ടം ലഭിക്കുവാനുമുള്ള കാരണമാക്കിയിരിക്കുന്നു. അല്ലാഹു പറയുന്നു:

﴿لَّقَدْ كَانَ لَكُمْ فِي رَسُولِ ٱللَّهِ أُسْوَةٌ حَسَنَةٌ لِّمَن كَانَ يَرْجُوا۟ ٱللَّهَ وَٱلْيَوْمَ ٱلْـَٔاخِرَ وَذَكَرَ ٱللَّهَ كَثِيرًا ﴿٢١﴾﴾

തീർച്ചയായും നിങ്ങൾക്ക് അല്ലാഹുവിന്റെ ദൂതനിൽ ഉത്തമമായ മാതൃകയുണ്ട്. അതായത് അല്ലാഹുവെയും അന്ത്യദിനത്തെയും പ്രതീക്ഷിച്ചു കൊണ്ടിരിക്കുകയും, അല്ലാഹുവെ ധാരാളമായി ഓർമിക്കുകയും ചെയ്തു വരുന്നവർക്ക്'. (അഹ്സാബ്: 21).

ഇബ്നുകഥീർ(റ) പറയുന്നു: (പ്രവാചകൻനെ വാക്കുകളിലും, പ്രവർത്തികളിലും, രൂപത്തിലും പിൻതുടരുകയെന്നതിന്റെ വലിയ ഒരു അടിത്തറയാണ് ഈ ആയത്ത്. ഇത്കൊണ്ടാണ് അഹ്സാബ് യുദ്ധവേളയിൽ പ്രവാചകൻ ﷺ യുടെ ക്ഷമയും, ക്ഷമ കൈകൊള്ളുവാനുള്ള ആഹ്വാനവും,തിരുമേനിയുടെ ത്യാഗപരിശ്രമവും, സ്ഥൈര്യവും, തന്റെ രക്ഷിതാവിൽ നിന്നുള്ള വിജയ പ്രതീക്ഷയും അനുകരിക്കുകയും,ജീവിതത്തിൽ പിൻതുടരുകയും ചെയ്യുവാൻ വേണ്ടി അല്ലാഹു ജനങ്ങളോട് കൽപിക്കുന്നത്. അവസാന നാൾ വരെ പ്രവാചകരിൽ അല്ലാഹുവിന്റെ ശാന്തിയും സമാധാനവും എല്ലായ്പോഴും ഉണ്ടാകുമാറാകട്ടെ)

പ്രവാചകൻ(ﷺ)യെ അനുസരിക്കലും, പിൻപറ്റുകയും ചെയ്യണമെന്ന് ഖുർആനിൽ ഏകദേശം നാൽപതോളം സ്ഥലങ്ങളിൽ പറഞ്ഞിട്ടുണ്ട്. മനുഷ്യന് ഭക്ഷണപാനീയത്തേക്കാൾ ആവശ്യം പ്രവാചകൻ എന്താണ് കൊണ്ട് വന്നതെന്നും, എങ്ങിനെയാണ് പിൻതുടരേണ്ടതെന്നും മനസിലാക്കലാകുന്നു. ഭക്ഷണ പാനീയം നഷ്ടപ്പെട്ടാൽ ഒരുപക്ഷേ, അത് കരസ്ഥമാക്കുവാൻ സാധിച്ചേക്കാം, അല്ലെങ്കിൽ ഐഹിക ലോകത്ത് മരണം സംഭവിക്കുകയോ ചെയ്തേക്കാം.എന്നാൽ പ്രവാചകൻ(ﷺ) യെ അനുസരിക്കുന്നതും, പിൻപറ്റുന്നതും നഷ്ടപ്പെടുകയാണെങ്കിൽ നിത്യമായ ശിക്ഷയും, ദൗർഭാഗ്യവുമായിരിക്കും ലഭിക്കുക. ആരാധനകൾ നിർവ്വഹിക്കുന്നതിൽ പ്രവാചകൻﷺയെ പരിപൂർണമായി അനുധാവനം ചെയ്യണം. തിരുമേനി(ﷺ) ഏത് രൂപത്തിലാണോ നിർവ്വഹിച്ചിരുന്നത് അതേരൂപത്തിൽ തന്നെ അത് നിർവ്വഹിക്കേണ്ടതുണ്ട്.



അല്ലാഹു പറയുന്നു:

﴿لَّقَدۡ كَانَ لَكُمۡ فِي رَسُولِ ٱللَّهِ أُسۡوَةٌ حَسَنَةٞ ٢١﴾

തീർച്ചയായും നിങ്ങൾക്ക് അല്ലാഹുവിന്റെ ദൂതനിൽ ഉത്തമമായ മാതൃകയുണ്ട്.'. (അഹ്സാബ്: 21).

നബി(ﷺ) പറയുകയുണ്ടായി: ഞാൻ എങ്ങിനെയാണോ നമസ്കരിക്കുന്നതായി നിങ്ങൾ കണ്ടത്, അതുപോലെ നിങ്ങൾ നമസ്കരിക്കുക' (ബുഖാരി)

നിങ്ങൾ നിങ്ങളുടെ ഹജ്ജിന്റെ കർമ്മങ്ങൾ എന്നിൽ നിന്ന് സ്വീകരിക്കുക' (മുസ്‌ലിം)

നമ്മുടെ കൽപനയില്ലാത്ത പ്രവർത്തനം ആരെങ്കിലും പ്രവർത്തിച്ചാൽ അത് തള്ളപ്പെടേണ്ടതാണ്' (മുസ്‌ലിം)

ആരെങ്കിലും എന്റെ സുന്നത്തിനെ അവഗണിച്ചാൽ അവൻ എന്നിൽ പെട്ടവനല്ല (ബുഖാരി, മുസ്‌ലിം)

പ്രവാചകൻ(ﷺ)യെ പിൻതുടരൽ നിർബന്ധമാണെന്നും, തിരുമേനിയെ ധിക്കരിക്കൽ നിഷിദ്ധമാണെന്നും വ്യക്തമാക്കുന്ന ഇതുപോലെയുള്ള വേറെയും തെളിവുകൾ നമുക്ക് കാണാവുന്നതാണ്.





# അസ്സലാമു അലൈക്ക അയ്യുഹന്നബിയ്യു...

പ്രവാചകൻ(ﷺ)യുടെ പേരിൽ സ്വലാത്തും സലാമും ചൊല്ലുവാനായി അല്ലാഹു മുസ്‌ലിം സമൂഹത്തിന് ബാധ്യതയാക്കിയിരിക്കുന്നു. അല്ലാഹു പറയുന്നു:

﴿إِنَّ ٱللَّهَ وَمَلَٰٓئِكَتَهُۥ يُصَلُّونَ عَلَى ٱلنَّبِيِّۚ يَٰٓأَيُّهَا ٱلَّذِينَ ءَامَنُواْ صَلُّواْ عَلَيۡهِ وَسَلِّمُواْ تَسۡلِيمًا ٥٦﴾

തീർച്ചയായും അല്ലാഹുവും അവന്റെ മലക്കുകളും നബിയോട് കാരുണ്യം കാണിക്കുന്നു. സത്യവിശ്വാസികളേ,നിങ്ങൾ അദ്ദേഹത്തിന്റെ മേൽ (അല്ലാഹുവിന്റെ) കാരുണ്യവും ശാന്തിയുമുണ്ടാകാൻ പ്രാർത്ഥിക്കുക' (അഹ്സാബ്: 56).

അല്ലാഹു സ്വലാത്ത് ചൊല്ലുന്നുവെന്നത് കൊണ്ട് ഉദ്ദേശിക്കുന്നത് മലക്കുകളുടെ സാന്നിദ്ധ്യത്തിൽ അല്ലാഹു പ്രവാചകനെ പുകഴ്തുന്നുവെന്നാണ് എന്ന് റിപ്പോർട്ട് ചെയ്തിരിക്കുന്നു. എന്നാൽ മലക്കുകളുടെ സ്വലാത്ത് കൊണ്ട് ഉദ്ദേശിക്കുന്നത് അവർ തിരുമേനിക്ക് വേണ്ടി പ്രാർ

ത്ഥിക്കുകയാണ്. എന്നാൽ മനുഷ്യരുടെ സ്വലാത്ത് തിരുമേനിക്ക് വേണ്ടിയുള്ള പ്രാർഥനയാണ്. അല്ലാഹു ഈ ആയത്തിൽ തന്റെ നബിയുടെ സ്ഥാനം മലഉൽ അഅ്ലയിലാണെന്ന് വ്യക്തമാക്കിയിരിക്കുന്നു. അല്ലാഹുവിന്റെ സമീപസ്തരായ മലക്കുകളുടെ സാന്നിദ്ധ്യത്തിൽ അവൻ പ്രവാചകനെ പുകഴ്ത്തുകയും, മലക്കുകൾ പ്രവാചകന് വേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുന്നു, തുടർന്ന് താഴെയുള്ള ലോകത്തുള്ളവരോട് പ്രവാചകന് സലാമും സ്വലാത്തും ചൊല്ലുവാൻ കൽപിക്കുകയും ചെയ്യുന്നു. അങ്ങിനെ താഴെയും മുകളിലുമുള്ള ലോകത്തിലെ മുഴുവനാളുകളുടെയും പുകഴ്ത്തൽ തിരുമേനി(ﷺ)യിൽ ഒരുമിച്ച് കൂടുന്നു.

وَسَلِّمُوا تَسْلِيمًا അതായത് തിരുമേനിയെ ഇസ്ലാമിന്റെ അഭിവാദ്യം കൊണ്ട് അഭിവാദ്യം ചെയ്യുകയെന്നതാണ്. ആരെങ്കിലും സ്വലാത്ത് ചൊല്ലിയാൽ അതിൽ സ്വലാത്തും സലാമും ഒരുമിച്ച് കൂടുന്നു. ഒന്നിൽ മാത്രം പരിമിതപ്പെടുത്തരുത് (عليه السلام) എന്ന് മാത്രം പറയരുത്, അതുപോലെ (صلى الله عليه)എന്ന് മാത്രം പറയരുത്, മറിച്ച് രണ്ടും കൂട്ടി പറയുവാനാണ് അല്ലാഹു കൽപിച്ചിട്ടുള്ളത്.

റസൂലുല്ലാഹ്(ﷺ)യുടെ പേരിൽ വ്യത്യസ്ഥ സന്ദർഭങ്ങളിൽ സ്വലാത്ത് ചൊല്ലുവാൻ നിയമമാക്കിയിരിക്കുന്നു, ചിലപ്പോൾ അത് നിർബന്ധമോ, സുന്നത്തോ ആയിരിക്കും. ഇബ്നുൽ ഖയ്യിം തന്റെ (جلاء الأفهام) എന്ന ഗ്രന്ഥത്തിൽ അതിനെ സംബന്ധിച്ച് പറയുന്നുണ്ട്. നാൽപത്തിയൊന്ന് സ്ഥലങ്ങളിൽ സ്വലാത്ത് ചൊല്ലേണ്ടതുണ്ട്. അതിൽ ഏറ്റവും പ്രധാനപ്പെട്ടതും ശ്രേഷ്ഠതയുമുള്ള ഒന്നാമത്തെ സ്ഥലമായി അദ്ദേഹം പറയുന്നത്, നമസ്കാരങ്ങളിലെ അവസാന തശഹ്ഹുദിലാണ്. സ്വലാത്ത് ചൊല്ലുവാൻ കൽപനയുണ്ടെന്നതിൽ പണ്ഡിതൻമാർ യോജിക്കുന്നു., എന്നാൽ അത് നിർബ്ബന്ധമാണോയെന്ന കാര്യത്തിൽ പണ്ഡിതൻമാർക്കിടയിൽ അഭിപ്രായ വ്യത്യാസമുണ്ട്) (ജലാഉൽ അഫ്ഹാം) പിന്നീട് ഒരുപാട് സന്ദർഭങ്ങളെ സംബന്ധിച്ച് പറയുന്നുണ്ട്. ഖുനൂത്തിന്റെ അവസാനത്തിൽ, ജുമുഅ:ഖുതുബ പോലെയുള്ള ഖുതുബകളിൽ, രണ്ട് പെരുന്നാൾ നമസ്കാരങ്ങളിൽ, മഴക്ക്വേണ്ടിയുള്ള നമസ്കാരത്തിൽ, ബാങ്കിന് ഉത്തരം നൽകിയതിന് ശേഷം, പ്രർത്ഥനയുടെ വേളയിൽ, പള്ളിയിൽ പ്രവേശിക്കുമ്പോഴും, പുറത്ത് പോകുമ്പോഴും, പ്രവാചകൻ(ﷺ)യുടെ പേര് കേൾക്കുമ്പോൾ... തുടർന്ന് നബി(ﷺ)യുടെ പേരിൽ സ്വലാത്ത് ചൊല്ലുന്നവന് ലഭിക്കുന്ന പ്രതിഫലത്തെ സംബന്ധിച്ച് പറയുന്നു, അതിൽ നാൽപത് ഉപകാരമുണ്ടെന്ന് അദ്ദേഹം ഉണർത്തുന്നു. (ജലാഉൽ അഫ്ഹാം)

അതിൽ ചിലത് താഴെ കൊടുക്കുന്നു:

1. അല്ലാഹുവിന്റെ കൽപന ജീവിതത്തിൽ പകർത്തുക.

2. ഒരു സ്വലാത്ത് ചൊല്ലുന്നവന് അല്ലാഹുവിൽ നിന്ന് പത്ത് പ്രതിഫലം ലഭിക്കുന്നു.

3. ആദ്യം സ്വലാത്ത് ചൊല്ലി പ്രാർത്ഥിക്കുകയാണെങ്കിൽ ഉത്തരം ലഭിക്കും.

4. പ്രവാചകന് വേണ്ടി സ്വലാത്തിനോട് കൂടി വസീല കൂടി ചോദിക്കുകയാണെങ്കിൽ തിരുമേനിയുടെ ശുപാർശയിൽ ഉൾപ്പെടുവാൻ സാധിക്കുന്നതാണ്.

5. പാപങ്ങൾ പൊറുക്കപ്പെടുവാൻ കാരണമാകുന്നു....




# നമസ്കരിക്കുന്നവർ സന്തോഷിക്കുക

ഇസ്‌ലാം മനുഷ്യനോട് പറയുന്ന ഏറ്റവും പ്രധാനപ്പെട്ട കാര്യം യഥാർത്ഥത്തിൽ ആരാധിക്കപ്പെടുവാൻ അർഹൻ അല്ലാഹു മാത്രമേയുള്ളൂ എന്നതാണ്. സർവ്വ പ്രവാചകന്മാരുടെയും പ്രബോധനസംഗതിയാണത്. ഇത് അംഗീകരിച്ച് അല്ലാഹുവിന്റെ വിധിവിലക്കുകൾ അനുസരിച്ച് ജീവിക്കാൻ തയ്യാറാകുന്ന ഒരു മുസ്‌ലിം നിർബ്ബന്ധമായും നിർവ്വഹിക്കേണ്ട ആരാധനകളിൽ പ്രധാനപ്പെട്ടതാണ് നമസ്കാരം. ഓരോ മുസ്‌ലിമിനും അഞ്ച് നേരത്തെ നമസ്കാരം നിർബന്ധമാകുന്നു. നമസ്കാരത്തിൽ നിന്ന് ഒരാൾക്കും തന്നെ യാതൊരു സമയത്തും ഒഴിവ് കഴിവില്ല. യുദ്ധത്തിൽ പോലും നമസ്കരിക്കുവാനാണ് അല്ലാഹു വിശുദ്ധഖുർആനിലൂടെ നമ്മെ പഠിപ്പിക്കുന്നത്. ഖുർആൻമറിച്ച് നോക്കുമ്പോൾ നിങ്ങൾ നമസ്കരിക്കുക' എന്നല്ല അല്ലാഹു പറയുന്നത്. മറിച്ച് നമസ്കാരം നിലിർത്തുവാനാണ് പറയുന്നത്.

നിങ്ങൾ നമസ്കാരം നിലനിർത്തുവിൻ'. അഥവാ, നമസ്കാരത്തിൻെറ എല്ലാ നിബന്ധനകളും, ഫർളുകളും, സുന്നത്തുകളും എല്ലാം പരിഗണിച്ച്കൊണ്ട് അതിന്റെ സമയത്ത് തന്നെ പള്ളിയിൽ പോയി നിർവ്വഹിക്കുക എന്നതാണത്. അതിൽ നിന്ന് തിരുമേനി ഒഴിവാക്കിയിട്ടില്ലാത്ത മുഴുവനാളുകൾക്കും ബാങ്ക്കേൾക്കുന്നുവെങ്കിൽ പള്ളിയിലെ ജമാഅത്തിൽ പങ്കെടുക്കൽ നിർബന്ധമാണ്. ചിലയാളുകൾ അതിൽ അലംഭാവം കാണിക്കുന്നു. വിശുദ്ധ ഖുർആനിൻെറയും തിരുസുന്നത്തിൻെറയും അടിസ്ഥാനത്തിൽ ജമാഅത്ത് നമസ്കാരം ഓരോ വ്യക്തികളും നിർവ്വഹിക്കേണ്ട നിർബ്ബന്ധ ബാധ്യതയാകുന്നുവെന്നാണ് നമുക്ക് മനസിലാവുന്നത്. നമസ്കരിക്കുന്നവർക്കും, അത് ജമാഅത്തായി നിർവ്വഹിക്കുന്നവർക്കും പ്രവാചകൻ(ﷺ)തൻെറതിരുമൊഴികളിലൂടെ നൽകിയിട്ടുള്ള സന്തോഷവാർത്തകളാണ് ഹദീസുകൾ ഉദ്ധരിച്ച്കൊണ്ട് വിവരിക്കുവാൻ ആഗ്രഹിക്കുന്നത്. അല്ലാഹു അനുഗ്രഹിക്കുമാറാവട്ടെ.

### ഏറ്റവും ശ്രേഷ്ഠമായ പ്രവർത്തനം:

പ്രവാചകൻ(ﷺ) ചോദിക്കപ്പെട്ടു: ഏത് പ്രവർത്തനമാണ് ഏറ്റവും ശ്രേഷ്ഠമായത്? തിരുമേനി പറഞ്ഞു: നമസ്കാരം അതിൻെറ സമയത്ത് നിർവ്വഹിക്കലാകുന്നു (മുസ്ലിം)

### നമസ്കാരം അല്ലാഹുവുമായിട്ടുള്ള രഹസ്യസംഭാഷണം:

പ്രവാചകൻ(ﷺ )പറഞ്ഞു:നിങ്ങളാരെങ്കിലും നമസ്കരിക്കുകയാണെങ്കിൽ അവൻ തൻെറ രക്ഷിതാവുമായി രഹസ്യ സംഭാഷണത്തിലാകുന്നു' (ബുഖാരി)

### നമസ്കാരം പ്രകാശമാണ്:

റസൂൽ(ﷺ)പറഞ്ഞു: നമസ്കാരം പ്രകാശമാണ്'' (മുസ്ലിം)

### കാപട്യത്തിൽ നിന്ന് സംരക്ഷണം:

തിരുമേനി(ﷺ) അരുളി: കപടവിശ്വാസികൾക്ക് ഇശാഅ്, സുബ്ഹ് എന്നീ രണ്ട് നമസ്കാരത്തെക്കാൾ ഭാരമേറിയ വേറൊരു നമസ്കാരവുമില്ല, എന്നാൽ അതിനുള്ള പ്രതിഫലം അവർ അറിഞ്ഞിരുന്നുവെങ്കിൽ ഇഴഞ്ഞ്കൊണ്ടെങ്കിലും അവരതിന് എത്തുമായിരുന്നു''(ബുഖാരി)

### നരകത്തിൽ നിന്നും സംരക്ഷണം:

തിരുമേനി(ﷺ) പറഞ്ഞു: സൂര്യൻ ഉദിക്കുന്നതിനു മുമ്പും, സൂര്യൻ അസ്തമിക്കുന്നതിന് മുമ്പും നമസ്കരിക്കുന്നവൻ ഒരിക്കലും നരകത്തിൽപ്രവേശിക്കുകയില്ല. അതായത് സുബ്ഹും, അസ്വറും'' (മുസ്ലിം)

### നമസ്കാരം തിന്മയെയും, നീചവൃത്തിയെയും തടയുന്നു:

﴿إِنَّ ٱلصَّلَوٰةَ تَنْهَىٰ عَنِ ٱلْفَحْشَآءِ وَٱلْمُنكَرِ ۗ وَلَذِكْرُ ٱللَّهِ أَكْبَرُ ۗ وَٱللَّهُ يَعْلَمُ مَا تَصْنَعُونَ ﴿٤٥﴾﴾

അല്ലാഹു പറയുന്നു: തീർച്ചയായും നമസ്കാരം നീചവൃത്തിയിൽ നിന്നും, നിഷിദ്ധകർമ്മത്തിൽ നിന്നും തടയുന്നു'' (അൻകബൂത്:45)

### നമസ്കാരം മനസ്സിന് കരുത്ത് നൽകുന്നു:

﴿وَٱسْتَعِينُوا۟ بِٱلصَّبْرِ وَٱلصَّلَوٰةِ ﴿٤٥﴾﴾

അല്ലാഹു പറയുന്നു: സഹനവും നമസ്കാരവും മൂലം (അല്ലാഹുവിൻെറ) സഹായം തേടുക'' (അൽബഖറ:45)

### ജമാഅത്ത് നമസ്കാരത്തിന് ശ്രേഷ്ഠത കൂടുതലുണ്ട്:

തിരുമേനി(ﷺ ) അരുളി: ജമാഅത്തായി നമസ്കരിക്കുന്നത് ഒറ്റക്ക് നമസ്കരിക്കുന്ന

തിനേക്കാൾ ഇരുപത്തിയേഴ് ഇരട്ടി ശ്രേഷ്ഠ തയുള്ളതാകുന്നു'' (മുത്തഫഖുൻ അലൈഹി)

**മലക്കുകൾ പ്രാർത്ഥിക്കും:**

റസൂൽ(ﷺ)പറഞ്ഞു: ആരെങ്കിലും നമസ്കരിച്ച സ്ഥലത്ത് തന്നെ വുളുമുറിയാതെ ഇരിക്കുകയാണെങ്കിൽ അവർക്ക് വേണ്ടി മലക്കുകൾ സ്വലാത്ത് ചൊല്ലുന്നതാണ്. അവർ പറയും: അല്ലാഹുവെ, ഇദ്ദേഹത്തിന് നീ പൊറുത്ത് കൊടുക്കേണമേ, അല്ലാഹുവെ, ഇദ്ദേഹത്തിന് നീ കാരുണ്യം നൽകേണമേ'' (മുത്തഫഖുൻ അലൈഹി)

**പാപങ്ങൾ പൊറുക്കപ്പെടും:**

തിരുമേനി(ﷺ) പറയുകയുണ്ടായി: ആരെങ്കിലും നമസ്കാരത്തിന് വുളു ചെയ്യുന്നത്പോലെ പരിപൂർണമായി വുളു ചെയ്ത് നമസ്കാര സ്ഥലത്തേക്ക് നടന്ന് പുറപ്പെടുകയും, നിർബ്ബന്ധ നമസ്കാരം ജനങ്ങളോടൊപ്പം അല്ലെങ്കിൽ ജമാഅത്തായി പള്ളിയിൽ വെച്ച് നമസ്കരിക്കുകയുമാണെങ്കിൽ അവൻെറ പാപങ്ങൾ പൊറുക്കപ്പെടുന്നതാണ്'' (മുസ്‌ലിം)

**പാപങ്ങൾ മുഴുവനും മായ്ക്കപ്പെടും:**

നബിതിരുമേനി(ﷺ) പറയുന്നു: നിങ്ങളിൽ ഒരുവൻെറ കവാടത്തിന് മുമ്പിലൂടെ ഒഴുകിക്കൊണ്ടിരിക്കുന്ന നദിയിൽ അഞ്ചു നേരവും കുളിക്കുകയാണെങ്കിൽ അയാളിൽ അഴുക്കുകൾ വല്ലതും അവശേഷിച്ചിരിക്കുമോ, എന്താണ് നിങ്ങളുടെ അഭിപ്രായം? അവർ പറഞ്ഞു: അയാളിൽ യാതൊരു അഴുക്കും ബാക്കിയാവില്ല. അവിടുന്ന് അരുളി: അതാണ് അഞ്ചു നേരങ്ങളിലെ നമസ്കാരത്തിൻെറ ഉദാഹരണം. മുഴുവൻ പാപങ്ങളും അതുവഴി അല്ലാഹു നീക്കിത്തരുന്നു.'' (മുത്തഫഖുൻ അലൈഹി)

**ഓരോ കാലടിക്കും പാപം പൊറുക്കുകയും, പദവി ഉയർത്തുകയും ചെയ്യും:**

റസൂലുല്ലാഹ്(ﷺ) പറയുകയുണ്ടായി: ആരെങ്കിലും സ്വന്തം വീട്ടിൽനിന്ന് ശുദ്ധി



വരുത്തിക്കൊണ്ട് അല്ലാഹുവിൻെറ ഭവനങ്ങളിൽ ഏതെങ്കിലും ഭവനത്തിലേക്ക് അല്ലാഹു നിർബ്ബന്ധമാക്കിയ ഏതെങ്കിലും ഫർള് നമസ്കാരം നിർവ്വഹിക്കുവാൻ പുറപ്പെടുകയും ചെയ്താൽ അവൻെറ ഒരു കാലടിക്ക് പാപങ്ങൾ പൊറുക്കപ്പെടുകയും, അടുത്തകാലടിക്ക് അവൻെറ പദവിഉയർത്തുകയും ചെയ്യുന്നതാണ്'' (മുസ്ലിം)

**നേരത്തെ പുറപ്പെടുന്നവന് കൂടുതൽ പ്രതിഫലം:**

പ്രവാചകൻ(ﷺ) പറഞ്ഞു: ബാങ്കിനും ഒന്നാമത്തെ സ്വഫ്ഫിനുമുള്ള പ്രതിഫലം ജനങ്ങൾ അറിഞ്ഞിരുന്നുവെങ്കി ൽ അത് നറുക്കിട്ടാലല്ലാതെ ലഭിക്കില്ലായെങ്കിൽ അവർ നറുക്കിടുവാൻ തയ്യാറാകും, അത്പോലെ നമസ്കാരത്തിന് നേരത്തെ എത്തിച്ചേരുന്നതിനുള്ള പ്രതിഫലം അവർ അറിയുകയാണെങ്കിൽ അവരതിന് മൽസരിക്കുമായിരുന്നു, അത്പോലെ ഇശാഅ്, സുബഹ് എന്നീ നമസ്കാരത്തിനുള്ള പ്രതിഫലം മനസിലാക്കിയിരുന്നുവെങ്കിൽ അവരത് കരഗതമാക്കുവാൻ വേണ്ടി മുട്ടിൽ ഇഴഞ്ഞ്കൊങ്കിലും എത്തുമായിരുന്നു'' (മുത്തഫഖുൻ അലൈഹി)

**നമസ്കാരം പ്രതീക്ഷിച്ചിരിക്കുന്നവൻ നമസ്കാരത്തിലാണ്:**

തിരുമേനി(ﷺ) പറഞ്ഞിരിക്കുന്നു: നമസ്കാരം പ്രതീക്ഷിച്ചിരിക്കുന്നവൻ നമസ്കാരത്തിൽ തന്നെയായിരിക്കും തൻെറ കുടുംബത്തിലേക്ക് മടങ്ങുവാൻ നമസ്കാരമല്ലാതെ മറ്റൊന്നും അയാളെ തടയുന്നില്ലല്ലോ, (മുത്തഫഖുൻഅലൈഹി)

**ആമീൻ പറയുന്നത് മലക്കുകളുടെ ആമീനിനോട് യോജിച്ചാൽ**

റസൂലുല്ലാഹ്(ﷺ) അരുളി: ഇമാം ആമീൻ പറയുമ്പോൾ നിങ്ങളും ആമീൻ പറയുവീൻ. കാരണം ആരുടേയെങ്കിലും ആമീൻ പറയൽ മലക്കുകളുടെ ആമീനിനോട് യോജിച്ച് വന്നാൽ അവന്റെ കഴിഞ്ഞുപോയ പാപങ്ങൾ അതിലൂടെ പൊറുക്കപ്പെടുന്നതാണ്. (മുത്തഫഖുൻഅലൈഹി)

**അല്ലാഹുവിൻെറ സംരക്ഷണത്തിൽ:**

തിരുമേനി(ﷺ ) അരുളുകയുണ്ടായി: നമസ്കരിക്കുന്നവൻ അല്ലാഹുവിന്റെ സംരക്ഷണത്തിലാണ്, (മുസ്ലിം)

**സ്വർഗം നേടാൻ:**

തിരുമേനി(ﷺ) അരുളി: ആരെങ്കിലും ബറദൈനി (അസറും, സുബഹിയും) നമസ്കരിച്ചാൽ അവന് സ്വർഗമുണ്ട് (മുത്തഫഖുൻ അലൈഹി)

**സ്വർഗത്തിലേക്കുള്ള പാതയിൽ:**

റസൂലുല്ലാഹ്(ﷺ) പറയുകയുണ്ടായി: തഖ്വയുള്ളവരുടെ വീടാണ് പള്ളി, (ത്വബ്റാനി, അൽബാനി സ്വഹീഹാണെന്ന് വ്യക്തമാക്കിയ ഹദീസ്)

അഞ്ച് നേരം പള്ളിയിൽ പോയി ജമാഅത്തായി നമസ്കരിക്കുവാൻ അല്ലാഹു നമുക്ക് തൗഫീഖ് നൽകുമാറാവട്ടെ. അവൻ നമ്മെയെല്ലാവരെയും അവന്റെ ജന്നാത്തുൽ ഫിർദൗസിൽ ഒരുമിച്ച് കൂട്ടുമാറാവട്ടെ.

# നമസ്കാരത്തിലെ പിഴവുകൾ

**1-നമസ്ക്കാരത്തിൽ അടക്കവും ഒതുക്കവും ഒഴിവാക്കൽ**

നബിﷺപറഞ്ഞു: നമസ്ക്കാരത്തിലുള്ള കള്ളത്തരമാണ് ഏറ്റവും വലിയ കളവ്. അവർ (സ്വഹാബികൾ) ചോദിച്ചു: നമസ്ക്കാരത്തിലെങ്ങനെയാണ് കളവ്? നബി(ﷺ) പറഞ്ഞു: റുകൂഉം സുജൂദും പുർണ്ണമായി നിർവ്വഹിക്കാതിരിക്കൽ. (അഹ്മദ്)

നമസ്ക്കാരത്തിൽ അടങ്ങിപ്പാർക്കാതിരിക്കൽ, റുകൂഇലും സുജൂദിലും മുതുക് നേരെ ഉറപ്പിക്കാതിരിക്കൽ, ഇഅ്ത്തിദാലിൽ നേരെ നിവരാതിരിക്കൽ, ഇരുത്തത്തിൽ നേരെ ചൊവ്വേ ഇരിക്കാതിരിക്കൽ തുടങ്ങിയ വീഴ്ചകളെല്ലാം മിക്ക പള്ളികളിലും, ആബാല വൃദ്ധം ജനങ്ങളിലും കണ്ടുവരുന്ന കാര്യമാണ്. തുമഅ്നീനത്ത് അഥവാ നമസ്ക്കാരത്തിൽ അടക്കവും ഒതുക്കവും നമസ്ക്കാരത്തിന്റെ നിർബന്ധ ഘടകമായ റുക്നാണ്. റുക്ന് ഉപേക്ഷിച്ചാൽ നമസ്ക്കാരം ശരിയാവുകയില്ല. എങ്കിൽ കാര്യം എത്ര ഗൗരവമാണ്?



നബി(ﷺ) പറഞ്ഞു: (റുകൂഇലും സുജൂദിലും മുതുക് നേരെയാകുന്നത് വരെ നമസ്ക്കാരം ശരിയാവുകയില്ല.) (അബൂദാവൂദ്)

അതിനാൽതന്നെ യാതൊരു മര്യാദയുമില്ലാതെ നമസ്ക്കാരം പെട്ടെന്ന് നിർവഹിക്കുന്നത് അധിക്ഷേപാർഹവും നബിﷺതാക്കീത് നൽകിയതുമാണ്. അബൂ അബ്ദുല്ല അൽ അശ്അരി പറയുന്നു:

(അല്ലാഹുവിന്റെ റസൂൽ(ﷺ) അവിടത്തെ സ്വഹാബികളുമായി നമസ്ക്കരിച്ചശേഷം അവരിൽ ഒരു വിഭാഗത്തോടൊപ്പമിരുന്നു. അപ്പോൾ ഒരാൾ പ്രവേശിക്കുകയും നിന്ന് നമസ്ക്കാരം തുടങ്ങുകയും ചെയ്തു. തുടർന്ന് റുകൂഅ് ചെയ്യുകയും സുജൂദിൽ പറവകൾ കൊത്തിപ്പെറുക്കും പ്രകാരം പൊടുന്നനെ കുമ്പിട്ട് നിവരുകയും ചെയ്തു. അപ്പോൾ പ്രവാചകൻ (ﷺ) പറഞ്ഞു: ഇത് നിങ്ങൾ കണ്ടുവോ? വല്ലവനും ഈ രീതിയിലാണ് മരിക്കുന്നതെങ്കിൽ മുഹമ്മദ്(ﷺ)യുടെ മില്ലത്തിലല്ല അവൻ മരണമടഞ്ഞത്. നമസ്ക്കാരത്തിൽ കാക്ക കൊത്തിപ്പെറുക്കുന്നത് പോലെയാണ് അവൻ പെറുക്കുന്നത്. റുകൂഅ് ചെയ്യുകയും സുജൂദിൽ കൊത്തിപ്പെറുക്കും പോലെ പെട്ടെന്ന് കുമ്പിട്ട് നിവരുകയും ചെയ്യുന്നവൻ ഒന്നോ രണ്ടോ കാരക്ക തിന്നിട്ട് വിശന്നിട്ട് അവശനായവനെപ്പോലെയാണ്. ആ കാരക്കകൾ വിശപ്പിൽ നിന്ന് അവന് എത്രമാത്രം ധന്യത പകരും.? !!)

(ഇബ്നു ഖുസൈമ) സയ്ദുബ്നു വഹബ്(ﷺ)വിൽ നിന്നുള്ള ഒരു ഹദീസിൽ അദ്ദേഹം പറയുന്നു: (റുകൂഉം, സുജൂദും പൂർണ്ണമായി ചെയ്യാത്ത ഒരാളെ ഹുദൈഫ(ﷺ) കണ്ടു. അപ്പോൾ അദ്ദേഹം പറഞ്ഞു: താങ്കൾ നമസ്ക്കരിച്ചിട്ടില്ല. താങ്കൾ മരിച്ചാൽ മുഹമ്മദ്(ﷺ)യെ അല്ലാഹു ഏത് പ്രകൃതിയിലാക്കിയോ ആ ശുദ്ധപ്രകൃതിയിലല്ല നിങ്ങളുടെ മരണം.) (ബുഖാരി) നമസ്ക്കാരത്തിൽ ത്വുമഅ്നീനത്ത് ഉപേക്ഷിച്ചവൻ അതിന്റെ വിധി മനസ്സിലാക്കിയാൽ ആസന്നമായ സമയത്തെ ഫർള് നമസ്ക്കാരം മടക്കി നിർവ്വഹിക്കണം. മുമ്പ് കഴിഞ്ഞു പോയത് മടക്കി നമസ്



ക്കരിക്കേണ്ടതില്ല. എല്ലാത്തിനും അല്ലാഹുവിലേക്ക് ഖേദിച്ച് മടങ്ങണം. മടക്കി നമസ്ക്കരിക്കണം എന്നതിന് തെളിവ് നബി (ﷺ) യുടെ വാക്കാണ്.

(നീ മടങ്ങിച്ചെന്ന് വീണ്ടും നമസ്ക്കരിക്കുക. കാരണം നീ നമസ്ക്കരിച്ചിട്ടില്ല.)

**2-നമസ്ക്കാരത്തിൽ വേണ്ടാത്തരങ്ങളും അധികരിച്ച ചലനങ്ങളും.**

﴿حَٰفِظُواْ عَلَى ٱلصَّلَوَٰتِ وَٱلصَّلَوٰةِ ٱلْوُسْطَىٰ وَقُومُواْ لِلَّهِ قَٰنِتِينَ ﴿٢٣٨﴾﴾

...അല്ലാഹുവിന്റെ മുമ്പിൽ ഭക്തിയോടുകൂടി നിന്ന് കൊണ്ടാകണം നിങ്ങൾ പ്രാർത്ഥിക്കേണ്ടത്. (അൽ ബഖറ: 238)

﴿قَدْ أَفْلَحَ ٱلْمُؤْمِنُونَ ﴿١﴾ ٱلَّذِينَ هُمْ فِى صَلَاتِهِمْ خَٰشِعُونَ ﴿٢﴾﴾

തങ്ങളുടെ നമസ്ക്കാരത്തിൽ ഭക്തിയുള്ള വിശ്വാസികൾ വിജയം പ്രാപിച്ചിരിക്കുന്നു. (മുഅ്മിനൂൻ:1-2)

വിശുദ്ധവചനങ്ങളുടെ അകക്കാമ്പ് അറിയാത്തവനും അല്ലാഹുവിന്റെ ആജ്ഞകൾ അനുവർത്തിക്കാത്തവനും ആപതിച്ച അപകടാവസ്ഥയിലൊന്നാണ് നമസ്ക്കാരത്തിൽ കാട്ടികൂട്ടുന്ന വേലത്തരങ്ങൾ. സുജൂദിന്റെ സ്ഥലത്ത് മണ്ണ് ശരിപ്പെടുത്താമോ എന്ന് നബി(ﷺ)യോട് ചോദിച്ചപ്പോൾ അവിടുന്ന് പറഞ്ഞു: (താങ്കൾ നമസ്ക്കാരത്തിലായിരിക്കേ നിലം തടവി ശരിപ്പെടുത്തരുത്. ഇനി അനിവാര്യമാണെങ്കിൽ ചരലിൽ ഒരു തവണ മാത്രം തടവാം.) (മുസ്ലിം) ഉലമാക്കൾ നമസ്ക്കാരത്തിലുള്ള അധികരിച്ച അനാവശ്യ അനക്കങ്ങൾ നമസ്ക്കാരത്തെ തന്നെ നിഷ്ഫലമാക്കുമെന്ന അഭിപ്രായം പ്രകടിപ്പിക്കവെ, അല്ലാഹുവിന് മുമ്പിൽ ആരാധനയിലായിരിക്കെ വിരൽ മൂക്കിൽ തിരുമ്മിയും, വസ്ത്രം നേരെയാക്കിയും, വാച്ചിൽ നോക്കിയും, തന്റെ ദൃഷ്ടി നഷ്ടപ്പെടുമെന്നും നമസ്ക്കാരത്തിൽ നിന്ന് പിശാച് തന്നെ തട്ടിയെടുക്കുമെന്നുമുള്ള ഭയലേശ്യമന്യേ വലത്തോട്ടോ ഇടത്തോട്ടോ മാനത്തേക്കോ നോക്കിയും, വേണ്ടാത്തരങ്ങൾ ചെയ്യുന്നവരുടെ കാര്യം എന്തായിരിക്കും.?

**3-മനപ്പൂർവ്വം ഇമാമിനെ മുൻകടക്കൽ**

ധൃതി മാനുഷിക പ്രകൃതിയാണ്.

അല്ലാഹു പറയുന്നു.

മനുഷ്യൻ ഏറെ തിടുക്കം കൂട്ടുന്നവനായിരിക്കും.(വി.ഖു.17:11)

നബി(ﷺ) പറഞ്ഞു: (സാവകാശം അല്ലാഹുവി ൽനിന്നും ധൃതി പിശാചിൽ നിന്നുമാണ്.) (ബയ്ഹഖി)

സംഘടിത നമസ്ക്കാരത്തിൽ റുകൂഇലും സുജൂദിലും ഇമാമിനെ മുൻകടക്കാൻ പാടില്ല. ഇത്തരം കാര്യങ്ങൾ ഗൗനിക്കാതിരിക്കുന്നത് തെറ്റാണ്. നബി(ﷺ)പറഞ്ഞു: (ഇമാം തല ഉയർത്തുന്നതിനു മുൻപ് തല ഉയർത്തുന്നവൻ തന്റെ തലയെ അല്ലാഹു കഴുതയുടെ തലയാക്കിമാറ്റുന്നത് ഭയപ്പെടുന്നില്ലേ?) (മുസ്ലിം)

നമസ്ക്കരിക്കാൻ വേണ്ടി വരുന്നതു പോലും ശാന്തതയോടും സമാധാനത്തോടും കൂടിയാവണമെന്ന ആജ്ഞ ഉണ്ടായിരിക്കേ നമസ്ക്കാരത്തിൽ പ്രവേശിച്ചാൽ പിന്നെ ശാന്തതയും സമാധാനവും എത്ര മാത്രം ഉണ്ടായിരിക്കണം?

വളരെ പിന്നിലുള്ളവർക്ക് ഇമാമിന്റെ ചലനങ്ങൾ കാണാത്തതിൽ ആശയകുഴപ്പം ഉണ്ടാകാറുണ്ട്. കർമ്മശാസ്ത്ര പണ്ഡിതന്മാർ ഒരു നിയന്ത്രണമെന്നോണം പറയുന്നത് ഏതൊരു ചലനത്തിലും ഇമാം തക്ബീർ ചൊല്ലിത്തീർന്ന ശേഷം ഇമാമിനെ പിൻതു

ടരുക. ഇമാം അല്ലാഹു അക്ബർ'' എന്ന് പറഞ്ഞുതീരും മുമ്പ് ആരും മുന്തിച്ച് പ്രവർത്തിക്കരുത്. പറഞ്ഞു തീർന്നാൽ പിന്തിപ്പിക്കുകയും വേണ്ട. സച്ചരിതരായ സ്വഹാബികൾ നബി (ﷺ) യെ മുൻകടന്ന് പ്രവർത്തിക്കാതിരിക്കാൻ അതീവജാഗ്രതയുള്ളവരായിരുന്നു.


ബറാഉബിനു ആസിബ് (ﷺ) പറയുന്നു: (അവർ സ്വഹാബികൾ റസൂലുള്ളാഹിയുടെ പിന്നിൽ നമസ്ക്കരിക്കുമ്പോൾ ഇഅ്തിദാലിൽ നിന്ന് റസൂൽ(ﷺ) തന്റെ നെറ്റിത്തടം നിലത്ത് വെക്കുന്നതുവരെ അവർ സുജൂദിലേക്ക് മുതുക് കുനിക്കാറുണ്ടായിരുന്നില്ല. (റസൂൽ(ﷺ) സുജൂദിലായാൽ) അവരെല്ലാവരും സുജൂദ് ചെയ്യും.) (മുസ്ലിം). നബിﷺക്ക് വാർദ്ധക്യം പ്രാപിക്കുകയും ചലനങ്ങളിൽ മാന്ദ്യം അനുഭവപ്പെടുകയും ചെയ്തപ്പോൾ തന്റെ പിന്നിലുള്ളവരെ ഉണർത്തിക്കൊണ്ട് പറഞ്ഞു:

(ജനങ്ങളെ എനിക്ക് വാർദ്ധക്യം പൂണ്ടു. അതിനാൽ റുകൂഇലും സുജൂദിലും നിങ്ങൾ എന്നെ മുൻക്കടക്കരുത്.) (ബയ്ഹഖി) ഇമാം നമസ്ക്കാരത്തിൽ പ്രവാചകചര്യക്കനുസരിച്ച് തക്ബീർ ചൊല്ലുകയും പ്രവർത്തിക്കുകയും ചെയ്യേണ്ടതുണ്ട്. അബൂ ഹുറൈയ്റ(ﷺ)വിൽ നിന്ന് റിപ്പോർട്ട് ചെയ്ത ഒരു ഹദീസിൽ വന്നിരിക്കുന്നു.

(റസൂൽ(ﷺ) നമസ്ക്കരിക്കാനുദ്ദേശിച്ചാൽ നിൽക്കുമ്പോൾ തക്ബീർ ചൊല്ലും. പിന്നെ റുകൂഅ് ചെയ്യുമ്പോഴും, സുജൂദിലേക്ക് കുനിയുമ്പോഴും സുജൂദിൽ നിന്ന് തലയുയർത്തുമ്പോഴും, റസൂൽ(ﷺ) തക്ബീർ അഥവാ الله أكبر ചൊല്ലുമായിരുന്നു. ഇപ്രകാരം നമസ്ക്കാരം തീരുന്നത് വരെ ചെയ്യും. രണ്ടാമത്തെ റക്അത്തിൽ ഇരുത്തത്തിൽ നിന്ന് എഴുന്നേൽക്കുമ്പോൾ തക്ബീർ ചൊല്ലാറുണ്ടായിരുന്നു.) (ബുഖാരി) ഇമാം തന്റെ ചലനത്തിന് അനുസൃതമായും അനുബന്ധമായും الله أكبر പറയുകയും മഅ്മൂമുകളിൽ വിവരിച്ച പ്രകാരം തന്റെ പ്രവർത്തനത്തിൽ നിഷ്ഠ പാലിക്കുകയും ചെയ്യുന്ന പക്ഷം നമസ്ക്കാരത്തിലുണ്ടാവേണ്ട സംഘടിത ഭാവം സഫലമാവും

അല്ലാഹു അനുഗ്രഹിക്കട്ടെ,





# അല്ലാഹു ഇഷ്ടപ്പെടുന്നവർ

മുസ്‌ലിംകളെ സംബന്ധിച്ചിടത്തോളം ഏറ്റവുംവലിയ സൗഭാഗ്യമാണ് അല്ലാഹുവിന്റെ ഇഷ്ടം സമ്പാദിക്കുകയെന്നത്. അതിന് വേണ്ടിയാണ് വിശ്വാസികൾ ഈ ദുൻയാവ് ഉപയോഗപ്പെടുത്തുന്നത്, ഉപയോഗപ്പെടുത്തേണ്ടത്. അല്ലാഹുവിന്റെ ഇഷ്ടം സമ്പാദിച്ചവരാണ് അവന്റെ പ്രവാചകൻമാർ. അതുപോലെ സ്വഹാബികൾക്കും അതിന് സാധിച്ചിട്ടുണ്ട്. നമ്മളെല്ലാവരും ആ ഇഷ്ടം ആഗ്രഹിക്കുന്നുവെങ്കിൽ പ്രവാചകനും, സ്വഹാബാക്കൾക്കും എങ്ങിനെയാണോ അല്ലാഹുവിന്റെ ഇഷ്ടം സമ്പാദിക്കുവാൻ സാധിച്ചത് അത് മനസിലാക്കുകയും അത് ജീവിതത്തിൽ പകർത്തുകയും ചെയ്യേണ്ടതുണ്ട്. അല്ലാഹുവിന്റെ ഇഷ്ടം സമ്പാദിക്കുവാനുള്ള മാർഗങ്ങളായി ഖുർആനും തിരുസുന്നത്തും വ്യക്തമാക്കുന്ന ചില കാര്യങ്ങളാണ് ഇവിടെ സൂചിപ്പിക്കുവാൻ ആഗ്രഹിക്കുന്നത്.

**അല്ലാഹു അവരെ തൃപ്തിപ്പെട്ടു:**

അല്ലാഹു തൃപ്തിപ്പെട്ട ഒരു വിഭാഗം ഈ ലോകത്ത് കഴിഞ്ഞുപോയിട്ടുണ്ട്. അവരാണ് പ്രവാചകൻ(ﷺ)യുടെ കൂടെ ജീവിച്ച പ്രവാചകാനുചരൻമാരായ സ്വഹാബാക്കൾ അവരെ സംബന്ധിച്ച് ഖുർആൻ വ്യക്തമാക്കുന്നത് കാണുക:

﴿ وَٱلسَّٰبِقُونَ ٱلْأَوَّلُونَ مِنَ ٱلْمُهَٰجِرِينَ وَٱلْأَنصَارِ وَٱلَّذِينَ ٱتَّبَعُوهُم بِإِحْسَٰنٍ رَّضِىَ ٱللَّهُ عَنْهُمْ وَرَضُوا۟ عَنْهُ وَأَعَدَّ لَهُمْ جَنَّٰتٍ تَجْرِى تَحْتَهَا ٱلْأَنْهَٰرُ خَٰلِدِينَ فِيهَآ أَبَدًا ذَٰلِكَ ٱلْفَوْزُ ٱلْعَظِيمُ ﴿١٠٠﴾ ﴾

മുഹാജിറുകളിൽ നിന്നും അൻസാറുകളിൽ നിന്നും ആദ്യമായി മുന്നോട്ട് വന്നവരും, സുകൃതം ചെയ്തുകൊണ്ട് അവരെ പിന്തുടർന്നവരും ആരോ അവരെപ്പറ്റി അല്ലാഹു സംതൃപ്തനായിരിക്കുന്നു.അവനെപ്പറ്റി അവരും സംതൃപ്തരായിരിക്കുന്നു. താഴ്ഭാഗത്ത് അരുവികൾ ഒഴുകിക്കൊണ്ടിരിക്കുന്ന സ്വർഗത്തോപ്പുകൾ അവർക്ക് അവൻ ഒരുക്കി വെക്കുകയും ചെയ്തിരിക്കുന്നു. എന്നെന്നും അവരതിൽ നിത്യവാസികളായിരിക്കും അതത്രെ മഹത്തായ ഭാഗ്യം.' (തൗബ:100)

**മലക്കുകൾ ഇഷ്ടപ്പെടുന്നു:**

വിശ്വാസത്തിലൂടെ പ്രവർത്തനങ്ങളിലൂടെ അല്ലാഹുവിൻെറ ഇഷ്ടം സമ്പാദിച്ചു കഴിഞ്ഞവരെ അല്ലാഹുവിൻെറ ശ്രേഷ്ഠ സൃഷ്ടികളായ മലക്കുകളും ഇഷ്ടപ്പെടുമെന്ന് റസൂലുല്ലാഹ്(ﷺ) വ്യക്തമാക്കുകയാണ്.

അബൂഹുറൈറ(رضي الله عنه)വിൽ നിന്ന്, നബി(ﷺ) പറയുകയുണ്ടായി: അല്ലാഹു ഒരു അടിമയെ ഇഷ്ടപ്പെട്ട് കഴിഞ്ഞാൽ ജിബ്രീലിനെ വിളിച്ച് കൊണ്ട് പറയും, അല്ലാഹു ഇന്ന വ്യക്തിയെ ഇഷ്ടപ്പെടുന്നു, അതുകൊണ്ട് അവനെ ഇഷ്ടപ്പെടുക, അപ്പോൾ ജിബ്രീൽ അവനെ ഇഷ്ടപ്പെടുകയും ചെയ്യുന്നു, അങ്ങിനെ ജിബ്രീൽ ആകാശത്തുള്ളവരെ വിളിച്ച്കൊണ്ട് പറയും, അല്ലാഹു ഇന്ന വ്യക്തിയെ ഇഷ്ടപ്പെടുന്നു, അതുകൊണ്ട് നിങ്ങളും അദ്ദേഹത്തെ ഇഷ്ടപ്പെടുക,അങ്ങിനെ ആകാശത്തുള്ളവരും അദ്ദേഹത്തെ ഇഷ്ടപ്പെടുന്നു, തുടർന്ന് അവന് ഭൂമിയിൽ അല്ലാഹു സ്വീകാര്യത നൽകുകയും ചെയ്യുന്നു" (ബുഖാരി)

ഖുർആനും പ്രവാചകചര്യയും പഠിക്കുമ്പോൾ അല്ലാഹു ഇഷ്ടപ്പെടുന്ന ഒരുപാട് വിഭാഗമാളുകളെ നമുക്ക് കാണുവാൻ സാധിക്കുന്നതാണ്. അതിൽ ഏതാനും ചില വിഭാഗങ്ങളെ സംബന്ധിച്ചാണ് നാം വ്യക്തമാക്കുവാൻ ആഗ്രഹിക്കുന്നത്. ഈ വിഭാഗങ്ങളിൽ ഉൾപ്പെടുവാൻ നാം പരിശ്രമിക്കുക, അതിന് വേണ്ടിയാണ് ഈ കാര്യം വിശദീകരിക്കുന്നത്.

**തൗബ ചെയ്യുന്നവരെ...**

ആദ്യപിതാവിൻെറ മക്കൾ മനുഷ്യർ എന്ന നിലക്ക് തെറ്റ് ചെയ്യുന്നവരാണ്. പ്രവാചകൻമാർക്ക് മാത്രമെ പാപസുരക്ഷിതത്വമുള്ളൂ, അത്കൊണ്ട് തന്നെ തെറ്റു ചെയ്ത്പോയാൽ അല്ലാഹുവിനോട് നാം പശ്ചാതാപിക്കുക, അങ്ങിനെ ചെയ്ത പോയ തെറ്റുകൾ അല്ലാഹുവിനോട് ഏറ്റ് പറയുകയും പശ്ചാതാപിക്കുകയും ചെയ്യുന്നവരെ അല്ലാഹു ഇഷ്ടപ്പെടുമെന്ന് ഖുർആൻ നമ്മെ പഠിപ്പിക്കുന്നു.

﴿ فَمَن تَابَ مِنۢ بَعْدِ ظُلْمِهِۦ وَأَصْلَحَ فَإِنَّ ٱللَّهَ يَتُوبُ عَلَيْهِ ۗ إِنَّ ٱللَّهَ غَفُورٌ رَّحِيمٌ ﴿٣٩﴾ ﴾

എന്നാൽ, അക്രമം ചെയ്ത് പോയതിനു ശേഷം വല്ലവനും പശ്ചാത്തപിക്കുകയും, നിലപാട് നന്നാക്കിത്തീർക്കുകയും

ചെയ്താൽ തീർച്ചയായും അല്ലാഹു അവന്റെ പശ്ചാത്താപം സ്വീകരിക്കുന്നതാണ്. തീർച്ചയായും അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണ കാണിക്കുന്നവനുമത്രെ' (മാഇദ: 39).

﴿إِلَّا مَن تَابَ وَءَامَنَ وَعَمِلَ عَمَلًا صَٰلِحًا فَأُوْلَٰٓئِكَ يُبَدِّلُ ٱللَّهُ سَيِّـَٔاتِهِمْ حَسَنَٰتٍ وَكَانَ ٱللَّهُ غَفُورًا رَّحِيمًا ٧٠﴾

പശ്ചാത്തപിക്കുകയും, വിശ്വസിക്കുകയും സൽകർമ്മം പ്രവർത്തിക്കുകയും ചെയ്തവരൊഴികെ. അത്തരക്കാർക്ക് അല്ലാഹു തങ്ങളുടെ തിൻമകൾക്ക് പകരം നൻമകൾ മാറ്റികൊടുക്കുന്നതാണ്. അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണാനിധിയുമായിരിക്കുന്നു' (ഫുർഖാൻ: 70).

അബൂഹുറൈറ(ﷺ)വിൽ നിന്ന്, റസൂലുല്ലാഹ്(ﷺ) പറഞ്ഞു: പടിഞ്ഞാറിൽ നിന്ന് സൂര്യൻ ഉദിക്കുന്നതിന് മുമ്പ് ആരാണോ പശ്ചാതപിക്കുന്നത്, അവൻെറ പശ്ചാതാപം അല്ലാഹു സ്വീകരിക്കുന്നതാണ്" (മുസ്ലിം)

ചെയ്ത്പോയ തെറ്റുകൾ ഏറ്റുപറഞ്ഞ് പശ്ചാതപിക്കുന്നവരെ അല്ലാഹു ഇഷ്ടപ്പെടുന്നതാണ്.

﴿إِنَّ ٱللَّهَ يُحِبُّ ٱلتَّوَّٰبِينَ وَيُحِبُّ ٱلْمُتَطَهِّرِينَ ٢٢٢﴾

തീർച്ചയായും അല്ലാഹു പശ്ചാത്തപിക്കുന്നവരെ ഇഷ്ടപ്പെടുന്നു. ശുചിത്വം പാലിക്കുന്നവരെയും ഇഷ്ടപ്പെടുന്നു' (അൽബഖറ: 222).

**പ്രവാചകചര്യ പിൻതുടരുന്നവരെ**

ഒരു മുസ്ലിം നിർബന്ധമായും പ്രവാചകചര്യ പിൻപറ്റൽ അനിവാര്യമാണ്, അങ്ങിനെ ജീവിച്ചാൽ മാത്രമെ യഥാർത്ഥ മുസ്ലിമായി തീരുകയുള്ളൂ, പ്രവാചകസുന്നത്തിൽ യാതൊരു മാറ്റത്തിരുത്തലും നടത്തുവാൻ പാടില്ല. അതിര് കവിയാനും, അവഗണിക്കുവാനും പാടില്ല. ആരാണോ അതിര് കവിയുന്നത് അവന് ഇസ്ലാമിൽ സ്ഥാനമില്ലായെന്നാണ് പ്രവാചകൻ(ﷺ) നമ്മെ പഠിപ്പിക്കുന്നത്.

അനസ്ബ്നുമാലിക്(ﷺ) വിൽ നിന്ന്: പ്രവാചകൻ(ﷺ) യുടെ ആരാധനകളെ സംബന്ധിച്ച് ചോദിച്ചറിയുവാനായി മൂന്നാളുകൾ പ്രവാചക പത്നിമാരുടെ വീടുകളിലേക്ക് വരികയുണ്ടണ്ടായി, അവർ പ്രവാചകൻെറ ആരാധനയെ സംബന്ധിച്ച് അവർക്ക് പറഞ്ഞ് കൊടുത്തപ്പോൾ അവർ പരസ്പരം പറയുകയുണ്ടണ്ടായി: നബി(ﷺ)യെ സംബന്ധിച്ച് നോക്കുമ്പോൾ നാം എവിടെ നിൽക്കുന്നു, തിരുമേനിക്ക് മുൻകഴിഞ്ഞതും വരാൻ പോകുന്നതുമായ മുഴുവൻ കാര്യങ്ങളും പൊറുക്കപ്പെട്ടിരിക്കുന്നു. അവരിൽ ഒരാൾ പറഞ്ഞു: ഞാൻ രാത്രിമുഴുവനും നമസ്കരിക്കുന്നതാണ്, അടുത്തയാൾ പറഞ്ഞു: ഞാൻ ദിവസം മുഴുവനും നോമ്പനുഷ്ടിക്കും ഒരിക്കലും നോമ്പൊഴിവാക്കില്ല, അടുത്തയാൾ പറഞ്ഞത് ഞാൻ സ്ത്രീകളെ ഒഴിവാക്കും, ഒരിക്കലും വിവാഹം കഴിക്കില്ലായെന്നാണ്. അങ്ങിനെ റസൂലുല്ലാഹ് (ﷺ)അവരിലേക്ക് വന്നുകൊണ്ട ചോദിച്ചു, നിങ്ങളാണോ ഇപ്രകാരമെല്ലാം പറഞ്ഞത്, എന്നാൽ അറിയുക, അല്ലാഹു തന്നെയാണ് സത്യം! ഏറ്റവും കൂടുതൽ അല്ലാഹുവിനെ ഭയപ്പെടുന്നത് ഞാനാണ്, ഏറ്റവും കൂടുതൽ സൂക്ഷിക്കുന്നതും, എന്നാൽ ഞാൻ നോമ്പനുഷ്ഠിക്കുന്നു, നോമ്പനുഷ്ഠിക്കാതിരിക്കുന്നു, നമസ്കരിക്കുന്നു, ഉറങ്ങുന്നു, സ്ത്രീകളെ വിവാഹം കഴിക്കുന്നു. ആരാണോ എൻെറ സുന്നത്തിനെ അവഗണിക്കുന്നത് അവൻ എന്നിൽ പെട്ടവനല്ല'' (ബുഖാരി)

കൃത്യമായ രൂപത്തിൽ പ്രവാചകചര്യ

പിൻപറ്റി ജീവിക്കുന്നവരെ അല്ലാഹു ഇഷ്ടപ്പെടുന്നതാണ് എന്ന് ഖുർആൻ നമുക്ക് പറഞ്ഞ് തരുന്നു:

﴿قُلْ إِن كُنتُمْ تُحِبُّونَ ٱللَّهَ فَٱتَّبِعُونِى يُحْبِبْكُمُ ٱللَّهُ وَيَغْفِرْ لَكُمْ ذُنُوبَكُمْ ۗ وَٱللَّهُ غَفُورٌ رَّحِيمٌ ﴿٣١﴾﴾

(നബിയേ,) പറയുക: നിങ്ങൾ അല്ലാഹുവെ സ്നേഹിക്കുന്നുണ്ടെങ്കിൽ എന്നെ നിങ്ങൾ പിന്തുടരുക. എങ്കിൽ അല്ലാഹു നിങ്ങളെ സ്നേഹിക്കുകയും നിങ്ങളുടെ പാപങ്ങൾ പൊറുത്തുതരികയും ചെയ്യുന്നതാണ്. അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണാനിധിയുമത്രെ' (ആലുഇംറാൻ: 31)

**നീതി ചെയ്യുന്നവരെ.**

മതകാര്യത്തിൽ നിങ്ങളോട് യുദ്ധം ചെയ്യാതിരിക്കുകയും, നിങ്ങളുടെ വീടുകളിൽ നിന്ന് നിങ്ങളെ പുറത്താക്കാതിരിക്കുകയും ചെയ്യുന്നവരെ സംബന്ധിച്ചിടത്തോളം നിങ്ങളവർക്ക് നൻമ ചെയ്യുന്നതും നിങ്ങളവരോട് നീതി കാണിക്കുന്നതും അല്ലാഹു നിങ്ങളോട് നിരോധിക്കുന്നില്ല. തീർച്ചയായും അല്ലാഹു നീതി പാലിക്കുവരെ ഇഷ്ടപ്പെടുന്നു' (മുംതഹനഃ 8)

ജീവിതത്തിൻെറ മുഴുവൻ മേഖലകളിലും നീതി നടപ്പിലാക്കേണ്ടതുണ്ട്, ഓഫീസുകളിൽ, വീടുകളിൽ, ഭാര്യമാർക്കിടയിൽ, സന്താനങ്ങൾക്കിടയിൽ, തൻെറ കീഴിൽ ജീവിക്കുന്നവർക്കിടയിൽ അങ്ങിനെ ജീവിതത്തിൻെറ സമസ്ത മേഖലകളിലും നീതി നടപ്പിലാക്കണം. അങ്ങിനെയുള്ളവരെ അല്ലാഹു ഇഷ്ടപ്പെടുന്നതാണ്

**നന്മ ചെയ്യുന്നവരെ, പുണ്യം ചെയ്യുന്നവരെ**

﴿وَأَنفِقُوا۟ فِى سَبِيلِ ٱللَّهِ وَلَا تُلْقُوا۟ بِأَيْدِيكُمْ إِلَى ٱلتَّهْلُكَةِ ۛ وَأَحْسِنُوٓا۟ ۛ إِنَّ ٱللَّهَ يُحِبُّ ٱلْمُحْسِنِينَ ﴿١٩٥﴾﴾

അല്ലാഹുവിന്റെ മാർഗത്തിൽ നിങ്ങൾ ചെലവ് ചെയ്യുക. (പിശുക്കും ഉദാസീനതയും മൂലം) നിങ്ങളുടെ കൈകളെ നിങ്ങൾ തന്നെ നാശത്തിൽ തള്ളിക്കളയരുത് നിങ്ങൾ നല്ലത് പ്രവർത്തിക്കുക. നൻമ ചെയ്യുവരെ അല്ലാഹു ഇഷ്ടപ്പെടുക തന്നെചെയ്യും' (അൽബഖറ: 195)

﴿ٱلَّذِينَ يُنفِقُونَ فِى ٱلسَّرَّآءِ وَٱلضَّرَّآءِ وَٱلْكَـٰظِمِينَ ٱلْغَيْظَ وَٱلْعَافِينَ عَنِ ٱلنَّاسِ ۗ وَٱللَّهُ يُحِبُّ ٱلْمُحْسِنِينَ ﴿١٣٤﴾﴾

(അതായത്) സന്തോഷാവസ്ഥയിലും വിഷമാവസ്ഥയിലും ദാനധർമ്മങ്ങൾ ചെയ്യുകയും, കോപം ഒതുക്കിവെക്കുകയും, മനുഷ്യർക്ക് മാപ്പുനൽകുകയും ചെയ്യുന്നവർക്ക് വേണ്ടി (അത്തരം) സൽകർമ്മകാരികളെ അല്ലാഹു സ്നേഹിക്കുന്നു'(ആലുഇംറാൻ: 134)

**അല്ലാഹുവിനെ കണ്ട് മുട്ടുവാൻ ആഗ്രഹിക്കുന്നവരെ.**

വിശ്വാസിയെ സംബന്ധിച്ചിടത്തോളം ഏറ്റവും വലിയ അനുഗ്രഹമാണ് അല്ലാഹുവിനെ കണ്ടുമുട്ടുകയെന്നത്. പരലോകത്ത് വിശ്വാസികൾക്ക് ഒരുക്കുന്ന അനുഗ്രഹങ്ങളിൽ ഏറ്റവും ഉന്നതമായിട്ടുള്ളത് അല്ലാഹുവിൻെറ പരിശുദ്ധമാക്കപ്പെട്ട മുഖം ദർശിക്കുകയെന്നതാണ്. അങ്ങിനെ അല്ലാഹുവിനെ കണ്ടുമുട്ടുവാൻ ആഗ്രഹിക്കുന്നവരെ അവൻ ഇഷ്ടപ്പെടുന്നതാണ്. മരണത്തെ ആഗ്രഹിക്കുകയല്ല, മറിച്ച് മരിക്കുവാൻ തയ്യാറാവുകയെന്നതാണ് ഇത്കൊണ്ട് ഉദ്ദേശിക്കുന്നത്..

ഉബാദത്തുബ്നു സ്വാമിത്ﷺവിൽ നിന്ന്, നബി(ﷺ) പറഞ്ഞു: ആരെങ്കിലും അല്ലാഹുവുമായി കണ്ടുമുട്ടുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ അല്ലാഹു അവനെയും കണ്ടുമുട്ടുവാൻ ആഗ്രഹിക്കുന്നു, ആരെങ്കിലും അല്ലാഹുവിനെ കണ്ടുമുട്ടുന്നത് വെറുക്കു

കയാണെങ്കിൽ അവനെ കണ്ടുമുട്ടുന്നതും അല്ലാഹു വെറുക്കുന്നതാണ്. ആയിശാ(ﷺ) യോ, അതോ മറ്റു ഭാര്യയോ പറഞ്ഞു: ഞങ്ങൾ മരണത്തെ വെറുക്കുന്നു, അതല്ല ഇവിടെ ഉദ്ദേശിക്കുന്നത്. മറിച്ച് വിശ്വാസിക്ക് മരണം സമാഗതമായാൽ അല്ലാഹുവിന്റെ തൃപ്തിയും, അനുഗ്രഹവുമെന്ന് സന്തോഷ വാർത്ത അറിയിക്കപ്പെടുന്നു, ആ സന്ദർഭത്തിൽ അവന് മരണമല്ലാതെ വേറെയൊന്നും ഇഷ്ടമുണ്ടായിരിക്കില്ല, അങ്ങിനെ അവൻ അല്ലാഹുവിനെ കണ്ടു മുട്ടാൻ ആഗ്രഹിക്കുന്നു, അല്ലാഹു അവനെ കണ്ടുമുട്ടുവാനും ആഗ്രഹിക്കുന്നു. അവിശ്വാസിക്ക് മരണം സമാഗതമായാൽ അല്ലാഹുവിന്റെ ശിക്ഷയും, കോപവുമുണ്ടെന്ന് സന്തോഷ വാർത്ത അറിയിക്കപ്പെടുന്നു. ആ സന്ദർഭത്തിൽ അവന്റെ മുന്നിൽ മരണത്തേക്കാൾ വെറുക്കുന്ന ഒരു സംഗതിയുമുണ്ടായിരിക്കുകയില്ല, അങ്ങിനെഅല്ലാഹുവിനെ കണ്ടു മുട്ടുവാൻ അവൻ വെറുക്കുന്നു, അല്ലാഹുവും അവനെ കണ്ടുമുട്ടുവാൻ വെറുക്കുകയും ചെയ്യുന്നു'' (ബുഖാരി)

**അല്ലാഹുവിനെ ധാരാളമായി ഓർക്കുന്നവരെ.**

﴿ فَٱذْكُرُونِىٓ أَذْكُرْكُمْ وَٱشْكُرُوا۟ لِى وَلَا تَكْفُرُونِ ﴿١٥٢﴾ ﴾

ആകയാൽ എന്നെ നിങ്ങൾ ഓർക്കുക. നിങ്ങളെ ഞാനും ഓർക്കുന്നതാണ്. എന്നോട് നിങ്ങൾ നന്ദികാണിക്കുക. നിങ്ങളെന്നോട് നന്ദികേട് കാണിക്കരുത്.' (അൽബഖറ: 152).

**മത വിജ്ഞാനം നേടുന്നവരെ..**

മുആവിയ്യ:(ﷺ) പറയുന്നതായി ഹുമൈദുബ്നു അബ്ദുർറഹ്മാൻ പറഞ്ഞു: റസൂലുല്ലാഹ്(ﷺ) പറഞ്ഞു: ആർക്കെങ്കിലും അല്ലാഹു നന്മ ഉദ്ദേശിക്കുകയാണെങ്കിൽ മതത്തിൽ അവന് അറിവു നൽകുന്നതാണ്'' (ബുഖാരി)

**ശുദ്ധീകരിക്കുന്നവരെ..**

﴿ لَا تَقُمْ فِيهِ أَبَدًا ۚ لَّمَسْجِدٌ أُسِّسَ عَلَى ٱلتَّقْوَىٰ مِنْ أَوَّلِ يَوْمٍ أَحَقُّ أَن تَقُومَ فِيهِ ۚ فِيهِ رِجَالٌ يُحِبُّونَ أَن يَتَطَهَّرُوا۟ ۚ وَٱللَّهُ يُحِبُّ ٱلْمُطَّهِّرِينَ ﴿١٠٨﴾ ﴾

(നബിയേ,) നീ ഒരിക്കലും അതിൽ നമസ്കാരത്തിനു നിൽക്കരുത്. ആദ്യ ദിവസം തന്നെ ഭക്തിയിൻമേൽ സ്ഥാപിക്കപ്പെട്ടിട്ടുള്ള പള്ളിയാണ് നീ നിന്നു നമസ്കരിക്കുവാൻ ഏറ്റവും അർഹതയുള്ളത്. ശുദ്ധികൈവരിക്കുവാൻ ഇഷ്ടപ്പെടുന്ന ചില ആളുകളുണ്ട് ആ പള്ളിയിൽ. ശുദ്ധികൈവരിക്കുന്നവരെ അല്ലാഹു ഇഷ്ടപ്പെടുന്നു' (തൗബ:108)

﴿ يَٰبَنِىٓ ءَادَمَ خُذُوا۟ زِينَتَكُمْ عِندَ كُلِّ مَسْجِدٍ وَكُلُوا۟ وَٱشْرَبُوا۟ وَلَا تُسْرِفُوٓا۟ ۚ إِنَّهُۥ لَا يُحِبُّ ٱلْمُسْرِفِينَ ﴿٣١﴾ ﴾

ആദം സന്തതികളേ, എല്ലാ ആരാധനാലയത്തിങ്കലും (അഥവാ എല്ലാ ആരാധനാവേളകളിലും) നിങ്ങൾക്ക് അലങ്കാരമായിട്ടുള്ള വസ്ത്രങ്ങൾ ധരിച്ചുകൊള്ളുക നിങ്ങൾ തിന്നുകയും കുടിക്കുകയും ചെയ്തു കൊള്ളുക. എന്നാൽ നിങ്ങൾ ദുർവ്യയം ചെയ്യരുത്. ദുർവ്യയം ചെയ്യുവരെ അല്ലാഹു ഇഷ്ടപ്പെടുകയേയില്ല' (അഅ്റാഫ്: 31).

**ഭംഗി കൂട്ടൽ അഹങ്കാരത്തിനല്ല...**

അബ്ദുല്ലാഹിബ്നു മസ്ഊദ്(ﷺ) വിൽ നിന്ന്, നബി(ﷺ)പറഞ്ഞു: ആരുടെയെങ്കിലും ഹൃദയത്തിൽ ഒരു അണുമണിതൂക്കം അഹങ്കാരമുണ്ടെങ്കിൽ അവൻ സ്വർഗത്തിൽ പ്രവേശിക്കുകയില്ല''. ആ സമയം

ഒരാൾ എഴുന്നേറ്റ് കൊണ്ട് പറയുകയുണ്ടായി: ഒരാൾതൻെറ വസ്ത്രവും, ചെരുപ്പും ഭംഗിയുള്ളതാവാൻ ആഗ്രഹിക്കുന്നത് അഹങ്കാരത്തിൽ പെട്ടതാണോ? റസൂലുല്ലാഹ്(ﷺ)പറഞ്ഞു: അല്ലാഹു ഭംഗിയുള്ളവനാണ്, അവൻ ഭംഗിയെ ഇഷ്ടപ്പെടുന്നു, അഹങ്കാരമെന്നാൽ സത്യത്തെ മറച്ച് വെക്കലും, ജനങ്ങളെ നിന്ദിക്കലുമാകുന്നു'' (മുസ്‌ലിം)

**ധാരാളമായി മിസ്‌വാക്ക് ചെയ്യുന്നവരെ...**

ആയിശാ(رضي الله عنها)യിൽ നിന്ന്, നബി(ﷺ)പറയുകയുണ്ടായി: മിസ്‌വാക്ക് ചെയ്യൽ വായക്ക് ശുദ്ധി വരുത്തുന്നതും, രക്ഷിതാവിന് തൃപ്തിയുള്ളതുമാകുന്നു'' (ബുഖാരി).

**മുത്തഖീങ്ങളെ..**

﴿بَلَىٰ مَنْ أَوْفَىٰ بِعَهْدِهِۦ وَٱتَّقَىٰ فَإِنَّ ٱللَّهَ يُحِبُّ ٱلْمُتَّقِينَ ﴿٧٦﴾﴾

വല്ലവനും തന്റെ കരാർ നിറവേറ്റുകയും ധർമ്മനിഷ്ഠപാലിക്കുകയും ചെയ്യുന്ന പക്ഷം തീർച്ചയായും അല്ലാഹു ധർമ്മനിഷ്ഠ പാലിക്കുന്നവരെ ഇഷ്ടപ്പെടുന്നു' (ആലുഇംറാൻ: 76)

**ക്ഷമിക്കുന്നവരെ..**

﴿وَكَأَيِّن مِّن نَّبِىٍّ قَٰتَلَ مَعَهُۥ رِبِّيُّونَ كَثِيرٌ فَمَا وَهَنُوا۟ لِمَآ أَصَابَهُمْ فِى سَبِيلِ ٱللَّهِ وَمَا ضَعُفُوا۟ وَمَا ٱسْتَكَانُوا۟ ۗ وَٱللَّهُ يُحِبُّ ٱلصَّٰبِرِينَ ﴿١٤٦﴾﴾

എത്രയെത്ര പ്രവാചകൻമാരോടൊപ്പം അനേകം ദൈവദാസൻമാർ യുദ്ധം ചെയ്തിട്ടുണ്ട്. എന്നിട്ട് അല്ലാഹുവിന്റെ മാർഗത്തിൽ തങ്ങൾക്ക് നേരിട്ട് യാതൊന്നു കൊണ്ടും അവർ തളർന്നില്ല. അവർ ദൗർബല്യം കാണിക്കുകയോ ഒതുങ്ങി കൊടുക്കുകയോ ചെയ്തില്ല. അത്തരം ക്ഷമാശീലരെ അല്ലാഹു സ്നേഹിക്കുന്നു.'(ആലുഇംറാൻ: 146)

**അല്ലാഹുവിൽ ഭരമേൽപിക്കുന്നവരെ**

﴿فَبِمَا رَحْمَةٍ مِّنَ ٱللَّهِ لِنتَ لَهُمْ ۖ وَلَوْ كُنتَ فَظًّا غَلِيظَ ٱلْقَلْبِ لَٱنفَضُّوا۟ مِنْ حَوْلِكَ ۖ فَٱعْفُ عَنْهُمْ وَٱسْتَغْفِرْ لَهُمْ وَشَاوِرْهُمْ فِى ٱلْأَمْرِ ۖ فَإِذَا عَزَمْتَ فَتَوَكَّلْ عَلَى ٱللَّهِ ۚ إِنَّ ٱللَّهَ يُحِبُّ ٱلْمُتَوَكِّلِينَ ﴿١٥٩﴾﴾

(നബിയേ,) അല്ലാഹുവിങ്കൽ നിന്നുള്ള കാരുണ്യം കൊണ്ടാണ് നീ അവരോട് സൗമ്യമായി പെരുമാറിയത്. നീ ഒരു പരുഷസ്വഭാവിയും കഠിനഹൃദയനുമായിരുന്നുവെങ്കിൽ നിന്റെ ചുറ്റിൽ നിന്നും അവർ പിരിഞ്ഞ് പോയിക്കളയുമായിരുന്നു. ആകയാൽ നീ അവർക്ക് മാപ്പുകൊടുക്കുകയും, അവർക്ക് വേണ്ടി പാപമോചനം തേടുകയും ചെയ്യുക. കാര്യങ്ങളിൽ നീ അവരോട് കൂടിയാലോചിക്കുകയും ചെയ്യുക. അങ്ങനെ നീ ഒരു തീരുമാനമെടുത്ത് കഴിഞ്ഞാൽ അല്ലാഹുവിൽ ഭരമേൽപിക്കുക. ഭരമേൽപിക്കുന്നവരെ തീർച്ചയായും അല്ലാഹു ഇഷ്ടപ്പെടുന്നതാണ്.' (ആലുഇംറാൻ: 159)

മുകളിൽ നാം വിശദമാക്കിയ അല്ലാഹു ഇഷ്ടപ്പെടുകയും, തൃപ്തിപ്പെടുകയും ചെയ്യുന്ന ഏതെങ്കിലും വിഭാഗത്തിൽ ഉൾപ്പെടുവാൻ നാം പരിശ്രമിക്കുകയും, അതിന വേണ്ടി അല്ലാഹുവിനോട് പ്രാർത്ഥിക്കുകയും ചെയ്യുക. അല്ലാഹു അനുഗ്രഹിക്കട്ടെ, അവൻെറ സ്വർഗത്തിൽ പ്രവേശിപ്പിക്കുകയും ചെയ്യുമാറാവട്ടെ. ആമീൻ.

# ഇസ്‌ലാം വിളിക്കുന്നു; സ്വർഗത്തിലേക്ക്

സഹോദരാ, ഈ ഭൂമിയിൽ താങ്കൾ അൽപം തിരക്കിലാണെന്നറിയാം; ഏതാനും മിനുട്ടുകൾ ഇതിനായി ഉപയോഗിക്കുക. ഈ ലോകത്തെ സൃഷ്ടിക്കുകയും സംവിധാനിക്കുകയും ചെയ്ത അല്ലാഹു താങ്കളെ ഇല്ലായ്മയിൽ നിന്ന് വ്യത്യസ്ഥ ഘട്ടങ്ങളിലൂടെ ഉമ്മയുടെ ഗർഭാശയമെന്ന അതി സങ്കീർണമായ സുരക്ഷിത സംവിധാനത്തിലൂടെയാണ് വളർത്തിയത്, അതിനെ കുറിച്ച് താങ്കൾ ആലോചിച്ചിട്ടുണ്ടോ? അതിനെ കുറിച്ച് പരാമർശിക്കുന്ന ഖുർആൻ വചനം വായിച്ചിട്ടുണ്ടോ? ഈ ആയുസ്സിനിടക്ക് അത് പഠിക്കാൻ ശ്രമിച്ചിട്ടുണ്ടോ? അങ്ങിനെ എല്ലാം സംവിധാനിക്കപ്പെട്ട ഭൂമിയിലേക്ക് പിറന്ന് വീഴുകയും, ഓരോഘട്ടങ്ങളിലൂടെ വളർന്ന് വളർന്ന് ഇത് വായിക്കുന്ന താങ്കളുടെ രൂപത്തിലേക്കെത്തി നിൽക്കുന്നു, ഇത് ഇവിടെയും അവസാനിക്കില്ല, ഇനിയും പലഘട്ടങ്ങളും അഭിമുഖീകരിക്കുവാനുണ്ട്, മരണമെന്ന ഘട്ടമടക്കം. ചിന്തിക്കാനും മടങ്ങാനും സമയമായിട്ടുണ്ട് എന്ന് തോന്നുന്ന ഒരു ഹൃദയം അല്ലാഹു താങ്കൾക്ക് നൽകിയില്ലേ, എങ്കിൽ ഖുർആൻ പറയുന്നത് കാണുക:



﴿هَلۡ أَتَىٰ عَلَى ٱلۡإِنسَٰنِ حِينٞ مِّنَ ٱلدَّهۡرِ لَمۡ يَكُن شَيۡـٔٗا مَّذۡكُورًا ١ إِنَّا خَلَقۡنَا ٱلۡإِنسَٰنَ مِن نُّطۡفَةٍ أَمۡشَاجٖ نَّبۡتَلِيهِ فَجَعَلۡنَٰهُ سَمِيعَۢا بَصِيرًا ٢﴾

മനുഷ്യൻ പ്രസ്താവ്യമായ ഒരു വസ്തുവേ ആയിരുന്നില്ലാത്ത ഒരു കാലഘട്ടം അവന്റെ മേൽ കഴിഞ്ഞുപോയിട്ടുണ്ടോ? കൂടിച്ചേർന്നുണ്ടായ ഒരു ബീജത്തിൽ നിന്ന് തീർച്ചയായും നാം മനുഷ്യനെ സൃഷ്ടിച്ചിരിക്കുന്നു. നാം അവനെ പരീക്ഷിക്കുവാനായിട്ട്. അങ്ങനെ അവനെ നാം കേൾവിയുള്ളവനും കാഴ്ചയുള്ളവനുമാക്കിയിരിക്കുന്നു' (ഇൻസാൻ : 1,2)

നാം ഉൾപ്പെടുന്ന മനുഷ്യന്റെ അവസ്ഥ പറയപ്പെടാവുന്ന ഒന്നുമല്ലായിരുന്നു, ശേഷം മാതാവിന്റെ ഉദരത്തിലാണ് നമ്മുടെ തുടക്കം, ഖുർആനിനെ വായിക്കുക:

അല്ലാഹു പറയുന്നു:

﴿يَخۡلُقُكُمۡ فِي بُطُونِ أُمَّهَٰتِكُمۡ خَلۡقٗا مِّنۢ بَعۡدِ خَلۡقٖ فِي ظُلُمَٰتٖ ثَلَٰثٖۚ ذَٰلِكُمُ ٱللَّهُ رَبُّكُمۡ لَهُ ٱلۡمُلۡكُۖ لَآ إِلَٰهَ إِلَّا هُوَۖ فَأَنَّىٰ تُصۡرَفُونَ ٦﴾

(നിങ്ങളുടെ മാതാക്കളുടെ വയറുകളിൽ നിങ്ങളെ അവൻ സൃഷ്ടിക്കുന്നു. മൂന്ന് തരം അന്ധകാരങ്ങൾക്കുള്ളിൽ സൃഷ്ടിയുടെ ഒരു ഘട്ടത്തിന് ശേഷം മറ്റൊരു ഘട്ടമായി ക്കൊണ്ട്. അങ്ങനെയുള്ളവനാകുന്നു നിങ്ങളുടെ രക്ഷിതാവായ അല്ലാഹു. അവനാണ് ആധിപത്യം. അവനല്ലാതെ യാതൊരു ദൈവവുമില്ല. എന്നിരിക്കെ നിങ്ങൾ എങ്ങനെയാണ് (സത്യത്തിൽ നിന്ന്) തെറ്റിക്കപ്പെടുന്നത്) (സുമർ:6)

**ഘട്ടങ്ങളിലൂടെ**

ഞാൻ ഞാൻ എന്ന് അഹങ്കരിക്കുന്ന മനുഷ്യാ നീ നീയായി മാറിയ ഘട്ടങ്ങളെ കുറിച്ച് മനസിലാക്കിയോ, അതിനെ കുറിച്ച് ഖുർആനിന്റെ പ്രസ്താവ്യം കാണുക:

അല്ലാഹു പറയുന്നു:

﴿وَلَقَدۡ خَلَقۡنَا ٱلۡإِنسَٰنَ مِن سُلَٰلَةٖ مِّن طِينٖ ١٢ ثُمَّ جَعَلۡنَٰهُ نُطۡفَةٗ فِي قَرَارٖ مَّكِينٖ ١٣ ثُمَّ خَلَقۡنَا ٱلنُّطۡفَةَ عَلَقَةٗ فَخَلَقۡنَا ٱلۡعَلَقَةَ مُضۡغَةٗ فَخَلَقۡنَا ٱلۡمُضۡغَةَ عِظَٰمٗا فَكَسَوۡنَا ٱلۡعِظَٰمَ لَحۡمٗا ثُمَّ أَنشَأۡنَٰهُ خَلۡقًا ءَاخَرَۚ فَتَبَارَكَ ٱللَّهُ أَحۡسَنُ ٱلۡخَٰلِقِينَ ١٤ ثُمَّ إِنَّكُم بَعۡدَ ذَٰلِكَ لَمَيِّتُونَ ١٥ ثُمَّ إِنَّكُمۡ يَوۡمَ ٱلۡقِيَٰمَةِ تُبۡعَثُونَ ١٦﴾

(തീർച്ചയായും മനുഷ്യനെ കളിമണ്ണിന്റെ സത്തിൽ നിന്ന് നാം സൃഷ്ടിച്ചിരിക്കുന്നു. പിന്നീട് ഒരു ബീജമായിക്കൊണ്ട് അവനെ നാം ഭദ്രമായ ഒരു സ്ഥാനത്ത് വെച്ചു. പിന്നെ ആ ബീജത്തെ നാം ഒരു ഭ്രൂണമായി രൂപപ്പെടുത്തി. അനന്തരം ആ ഭ്രൂണത്തെ നാം ഒരു മാംസപിണ്ഡമായി രൂപപ്പെടുത്തി. തുടർന്ന് നാം ആ മാംസപിണ്ഡത്തെ അസ്ഥികൂടമായി രൂപപ്പെടുത്തി. എന്നിട്ട് നാം അസ്ഥികൂടത്തെ മാംസം കൊണ്ട് പൊതിഞ്ഞു. പിന്നീട് മറ്റൊരു സൃഷ്ടിയായി നാം അവനെ വളർത്തിയെടുത്തു. അപ്പോൾ ഏറ്റവും നല്ല സൃഷ്ടികർത്താവായ അല്ലാഹു അനുഗ്രഹപൂർണ്ണനായിരിക്കുന്നു. പിന്നീട് തീർച്ചയായും നിങ്ങൾ അതിനു ശേഷം മരിക്കുന്നവരാകുന്നു. പിന്നീട് ഉയർത്തെഴുന്നേൽപിന്റെ നാളിൽ തീർച്ചയായും നിങ്ങൾ എഴുന്നേൽപിക്കപ്പെടുന്നതാണ്. (അൽമുഅ്മിനൂൻ: 12-16)

ശൈശവത്തിനും, കൗമാരത്തിനും യൗവ്വനത്തിനും യുവത്വത്തിനും ശേഷം ശൈശവത്തിലേത് പോലെയുള്ള വാർദ്ധക്യം എന്നഘട്ടം നമ്മെ ബാധിക്കാനിരിക്കുന്നു, അതിനെ കുറിച്ച് ആലോചിച്ചോ? ഖുർആൻ പറയുന്നത് എത്ര കൃത്യം:

ഇങ്ങനെ നമ്മെ സൃഷ്ടിച്ച രക്ഷിതാവ്

ഇസ്‌ലാമിലൂടെ നമ്മെ സ്വർഗത്തിലേക്ക് ക്ഷണിക്കുകയാണ്, ആ ക്ഷണം നമ്മൾ ചെവികൊള്ളേണ്ടതില്ലേ?

### മനുഷ്യന് വേണ്ടി...

ഈ ഭൂമിയും, അതിന്റെ സംവിധാനങ്ങളും മനുഷ്യന് വേണ്ടിയാണ് അല്ലാഹു സംവിധാനിച്ചിരിക്കുന്നത്. അല്ലാഹു പറയുന്നു:

﴿هُوَ ٱلَّذِى خَلَقَ لَكُم مَّا فِى ٱلْأَرْضِ جَمِيعًا ثُمَّ ٱسْتَوَىٰٓ إِلَى ٱلسَّمَآءِ فَسَوَّىٰهُنَّ سَبْعَ سَمَٰوَٰتٍ ۚ وَهُوَ بِكُلِّ شَىْءٍ عَلِيمٌ ﴿٢٩﴾﴾

(അവനാണ് നിങ്ങൾക്ക് വേണ്ടി ഭൂമിയിലുള്ളതെല്ലാം സൃഷ്ടിച്ചു തന്നത്. പുറമെ ഏഴ് ആകാശങ്ങളായി ക്രമീകരിച്ചുകൊണ്ട് ഉപരിലോകത്തെ സംവിധാനിച്ചവനും അവൻ തന്നെയാണ്. അവൻ എല്ലാ കാര്യത്തെപ്പറ്റിയും അറിവുള്ളവനാകുന്നു) (അൽബഖറ: 29).

### സൃഷ്ടിപ്പിന്റെ ലക്ഷ്യം

മനുഷ്യന് വേണ്ടിയാണ് ഈ പ്രപഞ്ചം സൃഷ്ടിക്കപ്പെട്ടത്. അത് കൊണ്ട് തന്നെ സൃഷ്ടാവിന്റെ ഇംഗിതത്തിനനുസരിച്ചായിരിക്കണം മനുഷ്യൻ പ്രവർത്തിക്കേണ്ടതും ജീവിക്കേണ്ടതും. മനുഷ്യനെ അല്ലാഹു സൃഷ്ടിച്ചിരിക്കുന്നതിന്റെ ലക്ഷ്യം.

അല്ലാഹു പറയുന്നു:

﴿وَمَا خَلَقْتُ ٱلْجِنَّ وَٱلْإِنسَ إِلَّا لِيَعْبُدُونِ ﴿٥٦﴾﴾

(ജിന്നുകളെയും മനുഷ്യരെയും എന്നെ ആരാധിക്കുവാൻ വേണ്ടിയല്ലാതെ ഞാൻ സൃഷ്ടിച്ചിട്ടില്ല.) (ദാരിയാത്: 56)

﴿ٱلَّذِى خَلَقَ ٱلْمَوْتَ وَٱلْحَيَوٰةَ لِيَبْلُوَكُمْ أَيُّكُمْ أَحْسَنُ عَمَلًا ۚ وَهُوَ ٱلْعَزِيزُ ٱلْغَفُورُ ﴿٢﴾﴾

(നിങ്ങളിൽ ആരാണ് കൂടുതൽ നന്നായി പ്രവർത്തിക്കുന്നവൻ എന്ന് പരീക്ഷിക്കുവാൻ വേണ്ടി മരണവും ജീവിതവും സൃഷ്ടിച്ചവനാകുന്നു അവൻ. അവൻ പ്രതാപിയും ഏറെ പൊറുക്കുന്നവനുമാകുന്നു) (മുൽക്: 2).

### അൻമ്പിയാ മുർസലീങ്ങൾ

മനുഷ്യ ജീവിതത്തിന്റെ ലക്ഷ്യത്തിലേക്കെത്തിക്കുവാനുള്ള മാർഗ്ഗവുമായി മുഴുവൻ സമുദായങ്ങളിലേക്കും അല്ലാഹു അവന്റെ ദൂതന്മാരെ നിയോഗിച്ചിട്ടുണ്ട്:

അല്ലാഹു പറയുന്നു:

﴿وَلَقَدْ بَعَثْنَا فِى كُلِّ أُمَّةٍ رَّسُولًا أَنِ ٱعْبُدُوا۟ ٱللَّهَ وَٱجْتَنِبُوا۟ ٱلطَّٰغُوتَ ۖ فَمِنْهُم مَّنْ هَدَى ٱللَّهُ وَمِنْهُم مَّنْ حَقَّتْ عَلَيْهِ ٱلضَّلَٰلَةُ ۚ فَسِيرُوا۟ فِى ٱلْأَرْضِ فَٱنظُرُوا۟ كَيْفَ كَانَ عَٰقِبَةُ ٱلْمُكَذِّبِينَ ﴿٣٦﴾﴾

(തീർച്ചയായും ഓരോ സമുദായത്തിലും നാം ദൂതനെ നിയോഗിച്ചിട്ടുണ്ട്. നിങ്ങൾ അല്ലാഹുവെ ആരാധിക്കുകയും, ദുർമൂർത്തികളെ വെടിയുകയും ചെയ്യണം എന്ന് (പ്രബോധനം ചെയ്യുതിന് വേണ്ടി.) എന്നിട്ട് അവരിൽ ചിലരെ അല്ലാഹു നേർവഴിയിലാക്കി. അവരിൽ ചിലരുടെ മേൽ വഴികേട് സ്ഥിരപ്പെടുകയും ചെയ്തു. ആകയാൽ നിങ്ങൾ ഭൂമിയിലൂടെ നടന്നിട്ട് നിഷേധിച്ചു തള്ളിക്കളഞ്ഞവരുടെ പര്യവസാനം എപ്രകാരമായിരുന്നു എന്ന് നോക്കുക) (നഹ്ൽ: 36).

### അൻമ്പിയാക്കളുടെ ദഅ്‌വത്ത്

അല്ലാഹു പറയുന്നു:

﴿وَمَآ أَرْسَلْنَا مِن قَبْلِكَ مِن رَّسُولٍ إِلَّا نُوحِىٓ إِلَيْهِ أَنَّهُۥ لَآ إِلَٰهَ إِلَّآ أَنَا۠ فَٱعْبُدُونِ ﴿٢٥﴾﴾

അല്ലാഹു ഭൂമിയിലേക്ക് നിയോഗിച്ചയച്ച മുഴുവൻ ദൂതന്മാരും തങ്ങളുടെ ജനതതി

കളോട് പറഞ്ഞ കാര്യം: ഞാനല്ലാതെ യാതൊരു ദൈവവുമില്ല. അതിനാൽ എന്നെ നിങ്ങൾ ആരാധിക്കൂ എന്ന് ബോധനം നൽകിക്കൊണ്ടല്ലാതെ നിനക്ക് മുമ്പ് ഒരു ദൂതനെയും നാം അയച്ചിട്ടില്ല. (അൻബിയാഅ്: 25).

﴿قُولُوٓاْ ءَامَنَّا بِٱللَّهِ وَمَآ أُنزِلَ إِلَيۡنَا وَمَآ أُنزِلَ إِلَىٰٓ إِبۡرَٰهِـۧمَ وَإِسۡمَٰعِيلَ وَإِسۡحَٰقَ وَيَعۡقُوبَ وَٱلۡأَسۡبَاطِ وَمَآ أُوتِيَ مُوسَىٰ وَعِيسَىٰ وَمَآ أُوتِيَ ٱلنَّبِيُّونَ مِن رَّبِّهِمۡ لَا نُفَرِّقُ بَيۡنَ أَحَدٖ مِّنۡهُمۡ وَنَحۡنُ لَهُۥ مُسۡلِمُونَ ١٣٦﴾

(നിങ്ങൾ പറയുക: അല്ലാഹുവിലും, അവങ്കൽ നിന്ന് ഞങ്ങൾക്ക് അവതരിപ്പിച്ചു കിട്ടിയതിലും, ഇബ്രാഹീമിനും ഇസ്മാഈലിനും ഇസ്ഹാഖിനും യഅ്ഖൂബിനും യഅ്ഖൂബ് സന്തതികൾക്കും അവതരിപ്പിച്ച് കൊടുത്തതിലും, മൂസാ, ഈസാ എന്നിവർക്ക് നൽകപ്പെട്ടതിലും, സർവ്വ പ്രവാചകൻമാർക്കും അവരുടെ രക്ഷിതാവിങ്കൽ നിന്ന് നൽകപ്പെട്ടതി(സന്ദേശങ്ങളി)ലും ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു. അവരിൽ ആർക്കിടയിലും ഞങ്ങൾ വിവേചനം കൽപിക്കുന്നില്ല. ഞങ്ങൾ അവന് (അല്ലാഹുവിന്) കീഴ്പെട്ട് ജീവിക്കുന്നവരുമാകുന്നു) (അൽബഖറ: 136).

**മതം ഇസ്ലാം മാത്രം;**

അല്ലാഹു പറയുന്നു:

﴿إِنَّ ٱلدِّينَ عِندَ ٱللَّهِ ٱلۡإِسۡلَٰمُۗ وَمَا ٱخۡتَلَفَ ٱلَّذِينَ أُوتُواْ ٱلۡكِتَٰبَ إِلَّا مِنۢ بَعۡدِ مَا جَآءَهُمُ ٱلۡعِلۡمُ بَغۡيَۢا بَيۡنَهُمۡۗ وَمَن يَكۡفُرۡ بِـَٔايَٰتِ ٱللَّهِ فَإِنَّ ٱللَّهَ سَرِيعُ ٱلۡحِسَابِ ١٩﴾

(തീർച്ചയായും അല്ലാഹുവിങ്കൽ മതം എന്നാൽ ഇസ്ലാമാകുന്നു. വേദഗ്രന്ഥം നൽകപ്പെട്ടവർ തങ്ങൾക്ക് (മതപരമായ) അറിവുകിട്ടിയ ശേഷം തന്നെയാണ് ഭിന്നിച്ചത്. അവർ തമ്മിലുള്ള കക്ഷിമാത്സര്യം നിമിത്തമത്രെ അത്. വല്ലവരും അല്ലാഹുവിന്റെ തെളിവുകൾ നിഷേധിക്കുന്നുവെങ്കിൽ അല്ലാഹു അതിവേഗം കണക്ക് ചോദിക്കുന്നവനാകുന്നു) (ആലു ഇംറാൻ: 19).

﴿وَمَن يَبۡتَغِ غَيۡرَ ٱلۡإِسۡلَٰمِ دِينٗا فَلَن يُقۡبَلَ مِنۡهُ وَهُوَ فِي ٱلۡأٓخِرَةِ مِنَ ٱلۡخَٰسِرِينَ ٨٥﴾

ഇസ്ലാം (ദൈവത്തിനുള്ള ആത്മാർപ്പണം) അല്ലാത്തതിനെ ആരെങ്കിലും മതമായി ആഗ്രഹിക്കുന്ന പക്ഷം അത് അവനി ൽ നിന്ന് ഒരിക്കലും സ്വീകരിക്കപ്പെടുന്നതല്ല. പരലോകത്തിൽ അവൻ നഷ്ടക്കാരിൽ പെട്ടവനുമായിരിക്കും. (ആലു ഇംറാൻ:85)

അല്ലാഹുവാണ് ഇസ്ലാമിലേക്ക് വഴി നടത്തുന്നത്

﴿فَمَن يُرِدِ ٱللَّهُ أَن يَهۡدِيَهُۥ يَشۡرَحۡ صَدۡرَهُۥ لِلۡإِسۡلَٰمِۖ وَمَن يُرِدۡ أَن يُضِلَّهُۥ يَجۡعَلۡ صَدۡرَهُۥ ضَيِّقًا حَرَجٗا كَأَنَّمَا يَصَّعَّدُ فِي ٱلسَّمَآءِۚ كَذَٰلِكَ يَجۡعَلُ ٱللَّهُ ٱلرِّجۡسَ عَلَى ٱلَّذِينَ لَا يُؤۡمِنُونَ ١٢٥﴾

ഏതൊരാളെ നേർവഴിയിലേക്ക് നയിക്കുവാൻ അല്ലാഹു ഉദ്ദേശിക്കുന്നുവോ അവന്റെ ഹൃദയത്തെ ഇസ്ലാമിലേക്ക് അവൻ തുറന്നുകൊടുക്കുന്നതാണ്. ഏതൊരാളെ അല്ലാഹു പിഴവിലാക്കാൻ ഉദ്ദേശിക്കുന്നുവോ അവന്റെ ഹൃദയത്തെ ഇടുങ്ങിയതും ഞെരുങ്ങിയതുമാക്കിത്തീർക്കുന്നതാണ്. അവൻ ആകാശത്തിലൂടെ കയറിപ്പോകുന്നത് പോലെ. വിശ്വസിക്കാത്തവരുടെ മേൽ അപ്രകാരം അല്ലാഹു ശിക്ഷ ഏർപെടുത്തുന്നു. (അൻആം: 125).

### ഏറ്റവും ചൊവ്വായതിലേക്ക്

﴿إِنَّ هَٰذَا ٱلْقُرْءَانَ يَهْدِى لِلَّتِى هِىَ أَقْوَمُ وَيُبَشِّرُ ٱلْمُؤْمِنِينَ ٱلَّذِينَ يَعْمَلُونَ ٱلصَّٰلِحَٰتِ أَنَّ لَهُمْ أَجْرًا كَبِيرًا ﴿٩﴾﴾

ഇസ്‌ലാമിന്റെ അടിസ്ഥാന പ്രമാണം ഖുർആനും, തിരുസുത്തുമാണല്ലോ, ആ ഖുർആൻ ഏറ്റവും ചൊവ്വായതിലേക്ക് വഴികാണിക്കുന്നു. (തീർച്ചയായും ഈ ഖുർആൻ ഏറ്റവും ശരിയായതിലേക്ക് വഴി കാണിക്കുകയും, സൽകർമ്മങ്ങൾ പ്രവർത്തിക്കുന്ന സത്യവിശ്വാസികൾക്ക് വലിയ പ്രതിഫലമുണ്ട് എന്ന സന്തോഷവാർത്ത അറിയിക്കുകയും ചെയ്യുന്നു) (ഇസ്റാഅ്: 9)

﴿وَنَزَّلْنَا عَلَيْكَ ٱلْكِتَٰبَ تِبْيَٰنًا لِّكُلِّ شَىْءٍ وَهُدًى وَرَحْمَةً وَبُشْرَىٰ لِلْمُسْلِمِينَ ﴿٨٩﴾﴾

അതുപോലെ ഇസ്‌ലാമും ഖുർആനും ജീവിതത്തിന്റെ മുഴുവൻ മേഖലകളിലേക്കും വ്യക്തമായ സന്ദേശം നൽകുന്നു; (എല്ലാകാര്യത്തിനും വിശദീകരണമായിക്കൊണ്ടും, മാർഗദർശനവും കാരുണ്യവും കീഴ്പെട്ടു ജീവിക്കുന്നവർക്ക് സന്തോഷവാർത്തയു മായിക്കൊണ്ടുമാണ് നിനക്ക് നാം വേദഗ്രന്ഥം അവതരിപ്പിച്ചിരിക്കുന്നത്.) (നഹ്ൽ: 89)


### സമാധാന ഗേഹമായ സ്വർഗത്തിലേക്ക്

﴿وَٱللَّهُ يَدْعُوٓا۟ إِلَىٰ دَارِ ٱلسَّلَٰمِ وَيَهْدِى مَن يَشَآءُ إِلَىٰ صِرَٰطٍ مُّسْتَقِيمٍ ﴿٢٥﴾﴾

അല്ലാഹു സമാധാനത്തിന്റെ ഗേഹത്തിലേക്ക് ക്ഷണിക്കുന്നു; (അല്ലാഹു ശാന്തിയുടെ ഭവനത്തിലേക്ക് ക്ഷണിക്കുന്നു. അവൻ ഉദ്ദേശിക്കുവരെ അവൻ നേരായ പാതയിലേക്ക് നയിക്കുകയും ചെയ്യുന്നു) (യൂനുസ്: 25).

﴿وَٱللَّهُ يَدْعُوٓا۟ إِلَى ٱلْجَنَّةِ وَٱلْمَغْفِرَةِ بِإِذْنِهِۦ وَيُبَيِّنُ ءَايَٰتِهِۦ لِلنَّاسِ لَعَلَّهُمْ يَتَذَكَّرُونَ ﴿٢٢١﴾﴾

(അല്ലാഹുവാകട്ടെ അവന്റെ ഹിതമനു



സരിച്ച് സ്വർഗത്തിലേക്കും, പാപമോചനത്തിലേക്കുമാണ് നിങ്ങളെ ക്ഷണിക്കുന്നത്. ജനങ്ങൾ ശ്രദ്ധിച്ച് മനസ്സിലാക്കുവാൻ വേണ്ടി തന്റെ തെളിവുകൾ അവർക്ക് വിവരിച്ചുകൊടുക്കുകയും ചെയ്യുന്നു) (അൽബഖറ: 221).

﴿وَسِيقَ ٱلَّذِينَ ٱتَّقَوۡاْ رَبَّهُمۡ إِلَى ٱلۡجَنَّةِ زُمَرًاۖ حَتَّىٰٓ إِذَا جَآءُوهَا وَفُتِحَتۡ أَبۡوَٰبُهَا وَقَالَ لَهُمۡ خَزَنَتُهَا سَلَٰمٌ عَلَيۡكُمۡ طِبۡتُمۡ فَٱدۡخُلُوهَا خَٰلِدِينَ ٧٣﴾

(തങ്ങളുടെ രക്ഷിതാവിനെ സൂക്ഷിച്ചു ജീവിച്ചവർ സ്വർഗത്തിലേക്ക് കൂട്ടം കൂട്ടമായി നയിക്കപ്പെടും. അങ്ങനെ അതിന്റെ കവാടങ്ങൾ തുറന്ന്വെക്കപ്പെട്ട നിലയിൽ അവർ അതിന്നടുത്ത് വരുമ്പോൾ അവരോട് അതിന്റെ കാവൽക്കാർ പറയും: നിങ്ങൾക്ക് സമാധാനം. നിങ്ങൾ സംശുദ്ധരായിരിക്കുന്നു. അതിനാൽ നിത്യവാസികളെന്ന നിലയിൽ നിങ്ങൾ അതിൽ പ്രവേശിച്ചു കൊള്ളുക) (സുമർ: 73).

**വിശാലമായ സ്വർഗത്തിലേക്ക്**

അല്ലാഹു മനുഷ്യരെ വിശാലമായ അവന്റെ സ്വർഗത്തിലേക്ക് ക്ഷണിക്കുകയാണ്:

﴿سَابِقُوٓاْ إِلَىٰ مَغۡفِرَةٖ مِّن رَّبِّكُمۡ وَجَنَّةٍ عَرۡضُهَا كَعَرۡضِ ٱلسَّمَآءِ وَٱلۡأَرۡضِ أُعِدَّتۡ لِلَّذِينَ ءَامَنُواْ بِٱللَّهِ وَرُسُلِهِۦۚ ذَٰلِكَ فَضۡلُ ٱللَّهِ يُؤۡتِيهِ مَن يَشَآءُۚ وَٱللَّهُ ذُو ٱلۡفَضۡلِ ٱلۡعَظِيمِ ٢١﴾

നിങ്ങളുടെ രക്ഷിതാവിങ്കൽ നിന്നുള്ള പാപമോചനത്തിലേക്കും സ്വർഗത്തിലേക്കും നിങ്ങൾ മുൻകടന്നു വരുവിൻ. അതിന്റെ വിസ്താരം ആകാശത്തിന്റെയും ഭൂമിയുടെയും വിസ്താരം പോലെയാണ്. അല്ലാഹുവിലും അവന്റെ ദൂതൻമാരിലും വിശ്വസിച്ചവർക്കു വേണ്ടി അത് സജ്ജീകരിക്കപ്പെട്ടിരിക്കുന്നു. അത് അല്ലാഹുവിന്റെ അനുഗ്രഹമത്രെ. അവൻ ഉദ്ദേശിക്കുന്നവർക്ക് അതവൻ നൽകുന്നു. അല്ലാഹു മഹത്തായ അനുഗ്രഹമുള്ളവനാകുന്നു. (ഹദീദ്: 20,21).

**മുഴുവൻ സമൂഹങ്ങളെയും**

മുഴുവൻ സമൂഹങ്ങളും സ്വർഗത്തിൽ പ്രവേശിക്കണം. അതിനായി വിശുദ്ധ ഖുർആൻ മുഴുവനാളുകളെയും വിളിക്കുന്നു:

﴿قُلۡ يَٰٓأَهۡلَ ٱلۡكِتَٰبِ تَعَالَوۡاْ إِلَىٰ كَلِمَةٖ سَوَآءِۭ بَيۡنَنَا وَبَيۡنَكُمۡ أَلَّا نَعۡبُدَ إِلَّا ٱللَّهَ وَلَا نُشۡرِكَ بِهِۦ شَيۡـٔٗا وَلَا يَتَّخِذَ بَعۡضُنَا بَعۡضًا أَرۡبَابٗا مِّن دُونِ ٱللَّهِۚ فَإِن تَوَلَّوۡاْ فَقُولُواْ ٱشۡهَدُواْ بِأَنَّا مُسۡلِمُونَ ٦٤﴾

(നബിയേ,) പറയുക: വേദക്കാരേ, ഞങ്ങൾക്കും നിങ്ങൾക്കുമിടയിൽ സമമായുള്ള ഒരു വാക്യത്തിലേക്ക് നിങ്ങൾ വരുവിൻ. അതായത് അല്ലാഹുവെയല്ലാതെ നാം ആരാധിക്കാതിരിക്കുകയും, അവനോട് യാതൊന്നിനെയും പങ്കു ചേർക്കാതിരിക്കുകയും നമ്മളിൽ ചിലർ ചിലരെ അല്ലാഹുവിനു പുറമെ രക്ഷിതാക്കളാക്കാതിരിക്കുകയും ചെയ്യുക (എന്ന തത്വത്തിലേക്ക്). എന്നിട്ട് അവർ പിന്തിരിഞ്ഞുകളയുന്ന പക്ഷം നിങ്ങൾ പറയുക: ഞങ്ങൾ (അല്ലാഹുവിന് ) കീഴ്പെട്ടവരാണ് എന്നത് നിങ്ങൾ സാക്ഷ്യം വഹിച്ചു കൊള്ളുക) (ആലു ഇംറാൻ: 64).

**ഭൗതികതയിൽ മതിമറക്കാതിരിക്കുക**

മനുഷ്യാ അത്യാധുനിക സൗകര്യങ്ങൾ നാൾക്കുനാൾ വർദ്ധിച്ചുകൊണ്ടിരിക്കുന്ന ലോകത്തെ ഭൗതിക സുഖങ്ങളിൽ മതിമറന്ന് പരലോകം മറക്കാതിരിക്കുക, ഭൗതിക സുഖങ്ങൾ നശ്വരവും, മനുഷ്യനെ നാശത്തിലേക്ക് നയിക്കുന്നതുമാണ്. അതല്ലെ ഖുർആൻ നമ്മെ പഠിപ്പിക്കുന്നത്:

﴿ٱعْلَمُوٓا۟ أَنَّمَا ٱلْحَيَوٰةُ ٱلدُّنْيَا لَعِبٌ وَلَهْوٌ وَزِينَةٌ وَتَفَاخُرٌۢ بَيْنَكُمْ وَتَكَاثُرٌ فِى ٱلْأَمْوَٰلِ وَٱلْأَوْلَـٰدِ ۖ كَمَثَلِ غَيْثٍ أَعْجَبَ ٱلْكُفَّارَ نَبَاتُهُۥ ثُمَّ يَهِيجُ فَتَرَىٰهُ مُصْفَرًّا ثُمَّ يَكُونُ حُطَـٰمًا ۖ وَفِى ٱلْـَٔاخِرَةِ عَذَابٌ شَدِيدٌ وَمَغْفِرَةٌ مِّنَ ٱللَّهِ وَرِضْوَٰنٌ ۚ وَمَا ٱلْحَيَوٰةُ ٱلدُّنْيَآ إِلَّا مَتَـٰعُ ٱلْغُرُورِ ﴿٢٠﴾﴾

(നിങ്ങൾ അറിയുക: ഇഹലോകജീവിതമെന്നാൽ കളിയും വിനോദവും അലങ്കാരവും നിങ്ങൾ പരസ്പരം ദുരഭിമാനം നടിക്കലും സ്വത്തുകളിലും സന്താനങ്ങളിലും പെരുപ്പം കാണിക്കലും മാത്രമാണ്- ഒരു മഴ പോലെ. അതു മൂലമുണ്ടായ ചെടികൾ കർഷകരെ ആശ്ചര്യപ്പെടുത്തി. പിന്നീടതിന് ഉണക്കം ബാധിക്കുന്നു. അപ്പോൾ അത് മഞ്ഞനിറം പൂണ്ടതായി നിനക്ക് കാണാം. പിന്നീടതു തുരുമ്പായിപ്പോകുന്നു. എന്നാൽ പരലോകത്ത് (ദുർവൃത്തർക്ക്) കഠിനമായ ശിക്ഷയും (സദ്വൃത്തർക്ക്) അല്ലാഹുവിങ്കൽ നിന്നുള്ള പാപമോചനവും പ്രീതിയും ഉണ്ട്.. ഐഹികജീവിതം വഞ്ചനയുടെ വിഭവമല്ലാതെ മറ്റൊന്നുമല്ല.) (ഹദീദ്: 20).

**സ്വർഗം സ്വയം നിഷിദ്ധമാക്കാതിരിക്കുക:**

﴿إِنَّهُۥ مَن يُشْرِكْ بِٱللَّهِ فَقَدْ حَرَّمَ ٱللَّهُ عَلَيْهِ ٱلْجَنَّةَ وَمَأْوَىٰهُ ٱلنَّارُ ۖ وَمَا لِلظَّـٰلِمِينَ مِنْ أَنصَارٍ ﴿٧٢﴾﴾

അല്ലാഹുവിന്റെ വിശാലമായ സ്വർഗം അവനിൽ ശിർക്ക് ചെയ്തുകൊണ്ട് സ്വയം നിഷിദ്ധമാക്കാതിരിക്കുക, കാരണം: (അല്ലാഹുവോട് വല്ലവനും പങ്കുചേർക്കുന്ന പക്ഷം തീർച്ചയായും അല്ലാഹു അവന് സ്വർഗം നിഷിദ്ധമാക്കുന്നതാണ്. നരകം അവന്റെ വാസസ്ഥലമായിരിക്കുകയും ചെയ്യും. അക്രമികൾക്ക് സഹായികളായി ആരും തന്നെയില്ല എന്നാണ്... (മാഇദ: 72)



# പ്രാർത്ഥനയുടെ മര്യാദകൾ


ഇസ്ലാമിൽ പ്രാർത്ഥനക്ക് വളരെ പ്രാധാന്യമുണ്ട്. പ്രാർത്ഥനയില്ലാത്ത ഒരു കർമ്മവും ആരാധനയാവുകയില്ല. പ്രാർത്ഥന ഉൾപ്പെട്ടെങ്കിൽ മാത്രമേ അത് ആരാധനയായി തീരുകയുള്ളൂ. വിശുദ്ധ ഖുർആനും തിരുസുന്നത്തും നിരന്തരം പ്രാർത്ഥിക്കുവാനായി പ്രേരിപ്പിക്കുന്നുണ്ട്. അല്ലാഹു പറയുന്നു:

(നിങ്ങളുടെ രക്ഷിതാവ് പറഞ്ഞിരിക്കുന്നു: നിങ്ങൾ എന്നോട് പ്രാർത്ഥിക്കൂ. ഞാൻ നിങ്ങൾക്ക് ഉത്തരം നൽകാം, എന്നെ ആരാധിക്കാതെ അഹങ്കാരം നടിക്കുന്നവരാരോ അവർ വഴിയെ നിന്ദ്യരായിക്കൊണ്ട് നരകത്തിൽ പ്രവേശിക്കുന്നതാണ്; തീർച്ച)

അല്ലാഹുവിനോട് നാം പ്രാർത്ഥിച്ചില്ലെങ്കിൽ അവൻ നമ്മെ പരിഗണിക്കുകയില്ല. അല്ലാഹു പറയുന്നു:

﴿قُلْ مَا يَعْبَؤُا بِكُمْ رَبِّي لَوْلَا دُعَاؤُكُمْ ۝٧٧﴾

(നബിയെ), പറയുക: നിങ്ങളുടെ പ്രാർത്ഥനയില്ലെങ്കിൽ എൻെറ രക്ഷിതാവ് നിങ്ങൾക്ക് എന്ത് പരിഗണന നൽകാനാണ്'' (ഫുർഖാൻ:77)



പ്രാർത്ഥന കൊണ്ട് അല്ലാഹുവിൻെറ വിധിപോലും തടയുമെന്ന് പ്രവാചകൻ(ﷺ) നമ്മെ പഠിപ്പിക്കുന്നു.സൽമാൻ(ﷺ)വിൽ നിന്ന് നിവേദനം: പ്രവാചകതിരുമേനി (ﷺ) പറഞ്ഞു: പ്രാർത്ഥന കൊണ്ടല്ലാതെ വിധി തടുക്കുകയില്ല''(തിർമിദി)

ഇതിൽ നിന്ന് പ്രാർത്ഥനയുടെ മഹത്വവും, ശ്രേഷ്ഠതയും നമുക്ക് ഗ്രഹിക്കുവാൻ സാധിക്കുന്നതാണ്. പ്രാർത്ഥിക്കുവാൻ പ്രവാചകൻﷺ നമുക്ക് ചില മര്യാദകൾ പഠിപ്പിച്ച് തന്നിട്ടുണ്ട് അവയിൽ ചിലത് താഴെ കൊടുക്കട്ടെ.

## പ്രാർത്ഥനയുടെ മര്യാദകൾ:

1- നിഷ്കളങ്കത.

2- അല്ലാഹുവിനെ സ്തുതിക്കുകയും പ്രകീർത്തിക്കുകയും, പ്രവാചകൻെറ മേൽ സ്വലാത്ത് ചൊല്ലുകയും ചെയ്ത് കൊണ്ട് ആരംഭിക്കുകയും, അവസാനിപ്പിക്കുകയും ചെയ്യുക.

3- നിരന്തരം പ്രാർത്ഥിക്കുക, ധൃതികൂട്ടാതിരിക്കുകയും, ഉത്തരം ലഭിക്കുമെന്ന് ദൃഢമായി വിശ്വസിക്കുകയും ചെയ്യുക.

4- ഐശ്വര്യത്തിലും, ബുദ്ധിമുട്ടുള്ള വേളകളിലും പ്രാർത്ഥിക്കുക. അല്ലാഹുവിനോട് മാത്രം പ്രാർത്ഥിക്കുക.

5-കുടുംബത്തിനും, സമ്പത്തിനും, സന്താനങ്ങൾക്കും, സ്വന്തത്തിനും എതിരെ പ്രാർത്ഥിക്കാതിരിക്കുക.

6-തെറ്റു ചെയ്തിട്ടുണ്ടെങ്കിൽ അത് തിരിച്ചറിഞ്ഞ് കൊണ്ട് അതിന് വേണ്ടി അല്ലാഹുവിനോട് പശ്ചാതാപിക്കുക. നൽകിയിട്ടുള്ള അനുഗ്രഹങ്ങൾ തിരിച്ചറിഞ്ഞ് അതിന് നന്ദി ചെയ്യുക.

7-ഖിബ്ലയിലേക്ക് മുന്നിടുകയും, ഓരോ പ്രാർത്ഥനയും മൂന്ന് പ്രാവശ്യം ആവർത്തിക്കുകയും കൈകൾ ഉയർത്തുകയും ചെയ്യുക.

8- തൻെറ ഭക്ഷണവും, പാനീയവും,വസ്ത്രവും അനുവദനീയമായ സമ്പത്ത് കൊണ്ടുള്ളതാക്കി തീർക്കുക.

9-അല്ലാഹുവിൻെറ ഭംഗിയുള്ള നാമങ്ങൾ ഉന്നതമായ വിശേഷണങ്ങൾ എന്നിവ കൊണ്ടോ, അല്ലെങ്കിൽ നിർവ്വഹിച്ചിട്ടുള്ള സൽകർമ്മങ്ങൾ കൊണ്ടോ, അതുമല്ലെങ്കിൽ ജീവിച്ചിരിക്കുന്ന സ്വാലിഹീങ്ങളായ നല്ല വ്യക്തികളുടെ പ്രാർത്ഥനകൾ കൊണ്ടോ അല്ലാഹുവിലേക്ക് വസീലതേടുക.

10-ഹൃദയത്തിൽ തട്ടിക്കൊണ്ട് ഭയഭക്തിയോടെ ശബ്ദം താഴ്ത്തി പ്രാർത്ഥിക്കുക.

11-നിർബന്ധമായ കർമ്മങ്ങൾക്ക് പുറമെ ധാരാളം സുന്നത്തായ കാര്യങ്ങൾ ചെയ്യുന്നത് പ്രാർത്ഥനക്ക് ഉത്തരം ലഭിക്കുവാൻ കാരണമാകും.

12-വളരെ രഹസ്യമായി പ്രാർത്ഥിക്കുക.

13-വിശുദ്ധഖുർആനും തിരുസുന്നത്തും പഠിപ്പിച്ച് തന്നിട്ടുള്ള പ്രാർത്ഥനകൾ പ്രാർത്ഥിക്കുക.

14-പ്രാർത്ഥിക്കുന്നതിന് ശേഷം തൻെറ ആവശ്യത്തിന് യോജിക്കുന്ന അല്ലാഹുവിൻെറ വിശേഷണങ്ങൾ പറയുക. ഉദാഹരണമായി: അല്ലാഹുവെ നീ എൻെറ പാപങ്ങൾ പൊറുത്ത് തരേണമേ, കാരണം നീ ഗഫൂറാ (എല്ലാം പൊറുക്കുന്നവൻ)കുന്നു. എന്നിങ്ങനെ പ്രാർത്ഥിക്കുക.

15-കഴിയുമെങ്കിൽ വുളൂഅ് ചെയ്ത് പ്രാർത്ഥിക്കുക.

16-ചെറിയതും വലുതുമായ എല്ലാ കാര്യങ്ങളും ചോദിക്കുക.

17-നന്മ കൽപിക്കുകയും തിന്മ വിരോധിക്കുകയും ചെയ്യുക.

18-എല്ലാ തിന്മകളിൽ നിന്നും വിട്ട് നിൽക്കുക.

## പ്രാർത്ഥനക്ക് ഉത്തരം ലഭിക്കുന്ന സമയങ്ങൾ, സ്ഥലങ്ങൾ, സന്ദർഭങ്ങൾ:

1-സുജൂദിൻെറ വേളയിൽ.

2-ലൈലതുൽ ഖദ്റിൽ.

3-രാത്രിയുടെ അന്ത്യയാമത്തിൽ.

4-ബാങ്കിൻെറയും ഇഖാമത്തിൻെറയും ഇടയിൽ.

5-വെള്ളിയാഴ്ചയിലെ ഉത്തരം ലഭിക്കുന്ന സമയം. (ഏറ്റവും പ്രബലമായ അഭിപ്രായത്തിൽ ആ സമയം: ഇമാം ഖുതുബ പറയുവാൻ ഇരുന്നത് മുതൽ നമസ്കാരം കഴിയുന്നത് വരെ, അല്ലെങ്കിൽ അസറിന് ശേഷമുള്ള അവസാനത്തെ ഒരു മണിക്കൂർ എന്നിവയാണ്)

6-നിർബ്ബന്ധ നമസ്കാരത്തിന് ബാങ്ക് വിളിക്കുന്നതിന് മുമ്പും, അതിന് ശേഷവും.

7-അറഫയിൽ അറഫാദിനത്തിലുള്ള പ്രാർത്ഥന.

8-അത്യാവശ്യ മുള്ളവൻെറ പ്രാർത്ഥന.

9-നമസ്കാരത്തിൽ അവസാന തശഹുദിന് ശേഷം സലാം വീട്ടുന്നതിന് മുമ്പായി പ്രാർത്ഥിക്കുന്നത് ഉത്തരം ലഭിക്കുവാൻ കാരണമായി തീരും.

10-പ്രഭാതത്തിൽ കോഴികൂവുന്ന സന്ദർഭത്തിൽ പ്രാർത്ഥിക്കുക. കാരണം കോഴി കൂവുന്നത് മലക്കുകളെ കണ്ടിട്ടാണെന്ന് മുസ്‌ലിം ഉദ്ദരിക്കുന്ന ഹദീസിൽ കാണാം. ആ സന്ദർഭത്തിൽ പ്രാർത്ഥിക്കുവാൻ പ്രവാചകൻ (ﷺ) നമ്മോട് നിർദ്ദേശിക്കുന്നു.

11- നോമ്പ്കാരൻ നോമ്പ് തുറക്കുന്ന വേളയിൽ.

12- യാത്രാ വേളയിൽ.

13- യുദ്ധം ചെയ്യുന്നയവസരത്തിലുള്ള പ്രാർത്ഥന.

14- മഴ വർഷിക്കുമ്പോൾ.

15- സഫാ മർവ്വായിലുള്ള പ്രാർത്ഥന.

16- ജംറത്തു സുഗ്റാ, വുസ്ഥാ എന്നിവയിൽ എറിഞ്ഞതിന് ശേഷം.

17- ഫർള് നമസ്കാരങ്ങൾക്ക് ശേഷം പ്രാർത്ഥിക്കുക.

18- സംസം വെള്ളം കുടിക്കുമ്പോൾ നല്ല ഉദ്ദേശത്തോടെ പ്രാർത്ഥിക്കുക.

19- ഹജ്ജും, ഉംറയും ചെയ്യുന്ന വേളകളിൽ.

20- രോഗികളെ സന്ദർശിക്കുമ്പോഴുള്ള പ്രാർത്ഥന.

21- വുളുവോട് കൂടി ഉറങ്ങി എഴുന്നേൽക്കുമ്പോഴുള്ള പ്രാർത്ഥന.

22- ഒരു മുസ്‌ലിം മറ്റൊരു മുസ്‌ലിമിൻെറ അസാന്നിദ്ധ്യത്തിൽ അദ്ദേഹത്തിന് വേണ്ടി പ്രാർത്ഥിക്കുന്നത്.

23- സന്താനങ്ങൾ മാതാപിതാക്കൾക്കും, മാതാപിതാക്കൾ സന്താനങ്ങൾക്കും വേണ്ടി പ്രാർത്ഥിക്കുന്നത്.



**മൂന്നാളുകളുടെ പ്രാർത്ഥന തടയപ്പെടുകയില്ല:**

1-നോമ്പ് തുറക്കുന്നത് വരെയുള്ള നോമ്പുകാരൻെറ പ്രാർത്ഥന.

2-നീതിമാനായ ഭരണാധികാരിയുടെ പ്രാർത്ഥന.

3-അക്രമിക്കപ്പെട്ടവൻെറ പ്രാർത്ഥന (തിർമിദി)

**മൂന്ന് പ്രാർത്ഥനകൾക്ക് ഉത്തരം ലഭിക്കും:**

1-അക്രമിക്കപ്പെട്ടവൻെറ പ്രാർത്ഥന.

2-യാത്രക്കാരൻെറ പ്രാർത്ഥന.

3-പിതാവ് തൻെറ സന്താനത്തിന് വേണ്ടി പ്രാർത്ഥിക്കുന്നത്. (ഒരു മുസ്‌ലിം എപ്പോഴും പ്രാർത്ഥിക്കണം. എന്നാൽ ഈ സമയങ്ങളും, സ്ഥലങ്ങളും, സന്ദർഭങ്ങളും ഉത്തരം ലഭിക്കുവാൻ കൂടുതൽ സാധ്യതയുള്ളതാണ്)

**പ്രാർത്ഥനക്ക് ഉത്തരം തടയുന്ന കാര്യങ്ങൾ:**

1-നിഷിദ്ധമായ സമ്പാദ്യം കൊണ്ടുള്ള ഭക്ഷണം, പാനീയം, വസ്ത്രം എന്നിവ ഉപയോഗിച്ച് കൊണ്ടുള്ള പ്രാർത്ഥനക്ക് അല്ലാഹു ഉത്തരം നൽകുകയില്ല.

2-കുടുംബ ബന്ധം മുറിക്കുവാനോ, സമ്പത്ത് നശിക്കുവാനോ വേണ്ടിപ്രാർത്ഥിച്ചാൽ അതിന് ഉത്തരം ലഭിക്കുകയില്ല.

3-നിഷിദ്ധമായ കാര്യങ്ങൾ ചെയ്യുന്നതിന് വേണ്ടി പ്രാർത്ഥിക്കുന്നതിനും, അതിര് കടന്ന പ്രാർത്ഥനക്കും ഉത്തരം ലഭിക്കുകയില്ല.

(ഉദാ: അബ്ദുല്ലാഇബ്നു മുഖഫ്ഫലി(ﷺ)ൻെറ മകൻ പ്രാർത്ഥിക്കുന്നതായി അദ്ദേഹം കേട്ടു; അല്ലാഹുവെ, ഞാൻ സ്വർഗത്തിൽ പ്രവേശിക്കുകയാണെങ്കിൽ എനിക്ക് സ്വർഗത്തിൻെറ വലത് ഭാഗത്ത് വെളുത്ത ഒരു കൊട്ടാരം നിർമ്മിച്ച് തരേണമേ'' ഇത് കേട്ടപ്പോൾ അദ്ദേഹം പറഞ്ഞു:കുഞ്ഞുമോനേ, അല്ലാഹുവിനോട് സ്വർഗം ചോദിക്കുക, നരകത്തിൽ നിന്നുള്ള മോചനവും ചോദിക്കുക. കാരണം ഞാൻ പ്രവാചകൻ(ﷺ)യിൽ നിന്ന് കേട്ടിട്ടുണ്ട് ഈ സമുദായത്തിൽ നിന്ന് ഒരു വിഭാഗം ശുദ്ധി വരുത്തുന്നതിലും, പ്രാർത്ഥിക്കുന്നതിലും അതിരുകടക്കുന്നതാണ്'' (അഹ്മദ്, അബൂദാവൂദ്)

**വിശുദ്ധഖുർആനിലെ ചില പ്രാർത്ഥനകൾ:**

﴿رَبَّنَآ إِنَّنَآ ءَامَنَّا فَٱغۡفِرۡ لَنَا ذُنُوبَنَا وَقِنَا عَذَابَ ٱلنَّارِ ١٦﴾

ഞങ്ങളുടെ നാഥാ, ഞങ്ങളിതാ വിശ്വസിച്ചിരിക്കുന്നു. അതിനാൽ ഞങ്ങളുടെ പാപങ്ങൾ പൊറുത്തുതരികയും, നരകശിക്ഷയിൽ നിന്ന് ഞങ്ങളെ രക്ഷിക്കുകയും ചെയ്യേണമേ'' (ആലുഇംറാൻ:16)

﴿قَالَ رَبِّ هَبۡ لِي مِن لَّدُنكَ ذُرِّيَّةٗ طَيِّبَةًۖ إِنَّكَ سَمِيعُ ٱلدُّعَآءِ ٣٨﴾



എന്റെ രക്ഷിതാവെ, എനിക്ക് നീ നിന്റെ പക്കൽ നിന്ന് ഒരു ഉത്തമ സന്താനത്തെ നൽകേണമേ. തീർച്ചയായും നീ പ്രാർത്ഥന കേൾക്കുന്നവനാണല്ലോ''. (ആലുഇംറാൻ:38)

﴿رَبَّنَا ٱغْفِرْ لَنَا وَلِإِخْوَٰنِنَا ٱلَّذِينَ سَبَقُونَا بِٱلْإِيمَٰنِ وَلَا تَجْعَلْ فِى قُلُوبِنَا غِلًّا لِّلَّذِينَ ءَامَنُوا۟ رَبَّنَآ إِنَّكَ رَءُوفٌ رَّحِيمٌ ﴿١٠﴾﴾

ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങൾക്കും സത്യവിശ്വാസത്തോടെ ഞങ്ങൾക്ക് മുമ്പ് കഴിഞ്ഞ് പോയിട്ടുള്ള ഞങ്ങളുടെ സഹോദരങ്ങൾക്കും നീ പൊറുത്ത് തരേണമേ. സത്യവിശ്വാസം സ്വീകരിച്ചവരോട് ഞങ്ങളുടെ മനസ്സുകളിൽ നീ ഒരു വിദ്വേഷവും ഉണ്ടാക്കരുതേ. ഞങ്ങളുടെ രക്ഷിതാവേ, തീർച്ചയായും നീ ഏറെ ദയയുള്ളവനും കരുണാനിധിയുമാകുന്നു. (അൽ ഹശ്ർ:10)

﴿رَبَّنَا لَا تُزِغْ قُلُوبَنَا بَعْدَ إِذْ هَدَيْتَنَا وَهَبْ لَنَا مِن لَّدُنكَ رَحْمَةً إِنَّكَ أَنتَ ٱلْوَهَّابُ ﴿٨﴾﴾

(ഞങ്ങളുടെ നാഥാ, ഞങ്ങളെ നീ സന്മാർഗ്ഗത്തിലാക്കിയതിന് ശേഷം ഞങ്ങളുടെ മനസ്സുകളെ നീ തെറ്റിക്കരുതേ. നിന്റെ അടുക്കൽ നിന്നുള്ള കാരുണ്യം ഞങ്ങൾക്ക് നീ പ്രദാനം ചെയ്യേണമേ. തീർച്ചയായും നീ അത്യധികം ഔദാര്യവാനാകുന്നു.'' (ആലുഇംറാൻ:8)

﴿رَبَّنَآ إِنَّكَ مَن تُدْخِلِ ٱلنَّارَ فَقَدْ أَخْزَيْتَهُۥ وَمَا لِلظَّٰلِمِينَ مِنْ أَنصَارٍ ﴿١٩٢﴾ رَّبَّنَآ إِنَّنَا سَمِعْنَا مُنَادِيًا يُنَادِى لِلْإِيمَٰنِ أَنْ ءَامِنُوا۟ بِرَبِّكُمْ فَـَٔامَنَّا ۚ رَبَّنَا فَٱغْفِرْ لَنَا ذُنُوبَنَا وَكَفِّرْ عَنَّا سَيِّـَٔاتِنَا وَتَوَفَّنَا مَعَ ٱلْأَبْرَارِ ﴿١٩٣﴾ رَبَّنَا وَءَاتِنَا مَا وَعَدتَّنَا عَلَىٰ رُسُلِكَ وَلَا تُخْزِنَا يَوْمَ ٱلْقِيَٰمَةِ ۗ إِنَّكَ لَا تُخْلِفُ ٱلْمِيعَادَ ﴿١٩٤﴾﴾

ഞങ്ങളുടെ രക്ഷിതാവേ, നീ വല്ലവനെയും നരകത്തിൽ പ്രവേശിപ്പിച്ചാൽ അവനെ നീ നിന്ദ്യനാക്കിക്കഴിഞ്ഞു. അക്രമികൾക്ക് സഹായികളായി ആരുമില്ലതാനും. ഞങ്ങളുടെ രക്ഷിതാവെ, സത്യവിശ്വാസത്തിലേക്ക് ക്ഷണിക്കുന്ന ഒരു പ്രബോധകൻ നിങ്ങൾ നിങ്ങളുടെ രക്ഷിതാവിൽ വിശ്വസിക്കുവിൻ' എന്നു പറയുന്നത് ഞങ്ങൾ കേട്ടു. അങ്ങനെ ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു. ഞങ്ങളുടെ രക്ഷിതാവേ, അതിനാൽ ഞ ങ്ങളുടെ പാപങ്ങൾ ഞങ്ങൾക്ക് നീ പൊറുത്തു തരികയും ഞങ്ങളുടെ തിന്മകൾ ഞങ്ങളിൽ നിന്നു മായ്ച്ചുകളയുകയും ചെയ്യേണമേ. പുണ്യവാന്മാരുടെ കൂട്ടത്തിലായി ഞങ്ങളെ നീ മരിപ്പിക്കുകയും ചെയ്യേണമേ. ഞങ്ങളുടെ രക്ഷിതാവെ, നിന്റെ ദൂതന്മാർ മുഖേന ഞങ്ങളോട് നീ വാഗ്ദാനം ചെയ്തത് ഞങ്ങൾക്ക് നൽകുകയും, ഉയിർത്തെഴുന്നേൽപിന്റെ നാളിൽ ഞങ്ങൾക്കു നീ നിന്ദ്യത വരുത്താതിരിക്കുകയും ചെയ്യേണമേ. നീ വാഗ്ദാനം ലംഘിക്കുകയില്ല; തീർച്ച'' (ആലുഇംറാൻ:192-194)

﴿رَبَّنَآ ءَاتِنَا فِى ٱلدُّنْيَا حَسَنَةً وَفِى ٱلْـَٔاخِرَةِ حَسَنَةً وَقِنَا عَذَابَ ٱلنَّارِ ﴿٢٠١﴾﴾

(ഞങ്ങളുടെ രക്ഷിതാവെ, ഞങ്ങൾക്ക് ഇഹലോകത്ത് നീ നല്ലത് തരേണമേ, പരലോകത്തും നീ നല്ലത് തരേണമേ. നരകശിക്ഷയിൽ നിന്ന് ഞങ്ങളെ കാത്തുരക്ഷിക്കുകയും ചെയ്യേണമേ) (അൽ ബഖറ:201)

﴿رَبَّنَا لَا تُؤَاخِذْنَآ إِن نَّسِينَآ أَوْ أَخْطَأْنَا ۚ رَبَّنَا وَلَا تَحْمِلْ عَلَيْنَآ إِصْرًا كَمَا حَمَلْتَهُۥ عَلَى ٱلَّذِينَ مِن قَبْلِنَا ۚ رَبَّنَا وَلَا تُحَمِّلْنَا مَا لَا طَاقَةَ لَنَا بِهِۦ ۖ وَٱعْفُ عَنَّا وَٱغْفِرْ لَنَا وَٱرْحَمْنَآ ۚ أَنتَ مَوْلَىٰنَا فَٱنصُرْنَا عَلَى ٱلْقَوْمِ ٱلْكَٰفِرِينَ ﴿٢٨٦﴾﴾

ഞങ്ങളുടെ നാഥാ, ഞങ്ങൾ മറന്ന് പോവുക യോ, ഞങ്ങൾക്ക് തെറ്റ് പറ്റുകയോ, ചെയ് തുവെങ്കിൽ ഞങ്ങളെ നീ ശിക്ഷിക്കരുതേ, ഞങ്ങളുടെ നാഥാ, ഞങ്ങളുടെ മുൻഗാമി കളുടെ മേൽ നീ ചുമത്തിയതുപോലുള്ള ഭാരം ഞങ്ങളുടെ മേൽ നീ ചുമത്തരുതേ, ഞങ്ങളുടെ നാഥാ, ഞങ്ങൾക്ക് കഴിവി ല്ലാത്തത് ഞങ്ങളെ നീ വഹിപ്പിക്കരുതേ. ഞങ്ങൾക്ക് മാപ്പ്നൽകുകയും, കരുണ കാണിക്കുകയും ചെയ്യേണമേ, നീയാണ് ഞങ്ങളുടെ രക്ഷാധികാരി, അതുകൊണ്ട് സത്യ നിഷേധികളായ ജനതക്കെതിരായി നീ ഞങ്ങളെ സഹായിക്കേണമേ.) (അൽ ബഖറ:286)

﴿رَبَّنَا ظَلَمْنَآ أَنفُسَنَا وَإِن لَّمْ تَغْفِرْ لَنَا وَتَرْحَمْنَا لَنَكُونَنَّ مِنَ ٱلْخَٰسِرِينَ ٢٣﴾

(ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങൾ ഞങ്ങളോട് തന്നെ അക്രമം ചെയ്തിരിക്കു ന്നു. നീ ഞങ്ങൾക്ക് പൊറുത്തു തരികയും, കരുണകാണിക്കുകയും ചെയ്തില്ലെങ്കിൽ തീർച്ചയായും ഞങ്ങൾ നഷ്ടം പറ്റിയവരു ടെ കൂട്ടത്തിലായിരിക്കും.'' (അഹ്റാഫ്:23)

﴿رَبَّنَا ٱصْرِفْ عَنَّا عَذَابَ جَهَنَّمَ ۖ إِنَّ عَذَابَهَا كَانَ غَرَامًا ٦٥ إِنَّهَا سَآءَتْ مُسْتَقَرًّا وَمُقَامًا ٦٦﴾

ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങളിൽ നി ന്ന് നരകശിക്ഷ നീ ഒഴിവാക്കി തരേണമേ, തീർച്ചയായും അതിലെ ശിക്ഷ വിട്ടൊഴി യാത്ത വിപത്താകുന്നു. തീർച്ചയായും അത് (നരകം) ചീത്തയായ ഒരു താവളവും പാർപ്പി ടവും ത ന്നെയാകുന്നു'' (ഫുർഖാൻ:65-66)





# സമയത്തിന്റെ വില

അല്ലാഹുവിന് സ്തുതി,

സമയം കാതലാണ്. പാഴാക്കിക്കളയാനോ അവഗണിച്ചു തള്ളാനോ പാടില്ലാത്ത വിധം അമൂല്യമാണത്. സമയത്തിന്റെ കാര്യത്തിൽ ശ്രദ്ധ കാണിക്കുന്നവനാണ് വിവേകി. വില കുറഞ്ഞ വസ്തുക്കളും വ്യർഥ സംസാരങ്ങളും കൊണ്ട് നിറക്കേണ്ട ഒരു പാത്രമായി അവൻ അതിനെ കണക്കാക്കുകയില്ല.

പകരം, അല്ലാഹുവിനെ തൃപ്തിപ്പെടുത്തുന്നതും ജനങ്ങൾക്ക് ഉപകാരമുള്ളതുമായ കാര്യങ്ങൾക്കായി അവൻ അതിനെ വിനിയോഗിക്കും. ജീവിതത്തിലെ ഓരോ നിമിഷത്തിനും സ്വന്തം പദവി അൽപാൽപമായി ഉയർത്താനും തന്റെ ചുറ്റുപാടുള്ള ജനങ്ങളെ ആനന്ദിപ്പിക്കാനുമുള്ള സ്രോതസ്സുണ്ട്. ഏറ്റവും ഉന്നതമായ പദവി കരസ്ഥമാക്കലും ജനങ്ങളെ അത്യധികം സന്തോഷിപ്പിക്കലുമാണ് നിന്റെ ലക്ഷ്യമെങ്കിൽ നീ വിശ്രമത്തെ മറന്നേക്കുക. ഫലശൂന്യമായ ഉല്ലാസങ്ങളെ തിരസ്കരിക്കുകയും ചെയ്യുക. ഒരു നിമിഷം കൊണ്ട് നിനക്ക് ധാരാളം നന്മകൾ പ്രവർത്തിച്ച് വളരെയധികം പ്രതിഫലം കരസ്ഥമാക്കാം. വെറും ഒരു നിമിഷ നേരം

കൊണ്ടുള്ള ദാനധർമ്മത്തിലൂടെയും, പഠനത്തിലൂടെയും, മനഃപാഠത്തിലൂടെയും, സൽകർമ്മങ്ങൾക്കായി പരിശ്രമിക്കുന്നതിലൂടെയും, നിന്റെ ജീവിതത്തിലെ ആ ഒരു നിമിഷം പാഴായി പോയിട്ടില്ലെന്ന് നിനക്ക് ഉറപ്പു വരുത്താം. ഒരു നിമിഷത്തെ ഏറ്റവും ഫലപ്രദമായി എങ്ങിനെ വിനിയോഗിക്കാമെന്നും സൂക്ഷിക്കാമെന്നും നീ മനസ്സിലാക്കുകയാണെങ്കിൽ, നിന്റെ സൽകർമങ്ങളുടെ പുസ്തകത്തിൽ ആ ഒരു നിമിഷം രേഖപ്പെടുത്തപ്പെട്ടേക്കും. ഓരോ നിമിഷവും ഏറ്റവും ഫലപ്രദമായി വിനിയോഗിക്കാൻ പരിശ്രമിക്കുക. നീ അത് മറന്നു പോകുകയാണെങ്കിൽ, ഏറ്റവും സുപ്രധാനമായ ഒരു കാര്യമാണ് നീ മറന്നത്ഃ അതായത് ആത്യന്തിക സത്യം. അല്ലാഹുവിന്റെ അനുമതിയോടെ, ഒരു മിനുട്ട് നേരം കൊണ്ട് ചെയ്യാവുന്ന കാര്യങ്ങളുടെ ഒരു പട്ടികയാണ് താഴെ വരുന്നത്ഃ

1. അൽപം വേഗതയിലും, ശബ്ദമുയർത്താതെയും ഓതുകയാണെങ്കിൽ, ഒരു മിനുട്ട് നേരം കൊണ്ട് നിനക്ക് മൂന്നു തവണ സൂറതുൽ ഫാതിഹ ഓതാൻ സാധിക്കും. ഒരു തവണ ഫാതിഹ ഓതിയാൽ അറുനൂറിലധികം നന്മകൾ രേഖപ്പെടുത്തുമെന്നാണ് ഫാതിഹ ഓതുന്നതിന്റെ പ്രതിഫലമായി ചില പണ്ഡിതന്മാർ പറഞ്ഞത്. അപ്പോൾ മൂന്നു തവണ ഓതുകയാണെങ്കിൽ, അല്ലാഹുവിന്റെ അനുമതിയോടു കൂടി, 1800 ലധികം നന്മകൾ കരസ്ഥമാക്കാൻ സാധിക്കും. എല്ലാം ഒരു മിനുട്ട് നേരം കൊണ്ട്.

2. അൽപം വേഗതയിലും, ശബ്ദമുയർത്താതെയും ഓതുകയാണെങ്കിൽ, ഒരു മിനുട്ട് നേരം കൊണ്ട് നിനക്ക് 20 തവണ സൂറതുൽ ഇഖ്ലാസ് ഓതാൻ സാധിക്കും. സൂറതുൽ ഇഖ്ലാസ് ഖുർആനിന്റെ മൂന്നിലൊന്നാണ്. അപ്പോൾ, 20 തവണ ഓതുകയാണെങ്കിൽ, അത് ഖുർആൻ മുഴുവൻ ഏഴ് തവണയോളം ഓതുന്നതിന് തുല്യമാണ്. എല്ലാ ദിവസവും ഒരു മിനിട്ടിൽ 20 തവണ ഓതുകയാണെങ്കിൽ, ഒരു മാസം 600 തവണയും, ഒരു വർഷം 7200 തവണയും ഓതാൻ സാധിക്കും. അതായത് ഒരു വർഷം 2400 തവണ ഖുർആൻ മുഴുവൻ ഓതുന്നതിന്റെ പ്രതിഫലം.

3. ഒരു മിനുട്ട് നേരം കൊണ്ട് നിനക്ക് ഖുർആനിലെ ഒരു പേജ് ഓതാൻ സാധിക്കും.

4. ഒരു മിനുട്ട് നേരം കൊണ്ട് നിനക്ക് ഖുർആനിലെ ഒരു ചെറിയ വചനം മനഃപാഠമാക്കാൻ സാധിക്കും.

5. ഒരു മിനുട്ട് നേരം കൊണ്ട് നിനക്ക്

لاَ إِلَهَ إِلاَّ اللهُ وَحْدَهُ لاَ شَرِيكَ لَهُ المُلكُ وَلَهُ الحَمْدُ
وَهُوَ عَلَى كُلِّ شَيْءٍ قَدِير

(അല്ലാഹുവല്ലാതെ ആരാധനക്കർഹനില്ല. അവൻ ഏകനും പങ്കുകാരില്ലാത്തവനുമാണ്. രാജാധിപത്യം അവനാണ്. എല്ലാ സ്തുതിയും അവനു തന്നെ അവൻ എല്ലാ കാര്യത്തിനും കഴിവുള്ളവനത്രെ.) എന്ന് 20 തവണ പറയാൻ സാധിക്കും. ഇത് 10 തവണ പറഞ്ഞാലുള്ള പ്രതിഫലം ഇസ്മാഈൽ സന്തതികളിൽ പെട്ട 4 അടിമകളെ അല്ലാഹുവിന്റെ പ്രീതിലക്ഷ്യം വെച്ചു കൊണ്ട് മോചിപ്പിച്ചതിന് തുല്യമാണ്.

6. ഒരു മിനുട്ട് നേരം കൊണ്ട് നിനക്ക്

سُبْحَانَ اللهِ وَبِحَمْدِهِ

(അല്ലാഹുവിനെ സ്തുതിക്കുന്നതോടൊപ്പം അവന്റെ പരിശുദ്ധിയെ വാഴ്ത്തുന്നു.) എന്ന് 100 തവണ പറയാൻ സാധിക്കും. ഇത് പറഞ്ഞവന്റെ പാപങ്ങൾ സമുദ്രത്തിലെ നുരയോളമുണ്ടെങ്കിലും, പൊറുക്കപ്പെടും.

7. ഒരു മിനുട്ട് നേരം കൊണ്ട് നിനക്ക്

سُبْحَانَ اللهِ وَبِحَمْدِهِ سُبْحَانَ اللهِ العَظِيم

(അല്ലാഹുവിനെ സ്തുതിക്കുതോടൊപ്പം അവന്റെ പരിശുദ്ധിയെ വാഴ്ത്തുന്നു. മഹാനായ അല്ലാഹു പരിശുദ്ധൻ) എന്ന് 50 തവണ പറയാൻ സാധിക്കും. നാവുകൾക്ക് ഭാരം കുറഞ്ഞതും, തുലാസുകളിൽ ഘനം തൂങ്ങുന്നതും, പരമകാരുണികന് ഏറ്റവും പ്രിയങ്കരവുമായ രണ്ട് വാചകങ്ങളാണിത്. ബുഖാരിയും മുസ്‌ലിമും റിപ്പോർട്ട് ചെയ്ത ഹദീസിൽ അപ്രകാരം കാണാം.

8. നബി(ﷺ) പറഞ്ഞു: സൂര്യോദയം അനുഭവിക്കുന്ന ഏതൊരു വസ്തുവിനേക്കാളും ഞാനിഷ്ടപ്പെടുത് 'സുബ്ഹാനല്ലാഹ്, വൽ ഹംദു ലില്ലാഹ്, വലാ ഇലാഹ ഇല്ലല്ലാഹു, വല്ലാഹു അക്ബർ' (അല്ലാഹു പരിശുദ്ധൻ, അല്ലാഹുവിനാകുന്നു സർവ സ്തുതിയും, അല്ലാഹുവല്ലാതെ ആരാധനക്കർഹനില്ല, അല്ലാഹുവാണ് ഏറ്റവും വലിയവൻ) എന്ന് ഉരുവിടുന്നതിനെയാണ്. (മുസ്‌ലിം ഉദ്ധരിച്ച ഹദീസ്) ഒരു മിനുട്ട് കൊണ്ട് ഇവ 18 ലധികം തവണ പറയാൻ സാധിക്കും. ഈ വാക്കുകൾ അല്ലാഹുവിന് ഏറ്റവും പ്രിയങ്കരവും, ഏറ്റവും ഉത്തമവും, നന്മയുടെ തുലാസിൽ ഘനം തൂങ്ങുന്നതുമാണ്. സ്വഹീഹായ ഹദീസുകളിൽ വന്നതാണിത്.

9. ഒരു മിനുട്ട് നേരം കൊണ്ട് നിനക്ക്

لاَ حَوْلَ وَ لاَ قُوَّةَ إِلاَّ بِاللهِ

(അല്ലാഹുവിനല്ലാതെ കഴിവും ശക്തിയുമില്ല) എന്ന് 40 ലധികം തവണ പറയാൻ സാധിക്കും. ബുഖാരിയിലെയും മുസ്‌ലിമിലെയും റിപ്പോർട്ടനുസരിച്ച് ഇത് സ്വർഗത്തിലെ ഖജനാവുകളിൽപ്പെട്ട ഒരു ഖജനാവാണ്. പ്രയാസങ്ങൾ ദൂരീകരിക്കുതിനും മഹത്തായ കാര്യങ്ങൾ ലക്ഷ്യം വെക്കുന്നതിനുമുള്ള ഒരു മാർഗമാണിത്.

10. ഒരു മിനുട്ട് നേരം കൊണ്ട് നിനക്ക്

لاَ إِلَهَ إِلاَّ اللهُ

(അല്ലാഹുവല്ലാതെ ആരാധനക്കർഹനില്ല) എന്ന് 50 ഓളം തവണ പറയാൻ സാധിക്കും. തൗഹീദിന്റെ വചനമായത് കൊണ്ട് തന്നെ ഇത് ഏറ്റവും ഉന്നതമായ വചനമാണ്. മാത്രമല്ല, ഈ വചനത്തിന് മഹത്വവും ദൃഢതയുമുണ്ട്. ആരുടെയെങ്കിലും അവസാനത്തെ വാക്കുകൾ ഇതായാൽ, അവൻ സ്വർഗത്തിൽ പ്രവേശിക്കും. ഈ വാക്കുകളുടെ മഹത്വം വിവരിക്കുന്ന മറ്റു ധാരാളം റിപ്പോർട്ടുകളുണ്ട്.

11. ഒരു മിനുട്ട് നേരം കൊണ്ട് നിനക്ക്

سُبْحَانَ اللهِ وَبِحَمْدِهِ عَدَدَ خَلْقِهِ و رِضا نَفْسِهِ
وَزِنَةَ عَرْشِهِ وَمِدادَ كَلِماَتِهِ

(അല്ലാഹുവിനെ സ്തുതിക്കുതോടൊപ്പം അവന്റെ പരിശുദ്ധിയെ വാഴ്ത്തുന്നു. അവന്റെ സൃഷ്ടികളുടെ എണ്ണത്തോളം, അവന്റെ മനസ്സിന്റെ തൃപ്തിയോളം, അവന്റെ സിംഹാസനത്തിന്റെ ഭാരത്തോളം, അവന്റെ വചനങ്ങളുടെ അളവോളം) എന്ന് 15 തവണയിലധികം പറയാൻ സാധിക്കും. പ്രവാചകൻ(ﷺ)യിൽ നിന്നും സ്വഹീഹായി വന്ന ഹദീസുകളനുസരിച്ച് വിവിധ രൂപത്തിലുള്ള തസ്ബീഹിനും ദിക്റിനും ഒട്ടനവധി പ്രതിഫലങ്ങൾ വാഗ്ദാനം ചെയ്തതായി കാണാം.

12. ഒരു മിനുട്ട് നേരം കൊണ്ട് നിനക്ക്

اَسْتَغْفِرُ اللهَ

(ഞാൻ അല്ലാഹുവോട് പാപമോചനം തേടുന്നു.)എന്ന് 100 തവണയിലധികം പറഞ്ഞു കൊണ്ട് അല്ലാഹുവോട് പാപമോചനം തേടാൻ സാധിക്കും. പാപമോചനം തേടുന്നതിന്റെ മഹത്വങ്ങൾ നിഗൂഢമല്ല. കാരണം, അവ പാപമോചനം ലഭിക്കുന്നതിനും സ്വർഗപ്രവേശനത്തിനുമുള്ള മാർഗമാണ്. മാത്രമല്ല, അത് നല്ലൊരു ജീവിതം നയിക്കുന്നതിനും, ദൃഢത വർദ്ധിപ്പിക്കുതിനും, പ്രയാസങ്ങൾ അകറ്റുന്നതിനും, കാര്യങ്ങൾ എളുപ്പമാകുന്നതിനും, മഴ ലഭി



ക്കുന്നതിനും, സമ്പത്തും സന്താനങ്ങളും വർദ്ധിപ്പിക്കുന്നതിനും ഉപകരിക്കും.

13. ഒരു മിനുട്ട് നേരം കൊണ്ട് നിനക്ക് ലഘുവും സംക്ഷിപ്തവുമായ ഏതാനും വാക്കുകൾ പറയാം. സങ്കൽപിക്കാൻ പോലും സാധിക്കാത്തത്ര നന്മകൾ അതിലൂടെ അല്ലാഹു നിനക്ക് കൊണ്ടു വന്നേക്കും.

14. ഒരു മിനുട്ട് നേരം കൊണ്ട്

صَلَّى اللهُ عَلَيهِ وَسَلَّم

(അല്ലാഹുവിന്റെ അനുഗ്രഹവും സമാധാനവും അവിടുത്തെ മേലുണ്ടാകട്ടെ) എന്ന് 50 തവണ നബിയുടെ മേൽ സ്വലാത്ത് ചൊല്ലാൻ നിനക്കാകും. പകരം, നിന്റെ മേൽ അല്ലാഹു 500 അനുഗ്രഹങ്ങൾ ചൊരിയും. കാരണം, ഒരു സ്വലാത്തിന് പകരമായി തുല്യമായ പത്ത് അനു ഗ്രഹങ്ങളാണ് ലഭിക്കുക.

15. ഒരു നിമിഷ നേരം കൊണ്ട് അല്ലാഹുവിന് ശുക്ർ ചെയ്യാനും, അവനെ സ്നേഹിക്കാനും, ഭയപ്പെടാനും, അവനിൽ പ്രതീക്ഷയർപ്പിക്കാനും, ഹൃദയത്തെ പ്രേരിപ്പിക്കാൻ സാധിക്കും.അങ്ങനെ, ഉബൂദിയ്യത്തിന്റെ ഘട്ടങ്ങളിലൂടെ നിനക്ക് സഞ്ചരിക്കാം. കട്ടിലിൽ കിടക്കുമ്പോഴും, തെരുവിലൂടെ നടക്കുമ്പോഴും ഇത് പ്രാവർത്തികമാക്കാൻ സാധിക്കും.

16. എളുപ്പം ഗ്രഹിക്കാവുന്ന ഒരു ഗ്രന്ഥത്തിലെ രണ്ടിലധികം പേജുകൾ ഒരു നിമിഷ നേരം കൊണ്ട് വായിക്കാം.

17. ഒരു മിനുട്ട് നേരം കൊണ്ട് ഫോണിൽ ഒരു ബന്ധുവിനെ വിളിച്ച് കുടുംബ ബന്ധം നിലനിർത്താം.

18. ഒരു മിനുട്ട് നേരം കൊണ്ട് പ്രാർത്ഥനയുടെ പുസ്തകത്തിൽ നിന്നും ഇഷ്ടമുള്ള ഏതെങ്കിലും ഒരു പ്രാർത്ഥന കൈകളുയർത്തിക്കൊണ്ട് പ്രാർത്ഥിക്കാം.

19. ഒരു മിനുട്ട് നേരം കൊണ്ട് ധാരാളമാളുകൾക്ക് സലാം പറയുകയും ഹസ്തദാനം നടത്തുകയും ചെയ്യാം.



20. ഒരു മിനുട്ട് നേരം കൊണ്ട് ഒരു തിന്മയെ തടുക്കാം.

21. ഒരു മിനുട്ട് നേരം കൊണ്ട് ഏതെങ്കിലും ഒരു നന്മ കൽപിക്കാം.

22. ഒരു മിനുട്ട് നേരം കൊണ്ട് നിന്റെ ഒരു സഹോദരന് സദുപദേശം നൽകാം.

23. ഒരു മിനുട്ട് നേരം കൊണ്ട് പ്രയാസത്തിലകപ്പെട്ട ഒരു സഹോദരനെ ആശ്വസിപ്പിക്കാം.

24. ഒരു മിനുട്ട് നേരം കൊണ്ട് വഴിയിൽ നിന്നും എന്തെങ്കിലും ഉപദ്രവം നീക്കാം.

25. ഒരു മിനുട്ട് നേരം ഏറ്റവും നന്നായി പ്രയോജനപ്പെടുത്തുത് മൂലം ബാക്കിയുള്ള സമയങ്ങൾ പാഴാകാതെ ശ്രദ്ധിക്കും.

ഇമാം ശാഫിഈ(റ) പറഞ്ഞു: ജനങ്ങൾ ഉറങ്ങാൻ പോകുമ്പോൾ, ഞാൻ എന്റെ കണ്ണുകളെ കരയാൻ വിടുകയും ഏറ്റവും വാചാലമായ ഒരു വരി കവിത ചൊല്ലുകയും ചെയ്യും. എന്റെ വിജ്ഞാനത്തിൽ യാതൊരു അഭിവൃദ്ധിയുമില്ലാതെ രാത്രികൾ ഇങ്ങനെ കടന്നു പോകുന്നത് വ്യർത്ഥമല്ലേ? എങ്കിലും ഈ സമയങ്ങൾ എന്റെ ജീവിതത്തിന്റെ ഭാഗ മായിട്ടാണ് എണ്ണപ്പെടുന്നത്.

അവസാനമായി, നിഷ്കളങ്കമായി നീ അല്ലാഹുവിങ്കലേക്ക് അടുക്കുകയും അവനെക്കുറിച്ച് കൂടുതൽ അറിയുകയും ചെയ്യുതിനനുസരിച്ച് നിന്റെ നന്മകളും പ്രതിഫലവും വർദ്ധിക്കും.

ഇതിൽ പ്രതിപാദിച്ച ഭൂരിഭാഗം കർമങ്ങളും പ്രയാസമില്ലാത്തവയാണ്. അവയ്ക്ക് ശുദ്ധിയുടെ ആവശ്യമില്ല. മാത്രമല്ല, ചെയ്തു തളരുന്നതോ, കഠിനാദ്ധ്വാനം ആവശ്യമുള്ളതോ ആയ കർമങ്ങളുമല്ല. മറിച്ച്, നടന്നു കൊണ്ടും, വാഹനത്തിലായിരിക്കുമ്പോഴും, കിടന്നു കൊണ്ടും, നിന്നു കൊണ്ടും, ഇരുന്നു കൊണ്ടും, ആരെയെങ്കിലും കാത്തു നിൽക്കുമ്പോഴും ചെയ്യാവുവയാണ്.

ആനന്ദ ലബ്ധിക്കും, ഹൃദയവിശാലതക്കും, പ്രയാസ ദൂരീകരണത്തിനും ഉതകുന്ന ഏറ്റവും ഉത്തമമായ മാർഗങ്ങളാണ് ഈ കർമങ്ങൾ. അല്ലാഹു ഇഷ്ടപ്പെടുകയും തൃപതിപ്പെടുകയും ചെയ്യുന്നത് പ്രവർത്തിക്കാൻ അവൻ നമ്മെ ഏവരെയും സഹായിക്കുമാറാകെട്ട. നമ്മുടെ പ്രവാചകനായ മുഹമ്മദ് നബി(ﷺ)ന്റെ മേൽ അല്ലാഹു അനുഗ്രഹം ചൊരിയട്ടെ..



# താങ്കൾ ഉത്തമസ്വഭാവത്തിന്റെ ഉടമയാകുന്നു

ആദരണീയമായ സ്വഭാവഗുണങ്ങൾ അമ്പിയാക്കളുടേയും സിദ്ധീഖുകളുടേയും സ്വാലിഹുകളുടേയും സവിഷേതയാണ്. ഉന്നതമായ സ്ഥാനമാനങ്ങളിലേക്കുയരാൻ സൽസ്വഭാവങ്ങൾ കൊണ്ടാണ് സാധിതമാകുന്നത്. മഹിതമായ സ്വഭാവങ്ങളും വിശിഷ്ടമായ മര്യദകളും ഒത്തിണങ്ങിയവരായിരുന്നു പ്രവാചക തിരുമേനി. വിശുദ്ധ ഖുർആനിൽ അല്ലാഹു പ്രത്യേകം പ്രസ്താവിച്ചിട്ടുണ്ട്.

﴿وَإِنَّكَ لَعَلَىٰ خُلُقٍ عَظِيمٍ ٤﴾

തീർച്ചയായും നീ മഹത്തായ സ്വഭാവത്തിൽ തന്നെയാകുന്നു.'' (ഖലം: 4)

മനുഷ്യർക്കിടയിൽ പരസ്പര സ്നേഹവും ഐക്യവുമുണ്ടാക്കുന്നതിൽ സൽസ്വഭാവങ്ങൾക്ക് മുഖ്യമായ പങ്കുണ്ട്. എന്നാൽ ദുസ്സ്വഭാവങ്ങളാകട്ടെ, സമൂഹത്തിൽ പകയും വിദ്വേഷവും അകൽച്ചയുമാണ് മുളപ്പിച്ചുണ്ടാക്കുന്നത്.

ജീവിതത്തിൽ സ്വഭാവഗുണങ്ങൾ കാത്തുസൂക്ഷിക്കാൻ നബി(ﷺ) ഏറെ പ്രോത്സാഹിപ്പിച്ചിട്ടുണ്ട്. ധർമ്മനിഷ്ഠയേയും സ്വഭാവനിഷ്ഠയേയും ഒരേ വരിയിൽ ചേർത്തു പറഞ്ഞ ഒരു തിരുമൊഴിയുണ്ട്.

തഖ്‌വയും സൽസ്വഭാവവുമാണ് ജനങ്ങളെ ഏറ്റവും കൂടുതൽ സ്വർഗത്തിൽ പ്രവേശിപ്പിക്കുന്നവ.'' (തിർമിദി, ഹാകിം)

എന്താണ് സൽസ്വഭാവത്തിന്റെ ലക്ഷണങ്ങൾ? മുഖപ്രസന്നത, നൻകളുടെ കൈമാറ്റം, ജനദ്രോഹ വൃത്തികളിൾ നിന്നുള്ള അകൽച്ച, മൃദുലഭാഷണം, കോപം അടക്കിവെക്കൽ, പ്രയാസങ്ങളിൽ ക്ഷമകൈക്കൊള്ളൽ തുടങ്ങിയവയൊക്കെ സൽസ്വഭാവത്തിന്റെ ലക്ഷണങ്ങളാണ്.

മഹാനായ പ്രവാചക തിരുമേനി അബൂഹുറയ്റ(ﷺ)ക്ക് നൽകിയ വിശുദ്ധമായൊരുപദേശം ഹദീസിൽ വന്നിട്ടുണ്ട്.

നബി(ﷺ)ഒരിക്കൽ പറഞ്ഞു: ഹേ, അബൂഹുറയ്റാ! നീ സൽസ്വഭാവം കാത്തുസൂക്ഷിക്കുക. അദ്ദേഹം ചോദിച്ചു: അല്ലാഹുവിന്റെ റസൂലേ, സൽസ്വഭാവം എന്നാൽ എന്താണ്? തിരുമേനി അരുളി: ബന്ധവിച്ഛേദം നടത്തിയവനുമായി നീ ബന്ധം സ്ഥാപിക്കുക, നിന്നെ ദ്രോഹിച്ചവനോട് വിട്ടുവീഴ്ച ചെയ്യുക, നിനക്ക് ഉപകാരം ചെയ്യാത്തവനും നീ നൽകിക്കൊണ്ടിരിക്കുക.'' (ബൈഹഖി)

സൽസ്വഭാവത്തിന് അനിതരമായ സ്വധീനശേഷിയുണ്ട്. അതി മഹത്തായ പ്രതിഫലമാണ് ആദരണീയമായ സ്വഭാവങ്ങളുടെ ഉടമക്ക് അല്ലാഹു നിശ്ചയിച്ചിട്ടുള്ളത്. നബി(ﷺ) പറഞ്ഞു:

ആയിശ(رضي الله عنها)യിൽ നിന്ന് നിവേദനം: തിരുദൂതൻ(ﷺ) പറയുന്നത് ഞാൻ കേട്ടു. ഒരു സത്യവിശ്വാസിക്ക് തന്റെ സൽസ്വഭാവം കൊണ്ട് (സദാ) വ്രതമനുഷ്ഠിക്കുകയും നമസ്കരിക്കുകയും ചെയ്യുന്നവന്റെ പദവികളാർജ്ജിക്കാൻ കഴിയും.'' (അഹ്മദ്)

സൽഗുണങ്ങൾ ജീവിതത്തിന്റെ ഭാഗമായി കാത്തുസൂക്ഷിക്കുന്നത് ഈമാനിന്റെ സമ്പൂർണ്ണതയായി പ്രവാചകൻ മറ്റൊരിക്കൽ വിശദീകരിച്ചിട്ടുണ്ട്. അതിങ്ങനെ:

അബൂഹുറയ്റ(رضي الله عنه)യിൽ നിന്ന് നിവേദനം: റസൂൽ(ﷺ)അരുളി: അവരിൽ വെച്ച് ഏറ്റവും സ്വഭാവവൈശിഷ്ട്യമുള്ളവരാണ് സത്യവിശ്വാസികളിൽ പരിപൂർണ്ണർ.'' (അഹ്മദ്, അബൂദാവൂദ്)

സൽസ്വഭാവത്തിന്റെ മഹിമ പറയുമ്പോൾ പ്രാധാന്യപൂർവം എടുത്തുദ്ധരിക്കേണ്ട പ്രവാചകമൊഴിയാണ് താഴെ:

നബി തിരുമേനി(ﷺ) അരുളി: അല്ലാഹുവിന്ന് ഏറ്റവും കൂടുതൽ ഇഷ്ടമുള്ളത് ജനങ്ങളിലെ ഉപകാരികളെയാണ്. അവരിലെ ഏറ്റവും സൽകർമ്മം ഒരു മുസ്‌ലിമിന് സന്തോഷം പകരലാണ്. അല്ലെങ്കിൽ പ്രയാസം നീക്കലാണ്. അവന്റെ കടബാധ്യത തീർത്തുകൊടുക്കുക, അതുമല്ലെങ്കിൽ അവന്റെ വിശപ്പടക്കാൻ ഭക്ഷണം നൽകുക. എന്റെയൊരു മുസ്‌ലിം സഹോദരന്റെ ആവശ്യനിർവഹണത്തിനായി ഓടിനടക്കലാണ് ഒരു മാസം ഞാൻ പള്ളിയിൽ ഇഅ്തികാഫിരിക്കുന്നതിനേക്കാൾ എനിക്ക് പ്രിയം.'' (ത്വബ്റാനി)

വിനയവും ലാളിത്യവും ജീവിതത്തിന്റെ ഭാഗമാക്കാൻ കൽപിക്കപ്പെട്ടവനാണ് മുസ്‌ലിം. നൻയുടെ തുലാസിൽ പ്രതിഫലത്തിന്റെ ഘനം കൂട്ടാൻ അവ ഉപകരിക്കുമെന്നതു കൊണ്ടാണത്. നിസ്സാരമെന്ന് ഗണിക്കപ്പെടുന്ന കാര്യങ്ങളിലെ നൻകളെപ്പോലും പ്രവാചക തിരുമേനി(ﷺ) പ്രാധാന്യപൂർവം ഉണർത്തിയതായി കാണാനാകും. രണ്ട് തിരുമൊഴികൾ വായിക്കുക:

ഒരു നല്ല വാക്ക് ധർമ്മമാണ്.'' (ബുഖാരി, മുസ്‌ലിം)

നിന്റെ സഹോദരന്റെ മുഖത്തു നോക്കിയുള്ള നിന്റെ പുഞ്ചിരി ധർമ്മമാണ്.'' (തിർമിദി)

അതെ, പണമോ, അധ്വാനമൊ ചെലവഴിക്കേണ്ടതില്ലാത്ത ഒരു മന്ദസ്മിതത്തിന് പോലും നൻയുടെ തുലാസിൽ സ്വദഖയുടെ പ്രതിഫലം രേഖപ്പെടുത്തും എന്നത്രെ പ്രവാചകമൊഴിയുടെ സാരം.

സൽസ്വഭാവങ്ങളിലേക്ക് ഉത്തേജനം നൽകുന്നതും, സഹന സമീപനങ്ങളെ പ്രോ

ത്സാഹിപ്പിക്കുന്നതുമായ ഒട്ടേറെ നബി വചനങ്ങൾ ഹദീസു ഗ്രന്ഥങ്ങളിൽ കാണാം. സ്വന്തത്തോടും, പത്നിമാരോടും, അയൽവാസികളോടും, അശരണരായ മുസ്‌ലിംകളോടും, അറിവില്ലാത്ത ജനതയോടും അമുസ്‌ലിംകളോടും നബി തിരുമേനി(ﷺ) വെച്ചു പുലർത്തിയ സ്വഭാവ മര്യാദകൾ ആർക്കും പിന്തുടരാവുന്ന അനന്യമാതൃകയാണ്.

﴿وَلَا يَجْرِمَنَّكُمْ شَنَـَٔانُ قَوْمٍ عَلَىٰٓ أَلَّا تَعْدِلُوا۟ ۚ ٱعْدِلُوا۟ هُوَ أَقْرَبُ لِلتَّقْوَىٰ ۖ وَٱتَّقُوا۟ ٱللَّهَ ۚ إِنَّ ٱللَّهَ خَبِيرٌۢ بِمَا تَعْمَلُونَ ﴿٨﴾﴾

ഒരു ജനതയോടുള്ള അമർഷം നീതി പാലിക്കാതിരിക്കാൻ നിങ്ങൾക്ക് പ്രേരകമാകരുത്. നിങ്ങൾ നീതി പാലിക്കുക. അതാണ് ധർമ്മനിഷ്ഠയോട് ഏറ്റവും അടുത്തത്'' (മാഇദ:8) എന്ന ഖുർആനിക നിർദ്ദേശത്തെ നബി(ﷺ) കൃത്യമായും പാലിച്ചിരുന്നു.

സൽസ്വഭാവത്തിന്റെ ഭാഗമായി ഒട്ടേറെ ലക്ഷണങ്ങൾ നമുക്ക് എണ്ണിപ്പറയാനാകും. മുസ്‌ലിമെന്ന നിലക്ക് അവയെ മനസ്സിലാക്കാനും ജീവിതത്തിൽ പാലിക്കാനും നാം തയ്യാറാകണം. ലജ്ജാശീലം, ദ്രോഹനടപടികളിൽ നിന്ന് മാറിനിൽക്കൽ, നന്മ നടപ്പിലാക്കുന്നതിന് അധ്വാനിക്കൽ, സംസാരത്തിൽ സത്യസന്ധത കാത്തുസൂക്ഷിക്കൽ, സംസാരം മിതമാക്കൽ, അധ്വാനശീലം വർധിപ്പിക്കൽ, പിഴവുകൾ വരാതെ ശ്രദ്ധിക്കൽ, അനാവശ്യ കാര്യങ്ങളിൽ ഇടപെടാതിരിക്കൽ തുടങ്ങിയവയൊക്കെ സൽഗുണങ്ങളുടെ ഭാഗങ്ങളാണ്. പുണ്യം, വിനയം, ക്ഷമ, നന്ദി, തൃപ്തി, സഹനം, ദയ, വ്യക്തിത്വ സംരക്ഷണം, സഹാനുഭൂതി തുടങ്ങിയ കാര്യങ്ങളും സൽസ്വഭാവങ്ങൾതന്നെ. ആരേയും ശപിക്കാതിരിക്കുക, അധിക്ഷേപിക്കാതിരിക്കുക, ഏഷണിയും പരദൂഷണവും പറയാതിരിക്കുക, പക, ലുബ്ധത, അസൂയ മുതലായവ ഇല്ലാതിരിക്കുക, മൃദുലമായ പെരുമാറ്റവും സുതാര്യമായ സമീപനങ്ങളും സ്വീകരിക്കുക, ആരെ സ്നേഹിക്കുന്നതും ആരോട് കോപിക്കുന്നതും അല്ലാഹുവിന്റെ ആദർശക്കാര്യത്തിലും അവന്റെ പ്രീതി പ്രതീക്ഷിച്ചും മാത്രമാവുക തുടങ്ങിയ സംഗതികളും മുസ്‌ലിമിന്റെ ജീവിതത്തിൽ കാണപ്പടേണ്ട സ്വഭാവമര്യാദകളാണ്.

സകലമാന ദുർഗുണങ്ങളുടേയും അടിസ്ഥാന സ്രോതസ്സ് അഹന്ത, പരനിന്ദ, നീചമനസ്ഥിതി എന്നിവയാണെങ്കിൽ മുഴുവൻ സൽഗുണങ്ങളുടേയും അടിസ്ഥാനകേന്ദ്രം ദൈവഭയവും ഉയർന്ന മനസ്ഥിതിയുമാണ്. പൊങ്ങച്ചം, നിഷേധം, അതിരുവിട്ട ആഹ്ലാദം, താൻപോരിമ, അസൂയ, അനീതി, ഡംബ്, അക്രമം, പരുഷത, അസഹിഷ്ണുത, ധാർഷ്ട്യം, ഉപദേശം സ്വീകരിക്കായ്ക, ആത്മപ്രശംസ, സ്ഥാന-നേതൃത്വ മോഹം, ചെയ്യാത്ത പ്രവർത്തനത്തിന് പുകഴ്ത്തപ്പെടണമെന്ന ആഗ്രഹം തുടങ്ങിയ ദുർഗുണങ്ങളൊക്കെ അഹങ്കാരത്തിന്റെ ഉൽപ്പന്നങ്ങളാണ്.

എന്നാൽ കളവ്, നീചത്വം, വഞ്ചന, ലോകമാന്യം, കുതന്ത്രം, ചതി, അത്യാർത്തി, വെപ്രാളം, ഭീരുത്വം, പിശുക്ക്, ദൗർബല്യം, അലസത, അല്ലാഹു അല്ലാത്തവരോടുള്ള വിധേയത്വം, നല്ലതിനെ മാറ്റിനിർത്തി ചീത്തയെ സ്വീകരിക്കുന്ന പ്രവണത തുടങ്ങിയ ദുർഗണങ്ങൾ പരനിന്ദയിൽ നിന്നും നീചമനസ്ഥിതിയിൽ നിന്നുമാണ് ഉടലെടുക്കുന്നത്.

ശ്രേഷ്ഠ സ്വഭാവങ്ങളും നിഷ്ഠകളും പാലിച്ചു കൊണ്ട് പടച്ചതമ്പുരാനിൽ നിന്നും അവക്ക് പ്രതിഫലം കൊതിക്കുന്നത് മാന്യമായ നിലപാടാണ്. സൽസ്വഭാവങ്ങളെ പുണരാനും അവ നിലനിർത്തുന്ന കാര്യത്തിൽ അധ്വാനിക്കാനും നാം ശ്രമിക്കേണ്ടത്. പകയും, വിദ്വേഷവും, കൊള്ളരുതാത്ത



വാക്കുകളും, അനീതിയും, ഏഷണി-പരദൂഷണങ്ങളും, ആർത്തിയും, കുടുംബ വിച്ഛേദവും ജീവിതത്തിലെ സൽഗുണങ്ങളെ നഷ്ടപ്പെടുത്തിക്കളയുന്നതിനെ നാം കരുതിയിരിക്കണം.

അല്ലാഹുവിന്റെ ആഹ്വാനത്തിന് ചെവി കൊടുത്തു കൊണ്ട് അഞ്ചുനേരവും സ്വന്തം മുഖം കഴുകി വൃത്തിയാക്കുന്ന ആളുകൾ പക്ഷെ, തങ്ങളിലള്ളിപ്പിടിച്ച ഭൗതിക മാലിന്യങ്ങളെ, കറുത്ത കളങ്കങ്ങളെ, വെറുക്കപ്പെട്ട സ്വഭാവങ്ങളെ തുടച്ചുമാറ്റി ഹൃദയ ശുദ്ധീകരണം വരുത്താൻ മുന്നോട്ടുവരാറില്ല എന്നത് ഏറെ അത്ഭുതപ്പെടുത്താറുണ്ട്! നാം അങ്ങനെ ആയിക്കൂടാ. കോപം അടക്കിവെക്കാനും, നമുക്ക് ചുറ്റും ജീവിക്കുന്ന മാതാപിതാക്കൾ, ഭാര്യാ സന്താനങ്ങൾ, കൂട്ടുകാർ, പരിചയക്കാർ എന്നിവരോട് നല്ലനിലയിൽ സഹവർത്വത്തിലേർപ്പെടാനും, അവരോട് സൗമ്യമായി സംസാരിക്കാനും, അവരെ പുഞ്ചിരിയോടെ സമീപിക്കാനും നമ്മൾ അതീവ താത്പര്യമെടുക്കണം. പ്രതിഫലാർഹമായ കാര്യങ്ങളാണത്.

നബി(ﷺ)യുടെ ഉൽകൃഷ്ടമായ ഒരു ഉപദേശം ഇത്തരുണത്തിൽ പ്രസ്താവ്യമാണ്. അവിടുന്ന് അരുളി:

എവിടെയായിരുന്നാലും നീ അല്ലാഹുവിനെ സൂക്ഷിക്കുക. തിൻമകൾ ചെയ്തുവെങ്കിൽ അതിനെ മായ്ചുകളയുന്ന നന്മകൾ തുടർന്നു പ്രവർത്തിക്കുക. ജനങ്ങളുമായി നല്ല സ്വഭാവത്തിൽ വർത്തിക്കുകയും ചെയ്യുക.'' (തിർമിദി)

നബിതിരുമേനി(ﷺ) അരുളിയത് വായിക്കുക:

നിശ്ചയം, ഖിയാമത്തുനാളിൽ ഞാനുമായി അടുത്ത ഇരിപ്പിടം ലഭിക്കുന്നവൻ നിങ്ങളിലെ സൽസ്വഭാവക്കാരാണ്.'' (അഹ്മദ്, തിർമിദി, ഇബ്നു ഹിബ്ബാൻ)

പ്രവാചക തിരുമേനി(ﷺ) ലോകത്തിന് പരിചയപ്പെടുത്തിയ ഈ വിഭാഗം ആളുകളുടെ കൂട്ടത്തിൽ പടച്ചതമ്പുരാൻ നമ്മെയെല്ലാം ഉൾപ്പെടുത്തുമാറാകട്ടെ. ആമീൻ



# അല്ലാഹു വെറുക്കുന്നവർ

നമ്മെ ആരും വെറുക്കുന്നത് നാം ഇഷ്ടപ്പെടുന്നില്ല. എല്ലാവരും സ്നേഹിക്കണം എന്നാണ് നമ്മുടെയൊക്കെ ആഗ്രഹം. നമ്മുടെ ജീവിതത്തിൽ മറ്റുള്ളവരുടെ വെറുപ്പ് സമ്പാദിക്കാതിരിക്കാൻ കഴിവിന്റെ പരമാവധി പരിശ്രമിക്കുന്നവരാണ് നാം. മറ്റുള്ളർവർക്ക് വെറുപ്പുണ്ടാക്കുന്ന കാര്യങ്ങൾ ഏതൊക്കെയെന്ന് മനസ്സിലാക്കി തിരുത്താൻ നമ്മൾ തയ്യാറാണ്. എന്നാൽ വിശ്വാസികളായ നാം നമ്മുടെ റബ്ബ് നമ്മെ വെറുക്കരുത് എന്നാഗ്രഹിക്കുകയും റബ്ബ് വെറുക്കുന്ന കാര്യങ്ങൾ കണ്ടെത്തി അവ ജീവിതത്തിൽ നിന്ന് ഒഴിവാക്കാൻ വേണ്ടി പരിശ്രമിക്കാറുണ്ടോ? പ്രവാചകൻ(ﷺ) അല്ലാഹുവിനോട് പ്രാർത്ഥിക്കുന്ന ഒരു പ്രാർത്ഥന കാണുക

സിയാദ്ബ്നു ഇലാഖ തന്റെ പിതൃവ്യനിൽ നിന്ന് ഉദ്ദരിക്കുന്നു നബി(ﷺ) ഇപ്പ്രകാരം പറയാറുണ്ടായിരുന്നു:

اللَّهُمَّ إِنِّي أَعُوذُ بِكَ مِنْ مُنْكَرَاتِ الأَخْلَاقِ، وَالأَعْمَالِ وَالأَهْوَاءِ

അല്ലാഹുവേ, മോശമായ പ്രവർത്തികളിൽ നിന്നും സ്വഭാവത്തിൽ നിന്നും ഇച്ഛകളിൽ നിന്നും ഞാൻ നിന്നോട് ശരണം തേടുന്നു. (തിർമുദി)

മോശമായ പ്രവർത്തികൾ ഏതൊക്കെയെന്ന് അല്ലാഹു ക്വുർആനിലൂടെ നമ്മെ പഠിപ്പിക്കുന്നുണ്ട്. ആ പ്രവർത്തികൾ ചെയ്യുന്നവരെ അല്ലാഹു ഇഷ്ടപെടുന്നില്ല എന്നും അല്ലാഹു പറയുന്നു. അത്തരത്തിലുള്ള അല്ലാഹുവിന് വെറുപ്പുണ്ടാക്കു ചില കാര്യങ്ങളാണ് തഴെ വിവരിക്കുത്. അവിശ്വാസികളെ കുറിച്ച് അല്ലാഹു പറഞ്ഞു:

﴿قُلْ أَطِيعُوا۟ ٱللَّهَ وَٱلرَّسُولَ ۖ فَإِن تَوَلَّوْا۟ فَإِنَّ ٱللَّهَ لَا يُحِبُّ ٱلْكَـٰفِرِينَ ﴿٣٢﴾﴾

പറയുക, നിങ്ങൾ അല്ലാഹുവെയും റസൂലിനെയും അനുസരിക്കുവീൻ ഇനി അവർ പിന്തിരിഞ്ഞുകളയുന്ന പക്ഷം അവിശ്വാസികളെ തീർച്ചയായും അല്ലാഹു ഇഷ്ടപ്പെടുന്നില്ല. (ആലുഇംറാൻ 32)

കുഫ്ർ (അവിശ്വാസം) ഈമാനിന്റെ (വിശ്വാസം) വിപരീത പദമാണ്. അതാണ് മുകളിൽ പറഞ്ഞ ആയത്തിൽ ഉദ്ദേശിക്കപെട്ട കുഫ്ർ. നന്മയും അനുഗ്രഹവും നിഷേധിക്കുക എന്ന അർത്ഥത്തിൽ ഇത് ഉപയോഗിക്കും . കുഫ്ർ എന്ന പദത്തിന്റെ അർത്ഥം മറച്ചു വെക്കുക, മൂടി വെക്കുക എന്നാണ് . മനുഷ്യന് ഒരുപാട് അനുഗ്രഹങ്ങൾ നൽകിയ അല്ലാഹുവിനെ അംഗീകരിക്കാതെ അവന്റെ സൃഷ്ടികളെ വിളിച്ച് പ്രാർത്ഥിക്കുകയും, അവരോട് സഹായം തേടുകയും ചെയ്യുന്നത് ഏറ്റവും വലിയ കുഫ്റാണ്. അങ്ങിനെയുള്ള ആളുകളെ അല്ലാഹു ഇഷ്ടപ്പെടുകയില്ല എന്നാണ് റബ്ബ് വിശദീകരിക്കുന്നത്. അക്രമികളെ കുറിച്ച് അല്ലാഹു പറഞ്ഞു:

﴿إِن يَمْسَسْكُمْ قَرْحٌ فَقَدْ مَسَّ ٱلْقَوْمَ قَرْحٌ مِّثْلُهُۥ ۚ وَتِلْكَ ٱلْأَيَّامُ نُدَاوِلُهَا بَيْنَ ٱلنَّاسِ وَلِيَعْلَمَ ٱللَّهُ ٱلَّذِينَ ءَامَنُوا۟ وَيَتَّخِذَ مِنكُمْ شُهَدَآءَ ۗ وَٱللَّهُ لَا يُحِبُّ ٱلظَّـٰلِمِينَ ﴿١٤٠﴾﴾

നിങ്ങൾക്കിപ്പോൾ കേടുപാടുകൾ പറ്റിയിട്ടുണ്ടെങ്കിൽ (മുമ്പ്) അക്കൂട്ടർക്കും അതുപോലെ കേടുപാടുകൾ പറ്റിയിട്ടുണ്ട്. ആ (യുദ്ധ) ദിവസങ്ങളിലെ ജയപരാജയങ്ങൾ ആളുകൾക്കിടയിൽ നാം മാറ്റിക്കൊണ്ടിരിക്കുന്നതാണ്. വിശ്വസിച്ചവരെ അല്ലാഹു തിരിച്ചറിയുവാനും, നിങ്ങളിൽ നിന്ന് രക്തസാക്ഷികളെ ഉണ്ടാക്കിത്തീർക്കുവാനും കൂടിയാണത്. അല്ലാഹു അക്രമികളെ ഇഷ്ടപ്പെടുകയില്ല. (ആലുഇംറാൻ 140)

ഏറ്റവും വലിയ അക്രമം ബഹുദൈവാരാധനയാണ് .സൂറത്തു ലുക്മാനിൽ നമുക്കിങ്ങനെ കാണാം

﴿وَإِذْ قَالَ لُقْمَـٰنُ لِٱبْنِهِۦ وَهُوَ يَعِظُهُۥ يَـٰبُنَىَّ لَا تُشْرِكْ بِٱللَّهِ ۖ إِنَّ ٱلشِّرْكَ لَظُلْمٌ عَظِيمٌ ﴿١٣﴾﴾

ലുഖ്മാൻ തന്റെ മകന് സദുപദേശം നൽകികൊണ്ടിരിക്കെ അവനോട് ഇപ്രകാരം പറഞ്ഞ സന്ദർഭം (ശ്രദ്ധേയമാകുന്നു:) എന്റെ കുഞ്ഞുമകനേ, നീ അല്ലാഹുവോട് പങ്കു ചേർക്കരുത്. തീർച്ചയായും അങ്ങനെ പങ്കുചേർക്കുന്നത് വലിയ അക്രമം തന്നെയാകുന്നു. (ലുക്മാൻ 13)

അല്ലാഹുവിൽ പങ്കുചേർത്താൽ സ്വർഗം അവന് നിഷിദ്ധമാണെന്ന് നബി (ﷺ) പഠിപ്പിച്ചിട്ടുണ്ട്. ശിർക്ക് ചെയ്യരുത് എന്ന് പഠിപ്പിക്കാനാണ് പ്രവാചകന്മാർ കടന്നുവന്നത്.

## അതിരുകവിയുന്നവരെ.

﴿يَـٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟ لَا تُحَرِّمُوا۟ طَيِّبَـٰتِ مَآ أَحَلَّ ٱللَّهُ لَكُمْ وَلَا تَعْتَدُوٓا۟ ۚ إِنَّ ٱللَّهَ لَا يُحِبُّ ٱلْمُعْتَدِينَ ﴿٨٧﴾﴾

സത്യവിശ്വാസികളേ, അല്ലാഹു നിങ്ങൾക്ക് അനുവദിച്ച് തന്ന വിശിഷ്ടവസ്തുക്കളെ നിങ്ങൾ നിഷിദ്ധമാക്കരുത്. നിങ്ങൾ പരിധി ലംഘിക്കുകയും ചെയ്യരുത്. പരിധി ലംഘിക്കുന്നവരെ അല്ലാഹു ഒട്ടും ഇഷ്ടപ്പെടുകയില്ല. (മാഇദ 87)

അതിരു കവിയൽ എന്ന് പറഞ്ഞാൽ എല്ലാ കാര്യത്തിലും അതിർത്തി വിട്ടു കടക്കലാണ്. ഏതൊരു കാര്യത്തിലും പരിധിവിട്ട് കടക്കാൻ പാടില്ല. ആരാധന രംഗത്തും, കർമ്മരംഗത്തും അല്ലാഹുവും അവന്റെ പ്രവാചകനും പരിധി നിശ്ചയി

ച്ചിട്ടുണ്ട്. അത് വിട്ട് കടക്കൽ വിശ്വാസിക്ക് ചേർതന്നല്ല.

### കുഴപ്പക്കാരെ

﴿وَإِذَا تَوَلَّىٰ سَعَىٰ فِي الْأَرْضِ لِيُفْسِدَ فِيهَا وَيُهْلِكَ الْحَرْثَ وَالنَّسْلَ ۗ وَاللَّهُ لَا يُحِبُّ الْفَسَادَ ﴿٢٠٥﴾﴾

അവർ തിരിച്ചുപോയാൽ ഭൂമിയിൽ കുഴപ്പമുണ്ടാക്കാനും, വിള നശിപ്പിക്കാനും, ജീവനൊടുക്കാനുമായിരിക്കും ശ്രമിക്കുക. കുഴപ്പം അല്ലാഹു ഇഷ്ടപ്പെടുന്നതല്ല.(അൽബഖറ 205)

മറ്റൊരു സ്ഥലത്ത് ഇങ്ങിനെ കാണാം

﴿وَابْتَغِ فِيمَا آتَاكَ اللَّهُ الدَّارَ الْآخِرَةَ ۖ وَلَا تَنسَ نَصِيبَكَ مِنَ الدُّنْيَا ۖ وَأَحْسِن كَمَا أَحْسَنَ اللَّهُ إِلَيْكَ ۖ وَلَا تَبْغِ الْفَسَادَ فِي الْأَرْضِ ۖ إِنَّ اللَّهَ لَا يُحِبُّ الْمُفْسِدِينَ ﴿٧٧﴾﴾

അല്ലാഹു നിനക്ക് നൽകിയിട്ടുള്ളതിലൂടെ നീ പരലോകവിജയം തേടുക. ഐഹികജീവിതത്തിൽ നിന്ന് നിനക്കുള്ള ഓഹരി നീ വിസ്മരിക്കുകയും വേണ്ട. അല്ലാഹു നിനക്ക് നൻമ ചെയ്തത് പോലെ നീയും നൻമചെയ്യുക. നീ നാട്ടിൽ കുഴപ്പത്തിന് മുതിരരുത്. കുഴപ്പമുണ്ടാക്കുന്നവരെ അല്ലാഹു തീർച്ചയായും ഇഷ്ടപ്പെടുന്നതല്ല. (ഖസ്വസ് 77)



കുഴപ്പം പല തരത്തിലുണ്ട്. കുടുംബത്തിൽ, സമൂഹത്തിൽ, പ്രസ്ഥാനങ്ങളിൽ, കലാലയങ്ങളിൽ, അല്ലാഹുവന്റെ ഭവനങ്ങളിൽ. കുഴപ്പമുണ്ടാക്കുന്നവർ എവിടെ കുഴപ്പമുണ്ടാക്കിയാലും കുഴപ്പമുണ്ടാക്കുന്നവരെ അല്ലാഹു ഇഷ്ടപ്പെടുന്നില്ല. നേരായ പാതയിൽ നിന്ന് അതിനെതിരായതിലേക്ക് വ്യതിചലിക്കുന്നതിനാണ് ഫസാദ് (കുഴപ്പം) എന്ന് പറയുന്നത്. സത്യത്തിൽ നിന്ന് അസത്യത്തിലേക്ക് വ്യതിചലിക്കുന്നവരാണ് കുഴപ്പക്കാർ. ഏറ്റവും വലിയ സത്യം എന്നത് ലാഇൗലാഹ ഇല്ലല്ലാ എന്നതാണ്. ഏറ്റവും വലിയ അസത്യം എന്നത് അല്ലാഹുവിനെ കൂടതെ ആരാധ്യന്മാരെ സ്വീകരിക്കലാണ്.

### വഞ്ചകരെ കുറിച്ച് അല്ലാഹു പറഞ്ഞു

﴿إِنَّ اللَّهَ يُدَافِعُ عَنِ الَّذِينَ آمَنُوا ۗ إِنَّ اللَّهَ لَا يُحِبُّ كُلَّ خَوَّانٍ كَفُورٍ ﴿٣٨﴾﴾

തീർച്ചയായും സത്യവിശ്വാസികൾക്ക് വേണ്ടി അല്ലാഹു പ്രതിരോധം ഏർപെടുത്തുന്നതാണ്. നന്ദികെട്ട വഞ്ചകരെയൊന്നും അല്ലാഹു ഇഷ്ടപ്പെടുകയില്ല; തീർച്ച. (അൽഹജ്ജ് 38)

നബി (ﷺ) പറഞ്ഞു: വഞ്ചന കാണിക്കുന്നവൻ നമ്മിൽ പെട്ടവനല്ല. (മുസ്‌ലിം)

ഒരു കാര്യത്തെ മറച്ചു വെക്കലാണ് വഞ്ചന. വിശ്വസ്തതയുടെ വിപരീതമാണന്നത്. നനഞ്ഞ ഗോതമ്പ് അടിയിൽ വെച്ച് കച്ചവടം നടത്തിയവനോട് ഇങ്ങിനെ കച്ചവടം ചെയ്യരുതെന്നും അത് വഞ്ചനയാണെന്നും വഞ്ചന കാണിക്കുവൻ നമ്മിൽ പെട്ടവനല്ലായെന്നും പറഞ്ഞ സംഭവം പ്രസിദ്ധമാണ്.

**അഹങ്കാരികളെ കുറിച്ച് അല്ലാഹു പറഞ്ഞു:**

﴿لَا جَرَمَ أَنَّ ٱللَّهَ يَعْلَمُ مَا يُسِرُّونَ وَمَا يُعْلِنُونَۚ إِنَّهُۥ لَا يُحِبُّ ٱلْمُسْتَكْبِرِينَ ٢٣﴾

അവർ രഹസ്യമാക്കുന്നതും പരസ്യമാക്കുന്നതും അല്ലാഹു അറിയുന്നു എന്നതിൽ യാതൊരു സംശയവുമില്ല. അവൻ അഹങ്കാരികളെ ഇഷ്ടപ്പെടുകയില്ല; തീർച്ച. (നഹ്ൽ: 23)

﴿وَلَا تُصَعِّرْ خَدَّكَ لِلنَّاسِ وَلَا تَمْشِ فِى ٱلْأَرْضِ مَرَحًاۖ إِنَّ ٱللَّهَ لَا يُحِبُّ كُلَّ مُخْتَالٍ فَخُورٍ ١٨﴾

നീ (അഹങ്കാരത്തോടെ) മനുഷ്യരുടെ നേർക്ക് നിന്റെ കവിൾ തിരിച്ചുകളയരുത്. ഭൂമിയിലൂടെ നീ പൊങ്ങച്ചം കാട്ടി നടക്കുകയും അരുത്. ദുരഭിമാനിയും പൊങ്ങച്ചക്കാരനുമായ യാതൊരാളെയും അല്ലാഹു ഇഷ്ടപ്പെടുകയില്ല.( ലുക്മാൻ: 18)

﴿إِنَّ قَٰرُونَ كَانَ مِن قَوْمِ مُوسَىٰ فَبَغَىٰ عَلَيْهِمْۖ وَءَاتَيْنَٰهُ مِنَ ٱلْكُنُوزِ مَآ إِنَّ مَفَاتِحَهُۥ لَتَنُوٓأُ بِٱلْعُصْبَةِ أُو۟لِى ٱلْقُوَّةِ إِذْ قَالَ لَهُۥ قَوْمُهُۥ لَا تَفْرَحْۖ إِنَّ ٱللَّهَ لَا يُحِبُّ ٱلْفَرِحِينَ ٧٦﴾

ഖാറൂൻ മൂസയുടെ ജനത്തിൽ പെട്ടവനായിരുന്നു. പിന്നീടവൻ സ്വജനത്തിനെതിരിൽ ധിക്കാരിയായി. നാം അവന് പെരുത്ത് ഖജനാവുകൾ നൽകിയിരുന്നു. എത്രത്തോളമെന്നാൽ അവയുടെ താക്കോലുകൾ വഹിക്കാൻ ഒരു പറ്റം മല്ലന്മാർ തന്നെ ക്ലേശിച്ചിരുന്നു. അവനോട് അവന്റെ ജനത ഇപ്രകാരം പറഞ്ഞ സന്ദർഭം (ശ്രദ്ധേയമത്രെ): മതിമറക്കല്ലേ മതിമറക്കുന്നവരെ അല്ലാഹു ഇഷ്ടപ്പെടുകയില്ല (ഖസസ്76).

നബി(ﷺ) പറഞ്ഞു: ആരുടെ മനസിലാണോ അണുമണിതൂക്കം അഹങ്കാരമുള്ളത് അവൻ സ്വർഗത്തിൽ പ്രവേശിക്കില്ല. (മുസ്ലിം)

മറ്റു ജനങ്ങളെക്കൾ ഔന്നത്യം നടിക്കലും അവരെ നിന്ദിക്കലുമാണ് അഹങ്കാരം. മനസ്സിനെ പിടികൂടുന്ന മാരകമായ ഒരു രോഗമാണ് കിബ്ർ (അഹങ്കാരം). എന്താണ് കിബ്ർ? നബി(ﷺ ) തന്നെ വിശദീകരിച്ചു

അബ്ദുല്ലാഹിബ്നു മസ്ഊദ്(رضي الله عنه) വിൽ നിന്ന് നിവേദനം നബി(ﷺ) പറഞ്ഞു: അണുമണിത്തൂക്കം കിബ്റ് ഹൃദയത്തിലുള്ളവൻ സ്വർഗത്തിൽ പ്രവേശിക്കുകയില്ല. ഒരാൾ പറഞ്ഞു ഒരു മനുഷ്യൻ തന്റ വസ്ത്രവും ചെരിപ്പും നല്ലതാവണം എന്നു ഇഷ്ടപ്പെടുന്നു. നബി(ﷺ ) പറഞ്ഞു: അല്ലാഹു ഭംഗിയുള്ളവനാണ്, അവൻ ഭംഗിയെ ഇഷ്ടപെടുന്നു. അഹങ്കാരം എന്നത് സത്യത്തെ നിഷേധിക്കലും മറ്റുള്ളവരെ നിന്ദ്യരായി കാണലുമാണ് (മുസ്ലിം)

കിബ്റ് വിശ്വാസികളുടെ സ്വഭാവമല്ല. നിഷേധികളുടെ ഗുണമാണ്. മനുഷ്യാരംഭത്തിൽ തന്നെ ഒരു അഹങ്കാരിയെ അല്ലാഹു പരിചയപ്പെടുത്തി. ആദമിനെ നിങ്ങൾ പ്രണമിക്കുക എന്ന് നാം മലക്കുകളോട് പറഞ്ഞ സന്ദർഭം (ശ്രദ്ധിക്കുക) അവർ പ്രണമിച്ചു. ഇബ്ലീസ് ഒഴികെ, അവൻ വിസമ്മതം പ്രകടിപ്പിക്കുകയും അഹംഭാവം നടിക്കുകയും ചെയ്തു. അവൻ സത്യനിഷേധികളിൽപ്പെട്ടവനാകുന്നു. പിശാച് അഹങ്കാരിയാണെന്ന് അല്ലാഹു പറഞ്ഞുതരുന്നു. അല്ലാഹുവിനോട് മാത്രം പ്രാർത്ഥിക്കണം എന്ന് പറഞ്ഞാൽ അവിശ്വാസികൾ (കാഫിറുകൾ) നൽകുന്ന മറുപടി ക്വുർആൻ പഠിപ്പിക്കുന്നു:

﴿إِنَّهُمْ كَانُوٓا۟ إِذَا قِيلَ لَهُمْ لَآ إِلَٰهَ إِلَّا ٱللَّهُ يَسْتَكْبِرُونَ ﴿٣٥﴾﴾

അല്ലാഹു അല്ലാതെ ഒരു ദൈവവുമില്ല എന്ന് അവരോട് പറയപ്പെട്ടാൽ അവർ അഹങ്കാരം നടിക്കുമായിരുന്നു.(സ്വാഫാത്ത്: 35)

കാഫിറുകൾ എന്ന് ഖുർആൻ വിശദീകരിച്ചവർ അഹങ്കാരി കളായിരുന്നു എന്നു നമുക്ക് കാണാം.

﴿وَقَٰرُونَ وَفِرْعَوْنَ وَهَٰمَٰنَ ۖ وَلَقَدْ جَآءَهُم مُّوسَىٰ بِٱلْبَيِّنَٰتِ فَٱسْتَكْبَرُوا۟ فِى ٱلْأَرْضِ وَمَا كَانُوا۟ سَٰبِقِينَ ﴿٣٩﴾﴾

ഖാറൂനിനെയും ഫിർഔനെയും ഹാമനെയും (നാം നശിപ്പിച്ചു). വ്യക്തമായ തെളിവുകളും കൊണ്ട് മൂസാ അവരുടെ അടുത്ത് ചെല്ലുകയുണ്ടായി. അപ്പോൾ അവർ നാട്ടിൽ അഹങ്കരിച്ചു നടന്നു. അവർ(നമ്മെ) മറികടക്കുന്നവരായില്ല. (അങ്കബൂത്ത് 39)

അഹങ്കാരം വിശ്വാസികളുടെ സ്വഭാവമല്ല. വിശ്വാസികളുടെ സ്വഭാവം അല്ലാഹു വിശദീകരിച്ചു. വിശ്വാസികളുടെ നേതാവായ മുഹമ്മദ് നബിﷺയുടെ സ്വഭാവം സൂറ: അൽ ഖലമിലൂടെ പഠിപ്പിക്കുന്നു.

﴿وَإِنَّكَ لَعَلَىٰ خُلُقٍ عَظِيمٍ ﴿٤﴾﴾

തീർച്ചയായും നീ മഹത്തായ സ്വഭാവത്തിലാകുന്നു (ഖലം 4)

അല്ലാഹുവിന്റ നല്ല അടിമകൾ വിനയമുളളവരായിരിക്കും എന്ന് അല്ലാഹു പറയുന്നു.

﴿وَعِبَادُ ٱلرَّحْمَٰنِ ٱلَّذِينَ يَمْشُونَ عَلَى ٱلْأَرْضِ هَوْنًا وَإِذَا خَاطَبَهُمُ ٱلْجَٰهِلُونَ قَالُوا۟ سَلَٰمًا ﴿٦٣﴾﴾

പരമകാരുണ്യകന്റ ദാസന്മാർ ഭൂമിയിൽ കൂടി വിനയത്തോടെ നടക്കുന്നവരും അവിവേകികൾ തങ്ങളോട് സംസാരിച്ചാൽ സമാധാനപരമായി മറുപടി പറയുന്നവരുമാകുന്നു. (അൽഫുർക്കാൻ /63)

പ്രവർത്തിക്കാത്തതു പറയുന്നവരെ കുറിച്ച് അല്ലാഹു പറയുന്നു:

﴿يَٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟ لِمَ تَقُولُونَ مَا لَا تَفْعَلُونَ ﴿٢﴾﴾

ഹേ വിശ്വസിച്ചവരേ നിങ്ങൾ ചെയ്യാത്തതു നിങ്ങൾ പറയുന്നത് എന്തിനു വേണ്ടിയാണ്. നിങ്ങൾ ചെയ്യാത്തതു പറയുക എന്നത് അല്ലാഹുവിങ്കൽ വളരെ വലിയ ക്രോധകരമായിട്ടുള്ളതാണ്. (അസ്സ്വഫ് 2)

പ്രവർത്തിക്കാത്തതു പറയുക എന്നതു കൊണ്ടുദ്ദേശിക്കുന്നതു ഒരാൾ ഒരു വാഗ്ദാനം ചെയ്തു .അല്ലെങ്കിൽ ഒരു കാര്യം പറഞ്ഞു എന്നിട്ടത് ചെയ്യാതിരിക്കലാണ്. നാം ഗൗരവമായി കണേണ്ട ഒരു വിഷയമാണിത്. ആളുകളോട് ഇസ്ലാമിന്റ വിധിവിലക്കുകളെ കുറിച്ച് പറയുകയും അവ ജീവിതത്തിൽ നിലനിർത്താതിരിക്കുകയും ചെയ്യുക എന്നത് അല്ലാഹുവിന് കോപമുണ്ടാക്കുന്ന വിഷയമാണ്. ഏകദൈവാരാധനയെ കുറിച്ച് പറയുകയും സമാധാനത്തിനുള്ള മാർഗം ആ ദൈവത്തിലേക്കടുക്കലാണെന്ന് പ്രബോധനം നിർവഹിക്കുകയും സ്വന്തം ജീവിതത്തിൽ സമാധാനം ലഭിക്കാൻ വേണ്ടി ജാറങ്ങളും, സിയാറത്ത് കേന്ദ്രങ്ങളും, ആൾ ദൈവങ്ങളെയും സമീപിക്കുകയെന്നത് അല്ലാഹുവിന് അങ്ങേയറ്റം കേപമുണ്ടാക്കുന്നതും വലിയ പാപവുമാണ്.

**അമിതമാക്കുന്നവരെ**

﴿يَٰبَنِيٓ ءَادَمَ خُذُواْ زِينَتَكُمۡ عِندَ كُلِّ مَسۡجِدٖ وَكُلُواْ وَٱشۡرَبُواْ وَلَا تُسۡرِفُوٓاْۚ إِنَّهُۥ لَا يُحِبُّ ٱلۡمُسۡرِفِينَ ٣١﴾

ആദം സന്തതികളേ, എല്ലാ ആരാധനാലയത്തിങ്കലും (അഥവാ എല്ലാ ആരാധനാവേള കളിലും) നിങ്ങൾക്ക് അലങ്കാരമായിട്ടുള്ള വസ്ത്രങ്ങൾ ധരിച്ചുകൊള്ളുക നിങ്ങൾ തിന്നുകയും കുടിക്കുകയും ചെയ്തു കൊള്ളുക. എന്നാൽ നിങ്ങൾ ദുർവ്യയം ചെയ്യരുത്. ദുർവ്യയം ചെയ്യുന്നവരെ അല്ലാഹു ഇഷ്ടപ്പെടുകയേയില്ല. (അൽ അഅ്റാഫ് 31)

അമിതമാക്കൽ എന്നാൽ ഒരു കാര്യത്തിൽ അമിതമാകലും, പരിധിവിടലുമാണ്. ഏതൊരു കാര്യത്തിലും അമിതമാകാൻ പാടില്ല. ആരാധന കാര്യങ്ങളിൽ പോലും. പ്രവാചകന്റ ആരാധന രീതി അന്വേഷിച്ചു വന്ന മൂന്നാളുകൾ റസൂലിന്റ(ﷺ) ആരാധന രീതീകൾ മനസ്സിലാക്കിയപ്പോൾ തീരുമാനമെടുക്കുന്നു. ഇനി ഞാൻ ഉറക്കം പോലും ഒഴിവാക്കി നമസ്ക്കരിക്കും വിവാഹം പോലും കഴിക്കാതെ ഇബാദത്തുകളിൽ മുഴുകും എന്നും നോമ്പനുഷ്ഠിക്കും. എന്നിങ്ങിനെ. അവരെ വിളിച്ച് നബിﷺപറഞ്ഞത് നിങ്ങൾ എന്നിൽ പെട്ടവരല്ല എന്നാണ്. ആരാധനകൾ എങ്ങിനെ നബി(ﷺ ) കാണിച്ചിട്ടുണ്ട് അതു പോലെ പ്രവർത്തിക്കലാണ് വിശ്വാസിയുടെ ബാധ്യത. അമിതമാകൻ പാടില്ല എന്ന് ചുരുക്കം. ആരാധനകൾ മാത്രമല്ല ഭക്ഷണവും, വസ്ത്രവും, പാർപ്പിടവും, എവിടെയും അമിതമാകുന്നത് അല്ലാഹു ഇഷ്ടപെടുന്നില്ല.

**പുളകം കൊള്ളുന്നവരെ കുറിച്ച് അല്ലാഹു പറഞ്ഞു.**

﴿إِنَّ ٱللَّهَ لَا يُحِبُّ ٱلۡفَرِحِينَ ٧٦﴾

നിശ്ചയമായും പുളകം കൊള്ളുന്നവരെ അല്ലാഹു ഇഷ്ടപ്പെടുകയില്ല (അൽ ഖസസ് 76)

ആഗ്രഹിച്ചതു നേടുന്നതു മൂലം ഹൃദയത്തിലുണ്ടാകുന്ന ആസ്വാദനമാണ് പുളകം എന്നാൽ അല്ലാഹുവിന്റ അനുഗ്രഹവും കാരുണ്യവും നിമിത്തം പുളകം കൊള്ളുവാൻ അവൻ കൽപിക്കുന്നുണ്ട്.

﴿قُلۡ بِفَضۡلِ ٱللَّهِ وَبِرَحۡمَتِهِۦ فَبِذَٰلِكَ فَلۡيَفۡرَحُواْ هُوَ خَيۡرٞ مِّمَّا يَجۡمَعُونَ ٥٨﴾

പറയുക: അല്ലാഹുവിന്റ ദയവ് (അഥവാ അനുഗ്രഹം) കൊണ്ടും അവന്റെ കാരുണ്യം കൊണ്ടുമത്രെ അത്. അത് കൊണ്ട് അവർ ആഹ്ലാദിക്കട്ടെ അത് അവൻ ശേഖരിച്ചു (സമ്പാദിച്ചു) കൊണ്ടിരിക്കുന്നതിനേക്കാൾ ഉത്തമമാകുന്നു. (യൂനുസ് 58)

എന്നാൽ അല്ലാഹു ഇഷ്ടപ്പെടാത്ത രീതിയിൽ ആഹ്ലാദിക്കുന്നവർ അഹംഭാവികളും കഠിന ഹൃദയരുമാണ്. അവർ അഹങ്കരിക്കുന്നവരും അല്ലാഹു അവർക്ക് നൽകുന്നതിൽ അത്ഭുതം കൂറുന്നവരുമാണ്. അവർക്ക് ലഭിച്ച അനുഗ്രഹം ഒരിക്കലും നീങ്ങി പോകുകയില്ലെന്നാണ് അവർ വിചാരിക്കുന്നത്. അല്ലാഹു വെറുക്കുന്ന കാര്യങ്ങളിൽ നിന്ന് മാറി നിൽക്കാനും അവൻ ഇഷ്ടപ്പെടുന്ന കാര്യങ്ങൾ പ്രവർത്തിക്കാനും അല്ലാഹു നമ്മെ സഹായിക്കട്ടെ. ആമീൻ...



# രക്തത്തിന്റെയും സമ്പത്തിന്റെയും അഭിമാനത്തിന്റെയും പവിത്രത

നബി(ﷺ ) തന്റെ ഹജ്ജതുൽ വദാഇലെ പ്രസംഗത്തിൽ താഹീദും ഇഖ്ലാസും ഊന്നിപ്പറഞ്ഞ ശേഷം ശക്തിയുക്തം പറഞ്ഞ കാര്യമിതാണ്: അടിമകളുടെ അവകാശങ്ങളെ മാനിക്കുക, രക്തവും സമ്പത്തും അഭിമാനവും പരസ്പരം പവിത്രമായി കണക്കാക്കുക. നബി(ﷺ )യുടെ ഹജ്ജത്തുൽ വദാഇലെ ഖുത്വുബയെ കുറിച്ച് ചിന്തിക്കുന്ന ഒരു വ്യക്തിക് ഇത്തരം വിഷയങ്ങൾക്ക് നബി(ﷺ) നൽകിയ പ്രാധാന്യവും ഗൗരവവും മനസ്സിലാക്കാൻ സാധിക്കും. അതിനാൽ അയ്യാമുത്തശ്‌രീക്കിന്റെ ദിവസങ്ങളിലും ദുൽഹജ്ജ് പത്തിനും അറഫാ ദിനത്തിലും നബി (ﷺ) നടത്തിയ ഖുത്വുബ നമുക്കൊന്ന് പരിശോധിക്കാം.

ജാബിർ (رضي الله عنه)ൽ നിന്ന് നിവേദനം ചെയ്യുന്ന ഹദീസിൽ അദ്ദേഹം പറയുന്നു: ഹജ്ജത്തുൽ വിദാഇന്റെ സന്ദർഭത്തിൽ സൂര്യൻ മധ്യത്തിൽ നിന്ന് തെറ്റിയപ്പോൾ നബി (ﷺ) തന്റെ ഖസ്‌വാഅ് എന്ന ഒട്ടകത്തെ കൊണ്ടുവരാൻ

ആവശ്യപ്പെടുകയും അങ്ങനെ നബിയുടെ മുമ്പിൽ അതിനെ കൊണ്ടുവരപ്പെടുകയും ചെയ്തു. അങ്ങനെ നബി(ﷺ) താഴ്വരയിലേക്ക് പോയി. ജനങ്ങൾക്കിടയിൽ പ്രസംഗിച്ചു അവിടുന്ന് പറഞ്ഞു: തീർച്ചയായും നിങ്ങളുടെ രക്തവും സമ്പത്തും അഭിമാനവുംനിങ്ങളുടെ മേൽ പവിത്രമാണ് ഈ ദിവസത്തിനും മാസത്തിനും നാടിനും പവിത്രതയുള്ള പോലെ... (ഇമാം മുസ്‌ലിം)

അബ്ദുല്ലാഹി ബ്നു അബ്ബാസ്(رضي الله عنه) നിവേദനം ചെയ്യുന്ന ഹദീസിൽ: നബി (ﷺ) ബലി കർമ്മ ദിവസത്തിൽ ജനങ്ങൾക്കിടയിൽ പ്രസംഗിച്ചു. അവിടുന്ന് പറഞ്ഞു: ഓ ജനങ്ങളേ.... ഇതു ഏതു ദിവസമാണ്? അവർ പറഞ്ഞു: പവിത്രമായ ദിവസം. വീണ്ടും പറഞ്ഞു: ഇത് ഏതു നാടാണ്? അവർ പറഞ്ഞു: പവിത്രമായ നാടാണ്. വീണ്ടും പറഞ്ഞു: ഇതു ഏതു മാസമാണ്? അവർ പറഞ്ഞു: പവിത്രമായ മാസമാണ്. എന്നിട്ട് നബി (ﷺ) പറഞ്ഞു: തീർച്ചയായും നിങ്ങളുടെ രക്തവും സമ്പത്തും അഭിമാനവും നിങ്ങളുടെ മേൽ പവിത്രമാണ് ഈ ദിവസത്തിനു പവിത്രതയുള്ളതു പോലെ, ഈ മാസത്തിനു പവിത്രതയുള്ളതു പോലെ,ഈ നാടിനു പവിത്രതയുള്ള പോലെ. നബി (ﷺ) ആ വാക്കുകൾ ആവർത്തിച്ചു കൊണ്ടേയിരുന്നു. എന്നിട്ട് തന്റെ തല (ആകാശത്തേക്ക്) ഉയർത്തി പറഞ്ഞു: അല്ലാഹുവേ ഞാൻ എത്തിച്ചു കൊടുത്തില്ലെയോ, അല്ലാഹുവെ ഞാൻ എത്തിച്ചു കൊടുത്തില്ലെയോ. ഇബ്നു അബ്ബാസ്(رضي الله عنه)പറയുന്നു: എന്റെ ആത്മാവ് ആരുടെ കൈകളിലാണോ അവൻ തന്നെയാണു സത്യം അദ്ദേഹത്തിന്റെ ആ ഉപദേശം അദ്ദേഹത്തിന്റെ ഉമ്മത്തിലേക്കുള്ളതാണ് അവിടുന്നു പറഞ്ഞു: ഇവിടെ ഹാജറുള്ളവർ ഇല്ലാത്തവർക്കു എത്തിച്ചു കൊടുക്കട്ടെ. എനിക്ക് ശേഷം നിങ്ങൾ പരസ്പരം പിരടികൾ വെട്ടുന്ന സത്യനിഷേധികൾ ആകരുത്. (ഇമാം ബുഖാരി)

അബുബക്കർ(رضي الله عنه) പറയുന്നു: നബി(ﷺ) ബലി കർമ്മ ദിനത്തിൽ ഞങ്ങൾക്കിടയിൽ പ്രസംഗിച്ചു അവിടുന്ന് പറഞ്ഞു: ഇത് ഏതു ദിവസമാണെന്ന് നിങ്ങൾക്കറിയുമോ? ഞങ്ങൾ പറഞ്ഞു: അല്ലാഹുവിനും അവന്റെ റസൂലിനും നന്നായി അറിയാം. ഈ ദിവസത്തിനു മറ്റൊരു നാമം നബി(ﷺ) നൽകുമോ എന്ന് ഞങ്ങൾ വിചാരിക്കുവോളം അവിടുന്ന് മൗനം പാലിച്ചു. പിന്നീട് നബി പറഞ്ഞു: ഇത് ബലി കർമ്മത്തിന്റെ ദിനമല്ലേ? ഞങ്ങൾ പറഞ്ഞു: അതെ. വീണ്ടും ചോദിച്ചു: ഇത് ഏതാണ് മാസം? ഞങ്ങൾ പറഞ്ഞു: അല്ലാഹുവിനും അവന്റെ റസൂലിനും നന്നായി അറിയാം. ഈ മാസത്തിനു മറ്റൊരു നാമം നബി (ﷺ) നൽകുമോ എന്ന് ഞങ്ങൾ വിചാരിക്കുവോളം അവിടുന്ന് മൗനം പാലിച്ചു. പിന്നീട് നബി (ﷺ) പറഞ്ഞു: ഇത് ദുൽഹിജ്ജയല്ലേ? ഞങ്ങൾ പറഞ്ഞു: അതെ. വീണ്ടും ചോദിച്ചു: ഇതു ഏതാണ് നാട്? ഞങ്ങൾ പറഞ്ഞു: അല്ലാഹുവിനും അവന്റെ റസൂലിനും നന്നായി അറിയാം. ഈ നാടിനു മറ്റൊരു നാമം നബി(ﷺ) നൽകുമോ എന്ന് ഞങ്ങൾ വിചാരിക്കുവോളം അവിടുന്ന് മൗനം പാലിച്ചു. പിന്നീട് പറഞ്ഞു: ഇത് പവിത്രമായ നാടല്ലേ? ഞങ്ങൾ പറഞ്ഞു: അതെ. എന്നിട്ട് നബി(ﷺ) പറഞ്ഞു: നിങ്ങൾ നിങ്ങളുടെ രക്ഷിതാവിനെ കണ്ടുമുട്ടുന്നതുവരെ നിങ്ങളുടെ രക്തവും സമ്പത്തും നിങ്ങളുടെ മേൽ പവിത്രമാണ്. നിങ്ങളുടെ ഈ ദിവസത്തിനും മാസത്തിനും നാടിനും പവിത്രതയുള്ള പോലെ. നിങ്ങൾ അറിയുക, ഞാൻ നിങ്ങൾക്കു എല്ലാം എത്തിച്ചു തന്നില്ലയോ? അവർ പറഞ്ഞു: അതെ. നബി(ﷺ) പറയുന്നു: അല്ലാഹുവെ നീ സാക്ഷിയാണ്!! ഇവിടെ ഹാജറുള്ളവർ ഇല്ലാത്തവർക്കു എത്തിച്ചു കൊടുക്കട്ടെ. നേരിട്ട് കേൾക്കുന്നവരേക്കാളും പിന്നീട്



കേൾക്കുന്ന എത്രയോ ആളുകൾ നന്നായി ഗ്രഹിച്ചേക്കാം. നിങ്ങളിൽ ചിലർ ചിലരുടെ പിരടികൾ വെട്ടുന്ന സത്യനിഷേധികളായി കൊണ്ട് എനിക്ക് ശേഷം ആവരുത്. (മുത്തഫഖുൻ അലൈഹി)

ഫുളാല ബ്നു ഉബൈദ് (ﷺ) പറയുന്നു. നബി (ﷺ) പറഞ്ഞു: ഒരു സത്യവിശ്വാസി ആരാണെന്നു ഞാൻ നിങ്ങൾക്ക് അറിയിച്ചു തരട്ടെയോ? അവനെതൊട്ടു ജനങ്ങൾ അവരുടെ സമ്പത്തിന്റെ കാര്യത്തിലും ശരീരത്തിന്റെ കാര്യത്തിലും നിർഭയനായിരിക്കും. എന്നാൽ ഒരു മുസ്‌ലിമിന്റെ നാവിൽ നിന്നും കൈയിൽ നിന്നും മറ്റുള്ള മുസ്‌ലിംകൾ സുരക്ഷിതരായിരിക്കും, എന്നാൽ ഒരു മുജാഹിദ് അവൻ തന്റെ ശരീരത്തെ അനുസരണയിൽ നിർത്താൻ തീവ്രപ്രയത്നം നടത്തും, എന്നാൽ ഒരു മുഹാജിർ അവൻ പാപങ്ങളെയും തെറ്റുകളെയും വെടിഞ്ഞവനാണ്. (ഇമാം അഹ്മദ്)

സലമത് ബ്നു ഖൈസ്(ﷺ) പറഞ്ഞു നബി(ﷺ) പറഞ്ഞു: നാല് കാര്യങ്ങൾ നിങ്ങൾ അറിയുക. അല്ലാഹുവിൽ നിങ്ങൾ ഒന്നിനെയും പങ്കു ചേർക്കരുത്, അല്ലാഹു പവിത്രമാക്കിയ ശരീരത്തെ ന്യായമായി കൊണ്ടല്ലാതെ വധിക്കരുത്, നിങ്ങൾ വ്യഭിചരിക്കരുത്, നിങ്ങൾ മോഷണം നടത്തരുത്. അല്ലാഹു പവിത്രമാക്കിയ ഒരു ശരീരത്തെ അന്യമായി വധിക്കുന്നത് നബി(ﷺ) നിരോധിച്ചത് രക്തത്തിന്റെ പവിത്രതയുടെ മഹത്വം കൊണ്ടാണ്, വ്യഭിചാരത്തെ നിരോധിച്ചത് അഭിമാനത്തിന്റെ പവിത്രത കൊണ്ടാണ്, മോഷണത്തെ നിരോധിച്ചത് സമ്പത്തിന്റെ പവിത്രത കൊണ്ടാണ്.

1. ആവർത്തിച്ചാവർത്തിച്ചുള്ള നബി(ﷺ) യുടെ ഈ ഉപദേശങ്ങളും പ്രസംഗങ്ങളും വിലയിരുത്തുമ്പോൾ മുസ്‌ലീംകളുടെ രക്തത്തിന്റെയും സമ്പത്തിന്റെയും അഭിമാനത്തിന്റെയും പ്രാധാന്യം നമുക്ക് മനസ്സിലാക്കാം. ഒരു നിലക്കും ആ പവിത്രതകൾ നശിപ്പിക്കാൻ പാടില്ല

2. മുസ്‌ലിം സമൂഹം ആധുനിക കാലഘട്ടത്തിൽ ഇതിനൊന്നും യാതൊരു വിലയും കൽപ്പിക്കാത്തതായി നമുക്ക് കാണാൻ സാ



ധിക്കും. അല്ലാഹുവിനെ കുറിച്ചുള്ള പേടിയില്ല. അവന്റെ നിരീക്ഷണത്തെകുറിച്ചുള്ള ബോധമില്ല. അല്ലാഹുവിലേക്ക് മടക്കെപ്പെടുമെന്നും അവന്റെ മുമ്പിൽ പോയി നിൽക്കുമെന്നുമുള്ള ഭയമോ ഇല്ല. അല്ലാഹുവിൽ ശരണം.

3. ഈ ഒരു യാഥാർത്ഥ്യം മനസ്സിലാക്കിയവൻ വലിയ അറിവാണ് നേടിയത് അബ്ദുല്ലാഹിബ്ന് ഉമറിന് ഒരു വ്യക്തി ഇപ്രകാരം എഴുതി. എല്ലാ അറിവും എനിക്ക് എഴുതിതരണം. അപ്പോൾ ഇബ്നു ഉമർ ഇപ്രകാരം എഴുതി അറിവ് ധാരാളമുണ്ട് എന്നാൽ മുസ്‌ലിംങ്ങളുടെ രക്തത്തിൽ നിന്നും സമ്പത്തിൽ നിന്നും അഭിമാനത്തിൽ നിന്നും സുരക്ഷിതനായി അല്ലാഹുവിനെ കണ്ടുമുട്ടാൻ സാധിക്കുമെങ്കിൽ അത് നീ ചെയ്യുക. മൂന്ന് കാര്യങ്ങളാണ് ഇബ്നു ഉമർ ഇവിടെ പഠിപ്പിക്കുന്നത്.

1) രക്തത്തിന്റെ പവിത്രത

2) അഭിമാനത്തിന്റെ പവിത്രത

3) സമ്പത്തിന്റെ പവിത്രത

ഇതിന് നൽകേണ്ട പരിഗണ നാം നൽകേണ്ടതുണ്ട്. അന്ത്യദിനത്തിൽ അല്ലാഹുവിനെ കണ്ട് മുട്ടുന്നതിനെ നാം ഭയപ്പെടേണ്ടതുണ്ട്. ഇത് ഒരു നിസ്സാര വിഷയമല്ല. അല്ലാഹു നമ്മെ കാത്തു രക്ഷിക്കുമാറാകട്ടെ... നമ്മുടെ എല്ലാ കാര്യങ്ങളും അല്ലാഹു നന്നാക്കി തരട്ടെ.. അവൻ എല്ലാ കേൾക്കുന്നവനും ഉത്തരം നൽകുന്നവനുമാണ്.

# പാപങ്ങളുടെ ദുരന്തഫലം

നൻമകൾ ചെയ്താൽ നിർവചിക്കാൻ കഴിയാത്ത ഒരു മാനസിക അനുഭൂതി നാം അനുഭവിക്കുന്നു. ഈ അനുഭൂതിയിൽ ഉൻമത്തനായ ഒരാൾ ആ മാർഗ്ഗത്തിൽ എന്തു പ്രയാസങ്ങൾ അനുഭവിക്കാനും മടിക്കാറില്ല. മാതാ പിതാക്കളെ മനസ്സാ സ്നേഹിക്കുന്ന ഒരാൾ അവരുടെ ഗുണത്തിനും തൃപ്തിക്കും വേണ്ടി ഉറക്കമൊഴിക്കാനും, ക്ഷീണവും പ്രയാസങ്ങളും സഹിച്ച് പരിചരിക്കാനും മാലിന്യങ്ങൾ പോലും കയ്യിലെടുത്ത് അവരെ ശുശ്രൂഷിക്കാനും സന്നദ്ധരാവാറുണ്ടല്ലോ. സ്വരാജ്യത്തെ സ്നേഹിക്കുന്ന ഒരാൾ ദേശ രക്ഷക്കുവേണ്ടി ആത്മാർപ്പണം ചെയ്യാൻ പോലും സന്നദ്ധമാകുന്നു. സർവ്വോപരി തന്റെ സ്രഷ്ടാവായ അല്ലാഹുവിനെ സ്നേഹിക്കുന്നവൻ അവന്റെ തൃപ്തിക്കു വേണ്ടി എല്ലാം സഹിക്കാനും ത്യജിക്കാനും മാറ്റി വെക്കാനും സന്നദ്ധത കാണിക്കുന്നു. ഹലാവത്തുൽ ഈമാൻ (വിശ്വാസത്തിന്റെ മധുരം) എന്നാണ് ഈ അവസ്ഥയെപ്പറ്റി പറയുന്നത്.



ഒരു വചനം കാണുക.

അനസ്(റ) ഉദ്ധരിക്കുന്നു. നബി(സ) പറഞ്ഞു: മൂന്ന് കാര്യം ഒരാൾക്കുണ്ടെങ്കിൽ വിശ്വാസത്തിന്റെ മധുരം അവൻ അനുഭവിച്ചിരിക്കും. അല്ലാഹുവും അവന്റെ ദൂതനും മറ്റാരേക്കാളും, എന്തിനെക്കാളും അവന്ന് ഇഷ്ടമായിരിക്കുക. മനുഷ്യനെ അല്ലാഹുവിന്റെ തൃപ്തിക്കു വേണ്ടി മാത്രം സ്നേഹിക്കുക. സത്യ നിഷേധത്തിലേക്ക് മടങ്ങിപ്പോകുക എന്നത് തീയ്യിലേക്ക് എടുത്തറിയപ്പെടുന്നത് പോലെ അരോചകമായി അനുഭവപ്പെടുക. (ബുഖാരി, മുസ്‌ലിം)

നൻമയുടെ അനുഭൂതി ആസ്വദിച്ച മനസ്സുകളുടെ മധുരാനുഭവങ്ങൾ മൂലമാണ് മാനവസമൂഹത്തിന് ഇക്കാണുന്ന നേട്ടങ്ങളുണ്ടായത്. നേരെ മറിച്ച് തിൻമകളും പാപങ്ങളും കൊണ്ട് മലിനമായ മനസ്സുകളിൽ ഇടുക്കവും നടുക്കവും മാത്രമേ ഉണ്ടാവൂ. തന്നിമിത്തം അക്രമ വാസന, വിദ്വേഷം, നിരാശ എന്നിങ്ങനെ സംഹാര സ്വഭാവങ്ങളേ അത്തരം മനസ്സുകൾ പ്രതിഫലിപ്പിക്കുകയുള്ളൂ. തിൻമ ചെയ്യുന്ന ഒരാളുടെ മാനസിക വ്യാപരത്തെപ്പറ്റിയും അതിന്റെ പരിണാമത്തെപ്പറ്റിയും നബി(സ) പറയുന്നത് എത്ര അർത്ഥവത്താണ്.

സത്യമായ നിലപാട് പുണ്യത്തിലേക്ക് നയിക്കും. പുണ്യം സ്വർഗ്ഗത്തിലേക്കും നയിക്കും. ഒരു വ്യക്തി സത്യ നിലപാടു സ്വീകരിക്കുക വഴി അല്ലാഹുവിങ്കൽ സത്യവാൻ എന്ന് രേഖപ്പെടുത്തപ്പെടും. എന്നാൽ കളവ് ദുർവൃത്തിയിലേക്ക് നയിക്കും. ദുർവൃത്തി നരകത്തിലേക്കും. ഒരാൾ കളവ് സ്വീകരിക്കുക വഴി കള്ളം പറയുന്നവൻ എന്ന് രേഖപ്പെടുത്തപ്പെടും. (ബുഖാരി, മുസ്‌ലിം)

നൻമയുടെ അനുഭൂതി കൂടുതൽ നൻമ ചെയ്ത് ജീവിതത്തെ സമ്പൂർണ്ണമായി സംസ്കരിക്കുമെന്നും, തെറ്റുകളും തിൻമകളും ജീവിതത്തെ നശിപ്പിച്ച് നരകത്തിലെത്തിക്കുമെന്നുമാണ് ഈ നബി വചനം നിരീക്ഷിക്കുന്നത്. നൻമയുടെ തുടക്കം നിത്യ നൻമയിൽ കലാശിക്കുമെന്നും തിൻമയുടെ തുടക്കം അതിന്റെ തുടർച്ചക്ക് പ്രേരിപ്പിക്കുക വഴി നിത്യ നാശത്തിൽ കലാശിക്കുമെന്നും അർത്ഥം.

## തിൻമയുടെ അപകടം

അപ്പോൾ നാം ഒരു തെറ്റു ചെയ്താൽ അത് അവിടെ അവസാനിക്കുന്നില്ല. മറിച്ച് അത് തന്റെ മനസ്ഥിതിയെയും സ്വഭാവത്തെയും ആത്മ ശുദ്ധിയെയും ബാധിക്കും. തന്റെ ശുദ്ധപ്രകൃതത്തെ തന്നെ മാറ്റും. ശരിയായ മാനസിക ഘടനയെ, തിൻമയും കള്ളവും വിപരീതമായി സ്വാധീനിക്കുന്നതു കൊണ്ടായിരിക്കാം നുണ പരിശോധന എന്ന ശാസ്ത്രീയമായ ഒരു അപഗ്രഥന രീതി തന്നെ കണ്ടുപിടിക്കപ്പെട്ടത്. അതിന്നു പുറമെ അല്ലാഹുവിന്റെ കാരുണ്യവും സാമീപ്യവും സഹായവും ദുർവൃത്തന്ന് നഷ്ടപ്പെടുക മൂലം സൽവിചാരം നഷ്ടപ്പെടുകയും ധിക്കാരിയായി മാറുകയും ചെയ്യും. ഇത്തരം പാപികളാൽ നയിക്കപ്പെടുന്ന ഏതു ഘടകവും അത് കുടുംബമാവട്ടെ, സമൂഹമാവട്ടെ, സംഘടനയാവട്ടെ, ഒരു രാജ്യമാവട്ടെ തകർന്നു പോകുക യും നശീകരണങ്ങൾക്കു ഹേതുവാകുകയും ചെയ്യും.

﴿وَأَنِ ٱحۡكُم بَيۡنَهُم بِمَآ أَنزَلَ ٱللَّهُ وَلَا
تَتَّبِعۡ أَهۡوَآءَهُمۡ وَٱحۡذَرۡهُمۡ أَن يَفۡتِنُوكَ عَنۢ
بَعۡضِ مَآ أَنزَلَ ٱللَّهُ إِلَيۡكَۖ فَإِن تَوَلَّوۡاْ فَٱعۡلَمۡ أَنَّمَا
يُرِيدُ ٱللَّهُ أَن يُصِيبَهُم بِبَعۡضِ ذُنُوبِهِمۡۗ وَإِنَّ
كَثِيرٗا مِّنَ ٱلنَّاسِ لَفَٰسِقُونَ ٤٩﴾

അല്ലാഹു അവതരിപ്പിച്ചതനുസരിച്ച് അവർക്കിടയിൽ നീ വിധികൽപിക്കുകയും, അവരുടെ തന്നിഷ്ടങ്ങളെ പിൻപറ്റാതിരിക്കുകയും, അല്ലാഹു നിനക്ക് അവതരിപ്പിച്ച് തന്ന വല്ല നിർദേശത്തിൽ നിന്നും അവർ നിന്നെ തെറ്റിച്ചുകളയുന്നതിനെപ്പ

റ്റി നീ ജാഗ്രത പുലര്‍ത്തുകയും ചെയ്യണമെന്നും (നാം കല്‍പിക്കുന്നു.) ഇനി അവര്‍ പിന്തിരിഞ്ഞ് കളയുകയാണെങ്കില്‍ നീ മനസ്സിലാക്കണം; അവരുടെ ചില പാപങ്ങള്‍ കാരണമായി അവര്‍ക്ക് നാശം വരുത്തണമെന്നാണ് അല്ലാഹു ഉദ്ദേശിക്കുന്നതെന്ന്. തീര്‍ച്ചയായും മനുഷ്യരില്‍ അധികപേരും ധിക്കാരികളാകുന്നു. (അല്‍മാഇദ:49)

﴿وَلَوْ أَنَّ أَهْلَ ٱلْقُرَىٰٓ ءَامَنُوا۟ وَٱتَّقَوْا۟ لَفَتَحْنَا عَلَيْهِم بَرَكَٰتٍ مِّنَ ٱلسَّمَآءِ وَٱلْأَرْضِ وَلَٰكِن كَذَّبُوا۟ فَأَخَذْنَٰهُم بِمَا كَانُوا۟ يَكْسِبُونَ ﴿٩٦﴾

ആ നാടുകളിലുള്ളവര്‍ വിശ്വസിക്കുകയും, സൂക്ഷ്മത പാലിക്കുകയും ചെയ്തിരുന്നെങ്കില്‍ ആകാശത്തുനിന്നും ഭൂമിയില്‍ നിന്നും നാം അവര്‍ക്കു അനുഗ്രഹങ്ങള്‍ തുറന്നുകൊടുക്കുമായിരുന്നു. പക്ഷെ അവര്‍ നിഷേധിച്ചു തള്ളുകയാണ് ചെയ്തത്. അപ്പോള്‍ അവര്‍ ചെയ്ത് വെച്ചിരുന്നതിന്റെ ഫലമായി നാം അവരെ പിടികൂടി. (അഅ്റാഫ്:96)

## വന്‍പാപങ്ങള്‍

വന്‍ പാപങ്ങളെ നബി(ﷺ) വിശേഷിപ്പിച്ചത് الموبقات നശിപ്പിക്കുന്നവ എന്നാണ്. നബി (ﷺ) പറഞ്ഞു:

നിങ്ങള്‍ നാശകാരികളായ ഏഴ് പാപങ്ങളില്‍ നിന്നകന്ന് നില്‍ക്കുക. അവര്‍ ചോദിച്ചു: ഏതാണവ? അദ്ദേഹം പറഞ്ഞു: അല്ലാഹുവില്‍ പങ്കുകാരെ ചേര്‍ക്കുക. മാരണം ചെയ്യുക, അന്യായമായ വധം, പലിശ, അനാഥയുടെ സമ്പത്ത് എന്നിവ തിന്നുക, യുദ്ധമുന്നണിയില്‍ നിന്ന് പന്തിരിഞ്ഞോടുക, തിന്‍മയെപ്പറ്റി അശ്രദ്ധരായ വിശുദ്ധരും വിശ്വാസിനികളുമായ സ്ത്രീകളെപ്പറ്റി ദുരാരോപണം പ്രചരിപ്പിക്കുക. (ബുഖാരി, മുസ്‌ലിം)

ഇപ്പറഞ്ഞ തിന്‍മകള്‍ വെറുമൊരു പാപം എന്നതിലുപരി സാമൂഹ്യ ഘടനക്കു തന്നെ ക്ഷതമേല്‍പിക്കുന്ന കുറ്റകൃത്യങ്ങളാണ്. ഇവ ചെയ്യുന്ന ഒരു സമൂഹത്തിന് സാംസ്‌ക്കാരികമായും സാമ്പത്തികമായും രാഷ്ട്രീയമായും അപചയം മാത്രമേ വരുത്തുകയുള്ളൂവെന്ന് മാനവ ജനത അനുഭവത്തിലൂടെ തിരിച്ചറിഞ്ഞു കൊണ്ടിരിക്കുകയാണ്. പാപങ്ങളുടെ ദുരന്തഫലം തന്നില്‍ മാത്രം ഒതുങ്ങി നില്‍ക്കാതെ സമൂഹത്തെ മൊത്തം ബാധിക്കുന്നവയെയാണ് വന്‍ കുറ്റങ്ങളായി പൊതുവെ ഗണിക്കപ്പെടുന്നത്. ഇത്തരം പാപങ്ങളുടെ കെടുതികള്‍ രാജ്യവും സമൂഹവും വ്യാപകമായി അനുഭവിക്കേണ്ടിവരിക മാത്രമല്ല, അവയുടെ ഭവിഷ്യത്തുകള്‍ തലമുറകള്‍ നീണ്ടു നില്‍ക്കുകയും ചെയ്യും. അത്തരം പാപങ്ങളില്‍ നിന്ന് പൂര്‍ണ്ണമായി പശ്ചാതപിച്ചു മടങ്ങുകയും, ആവര്‍ത്തിക്കാതിരിക്കാന്‍ വേണ്ടി അതിലേക്കെത്തിക്കുന്ന സാഹചര്യങ്ങളെ വരെ ഇല്ലാതാക്കാകയും വേണം. അത് കൊണ്ടാണ് അത്തരം പാപങ്ങളെ പരാമര്‍ശിച്ചപ്പോള്‍, അത് ചെയ്യരുത് എന്നല്ല അതിലേക്ക് അടുക്കരുത് എന്ന് ഖുര്‍ആന്‍ (ولاتقربوا ...) പ്രത്യേക പദം പ്രയോഗിച്ചത്. എന്നാല്‍ താരതമ്യേന ഗൗരവതരമല്ലാത്ത പാപങ്ങള്‍ വ്യക്തികളില്‍ നിന്നു വന്നു ഭവിച്ചേക്കാം. ഇവയെ السيئات (അസ്സയ്യിആത്ത്) എന്നാണ് ഖുര്‍ആനും ഹദീസും കൂടുതലായി വിശേഷിപ്പിച്ചത്. പശ്ചാതാപത്തോടൊപ്പം സല്‍ക്കര്‍മ്മങ്ങള്‍ വര്‍ദ്ധിപ്പിക്കുക വഴി അല്ലാഹു അവ മാപ്പു ചെയ്തു തരുന്നതാണ്.

﴿إِن تَجْتَنِبُوا۟ كَبَآئِرَ مَا تُنْهَوْنَ عَنْهُ نُكَفِّرْ عَنكُمْ سَيِّـَٔاتِكُمْ وَنُدْخِلْكُم مُّدْخَلًا كَرِيمًا ﴿٣١﴾

﴿وَٱلَّذِينَ إِذَا فَعَلُوا۟ فَـٰحِشَةً أَوْ ظَلَمُوٓا۟ أَنفُسَهُمْ ذَكَرُوا۟ ٱللَّهَ فَٱسْتَغْفَرُوا۟ لِذُنُوبِهِمْ وَمَن يَغْفِرُ ٱلذُّنُوبَ إِلَّا ٱللَّهُ وَلَمْ يُصِرُّوا۟ عَلَىٰ مَا فَعَلُوا۟ وَهُمْ يَعْلَمُونَ ١٣٥﴾

വല്ല നീചകൃത്യവും ചെയ്തുപോയാൽ, അഥവാ സ്വന്തത്തോട് തന്നെ വല്ല ദ്രോഹവും ചെയ്തു പോയാൽ അല്ലാഹുവെ ഓർക്കുകയും തങ്ങളുടെ പാപങ്ങൾക്ക് മാപ്പുതേടുകയും ചെയ്യുന്നവർക്ക് വേണ്ടി പാപങ്ങൾ പൊറുക്കുവാൻ അല്ലാഹുവല്ലാതെ ആരാണുള്ളത്?- ചെയ്തുപോയ (ദുഷ്) പ്രവൃത്തിയിൽ അറിഞ്ഞുകൊണ്ട് ഉറച്ചുനിൽക്കാത്തവരുമാകുന്നു അവർ. (സൂറ ആലു ഇംറാൻ:135)

കേവലം വാചികമായ പശ്ചാതാപത്തിന്റെ ഉരുവിടലിനെയല്ല (തൗബ) എന്ന് പറയുന്നത്. അല്ലാഹുവിനോട് അനുസരണക്കേട് കാണിച്ചു പോയല്ലോ എന്ന ഖേദവും ചെയ്തു കൊണ്ടിരിക്കുന്ന തിൻമയെ വർജിക്കുകയും ഇനിയൊരിക്കലും ബോധപൂർവ്വം അതിലേക്ക് മടങ്ങുകയില്ല എന്ന ദൃഢമായ തീരുമാനവുമാണ് യഥാർത്ഥ പശ്ചാതാപം. തോന്നിയ പോലെ ജീവിച്ച് ആണ്ടിലൊരിക്കൽ തൗബക്കു വേണ്ടി ഒരു ദിവസം നീക്കി വെക്കുന്ന സമ്പ്രദായം മതത്തിലില്ല. അത് അല്ലാഹുവിനെ പരിഹസിക്കുന്നതിന് തുല്യമാണ്. വ്യക്തിയും തന്റെ സൃഷ്ടാവും മാത്രമറിയുന്ന കുറ്റങ്ങൾ തന്നെ പരസ്യമായി ചെയ്യുന്നത് മഹാ പാപത്തിലേക്ക് നയിക്കുന്ന കാര്യമാണ്. കാരണം, അവ മറ്റുള്ളവർക്കു കൂടി പ്രചോദനമാവുന്നു. പ്രത്യേകിച്ചും മാതൃക കാണിക്കേണ്ട പണ്ഡിതൻമാർ, ഗുരുനാഥൻമാർ, മാതാപിതാക്കൾ, മുതിർന്നവർ, സമൂഹ നേതാക്കൾ തുടങ്ങിയവർ തിൻമ ചെയ്താൽ ആ തിൻമകളെ നിസ്സാരമായി ഗണിക്കാനിടവരുന്നു. ഉസ്താദി

നിങ്ങൾ വിരോധിക്കപ്പെട്ട വൻ കുറ്റങ്ങളിൽ നിന്ന് അകന്നു നിന്നാൽ നിങ്ങളുടെ തിൻ മകളെ നിങ്ങളിൽ നിന്ന് നാം മായ്ച്ചു കളയുകയും മാന്യമായ ഒരു സ്ഥാനത്ത് നിങ്ങളെ നാം പ്രവേശിപ്പിക്കുകയും ചെയ്യുന്നതാണ്. (നിസാഅ്: 31)

എങ്കിൽ തന്നെ ചെറിയ പാപങ്ങളെ നാം അവഗണിച്ചു കൂടാ. പല തുള്ളി പെരുവെള്ളം എന്നു പറയുന്നത് പോലെ കൊച്ചു കൊച്ചു പാപങ്ങൾ പലപ്പോഴും മഹാ പാപത്തിലേക്കുള്ള ഏണിപ്പടികളായിത്തീരുന്നതാണ്. നബി (ﷺ) പറഞ്ഞു:

നിസ്സാരമായ പാപങ്ങൾ നിങ്ങൾ സൂക്ഷിക്കുക. നിശ്ചയം അവ ഒരു താഴ് വരയിൽ ചെന്നിറങ്ങി വിറക് ശേഖരിക്കുന്ന ആളുകളെപ്പോലെയാണ്. ഓരോ വ്യക്തിയും ഓരോ മരക്കൊള്ളികൾ കൊണ്ടു വന്നപ്പോൾ അവർക്ക് റൊട്ടി വേവിക്കാൻ വേണ്ട വിറകു തികഞ്ഞു. കൊച്ചു പാപങ്ങളാൽ ഒരാൾ പിടികൂടപ്പെട്ടാൽ അവ അവനെ നശിപ്പിക്കും)

അബദ്ധത്തിൽ, കൈപിഴ മൂലം വന്നു പോകുന്ന ചെറിയ തെറ്റുകളാണ് സൽകർമ്മങ്ങളാൽ പൊറുക്കപ്പെടുകയെന്നും, അവ കുന്നു കൂടിയാൽ നാശത്തിലാവുമെന്നും ഇതിൽ നിന്ന് ഗ്രഹിക്കാം. തെറ്റുകളുടെ നിസ്സാരതയല്ല നാം നോക്കേണ്ടത്. മറിച്ച്, ആരോടാണോ തെറ്റു ചെയ്യുന്നത് ആ അല്ലാഹുവിന്റെ മഹത്വത്തിലേക്കാണ്.

## പാപമോചനം എളുപ്പമല്ല

രണ്ടു തരം പാപങ്ങളെ ഇസ്‌ലാം നമുക്ക് പഠിപ്പിച്ചു തന്നിട്ടുണ്ട്. ഒന്ന്, വ്യക്തിയും തന്റെ റബ്ബും മാത്രം ബന്ധപ്പെടുന്ന തിൻമകൾ. ഒരു വ്യക്തി സ്വകാര്യമായി തന്റെ ബാധ്യതാ നിർവ്വഹണത്തിൽ വീഴ്ച്ച വരുത്തി എന്ന് സങ്കൽപിക്കുക. അതിന്റെ പരിഹാരം ആത്മാർത്ഥമായ പശ്ചാതാപമാണ്.

ന് നുണ പറയാമെങ്കിൽ ഞങ്ങൾ എന്തു കൊണ്ട് ആയി കൂടാ എന്ന വിചാരം ഒരു വലിയ സാമൂഹ്യ ദുരന്തത്തിലേക്കാണ് വഴി വെക്കുക. ഇന്ന് മത സമൂഹങ്ങളിൽ പോലും കണ്ടു വരുന്ന നാശങ്ങളുടെയും നശീകരണ പ്രവർത്തനങ്ങളുടെയും കാരണം, മാതൃകയാവേണ്ടവരിലുള്ള കുറ്റങ്ങളാണ് എന്ന് മനസ്സിലാക്കാൻ അധികമൊന്നും ചിന്തിക്കേണ്ടതില്ല. നേരും നെറികേടും വേർതിരിച്ചു ജീവിക്കാൻ ബാധ്യസ്ഥരായ നേതാക്കളുടെയും പണ്ഡിതൻമാരുടെയും ദുഷിച്ച മാതൃക സമൂഹത്തിലുണ്ടാക്കി ത്തീർത്ത നാശം ചെറിയതൊന്നുമല്ല.

### പാപമോചനം അകലെ

വ്യക്തിയും തന്റെ സഹ ജീവികളും തമ്മിൽ നേരിട്ടു ബന്ധിക്കുന്ന തിൻമകളാണ് രണ്ടാമതൊന്ന്. മറ്റുള്ളവരെ വേദനിപ്പിക്കുക, ദ്രോഹിക്കുക, പരദൂഷണം, ധനാപഹരണം, അഭിമാനത്തിന് ക്ഷതം വരുത്തുക തുടങ്ങിയ പാപങ്ങൾ അല്ലാഹുവിനോട് പശ്ചാതപിച്ചാൽ മാത്രം പൊറുക്കുന്നതല്ല. ആരോടാണോ തെറ്റു ചെയ്തത് അവർ നമുക്ക് പൊറുത്തു തന്നാൽ മാത്രമേ അല്ലാഹു പൊറുക്കുകയുള്ളൂ.

ജനാസ നമസ്ക്കാരത്തിന് വേണ്ടി വന്നിച്ച ജനാവലിയുടെ സാന്നിധ്യത്തിൽ കൊണ്ടുവന്നു വെച്ച് സാധാരണ ഇങ്ങനെ പറയപ്പെടാറുണ്ട്. ഈ മയ്യിത്തിന്ന് കടബാധ്യതയുണ്ടെങ്കിൽ ബന്ധുക്കളെ സമീപിക്കുക. മറ്റു വാക്കാലോ പ്രവൃത്തിയാലോ വേദനിപ്പിച്ചുവെങ്കിൽ മാപ്പ് ചെയ്തു കൊടുക്കുക എന്ന്. അവിടെ കൂടിയവരിൽ ഈ ഔപചാരികമായ അഭ്യർത്ഥന കേൾക്കുന്ന എത്ര പേർ മനസ്സാ മാപ്പ് ചെയ്ത കൊടുക്കും. ജീവിച്ചിരിക്കുന്ന കാലത്ത് എത്ര പേരെ അയാൾ വേദനിപ്പിച്ചിട്ടുണ്ടാവും. പരദൂഷണം പറഞ്ഞിട്ടുണ്ടാവും. അവരെല്ലാവരും ഈ അഭ്യർത്ഥന കേൾക്കുന്നില്ലല്ലോ. പരലോകത്ത് ഈ ഇടപാടുകളെല്ലാം വീട്ടുവാൻ ആർക്കും സാധ്യമല്ല. തന്റെ സൽക്കർമ്മങ്ങളെടുത്ത് അല്ലാഹു അവർക്ക് ഇടപാട് തീർക്കുമെന്ന് നബി (ﷺ) പറഞ്ഞിരിക്കുന്നു. നിസ്സാരമായി ഗണിക്കപ്പെടുന്ന തെറ്റുകൾ ഉണ്ടാക്കുന്ന ദൂരവ്യാപകമായ ദുരന്തം എത്ര വലിയതാണ്.

ആരാണ് പാപ്പരായവൻ എന്ന് നബി (ﷺ) ഒരിക്കൽ ചോദിച്ചു. അവർ പറഞ്ഞു: ഞങ്ങളൂടെ കൂട്ടത്തിൽ ദിർഹമും ജീവിത വിഭവങ്ങളുമില്ലാത്തവനാണ് പാപ്പർ. നബി(ﷺ) പറഞ്ഞു: എന്റെ സമുദായത്തിലെ പാപ്പർ അന്ത്യദിനത്തിൽ നമസ്കാരവും നോമ്പും മറ്റു സൽക്കർമ്മങ്ങളുമായി വരുന്നവർ തന്നെയാണ് അവർ. പക്ഷെ, ഇയാളെ ചീത്ത വിളിച്ചും അദ്ദേഹത്തിന്റെ ധനം തിന്നും, ഇയാളെ അടിച്ചും ജീവിച്ചവനാണ്. അപ്പോൾ അവർക്കൊക്കെ ഈ മനുഷ്യന്റെ സൽക്കർമ്മങ്ങൾ പകരമായി കൊടുക്കപ്പെടും. എന്നിട്ടും അവരുടെ കടബാധ്യതകൾ വീട്ടി തീർന്നിട്ടില്ലെങ്കിൽ അവർ ചെയ്ത കുറ്റങ്ങൾ ഇയാളുടെ പേർ ചാർത്തി അയാളെ നരകത്തിലിടും.

അതിനാൽ നാം ശ്രദ്ധിക്കുക. നമസ്കാരം, ധർമ്മം, നോമ്പ്, ഹജ്ജ്, ഉംറ തുടങ്ങിയ സൽക്കർമ്മങ്ങൾ ധാരാളമുണ്ടെങ്കിൽ പോലും സാമൂഹ്യ തിൻമകളിൽ നിന്ന് വിട്ടു നിന്നിട്ടില്ലെങ്കിൽ പരലോകത്ത് നമുക്ക് എല്ലാം നഷ്ടമാവും. ഇനി ഒരാൾ ഒരു കുറ്റം ചെയ്താൽ തന്നെ അത് മറ്റൊരാളോട് പറയുകയോ പരസ്യപ്പെടുത്തുകയോ ചെയ്യരുത് എന്ന് കൂടി നബി പഠിപ്പിച്ചിട്ടുണ്ട്. കാരണം, അത് മറ്റുള്ളവർക്കു കൂടി കുറ്റം ചെയ്യാൻ പ്രചോദനമാവും എന്നത് കൊണ്ട്.

# പശ്ചാത്താപം

പരമ കാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ. പാപങ്ങൾ പൊറുക്കുന്ന അല്ലാഹുവിനാണ് സർവ്വ സ്തുതിയും. പശ്ചാതാപം സ്വീകരിക്കുന്നവനാണവൻ. കഠിനമായി ശിക്ഷിക്കുന്നവൻ, അവനല്ലാതെ ആരാധ്യനില്ല. അവനിലേക്കാണ് മടക്കം. അല്ലാഹു ലോകത്തിന് കാരുണ്യമായി നിയോഗിച്ച നമ്മുടെ പ്രവാചകൻ മുഹമ്മദ്(ﷺ)ക്കും കുടുംബത്തിനും അനുചരന്മാർക്കും അല്ലാഹുവിന്റെ രക്ഷയും സമാധാനവും ലഭിക്കട്ടെ

## പശ്ചാതാപം അല്ലാഹുവിന്റെ അനുഗ്രഹം

പശ്ചാതാപത്തിന്റെ വാതിൽ തുറന്നതു എന്നുള്ളത് അല്ലാഹുവിന്റെ മഹത്തായ അനുഗ്രഹമാണ്. അല്ലാഹു പറയുന്നു.

﴿نَبِّئْ عِبَادِيٓ أَنِّيٓ أَنَا ٱلْغَفُورُ ٱلرَّحِيمُ ﴿٤٩﴾﴾

(നബിയെ) ഞാൻ ഏറെ പൊറുക്കുന്നുവനും കരുണാനിധിയുമാണ് എന്ന് എന്റെ ദാസന്മാരെ വിവര മറിയിക്കുക. (ഹിജ്റ് 49)



﴿ إِنَّ ٱللَّهَ يُحِبُّ ٱلتَّوَّٰبِينَ وَيُحِبُّ ٱلْمُتَطَهِّرِينَ ﴿٢٢٢﴾ ﴾

അല്ലാഹു പറയുന്നു. തീർച്ചയായും അല്ലാഹു പശ്ചാതപിക്കുന്നവരെ ഇഷ്ടപ്പെടുന്നു. ശുചിത്വം പാലിക്കുന്നവരെയും ഇഷ്ടപ്പെടുന്നു. (അൽബകറ: 222)

## പശ്ചാതപിക്കാൻ പ്രേരിപ്പിക്കുന്നു

ഇമാം മുസ്‌ലിം റിപ്പോർട്ട് ചെയ്യുന്ന ഹദീസിൽ നബി(ﷺ) പറയുന്നു. പകൽ തെറ്റ് ചെയ്തവൻ പശ്ചാതപിക്കാൻ വേണ്ടി അല്ലാഹു രാത്രിയിൽ കൈ നീട്ടുന്നു. രാത്രി തെറ്റ് ചെയ്തവൻ പശ്ചാതപിക്കാൻ വേണ്ടി രാത്രി കൈ നീട്ടുന്നു. അസ്തമയ സ്ഥാനത്ത് നിന്ന് സൂര്യൻ ഉദിക്കുന്നത് വരെ. (മുസ്ലിം)

നബി(ﷺ) പഠിപ്പിക്കുന്നു. ജനങ്ങളെ, നിങ്ങൾ അല്ലാഹുവിലേക്ക് പശ്ചാതപിച്ച് മടങ്ങുക തീർച്ചായായും ഞാൻ ദിവസവും നൂറ് തവണ അവനിലേക്ക് പശ്ചാതപിച്ച് മടങ്ങുന്നു. (മുസ്ലിം)

മറ്റൊരു ഹദീസ് ഇപ്രകാരമാണ്. പാപം ചെയ്തിട്ട് പശ്ചാതപിക്കുന്നവൻ പാപം ചെയ്യാത്തവനെപ്പോലെയാണ്. (ഇബ്നുമാജ)

## അല്ലാഹു ഇഷ്ടപ്പെടുന്നു.

പശ്ചാതപിക്കാനുള്ള മഹത്തായ ഒരു അവസരമാണ് റമദ്വാൻ. ഈ അവസരം നഷ്ടപ്പെടുത്തുന്നവരിൽ നീ ഉൾപ്പെടരുത്.

നബി(ﷺ) പറയുന്നു: ഒരു റമദ്വാൻ ലഭിച്ചിട്ട് പാപം പൊറുക്കപ്പെടാത്തവന് നാശം. (തിർമുദി)

സഹോദരാ, നീ പശ്ചാതപിക്കുക. അതിലേക്ക് ധൃതിപ്പെടുക നീ പശ്ചാതപിക്കുന്ന ദിവസം അല്ലാഹുവിന് ഏറെ സന്തോഷമുള്ള ദിവസമാണ്. നബി(ﷺ) പറഞ്ഞു: തന്റെ അടിമ പശ്ചാതപിച്ചു മടങ്ങുമ്പോൾ അല്ലാഹു ഏറെ സന്തുഷ്ടനാണ്. മരുഭൂമിയിലൂടെ ഒട്ടകപ്പുറത്ത് സഞ്ചരിക്കുന്ന ഒരാളെപോലെയാണവൻ. അയാൾക്ക് അയാളുടെ വാഹനം നഷ്പ്പെട്ടു. അതിന്റെ പുറത്താണ് അയാളുടെ വസ്ത്രവും, ഭക്ഷണവും, പാനിയവും. അപ്പോൾ അയാൾക്ക് അതിന്റെ കാര്യത്തിൽ നിരാശ തോന്നി. ഒരു മരത്തിന്റെ തണലിൽ കിടന്നു. തന്റെ വാഹനത്തിന്റെ കാര്യത്തിൽ അയാൾ തീർത്തും നിരാശനായി. അപ്പോഴതാ അത് അയാളുടെ അടുത്ത് നിൽക്കുന്നു. അയാളതിന്റെ കടിഞ്ഞാൺ പിടിച്ചു. സന്തോഷത്താൽ പറഞ്ഞു. അല്ലാഹുവേ നീ എന്റെ അടിമയാണ്. ഞാൻ നിന്റെ രക്ഷിതാവും. സന്തോഷത്തിന്റെ ആധിക്യത്തിൽ തെറ്റി പോയതാണ്. (മുസ്‌ലിം) ഒട്ടകം നഷ്ടപ്പെട്ടയാൾക്ക് അത് തിരിച്ച് കിട്ടുമ്പോൾ ലഭിക്കുന്ന സന്തോഷത്തേക്കാൾ ഏറെയാണ് അടിമ പശ്ചാതപിക്കുമ്പോൾ അല്ലാഹുവിന്.

## ഒമ്പത് കാര്യങ്ങൾ

സത്യവിശാസി തെറ്റ് ചെയ്താൽ അതിന്റെ ശിക്ഷ ഒമ്പത് കാരണങ്ങൾ കൊണ്ട് ഇല്ലാതെയാകും.

1. പശ്ചാതപിക്കുക. പാപം ചെയ്തിട്ട് പശ്ചാതപിക്കുന്നവൻ പാപം ചെയ്യാത്തവനെപ്പോലെയാണ്. അല്ലാഹു അവന് പാപം പൊറുത്ത് കൊടുക്കും. അല്ലാഹു പറയുന്നു. അവൻ ഏറെ പൊറുക്കുന്നവനും കരുണ കാണിക്കുന്നവനുമാണ്.

2. അല്ലാഹുവിനോട് പൊറുക്കലിനെ തേടുക. അപ്പോൾ അവൻ പൊറുത്ത് തരുന്നതാണ്. ആദം നബി(عليه السلام) അല്ലാഹുവിനോട് പൊറുക്കലിനെ തേടിയത് അല്ലാഹു സുറത്തുൽ അഅ്റാഫിൽ വിശദീകരിക്കുന്നുണ്ട്.

3. പാപങ്ങളെ മായ്ച്ചു കളയുന്ന തരത്തിൽ നന്മകൾ ചെയ്യുക. അല്ലാഹു പറഞ്ഞു തീർച്ചയായും സൽകർമ്മങ്ങൾ ദുഷ്കർമ്മങ്ങളെ മായ്ച്ചു കളയുന്നതാണ്. (ഹൂദ് 14)

4. അവനു വേണ്ടി സത്യവിശ്വാസികളായ സഹോദരങ്ങൾ പ്രാർത്ഥിക്കുക

5. മുഹമ്മദ് നബി(ﷺ) ശുപാർശ ചെയ്യുക.

6. ഇഹലേകത്ത് വെച്ച് അല്ലാഹു അവനെ വിപത്തുകൾ കൊണ്ട് പരീക്ഷിക്കുക. ശരീരത്തിലോ, ധനത്തിലോ, ബന്ധുക്കളിലോ ആകാം പരീക്ഷണം.

7. ബർസഖിൽ വെച്ചുള്ള പരീക്ഷണം. അതു മുഖേനേ അവന്റെ പാപങ്ങൾ മായ്ച്ചു കളയും.

8. ഖിയാമത്തിന്റെ ഭീകരത കൊണ്ട് അവനെ പരീക്ഷിക്കുക.

9. പരമ കാരുണികൻ അവനോട് കരുണ കാണിക്കുക.

## തൗബയുടെ ശർത്വുകൾ

1. പാപത്തിൽ നിന്ന് വിട്ട് നിൽക്കുക
2. കഴിഞ്ഞു പോയതിനെ കുറിച്ചുള്ള ഖേദം
3. ആവർത്തിക്കില്ലെന്ന തീരുമാനം.
4. അവകാശങ്ങൾ തിരിച്ച് നൽകൽ

സഹോദരാ, പശ്ചാതപിച്ച് മടങ്ങാൻ സന്നദ്ധനാവുക. നാളെയാവാം എന്ന് വിചാരിക്കണ്ട. എപ്പോൾ മരിക്കും എന്ന് പറയാൻ സാധ്യമല്ല. പിന്നീട് ചെയ്യാം എന്ന ചിന്ത നീ ഉപേക്ഷിക്കുക. പാപം ചെയ്താൽ മാത്രമാണ് പശ്ചാതാപം എന്നും കരുതണ്ട. എത്ര നന്മകൾ ചെയ്താലും നി പശ്ചാതപിക്കുക. റവാത്തിബുകളിൽ വീഴ്ച്ച വരുത്തിയിട്ടുണ്ടെങ്കിലും നീ പശ്ചാതപിക്കുക. തറാവീഹുകളും, രാത്രി നമസ്കാരങ്ങളും പാഴാക്കിയതിനെ കുറിച്ച് ഓർത്ത് നീ പശ്ചാതപിക്കുക. നിന്റെ പിശുക്കിനെ കുറിച്ചോർത്ത്, കോപത്തെ കുറിച്ച് ചിന്തിച്ച്, അസുയയെ കുറിച്ച് ആലോചിച്ച്, നിന്റെ വിലപ്പെട്ട സമയം കളഞ്ഞ തിനെ കുറിച്ചാലോചിച്ച് പശ്ചാതപിക്കുക. തെറ്റു ചെയ്താൽ പശ്ചാതപിക്കുന്നവരുടെ കൂട്ടത്തിൽ അല്ലാഹു നമ്മെ ഉൾപ്പെടുത്തട്ടെ. മരിക്കുന്നതിന് മുമ്പേ പശ്ചാതപിക്കാൻ നമുക്ക് അല്ലാഹു അവസരം നൽകെട്ട, നമ്മുടെ അമലുകൾ അവൻ സ്വീകരിക്കട്ടെ, നമ്മുടെ കുറവുകളും പാപങ്ങളും പരിഹരിക്കുമാറാകെട്ട, നമുക്കും നമ്മുടെ മാതാപിതാക്കൾക്കും സഹോദരങ്ങൾക്കും അല്ലാഹു പൊറുത്ത് തരെട്ട. ആമീൻ.
















zamzam magazine pdf

islam house

What Muslim Children Must Know

An explanation of the last tenth of the noble Quran



اللغة المليبارية

إهداء
يوزع مجاناً
ولايباع